/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2026 ഫെബ്രുവരി
പുസ്തകം 12 ലക്കം 7



# കൊതിച്ചതിനപ്പുറം കുതിക്കുന്ന കേരളം

ഒന്നായി തുടരാം
നവകേരളത്തിലേക്ക്



## ജനാധിപത്യത്തിന്റെ വിജയം

കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ സാധാരണക്കാരന് ഭയമില്ലാതെ കയറിച്ചെല്ലാമെന്നത് ഇവിടത്തെ ജനാധിപത്യത്തിന്റെ വലിയ വിജയമാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇത് സാധ്യമല്ല. വെറുപ്പിന്റെ രാഷ്ട്രീയം കേരളത്തിന്റെ വാതിലിലും മുട്ടുന്നുണ്ട്. ഇതിനെതിരെ ജാഗരൂഗരായിരിക്കണം.

**സയീദ് അക്തർ മിർസ**
ഡയറക്ടർ, കെ ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ്



## സമത്വത്തിന്റെ നാട്


മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ സംസ്ഥാനത്തെ നയിക്കുന്ന രീതിയും ഓരോ മതത്തെയും ഓരോ മനുഷ്യനെയും ബഹുമാനിക്കുന്ന കേരളത്തിന്റെ സംസ്കാരവും എന്നെ അദ്ഭുതപ്പെടുത്തുന്നു. ഇത് കേരളത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ തന്നെ അഭിമാനമാണ്. കേരളത്തിൽ അതിദാരിദ്ര്യം ഇല്ലാതാക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. യുദ്ധം ഒന്നിനും ഒരു പരിഹാരമല്ല. ഇന്ത്യക്കാരെന്ന് അഭിമാനിക്കുന്നവരാണ് കാശ്മീരിലുള്ളത്.

**ഫാറൂഖ് അബ്ദുള്ള**
ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രി

## കേരളം അഭിനന്ദനം അർഹിക്കുന്നു

ജനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നയങ്ങൾ വികസിപ്പിച്ചെടുത്ത് സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ കേരളത്തിനായി. വിവിധ പദ്ധതികളിലൂടെ കേരളത്തെ പുരോഗതിയിലേക്ക് നയിച്ച പ്രവർത്തനങ്ങൾ അഭിനന്ദനം അർഹിക്കുന്നു.

**അയ്മീ അലയാന്ദ്ര ഡയസ് നെഗ്രിൻ**
ക്യൂബയിലെ ഹവാന പ്രവിശ്യ സർക്കാരിലെ അംഗം



## ദീർഘവീക്ഷണമുള്ള നേതൃത്വം

വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, സാമൂഹ്യ ക്ഷേമം, മാനവ വികസനം എന്നീ മേഖലകളിലെ സവിശേഷമായ വികസന മാതൃകയിലൂടെ കേരളത്തെ ലോകം അംഗീകരിക്കുന്നുണ്ട്. സുസ്ഥിര വികസനത്തിനായുള്ള പരിശ്രമങ്ങളും ജനാധിപത്യ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലും കേരളത്തിന്റെ മുന്നേറ്റത്തിന് കരുത്ത് പകരും. വികസനം സാമ്പത്തിക വളർച്ചയിൽ മാത്രം ഒതുങ്ങരുത്. സാമൂഹ്യ പുരോഗതിക്കും മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനും ഊന്നൽ നൽകണം. ലോകം സങ്കീർണമായ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ വെല്ലുവിളികൾ നേരിടുന്ന സമയത്ത് പ്രാധാന്യമേറിയ കോൺഫറൻസ് സംഘടിപ്പിച്ചതിന് കേരളം അഭിനന്ദനം അർഹിക്കുന്നു. വിഷൻ 2031ലൂടെ സമഗ്രമായ വികസന കാഴ്ചപ്പാട് രൂപീകരിക്കാനുള്ള ശ്രമം ദീർഘവീക്ഷണമുള്ള നേതൃത്വത്തിലൂടെ രൂപപ്പെട്ടതാണ്.

**അബ്ദുല്ല അബു ഷാവേസ്**
ഇന്ത്യയിലെ പലസ്തീൻ അംബാസഡർ



## ലോകത്തെ അറിയുന്ന വിദ്യാഭ്യാസം

വികസനവും ജനാധിപത്യവും എന്ന വിഷയത്തിൽ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നതിന് കേരളം വേദിയാകുന്നു എന്നത് ഉചിതമായ കാര്യമാണ്.സാക്ഷരത, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം മികച്ച മുന്നേറ്റമാണുണ്ടാക്കിയത്. വിദ്യാഭ്യാസ മേഖലയിലെ തുടർവികാസത്തിന് കേരളം വഴികാട്ടിയാകും.വിദ്യാഭ്യാസ പരിപാടികൾ എഴുത്തും വായനയും മാത്രമല്ല ലക്ഷ്യമിടുന്നത്, നാം ജീവിക്കുന്ന ലോകത്തെ ആഴത്തിൽ മനസിലാക്കുന്നതിലും അത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിദ്യാഭ്യാസ പദ്ധതിയിലുള്ള ഈ മാറ്റം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

**റൊമീല ഥാപ്പർ**
ചരിത്രകാരി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2026 ഫെബ്രുവരി 1 • പുസ്തകം 12 • ലക്കം 7

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഫ് **ട്രാൻസ്ലേറ്റർ** ടി കെ ഹരീഷ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി എസ്

എഡിറ്റോറിയൽ >>

# നവകേരളത്തിന്റെ പത്തുവർഷം



പിണറായി വിജയൻ സർക്കാർ സഫലമായൊരു തുടർച്ചയുടെ പത്തുവർഷം പൂർത്തിയാക്കുകയാണ്. കേരളത്തിന്റെ ദീപ്തമായ ഒരു ഭാവിയെ ദീർഘദർശനം ചെയ്യുന്ന നയങ്ങളും പദ്ധതികളും ആവിഷ്കരിക്കാനും നടപ്പിലാക്കാനും കഴിഞ്ഞ ദശകമായിരുന്നു ഇത്. പലയിടങ്ങളിലും കണ്ടുവരുന്നതുപോലെ മഹാനഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വികസനത്തിന്റെ ചില വൻതുരുത്തുകൾ സൃഷ്ടിക്കുകയായിരുന്നില്ല സംസ്ഥാനസർക്കാരിന്റെ നയം. വികസനം എല്ലാവർക്കും എല്ലായിടവും ഒരുപോലെ എന്ന സമീപനം അടിസ്ഥാനമാക്കിയായിരുന്നു കേരളം ഈ വർഷങ്ങളിൽ മുന്നോട്ടുപോയത്. സർവതല സർവതലസ്പർശിയും സാമൂഹികനീതിയിൽ അധിഷ്ഠിതവുമായ വികസനമാണ് ഉറപ്പാക്കിയത്. ഈ വികസനപദ്ധതികൾ യാഥാർഥ്യമാക്കുന്നതിലും സാമൂഹികക്ഷേമം എല്ലാവരിലേക്കും, ഏറ്റവും താഴെത്തട്ടിലുള്ള നിസ്വരായ ചെറുശതമാനത്തിനവരെ ഉറപ്പാക്കിയുമായിരുന്നു ഈ മുന്നേറ്റം. വിഴിഞ്ഞവും കൊച്ചി മെട്രോയും ദേശീയപാതയും പോലുള്ള മെഗാപദ്ധതികളുടെയും അതിദാരിദ്ര്യ നിർമ്മാർജനവും ലൈഫും പോലുള്ള സാമൂഹികക്ഷേമ പരിപാടികളുടെയും വിജയം ഇതിന്റെ സാക്ഷ്യങ്ങളാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മറ്റു സാമൂഹികക്ഷേമപദ്ധതികളിൽ ഒന്നിലും അംഗമല്ലാത്ത 35 നും 60 നും ഇടയിൽ പ്രായമുള്ള എല്ലാ സ്ത്രീകൾക്കും പ്രതിമാസം 1,000 രൂപ നൽകുന്ന പദ്ധതിയാണ് മറ്റൊന്ന്.

ഒരിക്കലും സാധ്യമാകില്ലെന്നു കരുതിയ പദ്ധതികളാണ് ഇക്കാലയളവിൽ യാഥാർഥ്യമായത്. കേരളം പിറകിലായിരുന്ന ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഒന്നാമതായി വ്യവസായലോകത്തിന്റെ അഭിനന്ദനം നേടി. അടിസ്ഥാന സൗകര്യവികസനപദ്ധതികളിൽ മാത്രമല്ല ഐടി, സ്റ്റാർട്ടപ് തുടങ്ങി യുവതയുടെ പ്രതീക്ഷയായ മേഖലകളിലും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഭാവിതലമുറയെ വാർത്തെടുക്കുന്ന പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസമേഖലകളിൽ പാഠപുസ്തകങ്ങളും പരീക്ഷയും ഫലപ്രഖ്യാപനവുമെല്ലാം സമയബന്ധിതമാക്കി. വനിതാശാക്തീകരണരംഗത്തും കേരളം കൂടുതൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ച ദശകമായി ഇത്. മതവൈരമോ വർഗീയസംഘർഷങ്ങളോ ഇല്ലാത്ത സമാധാനപൂർണ്ണമായ സാമൂഹികാന്തരീക്ഷം ഉറപ്പാക്കാനായി. ദേശീയതലത്തിൽ തന്നെ അനവധി അംഗീകാരങ്ങൾ ഈ പ്രവർത്തനങ്ങൾക്കുള്ള അഭിമാനമുദ്രകളായി നമുക്കു മുന്നിലുണ്ട്. സംസ്ഥാന സർക്കാരിന്റെ പത്തുവർഷത്തെ വികസന, ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച സമഗ്രമായി അറിയാൻ സഹായിക്കുന്ന പ്രത്യേക പതിപ്പാണ് ഈ ലക്കം സമകാലിക ജനപഥം.

ടി വി സുഭാഷ് ഐ എ എസ്
എഡിറ്റർ

2026 FEBRUARY 1 VOLUME 12 ISSUE 7 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

6 അറിവിന്റെ, പ്രത്യാശയുടെ പുതുകേരളം
**പിണറായി വിജയൻ**

10 നടക്കില്ലെന്ന് എഴുതിത്തള്ളിയവ നടപ്പാക്കി

12 മികവിൽ കേരളപോലീസ്

16 നോർക്ക റൂട്ട്സ് നാട്ടിലും മറുനാട്ടിലും പ്രവാസിക്കൊപ്പം

18 എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ
**കെ രാജൻ**

22 കുടിവെള്ളത്തിൽ കുതിച്ചുചാട്ടം കടലേറ്റത്തിന് കടിഞ്ഞാൺ
**റോഷി അഗസ്റ്റിൻ**

26 ഇരുളകറ്റിയ സുവർണ്ണദശകം
**കെ കൃഷ്ണൻകുട്ടി**

30 ആശങ്കയകറ്റി ജനങ്ങളോടൊപ്പം
**എ. കെ. ശശീന്ദ്രൻ**

34 പുതുചരിത്രമെഴുതിയ കാലം
**രാമചന്ദ്രൻ കടന്നപ്പള്ളി**

38 നേട്ടങ്ങളും അതിവേഗ വളർച്ചയും
**കെ ബി ഗണേഷ്കുമാർ**

42 കളിക്കളങ്ങളിൽ പുതിയ കുതിപ്പുകൾ
**വി അബ്ദുറഹിമാൻ**

46 ഭക്ഷ്യഭദ്രതയുള്ള കേരളം
**ജി ആർ അനിൽ**

50 കരുതൽ തുടരും
**കെ എൻ ബാലഗോപാൽ**

54 ആഗോള ഉന്നതവിദ്യാഭ്യാസ ഹബ്ബാകാൻ കേരളം
**ഡോ. ആർ ബിന്ദു**

58 ക്ഷീര സ്വയംപര്യാപ്തത സമഗ്ര പരിരക്ഷ
**ജെ ചിഞ്ചുറാണി**

62 മാറിയ നാടും നഗരവും
**എം ബി രാജേഷ്**

66 മാറ്റത്തിന്റെ സഞ്ചാരപാതകൾ
**പി എ മുഹമ്മദ് റിയാസ്**

70 വെല്ലുവിളികളെ അതിജീവിച്ച് കാർഷിക മുന്നേറ്റം
**പി. പ്രസാദ്**

74 ഉന്നതിയുടെ ചുവടുകൾ
**ഒ. ആർ. കേളു**

78 ഉദിച്ചു പുതുവ്യവസായ ഭൂമിക
**പി. രാജീവ്**

82 കടലോളം കരുതൽ
**സജി ചെറിയാൻ**

86 കരുതലിന്റെ ക്ലാസ്മുറികൾ, തൊഴിലിടങ്ങളും
**വി. ശിവൻകുട്ടി**

90 വികനത്തിന്റെ കപ്പൽച്ചാലുകൾ
**വി. എൻ. വാസവൻ**

94 ഹൃദ്യം ഈ ദേശീയമാതൃക
**വീണാ ജോർജ്**





MSC MONICA III

ഒന്നായി തുടരാം നവകേരളത്തിലേക്ക്

അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പദ് വ്യവസ്ഥയും നീതിയുക്തമായ സമൂഹവുമാണ് 2031-ലെ കേരളത്തിനായി സർക്കാർ വിഭാവനം ചെയ്യുന്നത്. വിഷൻ 2031 കോൺഫറൻസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്




# അറിവിന്റെ, പ്രത്യാശയുടെ പുതുകേരളം

കേരളാ രൂപീകരണത്തിന് ശേഷം കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകൊണ്ട് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനമാക്കി 'നവകേരളം' കെട്ടിപ്പടുക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. എഴുപത്തഞ്ച് വർഷം എന്നത് ദീർഘകാലമാണ് - നാം എവിടെ നിന്നാണ് ആരംഭിച്ചത്, എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചു, ഇനി എന്താണ് ചെയ്യേണ്ടത് എന്നീ കാര്യങ്ങൾ വിലയിരുത്താൻ മതിയാകുന്ന സമയം. വിഷൻ 2031 ഒരു വിലയിരുത്തൽ പ്രക്രിയ മാത്രമല്ല, അതോടൊപ്പം കേരളത്തിന്റെ വികസനയാത്രയുടെ അടുത്ത ഘട്ടം രേഖപ്പെടുത്താനുള്ള ശ്രമമാണ്.

കേരളത്തിന്റെ വികസനകഥ എപ്പോഴും പൊതുപ്രവർത്തനങ്ങളാൽ രൂപപ്പെട്ടതാണ്. ഭൂസമരങ്ങൾ മുതൽ സാമൂഹ്യ പരിഷ്കരണങ്ങൾ, വിദ്യാഭ്യാസവും ആരോഗ്യസേവനങ്ങളും വ്യാപിപ്പിക്കൽ വരെ വിവിധ തലത്തിൽ നിന്നും ഉണ്ടായ നിരവധി ഇടപെടലുകളുടെ ഫലമായിരുന്നു കേരളത്തിന്റെ പുരോഗതി. കഴിഞ്ഞ ഏഴ് ദശാബ്ദങ്ങളായി സർക്കാരുകളും സാമൂഹിക പ്രസ്ഥാനങ്ങളും സമൂഹങ്ങളും ചേർന്ന് കേരളത്തിലെ ജനങ്ങളുടെ




**വിഷൻ 2031 വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയനെ ആശ്ലേഷിക്കുന്ന ജമ്മുകശ്മീർ മുൻ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ള**

ആവശ്യങ്ങൾ നടപ്പിലാക്കാനും വിപുലീകരിക്കാൻ പ്രവർത്തിച്ചു. അതിന്റെ ഫലങ്ങൾ വ്യക്തമാണ്. സാക്ഷരതയും സ്കൂൾ വിദ്യാഭ്യാസവും സർവസാധാരണമായി. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്.

2025 നവംബർ 1-ന് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. സൂക്ഷ്മമായ സർവേകളും പ്രാദേശിക പദ്ധതീകരണവും ഏറ്റവും ദുർബലമായ കുടുംബങ്ങളിലേക്കും എത്തിച്ച ശക്തമായ ക്ഷേമ സംവിധാനങ്ങളുമാണ് ആ ചരിത്ര നേട്ടത്തിന് പിന്നിൽ. ഈ നേട്ടങ്ങളാണ് വിഷൻ 2031ന്റെ അടിസ്ഥാനം. കേരളത്തിന്റെ മനുഷ്യവികസന നേട്ടങ്ങൾ ഒരു യാത്രയുടെ അവസാനമല്ല; പുതിയ സാമ്പത്തിക -സാമൂഹിക പുരോഗതിയുടെ തുടക്കമാണ് എന്നതാണ് പ്രധാന ആശയം.

കേരളത്തിന് ഇന്ന് ഉയർന്ന വിദ്യാഭ്യാസമുള്ള ജനസംഖ്യയുണ്ട്; ശക്തമായ പൊതുആരോഗ്യ സംവിധാനമുണ്ട്; ഉയർന്ന സാമൂഹിക ബോധവുമുണ്ട്; ശ്രദ്ധേയമായ സാമൂഹ്യസൗഹൃദ അന്തരീക്ഷമുണ്ട്, സജീവമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. ഇവ സാമൂഹിക നേട്ടങ്ങൾ മാത്രമല്ല, സാമ്പത്തിക ശക്തികളും കൂടിയാണ്. ഗുണമേൻമയുള്ള തൊഴിലും വ്യാപക സമൃദ്ധിയും സൃഷ്ടിക്കുന്ന ഉൽപ്പാദനക്ഷമമായ ആധുനിക സമ്പദ്വ്യവസ്ഥ സൃഷ്ടിക്കാനായി ഈ ശക്തികളെ വിനിയോഗിക്കുന്നതാണ് അടുത്ത ഘട്ടം.

വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോക ശ്രദ്ധയാകർഷിച്ച 'കേരളാ മോഡൽ' വികസനമാണ്. എന്നാൽ കാലഘട്ടത്തിനനുസരിച്ച് ഈ മാതൃകയെ നവീകരിച്ച് പുതിയ കുതിച്ചുചാട്ടത്തിന് കേരളം തയ്യാറെടുക്കുകയാണ്. വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സംസ്ഥാനം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. 2016-ന് ശേഷം വ്യവസായ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകിയതിലൂടെ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായി. ഐടി, വ്യവസായം, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ വരുന്നുണ്ട്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുമുള്ള ദീർഘകാല സുസ്ഥിരതയെ മുൻനിർത്തിയുള്ള വ്യവസായ വളർച്ചയാണ് കേരളം ലക്ഷ്യമിടുന്നത്.

വിവരസാങ്കേതിക മേഖല മറ്റൊരു പരിവർത്തന ഉദാഹരണമാണ്. ഒരുകാലത്ത് ഐ.ടി. രംഗത്ത് കേരളം അവസരം നഷ്ടപ്പെടുത്തിയെന്ന പൊതുധാരണ ഉണ്ടായിരുന്നു. യാഥാർഥ്യം ആ ധാരണയെ തെറ്റാണെന്ന് തെളിയിച്ചു. ടെക്നോളജി പാർക്കുകൾ വികസിച്ചു, ഐ.ടി.യും ഐ.ടി. അനുബന്ധ സേവനങ്ങളിലും തൊഴിൽ വായ്പകൾ വർധിച്ചു. സ്റ്റാർട്ടപ്പുകൾക്ക് പൊതുസ്ഥാപനങ്ങളും നവോത്ഥാന സംവിധാനങ്ങളും പിന്തുണ നൽകി. ശക്തമായ വിദ്യാഭ്യാസ സംവിധാനവും നൈപുണ്യമുള്ള ബിരുദധാരികളെയും സൃഷ്ടിക്കുന്ന ശേഷിയുമാണ് ഐ.ടി. വളർച്ചയുടെ അടിസ്ഥാനം. കൃത്രിമ ബുദ്ധി, ഡാറ്റാ ശാസ്ത്രം, ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയ പുരോഗമന സാങ്കേതിക മേഖലകളിലേക്ക് കടന്നുചെല്ലുകയും സാങ്കേതികവിദ്യ അസമത്വം വർധിപ്പിക്കാതെ സമൂഹത്തിന് സേവനമാകുന്നതായി ഉറപ്പാക്കുകയും ചെയ്യുന്നതാണ് കേരളത്തിന്റെ ഭാവി.

കാർഷിക മേഖലയിലും മത്സ്യബന്ധന മേഖലയിലും ഉൽപ്പാദനക്ഷമത വർധിപ്പിക്കും. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധനവിനും വിപണനത്തിനും ആധുനിക സ്റ്റോറേജ് സംവിധാനങ്ങൾ ഉൾപ്പെടെയു



ളളവ ഒരുക്കും. കാലാവസ്ഥാ വ്യതിയാനം നേരിടാൻ ശാസ്ത്രീയമായ ജലപരിപാലനവും പുനരുപയോഗ ഊർജ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകും. ഗവേഷണത്തിനും പുതിയ കണ്ടെത്തലുകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് രാജ്യത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റും. ആരോഗ്യരംഗത്ത് പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം ജീവിതശൈലീ രോഗങ്ങൾക്കും വയോജന സംരക്ഷണത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.

അടിസ്ഥാന സൗകര്യ വികസനവും വിഷൻ 2031ന്റെ പ്രധാന ഘടകമാണ്. കേരളത്തിന്റെ സാന്ദ്രമായ കുടിയേറ്റ മാതൃകയും പരിസ്ഥിതി സങ്കീർണ്ണതയും സൂക്ഷ്മമായ പദ്ധതീകരണം ആവശ്യപ്പെടുന്നു. ഏകീകൃത ഗതാഗത സംവിധാനം, കാര്യക്ഷമമായ പൊതുഗതാഗതം, ഡിജിറ്റൽ ബന്ധം, ആധുനിക ഭൗമപരിപാടികൾ എന്നിവ സാമ്പത്തിക കാര്യക്ഷമതയും ജീവിത നിലവാരവും മെച്ചപ്പെടുത്തും. അടിസ്ഥാന സൗകര്യം ഭൗതിക നിർമാണം മാത്രമല്ല, ആളുകളെയും ആശയങ്ങളെയും അവസരങ്ങളെയും ബന്ധിപ്പിക്കുന്നതുമാണ്.

പരിസ്ഥിതി സുസ്ഥിരത വികസനത്തിൽ നിന്ന് വേർതിരിക്കാൻ കഴിയില്ല. കഴിഞ്ഞ വർഷങ്ങളിൽ പ്രളയവും മണ്ണിടിച്ചിലും ഉൾപ്പെടെയുള്ള കാലാവസ്ഥാ വെല്ലുവിളികൾ കേരളം അനുഭവിച്ചു. വളർച്ച പ്രതിരോധ ശേഷിയുള്ളതായിരിക്കണം എന്ന് അവ നമ്മെ ഓർമ്മിപ്പിക്കുന്നു. ശമനത്തേക്കാൾ അനുയോജനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. നവീകരണ ഊർജം, ശാസ്ത്രീയ ജലനിയന്ത്രണം, പ്രളയനിയന്ത്രണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവ സാമ്പത്തിക പദ്ധതികളുടെ ഭാഗമാണ്. പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുമ്പോൾ ഉപജീവനം മെച്ചപ്പെടുത്തുന്ന സമ്പദ്വ്യവസ്ഥയാണ് ശക്തമായ സമ്പദ്വ്യവസ്ഥ.

കേരളത്തിന്റെ പ്രത്യേക ശക്തികളിലൊന്ന് വികേന്ദ്രീകൃത ഭരണസംവിധാനമാണ്. പീപ്പിൾസ് പ്ലാൻ പ്രസ്ഥാനവും തുടർപരിഷ്കരണങ്ങളും യഥാർത്ഥ അധികാരവും വിഭവങ്ങളും പ്രാദേശിക സ്ഥാപനങ്ങ

**മതേതരത്വവും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് മാത്രമേ വികസനം സാധ്യമാകൂ. മതേതരത്വം എന്നത് കേരളത്തിൽ വെറുമൊരു ആശയമല്ല, മറിച്ച് ജനങ്ങളുടെ ജീവിതരീതിയാണ്.**





ളിലേക്ക് കൈമാറി. പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾ പദ്ധതീകരണത്തിലും നടപ്പിലാക്കലിലും സജീവ പങ്കാളികളായി. പ്രളയവും മഹാമാരിയും പോലുള്ള പ്രതിസന്ധിക്കാലങ്ങളിൽ പ്രാദേശിക സ്ഥാപനങ്ങൾ അവരുടെ ശേഷിയും പ്രതിബദ്ധതയും തെളിയിച്ചു. ജനാധിപത്യ പങ്കാളിത്തവും ഭരണകാര്യക്ഷമതയും ഏകോപിപ്പിക്കുന്ന ശക്തമായ പ്രാദേശിക സ്ഥാപനങ്ങളിലാണ് കേരളത്തിന്റെ ഭാവി ആശ്രയിക്കുന്നത്.

മതേതരത്വവും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് മാത്രമേ വികസനം സാധ്യമാകൂ. മതേതരത്വം എന്നത് കേരളത്തിൽ വെറുമൊരു ആശയമല്ല, മറിച്ച് ജനങ്ങളുടെ ജീവിതരീതിയാണ്. വികസന പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് വലുതാണ്. വികസന പ്രവർത്തനങ്ങളിൽ കർഷകർ, തൊഴിലാളികൾ, യുവാക്കൾ, സംരംഭകർ തുടങ്ങി എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

കേരളത്തിലെ പൊതുനയ രൂപീകരണം ദീർഘകാലമായി ആശയവിനിമയത്തിലൂടെയാണ് നടന്നത്. വിഷൻ 2031 ആ പാരമ്പര്യം തുടരുന്നു. വിവിധ വകുപ്പുകൾ സംസ്ഥാനമൊട്ടാകെ 33 സെമിനാറുകൾ സംഘടിപ്പിച്ചു; വിദഗ്ധരെയും സാമൂഹിക സംഘടനകളെയും വ്യവസായ പ്രതിനിധികളെയും പൗരന്മാരെയും ക്ഷണിച്ചു.



അവയെ വിഷയാധിഷ്ഠിത സമ്മേളനങ്ങളാക്കി സംയോജിപ്പിച്ചതാണ് ഈ കോൺഫറൻസിന്റെ അടിസ്ഥാനം. നല്ല നയം സംവാദത്തിലും കൂട്ടായ ചിന്തയിലുമാണ് രൂപപ്പെടുന്നതെന്ന കേരളത്തിന്റെ വിശ്വാസത്തിന്റെ പ്രതിഫലനമാണിത്.

വിഷൻ 2031 കോൺഫറൻസിൽ വിവിധ മേഖലകളിൽ നിന്നുള്ള 120-ലധികം വിഷയ വിദഗ്ധരും, ജനപ്രതിനിധികളും ഭരണകാര്യവിദഗ്ധരും പങ്കെടുക്കുന്നതിലൂടെ അവരുടെ വിലപ്പെട്ട സംഭാവനകൾ നമ്മുടെ ചർച്ചകൾക്ക് സമ്പുഷ്ടത നൽകുമെന്ന് ഉറപ്പാണ്. അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പദ്വ്യവസ്ഥയും നീതിയുക്തമായ സമൂഹവുമാണ് 2031-ലെ കേരളത്തിനായി സർക്കാർ വിഭാവനം ചെയ്യുന്നതെന്നും വിഷൻ 2031 കോൺഫറൻസിലൂടെ നവീനമായ ആശയങ്ങൾ വിവിധ മേഖലകളിൽ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു.■

# നടക്കില്ലെന്ന് എഴുതി

**വി**ഴിഞ്ഞം തുറമുഖം യഥാർഥ്യമാക്കി, 2028 ഓടെ രണ്ടു മുതൽ നാലു വരെയുള്ള തുടർവികസനം പൂർത്തിയാക്കും

ഗെയ്ൽ പൈപ്പ്ലൈൻ പൂർത്തീകരിച്ചു

ഇടമൺ-കൊച്ചി 400 കെവി ലൈൻ പൂർത്തീകരിച്ചു

പുതുവൈപ്പ് എൽപിജി ടെർമിനൽ പൂർത്തീകരിച്ചു

കണ്ണൂർ വിമാനത്താവളം

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ)

**ഘട്ടം1A പൂർത്തീകരണം:** പേട്ട മുതൽ എസ്എൻ ജങ്ഷൻ വരെയുള്ള 1.8 കിലോമീറ്റർ ദൂരം 2022 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്തു. ഇതിൽ 2710 കോടി ചെലവിൽ രണ്ട് പുതിയ സ്റ്റേഷനുകൾ (വടക്കേക്കോട്ട, എസ്എൻ ജങ്ഷൻ) ഉൾപ്പെടുന്നു.

**ഘട്ടം 1B പൂർത്തീകരണം:** എസ്എൻ ജങ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെയുള്ള 1.2 കിലോമീറ്റർ ദൂരം 2024 മാർച്ചിൽ ഉദ്ഘാടനം ചെയ്തു ഇതോടെ തൃപ്പൂണിത്തുറയിലേക്കുള്ള ആദ്യ മെട്രോ കോറിഡോറിന്റെ പൂർത്തീകരണമായി.

സാമ്പത്തിക നേട്ടം: 2024-25 സാമ്പത്തിക വർഷത്തിൽ കെഎംആർഎൽ 233.35 കോടി രൂപ പ്രവർത്തന ലാഭം നേടി. തുടർച്ചയായി രണ്ട് വർഷവും പ്രവർത്തനലാഭം.

ഘട്ടം II പുരോഗതി: പിങ്ക് ലൈനിനായി (ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് വരെ) ഭൂമി ഏറ്റെടുക്കൽ 100% പൂർത്തിയായി, സിവിൽ ജോലികൾ അനുവദിച്ചു.

## കൊച്ചി വാട്ടർ മെട്രോ

2023 ഏപ്രിൽ 25 ന് ഉദ്ഘാടനം ചെയ്തു.



നിലവിലെ പ്രവർത്തനങ്ങൾ: 6 റൂട്ടുകളിലായി 20 ഇലക്ട്രിക്-ഹൈബ്രിഡ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നു, 12 ടെർമിനലുകളെ ബന്ധിപ്പിക്കുകയും 26 റൂട്ട് കിലോമീറ്റർ സഞ്ചരിക്കുകയും ചെയ്യുന്നു.

52 ലക്ഷം യാത്രക്കാർ ഇതിനോടകം യാത്ര ചെയ്തു.

**അംഗീകാരം:** 2022 ലെ ഗസ്സീസ് ഇലക്ട്രിക് ബോട്ട് അവാർഡ് ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ 2024 ലെ ഹരിത് നൗക മാർഗനിർദേശങ്ങൾക്ക് കീഴിൽ മാതൃകാപദ്ധതിയായി തിരഞ്ഞെടുക്കപ്പെട്ടു.

## റെയിൽവേ

**വന്ദേ ഭാരത്:** തിരുവനന്തപുരം-കാസർഗോഡ്, തിരുവനന്തപുരം-മംഗളൂരു വന്ദേ ഭാരത് ട്രെയിനുകൾ.

## അടിസ്ഥാന സൗകര്യങ്ങൾ

നേമം ടെർമിനലിന് ഭരണാനുമതി ലഭിച്ചു (2116 കോടി).

ബാലരാമപുരം-വിഴിഞ്ഞം തുരങ്കപാതയ്ക്ക് അംഗീകാരം ലഭിച്ചു.

ഹരിപ്പാട്-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ പൂർത്തിയായി.

## ഉൾനാടൻ ജലപാത

**നേട്ടങ്ങൾ:** കോവളത്തിനും ബേക്കലിനും ഇടയിൽ ആകെ 305.54 കിലോമീറ്റർ ജലപാതകൾ സഞ്ചാരയോഗ്യമാക്കി

**ടണൽ നവീകരണം:** വർക്കലയിലെ ചിലക്കൂർ (330 മീറ്റർ), ശിവഗിരി (700 മീറ്റർ) തുരങ്കങ്ങൾ നവീകരിക്കുന്നതിനായി ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്തു.

**പാലം നിർമ്മാണം:** വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ്, മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ്, കരിക്കകം സ്റ്റീൽ ലിഫ്റ്റിങ് ബ്രിഡ്ജ്, കല്ലുപാലം എന്നിവയുൾപ്പെടെ പൂർത്തിയാക്കി.



**ടെർമിനലുകൾ:** മുഴപ്പിലങ്ങാട്, പറശ്ശിനിക്കടവ്, കോട്ടപ്പുറം എന്നിവയുൾപ്പെടെ ഏകദേശം 50 ബോട്ട് ജെട്ടികൾ/ടെർമിനലുകൾ നിർമ്മിച്ചു.

## കെ ഫോൺ

കെഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്)

**ലൈസൻസിങ്:** ഐപി1 സർട്ടിഫിക്കേഷൻ (2022), ഐഎസ്പി 'എ' ലൈസൻസ് (ജൂലൈ 2025) എന്നിവ കരസ്ഥമാക്കി.

23,163 സർക്കാർ ഓഫീസുകളിൽ കണക്ഷൻ നൽകി. അട്ടപ്പാടി പോലുള്ള ആദിവാസി മേഖലകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 14,592 കുടുംബങ്ങൾ ഉൾപ്പെടെ 86,000 വീടുകളിലും കണക്ഷൻ നൽകി.

## ഐടി കയറ്റുമതിയിൽ ചരിത്ര മുന്നേറ്റം

90,000 കോടി രൂപയുടെ ഐടി കയറ്റുമതി (2016-24)

**ടെക്നോപാർക്ക്:** 127.2 ലക്ഷം ചതുരശ്ര അടി സ്ഥലവുമായി 500 കമ്പനികളിലേക്കും 80,000 ജീവനക്കാരിലേക്കും വളർന്ന ഐടി മേഖല വളർച്ച (2025 ലെ കണക്ക്)

**ഇൻഫോപാർക്ക്:** 12,060 കോടി രൂപയുടെ സോഫ്റ്റ്‌വെയർ കയറ്റുമതി കൈവരിച്ചു

**സൈബർപാർക്ക് കോഴിക്കോട്:** കയറ്റുമതി 130 കോടിയായി ഉയർന്നു, 42.77% വളർച്ച.

## സ്റ്റാർട്ടപ്പ്

സംസ്ഥാനത്ത് ഇപ്പോൾ 7,333 സ്റ്റാർട്ടപ്പുകളാണ് ഉള്ളത്, 74,000 തൊഴിലവസരങ്ങൾ ഇതുവഴി സൃഷ്ടിക്കപ്പെട്ടു. സ്റ്റാർട്ടപ്പ് രംഗത്ത് രാജ്യത്തെ ബെസ്റ്റ് പെർഫോമർ പദവി

ഈ കാലയളവിൽ സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി 514 കോടി രൂപയുടെ സാമ്പത്തിക പിന്തുണ നൽകി

# തള്ളിയവ നടപ്പാക്കി

## കേരള ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (KSINC)

**ലാഭം:** 2022-23 സാമ്പത്തിക വർഷത്തിൽ ലാഭകരമായി (അറ്റ ലാഭം: 1.5 കോടി), 2024-25 സാമ്പത്തിക വർഷത്തിൽ ലാഭം 287.98 ലക്ഷമായി വർധിച്ചു.

**പുതിയ കപ്പലുകൾ:** സൂര്യാംശു (2022-23): സോളാർ ഹൈബ്രിഡ് ടൂറിസ്റ്റ് ബോട്ട് പോസിഡോൺ & ലക്ഷ്മി (2023-24): നവീകരിച്ചു

ടൂറിസം ബോട്ടുകളുടെ ഓൺലൈൻ ബുക്കിങ്ങിനായി www.mycruise.kerala.gov.in 2024ൽ ആരംഭിച്ചു.

63 ഇൻക്യുബേറ്ററുകളും 557 മിനി ഇൻ ക്യുബേറ്ററുകളും സ്ഥാപിക്കപ്പെട്ടു

ലോകത്തിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് കൊച്ചിയിൽ സ്ഥാപിച്ചു

### ശാസ്ത്രസാങ്കേതിക വികസനം

**ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് (SRIBS):** സ്ഥിരം കാമ്പസ് 2024 ഒക്ടോബർ 28-ന് ഉദ്ഘാടനം ചെയ്തു.

**സൂപ്പർ കമ്പ്യൂട്ടിങ്:** 'K-STAR' പദ്ധതിക്ക് (10 കോടി) 2025 ജൂലൈയിൽ ഭരണാനുമതി ലഭിച്ചു.

**വൺ ഹെൽത്ത്:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ (IAV) സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിച്ചു.

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് 2025 ഏപ്രിലിൽ മികവിന്റെ കേന്ദ്രമായി ഉയർത്തി.

### പരിസ്ഥിതിയും ജലസുരക്ഷയും

**CZMP 2019:** 2019 ലെ വിജ്ഞാപനത്തെ അടിസ്ഥാനമാക്കിയുള്ള പുതുക്കിയ തീരദേശ മേഖല മാനേജ്മെന്റ് പ്ലാൻ (CZMP) 2024 ഒക്ടോബർ 16-ന് കേന്ദ്ര സർക്കാർ അംഗീകരിച്ചു.

### നിയമ വിജയങ്ങൾ

ചെമ്പകവള്ളി അണക്കെട്ട്: മദ്രാസ് ഹൈക്കോടതിയിൽ (സെപ്റ്റംബർ 2022) സമർപ്പിക്കപ്പെട്ട ഹർജി, സംസ്ഥാന താൽപര്യങ്ങൾക്കനുസൃതമായി തള്ളിയ വിധി സമ്പാദിക്കാനായി.

**പറമ്പിക്കുളം ആളിയാർ:** 2023-24 ലെ കടുത്ത വരൾച്ചയിൽ 12.3 ടിഎംസിയുടെ പൂർണ്ണ ജലവിഹിതം ഉറപ്പാക്കാനായി.



## കെക്സ്കോൺ (എക്സ്-സർവീസ്മെൻ കോർപ്പറേഷൻ)

തൊഴിൽ: മുൻ സൈനികർക്ക് നൽകിയ തൊഴിൽ ഏകദേശം ഇരട്ടിയായി 4,460 ആയി (2016 ൽ 2,709 ആയിരുന്നു).

പുതിയ സംരംഭങ്ങൾ: നാല് കെക്സ്കോൺ-നീതി മെഡിക്കൽസ് ആരംഭിച്ചു. വിധവകൾക്കായി നാല് സ്വയം സഹായ തയ്യൽ യൂണിറ്റുകളും ആരംഭിച്ചു.

### വയനാട് പുനരധിവാസം അതിവേഗം

ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ് കൽപറ്റ നഗരത്തിന്റെ ഹൃദയഭാഗത്ത്  മാതൃകാ ഭവനം ഉയർന്നു

ഏഴുസെന്റിൽ 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട്; ആകെ 451 വീടുകൾ

ദുരന്തത്തിൽ കടകളും കച്ചവടവും നഷ്ടപ്പെട്ട വ്യാപാരികൾക്ക് നഷ്ടപരിഹാരം

ഭൂമിയുടെ ആധാരം നഷ്ടപ്പെട്ടവർക്ക് രജിസ്ട്രേഷൻ വകുപ്പ് സൗജന്യമായി പകർപ്പ് നൽകുന്നു.

### കിഫ്ബി
### പശ്ചാത്തല സൗകര്യ വികസനത്തിന്റെ ചാലകശക്തി

90,562 കോടി രൂപയുടെ 1190 പദ്ധതികൾ

39,691.87 കോടി രൂപയുടെ റോഡുകളും പാലങ്ങളും മേൽ പാലങ്ങളും തുരങ്കപാതയും

16,527 കോടി രൂപ ചെലവിൽ വ്യവസായ പാർക്കുകൾ

5200 കോടിയുടെ അംഗീകാരത്തിൽ ട്രാൻസ്ഗ്രിഡ് 2.0

പൊതുജനാരോഗ്യത്തിന് 6,874 കോടിയുടെ പദ്ധതികൾ■

കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും ഏറെ മുന്നിലാണ് കേരളാ പോലീസ് സേന. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജസ്വലരായ ചെറുപ്പക്കാർ നിറഞ്ഞ സേന രാജ്യത്തെ ഏറ്റവും മികവ് പുലർത്തുന്ന പോലീസ് സേനകളിൽ ഒന്നാണ്



# മികവിൽ കേരളപോലീസ്

കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും ഏറെ മുന്നിലാണ് കേരളാ പോലീസ് സേന. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജസ്വലരായ ചെറുപ്പക്കാർ നിറഞ്ഞ സേന രാജ്യത്തെ ഏറ്റവും മികവ് പുലർത്തുന്ന പോലീസ് സേനകളിൽ ഒന്നാണെന്നതിൽ സംശയമില്ല. നിരവധി ബി.ടെക് ബിരുദധാരികൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ കാവൽക്കാരായി സേനയിലുണ്ട്. എം.ബി.എ, എം.സി.എ തുടങ്ങി വിവിധ വിഷയങ്ങളിൽ ബിരുദാനന്തരബിരുദമുള്ളവരാണ് ഇന്ന് സേനയിൽ അധികവും. സാങ്കേതികമേഖലയിൽ കഴിവും യോഗ്യതയുമുള്ള വനിതകൾ ഉൾപ്പെടെയുള്ള സേനാംഗങ്ങൾ സമൂഹത്തിൽ വർധിച്ചുവരുന്ന നിരവധിയായ തട്ടിപ്പുകൾ തടയാൻ സേനയെ പ്രാപ്തരാക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പൊതുവായ വളർച്ച ആ മേഖലയിലെ ആസൂത്രിതമായ തട്ടിപ്പുകളും വർധിപ്പിച്ചിരിക്കുന്നു. ഈ കാലഘട്ടത്തിൽ സാങ്കേതികവിദ്യ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്ന ഒരു കാവൽ സേന നമുക്ക് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ നിലവിലെ വിദ്യാസമ്പന്നമായ പോലീസ് സേനയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കൃത്യമായ ക്രമസമാധാനപാലനം, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലെയും ജൈവവൈവിധ്യ സംരക്ഷണം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്ക് നൽകുന്ന പ്രാധാന്യം എന്നിവയ്ക്ക് നൽകുന്ന പരിഗണന കേരളാ പോലീസ് സേനയുടെ പ്രത്യേകതയാണ്. ഇന്ത്യൻ പോലീസ് ഫെഡറേഷന്റെ 2021ലെ സർവെ പ്രകാരം അഴിമതിരഹിത പോലീസ് വിഭാഗത്തിൽ കേരളാ പോലീസ് ഒന്നാംസ്ഥാനത്താണ്. ഓവറോൾ വിഭാഗത്തിൽ നാലാംസ്ഥാനത്തും.

## സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ

ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗികവ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധവ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും നിതാന്ത ജാഗ്രതയോടെ കേരളാ പോലീസിന്റെ സൈബർവിഭാഗം നിലകൊള്ളുന്നു. സൈബർ സുരക്ഷയുമാ

യി ബന്ധപ്പെട്ട വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ കോട്ടയം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുമായി ധാരണാപത്രത്തിൽ സൈബർഡോം ഒപ്പിട്ടു.

കുട്ടികൾക്കും വനിതകൾക്കും സമ്പൂർണ്ണ സുരക്ഷയൊരുക്കുന്ന നിരവധി പദ്ധതികൾ കേരളാ പോലീസ് നടപ്പിലാക്കുന്നു. 24 മണിക്കൂറും വനിതാ പോലീസ് ഉദ്യോഗസ്ഥരുൾപ്പെടുന്ന പട്രോളിങ് സംഘങ്ങൾ റോഡിൽ സർവസജ്ജരാണ്. പ്രകൃതിസൗഹൃദ ഹോവർ പട്രോളിങ് സംവിധാനവും കൊച്ചി സിറ്റി പോലീസ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രൊജക്ട് രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. പോലീസിന്റെ നവീകരിച്ച സിറ്റിസൺ സർവീസ് പോർട്ടൽ, സിറ്റിസൺ സർവീസ് ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ നിലവിൽവന്നു. എല്ലാ പോലീസ് ജില്ലകൾക്കും പ്രത്യേക വെബ്സൈറ്റ് സംവിധാനം ഏർപ്പെടുത്തി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിതമായി.

## ടോക് ടു കേരളാ പോലീസ്

സൈബർഡോം പുറത്തിറക്കിയ പുതിയ സംരംഭമാണ് കേരളാ പോലീസ് അസിസ്റ്റന്റ് ചാറ്റ്ബോട്ട് സർവീസ്. സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട് സിറ്റി പോലീസാണ് പദ്ധതി നടപ്പിലാക്കിയത്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലൂടെ പൊതുജനങ്ങൾക്ക് അതിവേഗം സേവനങ്ങൾ ലഭ്യമാകുന്നതാണ് പദ്ധതി.

## ഡ്രോൺ ഫോറൻസിക് ലാബ്

ഡ്രോൺ ഫോറൻസിക് ലാബ്, ഗവേഷണ കേന്ദ്രം എന്നിവ നിലവിൽവന്നു. ഫോറൻസിക് പരിശോധനയിലൂടെ വിവിധതരം ഡ്രോണുകളുടെ നിർമ്മാണ സവിശേഷത കണ്ടെത്തുക, ഉപകരണത്തിന്റെ മെമ്മറി ശേഷി, സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ വിവരങ്ങൾ മനസ്സിലാക്കുക, പ്രവർത്തന ചരിത്രം അപഗ്രഥിക്കുക എന്നിവയാണ് ലാബിലെ പ്രവർത്തനങ്ങൾ. സേനയുടെ വിവിധ ആവശ്യങ്ങൾക്കായി പുതിയതരം ഡ്രോണുകൾ നിർമ്മിക്കുന്നത് ഡ്രോൺ ഗവേഷണ കേന്ദ്രത്തിലായിരിക്കും.

ഡാർക്ക് വെബ്ബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ഹാക്ക് പി സമ്മിറ്റ് എന്ന ഹാക്കത്തോണിലൂടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് Grapnel 1.0. ഡാർക്ക് വെബ്ബിൽ നടക്കുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ കണ്ടുപിടിക്കാൻ വികസിപ്പിച്ചെടുത്ത പുതിയ സോഫ്റ്റ്‌വെയർ രാജ്യത്തിനുതന്നെ അഭിമാനമാണ്.

ഓൺലൈൻ കുറ്റകൃത്യങ്ങൾക്ക് ഇരയായ കുട്ടികളെ ജീവിതത്തിൽ തിരികെ എത്തിക്കുന്നതിനായി നടപ്പാക്കുന്ന 'കൂട്ട്' സൈബർ സുരക്ഷ പദ്ധതിയിൽ ഓൺലൈൻ ചതിക്കുഴികൾ മനസ്സിലാക്കാനും അപകടങ്ങൾ ഒഴിവാക്കാനും പരിശീലനം നൽകുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ മെഡിക്കൽ പരിശോധന ഉടൻ പൂർത്തിയാക്കുന്നതിന് 'ആൽകോ സ്കാൻ വാൻ' നിലവിൽവന്നു. ഡ്രൈവർ മദ്യമോ മറ്റ് ലഹരിവസ്തുക്കളോ ഉപയോഗിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി മെഡിക്കൽ സെന്ററിൽ കൊണ്ടുപോകാതെ ഈ വാനിൽ വെച്ച്തന്നെ വേഗത്തിൽ ഫലം അറിയാൻ സാധിക്കും.

മയക്കുമരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയുന്നതിനായി 'യോദ്ധാവ്' പദ്ധതിക്ക് രൂപംനൽകി. അനുമതിയില്ലാതെ പറക്കുന്ന ഡ്രോണുകൾ കണ്ടെത്താനും നിർവീര്യമാക്കാനുമായി കേരളാ പോലീസ് സൈബർഡോം വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ മൊബൈൽ ആന്റി ഡ്രോൺ വെഹിക്കിളാണ് ഈഗിൾ ഐ. പേപ്പർരഹിത പോലീസ് ഓഫീസ് എന്ന ലക്ഷ്യത്തിലേക്ക് കേരളാ പോലീസിനെ ഒരു പടികൂടി മുന്നോട്ടുകൊണ്ടുപോകുന്നതിനായി വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് മി-കോപ്പ്.

## വനിതാ സ്വയംപ്രതിരോധ പദ്ധതി

അതിക്രമങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് സ്ത്രീകളെയും കുട്ടികളെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നിർഭയ പദ്ധതിയിൽ പെടുത്തി രൂപംനൽകിയതാണ് വനിതാ സ്വയംപ്രതിരോധപദ്ധതി. പ്രതിരോധമുറയിൽ താൽപര്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യമായാണ് പരിശീലനം നൽകുന്നത്.

സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് എക്കണോമിക് ഒഫൻസസ് വിങ്ങ് പ്രവർത്തനം ആരംഭിച്ചു. വിദ്യാർഥികളെ മൊബൈൽ ആസക്തിയിൽ നിന്നും മുക്തരാക്കുന്നതിന് ആറ് നഗരങ്ങളിൽ ആരംഭിച്ച ഡിജിറ്റൽ ഡീ അഡിക്ഷൻ സെന്ററുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇരകൾക്ക് അതിവേഗ നീതി ലഭ്യമാക്കുന്നതിനും സംസ്ഥാന വനിതാസെല്ലിന് കീഴിൽ വുമൺ സേഫ്റ്റി ഡിവിഷൻ ആരംഭിച്ചു.

## വനിതാ ബറ്റാലിയൻ

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള എല്ലാത്തരം അതിക്രമങ്ങളും തടയുന്നതിനും വനിതാപ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വനിതാ ബറ്റാലിയൻ 2018 ൽ നിലവിൽവന്നു. ആദ്യ ബാച്ചിൽ 578 പേർ പരിശീലനം പൂർത്തിയാക്കി. ഇവരിൽ 44 പേർ കമാൻഡോ പരിശീ



> കുട്ടികൾക്കും വനിതകൾക്കും സമ്പൂർണ്ണ സുരക്ഷയൊരുക്കുന്ന നിരവധി പദ്ധതികൾ കേരളാ പോലീസ് നടപ്പിലാക്കുന്നു. 24 മണിക്കൂറും വനിതാ പോലീസ് ഉദ്യോഗസ്ഥരുൾപ്പെടുന്ന പട്രോളിങ് സംഘങ്ങൾ റോഡിൽ സർവസജ്ജരാണ്



## വിളിക്കാം



### 112 പരിഷ്കരിച്ച സേവനങ്ങൾ

പരിഷ്കരിച്ച 112 സേവനങ്ങൾക്ക് (Next Generation Emergency Response Support System 112) പോലീസ് ആസ്ഥാനത്ത് തുടക്കം കുറിച്ചു. പോലീസ്, ഫയർ, ആംബുലൻസ് എന്നിങ്ങനെ എല്ലാ അടിയന്തരസേവനങ്ങൾക്കും വിളിക്കാവുന്ന നമ്പരാണ് 112. പുതിയ വേർഷൻ ഇ.ആർ.എസ്.എസ് നിലവിൽ വരുന്നതോടെ നിലവിലുള്ളതിനേക്കാളും മൂന്ന് മിനിറ്റോളം സമയം റെസ്പോൺസ് ടൈമിൽ കുറവുവരുത്താൻ കഴിയും. ഔട്ട് ഗോയിങ് സൗകര്യം ഇല്ലാത്തതോ താത്കാലികമായി പ്രവർത്തനരഹിതമായതോ ആയ നമ്പരുകളിൽ നിന്നുപോലും 112 എന്ന നമ്പറിലേയ്ക്ക് വിളിക്കാം. മൊബൈൽഫോണുകളിൽനിന്നും ലാൻഡ് ഫോണിൽ നിന്നും സൗകര്യം ലഭ്യമാണ്. പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പായ പോൽആപ്പിലെ SoS വഴിയും സേവനം പ്രയോജനപ്പെടുത്താം.

### 1930 സൈബർ ക്രൈം ഹെൽപ് ലൈൻ

ഓൺലൈനിലൂടെയുള്ള സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമാണെ് തിരിച്ചറിഞ്ഞതോടെയാണ് അതിനെ ചെറുക്കാൻ 1930 എന്ന സൈബർ ക്രൈം ഹെൽപ് ലൈൻ ആരംഭിച്ചത്. 2024 ഏപ്രിൽവരെ ഈ നമ്പറിലേക്ക് 13,239 പരാതികളാണ് ലഭിച്ചത്. ആകെ 197.62 കോടിരൂപയുടെ തട്ടിപ്പാണ് നഷ്ടപ്പെട്ടതായി കണക്കാക്കിയത്. അതിൽ 29.49 കോടിരൂപ വീണ്ടെടുക്കാനായി. തട്ടിപ്പുമായി ബന്ധപ്പെട്ട 10,094 ബാങ്ക് അക്കൗണ്ടുലനം നേടി സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ കമാൻഡോ വിങ്ങ് ആരംഭിച്ചു.

### ഹോപ്പ്

വിവിധ കാരണങ്ങളാൽ പഠനം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി ആരംഭിച്ച പഠന പദ്ധതിയാണ് ഹോപ്പ്.

### കവചം

ദുർബലവിഭാഗത്തിൽപ്പെട്ട കുട്ടികൾ ശാരീരിക-ലൈംഗിക പീഡനങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും ഇരയാകുന്നത് തടയാൻ രൂപവൽക്കരിച്ച പദ്ധതിയാണ് കവചം.

### മാലാഖ പദ്ധതി

കുട്ടികൾക്കെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് മാലാഖ എന്ന പേരിൽ ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകി.

### പോൽ-ആപ്പ്

പോലീസിന്റെ എല്ലാ സേവനങ്ങളും ഒരൊറ്റ ആപ്പിൽ ലഭ്യമാകുന്ന സംവിധാനം.

### ഡീപ്പ് ഫേക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഫെയ്ക്ക് വീഡിയോ നിർമ്മിച്ച് പണം തട്ടിയെടുത്ത രാജ്യത്തെ ആദ്യ കേസ് റിപ്പോർട്ട് ചെയ്തത് കോഴിക്കോടാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും തട്ടിപ്പ് സംഘത്തെ പിടികൂടി. നഷ്ടപ്പെട്ട തുക മുഴുവൻ വീണ്ടെടുക്കാനുമായി. സൈബർ തട്ടിപ്പുകൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന വിദേശസംഘങ്ങളെയും ഇക്കാലയളവിൽ പിടികൂടാനായി. തൃശ്ശൂരിൽ വിദേശസംഘങ്ങൾക്കായി സിം ആക്ടിവേറ്റ് ചെയ്ത് നൽകുന്ന പ്രതിയെയും, ഈ സിം കാർഡുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തിവന്ന കമ്പോഡിയൻ സംഘത്തിലെ പ്രധാനിയേയും അറസ്റ്റ് ചെയ്യാനായി.

### അഗ്നിരക്ഷാസേന

2016 മുതൽ 2025 വരെ 251 കോടിയിലധികം രൂപയുടെ അത്യാധുനിക ഉപകരണങ്ങൾ.

റോബോട്ടിക് ഫയർ ഫൈറ്റിങ്ങ് വെഹിക്കിൾ, അണ്ടർ വാട്ടർ ഡ്രോൺ, ഫയർ ടെൻഡർ, ഫസ്റ്റ് റസ്പോൺസ് വെഹിക്കിൾ (FRV), അഡ്വാൻസ്ഡ് റെസ്ക്യൂ ടെൻഡർ, ഫോം ടെൻഡർ, ട്രൂപ് കാരിയർ, എമർജൻസി ടെൻഡർ, DCP ടെൻഡർ, വാട്ടർ ബൗസർ, ഉൾപ്പെടെയുള്ള അത്യാധുനിക സജ്ജീകരണങ്ങളാൽ സുസജ്ജം

ഇടുങ്ങിയ വീഥികളിലെയും ബഹുനില കെട്ടിടങ്ങളിലെയും വെല്ലുവിളികൾ നേരിടാൻ ടവർ മോണിറ്ററും ഏരിയൽ ലാഡർ പ്ലാറ്റ്ഫോമും

ഐ.എ.ടി.ഡബ്ല്യു.ആർ (IATWR) സ്ഥാപിച്ചു.

ചരിത്രത്തിലാദ്യമായി 100 ഫയർവുമൺ തസ്തിക അനുവദിച്ച് നിയമനം നടത്തി. 12 വനിതാ സ്റ്റേഷൻ ഓഫീസർ തസ്തികയും സൃഷ്ടിച്ചു. 17 വനിതാ സേനാംഗങ്ങളെ തിരഞ്ഞെടുത്ത് സ്കൂബാ ഡൈവിങ്ങിൽ പരിശീലനം നൽകി ഇന്ത്യയിലെ തന്നെ ആദ്യത്തെ വനിതാ സ്കൂബാ ഡൈവിങ് ടീം ആയ 'GANNETS' രൂപീകരിച്ചു.

വലിയ പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി ഐ.ടി.ബി.പി (ITBP), എൻ.ഡി.ആർ.എ-ഫ് (NDRF) എന്നിവയിൽ നിന്ന് പ്രത്യേക

ട്രാൻസ്ജെൻഡർ വ്യക്തികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പാർപ്പിടസൗകര്യം ഒരുക്കി. ജയിലിൽ പ്രത്യേക പരിഗണന നൽകിവരുന്നു.

പവർ ഫെൻസിങ് സംവിധാനം, സിസിടിവി സംവിധാനം, ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം, ആധുനിക ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കി ജയിൽ സുരക്ഷ വർധിപ്പിച്ചു.

നൈപുണ്യ വികസന പരിപാടികൾ, ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ,




കളും 7290 സിം കാർഡുകളും 10,418 ഉപകരണങ്ങളും 7,126 വെബ്സൈറ്റുകളും 3,900 സാമൂഹ്യമാധ്യമ പ്രൊഫൈലുകളും 476 മൊബൈൽ ആപ്ലിക്കേഷനുകളും നിർവീര്യമാക്കാനും സൈബർ പോലീസിന് കഴിഞ്ഞു.

### 155260 സൈബർ ഫൈനാൻഷ്യൽ ഫ്രോഡ്-കോൾസെന്റർ

ഓൺലൈനിലൂടെ ഉപഭോക്താക്കളെ കബളിപ്പിച്ച് പണംതട്ടിയെടുക്കുന്നതിനെതിരെ പരാതി നൽകുന്നതിനുള്ള കേരളാ പോലീസിന്റെ കോൾ സെന്റർ സംവിധാനം തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് നിലവിൽവന്നു. സൈബർ സാമ്പത്തികതട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് 155260 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ അറിയിക്കാം.

### 112 പിങ്ക് പോലീസ്

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ്. സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും പ്രവർത്തനം. വനിതാ ഉദ്യോഗസ്ഥർ മാത്രമുളള പട്രോളിങ് സംഘങ്ങളാണ് പിങ്ക് പോലീസ്. 112 എന്ന നമ്പരിൽ വിളിച്ചാൽ പിങ്ക് പോലീസിന്റെ സഹായം ലഭിക്കും.

### ചിരി 9497900200

മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ആശ്വാസം പകരാനായി രൂപംനൽകിയ പദ്ധതിയാണ് ചിരി. കുട്ടികൾക്കും രക്ഷിതാക്കൾക്കും 9497900200 എന്ന ഹെൽപ് ലൈൻ നമ്പരിൽ വിളിച്ച് സഹായം ആവശ്യപ്പെടാം.

> പൊതുജനത്തിന് പോലീസ് സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകാൻ കഴിയുന്ന തരത്തിലാണ് നവീകരിച്ച വെബ്സൈറ്റ് സജ്ജീകരിച്ചിരിക്കുന്നത്

പുതിയ എട്ട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ. ആകെ സ്റ്റേഷനുകളുടെ എണ്ണം 129

2019-ൽ സിവിൽ ഡിഫൻസ് സംവിധാനം രൂപീകരിച്ചു. പതിനായിരത്തോളം സിവിൽ ഡിഫൻസ് വളണ്ടിയർമാരും 4,500 ആപ്ദ മിത്ര വോളന്റിയർമാരും സേനയുടെ ഭാഗം.

ലോകനിലവാരത്തിലുള്ള ജലരക്ഷാ പരിശീലനത്തിനായി ഫോർട്ട് കൊച്ചിയിൽ

പരിശീലനം നേടിയ 31 അംഗ സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ (STF) നമ്മൾ സജ്ജമാക്കി.

## ജയിൽ വകുപ്പ്

സംസ്ഥാനത്തെ ആകെ ജയിലുകളുടെ എണ്ണം 59 ആയി ഉയർത്തി. ശരാശരി അംഗീകൃതശേഷി 7823 ആയി വർധിപ്പിച്ചു. അഞ്ചിടത്ത് പുതിയ ജയിലുകളുടെ നിർമ്മാണം നടക്കുന്നു.

തൊഴിലധിഷ്ഠിത പരിശീലനം. ജയിലുകൾക്കുള്ളിൽ മാനസികാരോഗ്യ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

## കോടതി

ജുഡീഷ്യൽ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 9 ജില്ലകളിലായി 16 കെട്ടിടങ്ങളുടെ നിർമ്മാണ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്

പെരുമ്പാവൂരിലെ ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, ഒറ്റപ്പാലം കോടതി സമുച്ചയം, കൊടുങ്ങല്ലൂർ കോടതി സമുച്ചയം, വടക്കാഞ്ചേരി കോടതി സമുച്ചയം എന്നിവയ്ക്കായുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായി.■

# നോർക്ക റൂട്ട്സ്
# നാട്ടിലും മറുനാട്ടിലും പ്രവാസിക്കൊപ്പം




ഏറ്റവും പുതിയ കുടിയേറ്റ സർവേ പ്രകാരം, ഇന്ത്യയ്ക്ക് പുറത്തുള്ള വിവിധ രാജ്യങ്ങളിൽ ഇരുപത് ദശലക്ഷത്തിലധികം മലയാളികൾ ജോലി ചെയ്യുകയും താമസിക്കുകയും ചെയ്യുന്നു. പ്രവാസത്തിന് മുമ്പും പ്രവാസകാലത്തും പ്രവാസം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുമ്പോഴും ഒപ്പമുണ്ടാവുക എന്നതാണ് നോർക്ക റൂട്ട്സിന്റെ പ്രവർത്തനശൈലി. നിരവധി പദ്ധതികളാണ് പ്രവാസികൾക്കായി നോർക്ക നടപ്പാക്കുന്നത്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി 2018 ൽ ലോക കേരള സഭ രൂപീകരിച്ചു. ലോക കേരള സഭയുടെ അഞ്ച് പതിപ്പുകൾ ഇതിനോടകം നടന്നു. നിലവിൽ, 103 രാജ്യങ്ങളിൽ നിന്നും 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ സഭയിൽ അംഗങ്ങളാണ്. ലോക കേരള സഭയുടെ ശുപാർശ പ്രകാരം, എല്ലാ ജില്ലകളിലും ജില്ലാതല എൻആർഐ പരാതി പരിഹാര സമിതികൾ പ്രവർത്തിക്കുന്നു. എൻആർഐ മലയാളികളുടെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ്സ് ലിമിറ്റഡ് (ഒകെഐഎച്ച് ലിമിറ്റഡ്) രൂപീകരിച്ചു.

നോർക്ക കെയർ അപകട ഇൻഷുറൻസ് പദ്ധതി 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷയും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് വ്യക്തിഗത അപകട ആരോഗ്യ പരിരക്ഷയും നൽകുന്നു. 132,034 പ്രവാസി കുടുംബങ്ങളിൽ നിന്നുള്ള അഞ്ച് ലക്ഷത്തിലധികം അംഗങ്ങൾ നോർക്ക കെയർ പദ്ധതിയുടെ ഭാഗമാണ്.

വിദേശത്ത് താഴ്ന്ന വരുമാനവും അർധ വൈദഗ്ധ്യമുള്ളതുമായ ജോലികളിൽ ഏർ





പ്പെടുന്ന കേരളീയർക്ക് പ്രവാസി ഇൻഷുറൻസ് പോളിസി സാമൂഹിക സുരക്ഷ കൂടി നൽകുന്നു.

പരിശീലനം ലഭിച്ച നഴ്സുമാർക്ക് ട്രിപ്പിൾ വിൻ പ്രോഗ്രാം വഴി ജർമ്മനിയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു. വിവിധ രാജ്യങ്ങളിലെ വിവിധ തൊഴിൽ മേഖലകളിലായി നോർക്ക റൂട്ട്സ് ഏകദേശം 4000 പേരെ നിയമിച്ചിട്ടുണ്ട്. സുരക്ഷിത കുടിയേറ്റം സാധ്യമാക്കുന്നതിനായി നോർക്ക സർട്ടിഫിക്കറ്റ് പരിശോധനകളും നടത്തുന്നു.

30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. ഇതുവരെ 9,239 സംരംഭങ്ങൾ ആരംഭിച്ചു, സബ്സിഡിയായി 106.38 കോടി രൂപ ചെലവഴിച്ചു.

പ്രവാസി ഭദ്രത പദ്ധതി 13,906 പ്രവാസികൾക്ക് സ്വന്തമായി ബിസിനസുകൾ ആരംഭിക്കാൻ സഹായിച്ചു.

കേരളത്തിൽ ബിസിനസുകൾ ആരംഭിക്കുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. 551 യൂണിറ്റുകൾ ആരംഭിച്ചു.

സാന്ത്വനം പദ്ധതിയിൽ പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര സഹായമായി 1 ലക്ഷം രൂപ വരെയും, വൈദ്യസഹായമായി 50,000 രൂപ വരെയും, പ്രവാസികളുടെ പെൺമക്കളുടെ വിവാഹ സഹായമായി 15,000 രൂപയും, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 10,000 രൂപ വരെയും നൽകുന്നു. പദ്ധതിയിൽ 35,580 പ്രവാസി കുടുംബങ്ങൾക്ക് ഏകദേശം 212 കോടി രൂപ നൽകി.

പ്രവാസി ക്ഷേമനിധി ബോർഡ് 68,356 പ്രവാസികൾക്ക് 7,39,82,82,107 രൂപയുടെ ക്ഷേമ പെൻഷൻ നൽകി.

## പ്രവാസി മിഷൻ സ്ഥാപിച്ചു

വിദേശ റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നോർക്ക പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

വിദേശ രാജ്യങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ആദ്യഘട്ടത്തിൽ, കാനഡയിലെ അമ്പതിലധികം ഗ്രൂപ്പുകളെ ഒരുമിച്ചുചേർത്ത് നോർക്ക കാനഡ കോർഡിനേഷൻ കൗൺസിൽ രൂപീകരിച്ചു.

> **വിവിധ രാജ്യങ്ങളിലെ വിവിധ തൊഴിൽ മേഖലകളിലായി നോർക്ക റൂട്ട്സ് ഏകദേശം 4000 പേരെ നിയമിച്ചിട്ടുണ്ട്**

181 രാജ്യങ്ങളിലെ കേരളീയർക്കായി നോർക്ക പ്രവാസി ഐഡി കാർഡ് വിതരണം ചെയ്തു. ഇതുവരെ 7,53,310 പേർക്ക് ഐഡി കാർഡുകൾ നൽകി.

ചെയ്യാത്ത കുറ്റകൃത്യങ്ങൾക്ക് ജയിലിൽ പോയവരോ ചെറിയ കുറ്റകൃത്യങ്ങളിൽ പെട്ടുപോയവരോ ആയ പ്രവാസികൾക്ക് നിയമസഹായത്തിനായി പ്രവാസി ലീഗൽ അസിസ്റ്റൻസ് സെൽ (പിഎൽസി) രൂപീകരിച്ചു. ഇതിൽ മലയാളി അഭിഭാഷകരുടെ സേവനം ലഭ്യമാണ്. ■

**കെ രാജൻ**
റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി

**സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂമിയുടെ അവകാശികളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സാർഥകമായ ഇടപെടലുകളാണ് റവന്യൂവകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷങ്ങളിലായി നടന്നത്. കേരളത്തെ തകർത്തെറിഞ്ഞ മഹാപ്രളയവും അതിജീവന പ്രവർത്തനങ്ങളും തുടർന്ന് വന്ന കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളും മറികടന്ന് നാളിതുവരെയില്ലാത്ത ഊർജിത പ്രവർത്തനങ്ങളാണ് റവന്യു വകുപ്പിന്റെ നേതൃത്വത്തിൽ നടന്നത്.**



# എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ

2016 മുതൽ 2021 വരെ കാലയളവിൽ 1,77,011 പട്ടയങ്ങളും 2021 മുതൽ നാളിതുവരെ 2,23,945 പട്ടയങ്ങളും ഉൾപ്പെടെ 4,10,956 പട്ടയങ്ങൾ വിതരണം ചെയ്തു. കാൽ ലക്ഷത്തോളം പട്ടയങ്ങൾ കൂടി വിതരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂലഭ്യത എന്നിവ കണ്ടെത്തി രേഖപ്പെടുത്താൻ ഡാഷ് ബോർഡ് സജ്ജമാക്കി.

സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂവുടമകളാക്കുക എന്ന ലക്ഷ്യത്തിനായി പട്ടയ മിഷൻ രൂപീകരിച്ചു. എംഎൽഎമാരുടെ അധ്യക്ഷതയിൽ നിയോജകമണ്ഡലത്തിലെ എല്ലാ ജനപ്രതിനിധികളും പങ്കെടുക്കുന്ന പട്ടയ അസംബ്ലികൾ വഴി കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂമന്ത്രി ഓൺലൈനായി പങ്കെടുക്കുന്ന അദാലത്ത് സംഘടിപ്പിച്ചു.

വനഭൂമിയിൽ നിന്നും ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമി കൈവശം വച്ച് വരുന്നവർക്ക് കേന്ദ്രാനുമതി ഇല്ലാതെ തന്നെ പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ 20,000, കോട്ടയം ജില്ലയിൽ 10,000, എറണാകുളം ജില്ലയിൽ 7000 പട്ടയം വിതരണം ചെയ്യും. ഇതിനാവശ്യമായ സ്പെഷൽ ഓഫീസുകൾ രൂപീകരിച്ചു. സംസ്ഥാനത്ത് വിവിധ ഭൂനിയമങ്ങൾ പ്രകാരം നൽകിയ പട്ടയത്തിന്റെ അസൽ പകർപ്പ് നഷ്ടപ്പെട്ടവർക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അധികാരം നൽകി.

## ഭൂപ്രശ്നത്തിന് പരിഹാരം കുടുംബങ്ങൾക്ക് ആശ്വാസം

മലപ്പുറം ഏറനാട് താലൂക്കിലെ സത്രം ഭൂമി പ്രശ്നത്തിന് പരിഹാരമായി. തിരൂരിലെ കൊടക്കൽ ടൈൽ ഫാക്ടറി പ്രവർത്തിച്ചിരുന്ന മിച്ചഭൂമി കൈവശം വച്ചിരുന്ന 120 കുടുംബങ്ങളുടെ പട്ടയപ്രശ്നത്തിന് പരിഹാരമായി. തളിപ്പറമ്പ് താലൂക്കിലെ മൊറാഴ പട്ടയ പ്രശ്നം പരിഹരിക്കാനായതോടെ 135 കുടുംബങ്ങൾ പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനു വിരാമമായി. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് ബളാൽ വില്ലേജിലെ പ്രകാശ് പ്ലാന്റേഷൻ ഭൂമി വാങ്ങിയ 154 പേർക്ക് ഭൂമിയുടെ അവകാശം ലഭിച്ചു. 1970 മുതൽ നിലനിൽക്കുന്ന വയനാട് മക്കിമല ഭൂപ്രശ്നത്തിന് പരിഹാരമായതോടെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള 700 കുടുംബങ്ങൾക്ക് പരിഹാരമായി.

തൃശ്ശൂർ ജില്ലയിലെ അവണൂർ വില്ലേജിൽ 1977 ൽ സർക്കാർ മിച്ചഭൂമിയായി ഏറ്റെടു

> **യാതൊരു അവകാശമില്ലാതെ വനമേഖലയിൽ കഴിയുന്ന ആദിവാസി സമൂഹത്തെ ഭൂമിയുടെ അവകാശികളാക്കി മാറ്റാനും അവർക്ക് എല്ലാ വിധ റവന്യു അവകാശങ്ങളും നൽകി വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളാക്കി മാറ്റാനും നടപടി സ്വീകരിച്ചു**



## ഭൂമി തരംമാറ്റം

ഭവനനിർമ്മാണ ആവശ്യങ്ങൾക്കും മറ്റുമായി ബന്ധപ്പെട്ട് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അന്തഃസത്ത നിലനിർത്തിക്കൊണ്ട് 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളിൽ പരിഹാരം കാണാൻ ഊർജിത ശ്രമങ്ങൾ നടത്തി. അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് സ്പെഷൽ സെല്ലിന് പുറമെ 990 തസ്തികകൾ താത്കാലികമായി സൃഷ്ടിച്ചു. അപേക്ഷകൾ കൂടുതലുള്ള 680 വില്ലേജുകളിൽ വാഹന സൗകര്യവും ഐ ടി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും 59,99,3000 രൂപ അനുവദിച്ചു.

ത്ത ഭൂമിയിൽ താമസിച്ചുവരുന്ന 23 കുടുംബങ്ങളുടെ പട്ടയപ്രശ്നം, എറണാകുളം പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ 24 തൊഴിലാളികൾക്ക് താമസിക്കുന്ന ഭൂമി സൗജന്യമായി പതിച്ചു നൽകാനുള്ള ഉത്തരവ്, തിരുവനന്തപുരം കടകംപള്ളി വില്ലേജ് ബി.ടി.ആറിൽ കാട് പുറമ്പോക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നതു മൂലം പട്ടയം ലഭിക്കാതിരുന്ന 59 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള തീരുമാനം, 42 വർഷമായി തൃശ്ശൂർ കുമാരനെല്ലൂരിൽ തെലുങ്കർ ഉന്നതിയിൽ താമസിച്ചുവരുന്ന 41 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള തീരുമാനം, 75 വർഷങ്ങൾക്ക് മുമ്പ്





പീച്ചി അണക്കെട്ട് നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട ഒളകരയിലെ 43 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ ലഭ്യമാക്കിയത്, കോട്ടയം ജില്ലയിലെ പമ്പാവാലി, എയ്ഞ്ചൽ വാലി പ്രദേശത്തെ പട്ടയപ്രശ്നങ്ങൾ പരിഹരിച്ചതിലൂടെ 1900 പേർക്ക് പട്ടയം നൽകാനായി.

കോഴിക്കോട് നൊച്ചാട് വില്ലേജിലെ 60 കുടുംബങ്ങളുടെ ഭൂനികുതി സ്വീകരിക്കാനുള്ള നടപടി, രാജഭരണകാലം മുതൽ നിലനിന്നിരുന്ന മലബാർ പ്രദേശത്തെ നികുതി കെട്ടാത്ത ഭൂമി പ്രശ്നത്തിന് പരിഹാരം കണ്ടത്, കേരളത്തിന്റെ തീരപ്രദേശത്തെ കടൽ പുറമ്പോക്കിൽ താമസിച്ചിരുന്ന നൂറുകണക്കിന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയത് എന്നിവ എടുത്തുപറയേണ്ടതാണ്.

## വനഗ്രാമങ്ങൾ റവന്യൂഗ്രാമങ്ങളായി

യാതൊരു അവകാശമില്ലാതെ വനമേഖലയിൽ കഴിയുന്ന ആദിവാസി സമൂഹത്തെ ഭൂമിയുടെ അവകാശികളാക്കി മാറ്റാനും അവർക്ക് എല്ലാ വിധ റവന്യൂ അവകാശങ്ങളും നൽകി വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളാക്കി മാറ്റാനും നടപടി സ്വീകരിച്ചു.

## സ്മാർട്ട് വില്ലേജുകളും ഇ സേവനങ്ങളും

സംസ്ഥാനത്ത് ഇതുവരെ 600 വില്ലേജുകൾ സ്മാർട്ട് ഓഫീസുകളാക്കി. മുന്നോറോളം ഓഫീസുകൾ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റപ്പെട്ടു. 10 ലക്ഷത്തിലധികം സാക്ഷ്യപത്രങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി വിതരണം ചെയ്തത്. വില്ലേജ് ഓഫീസിൽ പോകാതെ ഭൂനികുതി ഒടുക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ഭൂമിയിലെ അനധികൃത മരം മുറി, അനധികൃത ധാതു ഖനനം, അനധികൃത മണൽ ഖനനം എന്നിവ അധികൃതരെ അറിയിക്കാൻ അലെർട്ട് ഓൺലൈൻ സംവിധാനം, ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായി ഓൺലൈൻ എച്ച് ആർ എം എസ്, ഡിജിറ്റൽ റീ സർവെ കഴിഞ്ഞ വില്ലേജുകളിൽ ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ ഓൺലൈനിൽ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്യുന്നതിന് സൗകര്യം. സംസ്ഥാനത്തെ 1666 വില്ലേജിലെയും ബി ടി ആർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി.





## ഡിജിറ്റൽ സർവെ

സർവെ ഭൂരേഖാ വകുപ്പിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ റീ സർവെ അതിവേഗത്തിൽ മുന്നേറുന്നു. പദ്ധതിയുടെ സുതാര്യതക്കായി എന്റെ ഭൂമി എന്ന സമഗ്ര പോർട്ടൽ വികസിപ്പിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 858 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. ആദ്യഘട്ടത്തിനായി സർവെ വകുപ്പിന് 451 കോടി രൂപ. 560 വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിച്ചു. സർവെ നടപടികൾ പൂർത്തിയാക്കിയ 363 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. മൂന്ന് ഘട്ടങ്ങളിലായി നടന്ന സർവെയിലൂടെ 9,21,260.5 ഹെക്ടർ ഭൂമി ഡിജിറ്റലായി അളന്നുകഴിഞ്ഞു. 67,48,559 കൈവശങ്ങളാണ് (ലാൻഡ് പാർസൽ) അളന്നത്. മാർച്ച് മാസത്തോടെ 10 ലക്ഷം ഹെക്ടർ ഭൂമിയുടെ അളവ് പൂർത്തിയാക്കും.

വില്ലേജ് ഓഫീസ് വഴി ശേഖരിക്കുന്ന ഭൂനികുതി, കെട്ടിടനികുതി, റവന്യൂ റിക്കവറി തുടങ്ങിയവ ഇ-പോസ് മെഷീൻ, യുപിഐ എന്നിവ വഴി സ്വീകരിക്കാൻ നവീകരിച്ച ഇ- പേയ്മെന്റ് പോർട്ടൽ, റവന്യൂ മന്ത്രിയെ നേരിട്ട് പരാതി അറിയിക്കാനുള്ള ആർ എം സെൽ, 10 വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾക്ക് റവന്യൂ സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന മിത്രം പോർട്ടൽ, എല്ലാ വില്ലേജ് ഓഫീസുകൾക്കും റവന്യൂ സേവനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വെബ്സൈറ്റ് എന്നിവ നടപ്പാക്കി.

### ഡിജിറ്റൽ സർവെ കോൺക്ലേവ്

ഡിജിറ്റൽ ലാൻഡ് സർവെ ഇന്നൊവേഷൻ ഇന്റഗ്രേഷൻ ആൻഡ് ഇംപാക്ട് എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി തിരുവനന്തപുരത്ത് ദേശീയ ഡിജിറ്റൽ സർവെ കോൺക്ലേവ് സംഘടിപ്പിച്ചു. കേരളത്തിന്റെ ഭൂസർവെ, ഭൂരേഖാപരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ചരിത്രം ഉൾപ്പെടുത്തി സർവെ മ്യൂസിയം തിരുവനന്തപുരത്ത് നിർമ്മിക്കുന്നു.

### ഭവനനിർമ്മാണവകുപ്പ്

കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ചികിത്സക്കായി എത്തുന്നവരുടെ കൂട്ടിരിപ്പുകാർക്കായി മെഡിക്കൽ കോളേജ് ആശുപത്രികളോട് ചേർന്ന് ആശ്വാസ് വാടക വീട് പദ്ധതി.

ഭവന രഹിതർക്കുള്ള ഗൃഹശ്രീ പദ്ധതിയിൽ 4000 ത്തോളം വീടുകൾ പൂർത്തീകരിച്ചു.

വയോജനങ്ങളുടെ മാനസികാരോഗ്യം ലക്ഷ്യമാക്കി വാർധക്യസൗഹൃദഭവനങ്ങൾ, വെൽനെസ് സെന്ററുകൾ പദ്ധതി.


വനിതാ ശിശുക്ഷേമ വകുപ്പുമായി സഹകരിച്ച് ഹൗസിങ് ബോർഡ് നടപ്പാക്കുന്ന തന്റെ യിടം പദ്ധതി.

### കൊച്ചി മറൈൻ ഡ്രൈവിൽ നടപ്പാക്കുന്ന മറൈൻ ഇക്കോസിറ്റി

കാട്ടാക്കടയിലെ താങ്ങും തണലും സ്വയം പര്യാപ്ത സുസ്ഥിര പാർപ്പിട പദ്ധതി, തിരുവല്ലം വാഴമുട്ടത്തെ നാഷണൽ ഹൗസിങ് പാർക്ക് പദ്ധതി, കെസ്നിക് ബിൽഡിങ് ടെക്നോളജി ഇന്നവേഷൻ ആൻഡ് എക്സിബിഷൻ സെന്റർ, നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള മൊബൈൽ ടെസ്റ്റിങ് ലാബ്, സംസ്ഥാനത്ത് ആദ്യമായി ത്രീഡി പ്രിന്റഡ് ബിൽഡിങ് സാങ്കേതികവിദ്യ ആശ, ഇൻക്യുബേറ്റർ കമ്പനിയായ തസ്ത തദ്ദേശീയമായി രൂപപ്പെടുത്തിയ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം തുടങ്ങിയ നിരവധി പദ്ധതികൾ തുടങ്ങിയവ വകുപ്പ് നടപ്പാക്കി. ■

**റോഷി അഗസ്റ്റിൻ**
ജലവിഭവ വകുപ്പ് മന്ത്രി

വേനലിൽ കുടിവെള്ളത്തിനായി മൈലുകൾ താണ്ടുന്ന ഗ്രാമീണജനത, മഴ പെയ്താൽ ആശങ്കയുടെ കാർമേഘം വന്നു നിറയുന്ന ചെല്ലാനം വാസികൾ, ശബരിമലയിലെത്തുന്ന ഭക്തർ അടക്കമുള്ളവർക്കായി വെള്ളം എത്തിക്കുന്ന കിലോമീറ്ററുകൾ നീളുന്ന കുടിവെള്ള ടാങ്കറുകളുടെ നീണ്ട നിര. മുഖ്യമന്ത്രി പിണറായി വിജയന്റെ ഭരണം പത്തു വർഷത്തിലേക്കെത്തുമ്പോൾ ഈ കാഴ്ചകൾക്ക് തിരശീല വീണിരിക്കുന്നു. രാഷ്ട്രീയത്തിന് അപ്പുറം ജനക്ഷേമം ലക്ഷ്യം വച്ചു മുന്നേറുന്ന സർക്കാരിന്റെ ഇച്ഛാശക്തി പ്രകടമാക്കുന്നതാണ് നടപടികൾ.



ഒന്നായി തുടരാം നവകേരളത്തിലേക്ക്

# കുടിവെള്ളത്തിൽ കുതിച്ചുചാട്ടം കടലേറ്റത്തിന് കടിഞ്ഞാൺ

കേരള ജല അതോറിറ്റി 853 ശുദ്ധജല വിതരണ പദ്ധതികളിലൂടെ 45.73 ലക്ഷം ഗൃഹ കണക്ഷനുകളിലൂടെയും 90,492 പൊതുടാപ്പുകളിലൂടെയും സംസ്ഥാനത്തെ ഏകദേശം 2.58 കോടി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനമായി വളർന്നിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 4,283 ദശലക്ഷം ലിറ്റർ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള ജലശുദ്ധീകരണശാലകൾ പ്രവർത്തിച്ചു വരുന്നു.

ജനങ്ങൾക്ക് വീടുകളിലേക്കുതന്നെ ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചതിന്റെ ഫലമായി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മാത്രം 27 ലക്ഷം പുതിയ കുടിവെള്ള കണക്ഷനുകൾ നൽകാൻ കേരള ജല അതോറിറ്റിക്ക് സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ജലജീവൻ മിഷൻ, അമൃത്, കിഫ്ബി, സംസ്ഥാന പദ്ധതി, ADB, നബാർഡ്, RKI തുടങ്ങിയ വിവിധ പദ്ധതികളിലൂടെ കുടിവെള്ള വിതരണമേഖലയി





ലും മലിനജല നിർമ്മാർജന മേഖലയിലും ഗണ്യമായ മുന്നേറ്റം കൈവരിക്കാൻ കേരള ജല അതോറിറ്റിക്ക് കഴിഞ്ഞു.

### എല്ലാ സേവനങ്ങളും ഡിജിറ്റൽ

ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ജല അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഓൺലൈൻ വഴിയാക്കി മാറ്റി. കുടിവെള്ള ചാർജ് ഓൺലൈൻ ആയി അടയ്ക്കാൻ ക്വിക് പേ സംവിധാനം. ജലഗുണനിലവാര പരിശോധനയ്ക്കും ഓൺലൈൻ വഴി പണമടയ്ക്കാൻ സൗകര്യമേർപ്പെടുത്തി. കുടിവെള്ള - സിവറേജ് കണക്ഷനുകൾക്കുള്ള അപേക്ഷ പൂർണമായും ഇ-ടാപ്പ് എന്ന ഓൺലൈൻ സംവിധാനം വഴിയാക്കി. മീറ്റർ റീഡിങ് ഉപഭോക്താക്കൾക്ക് സ്വയം നിർണയിക്കാൻ സഹായിക്കുന്ന കെ-സെൽഫ് എന്ന സെൽഫ് മീറ്റർ റീഡിങ് ആപ്, മീറ്റർ റീഡർമാർക്ക് മീറ്റർ റീഡേഴ്സ് ആപ് എന്നിവയും നിലവിൽ വന്നു. കൂടുതൽ ഉപഭോക്താക്കളെ എസ് എംഎസ് വഴി മാത്രം നൽകുന്ന ഹരിതബില്ലിലേക്ക് ആകർഷിക്കാനുള്ള ശ്രമങ്ങളും നടത്തുന്നു.

## 38.81 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷൻ

ജലജീവൻ മിഷനും അമൃത് പദ്ധതിയും വഴി സംസ്ഥാനത്തെ ഗ്രാമീണമേഖലയിലും നഗരപ്രദേശങ്ങളിലുമുള്ള എല്ലാ വീടുകളിലേക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സമഗ്രമായ പദ്ധതികൾ നടപ്പാക്കുന്നു. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങി നാലുവർഷം കൊണ്ടു

> **സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങി നാലുവർഷം കൊണ്ടു 21 ലക്ഷത്തിനു മുകളിൽ കണക്ഷനുകൾ നൽകി**

21 ലക്ഷത്തിനു മുകളിൽ കണക്ഷനുകൾ നൽകി. 2025 ഡിസംബറിലെ കണക്കനുസരിച്ച് 38.81 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി. ജലജീവൻ മിഷൻ പദ്ധതിയിലൂടെ പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിലാണ് കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും സംസ്ഥാനത്ത് പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ എന്ന കണക്കിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് പകുതിയിലധികം ഗ്രാമീണവീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായി. 55.59 ശതമാനം കണക്ഷൻ നൽകിക്കഴിഞ്ഞു. 2025 ഡിസംബറിലെ കണക്ക് പ്രകാരം കേരളത്തിലെ 120 പഞ്ചായത്തുകൾ ഇതിനോടകം 100 ശതമാനം കുടിവെള്ളലഭ്യത കൈവരിച്ചു. ഒൻപത് നിയമസഭാ മണ്ഡലങ്ങളും 100 ശതമാനം കുടിവെള്ള ലഭ്യത കൈവരിച്ചു. ഏഴ് ജില്ലകളിൽ 50 ശതമാനത്തിനു മുകളിൽ കണക്ഷൻ നൽകി.

## മീനച്ചിൽ-മലങ്കര പദ്ധതി

കേരള ജല അതോറിറ്റിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയായ, 1243 കോടി രൂപയുടെ മീനച്ചിൽ-മലങ്കര പദ്ധതി നിർമ്മാണത്തിന് തുടക്കം കുറിച്ചു. ജലജീവൻ മിഷനു കീഴിൽ മലങ്കര ഡാം ജലസ്രോതസ്സാക്കി പാലാ, പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിൽപ്പെട്ട 13 പഞ്ചായത്തുകളെ ഉൾപ്പെടുത്തി ജല അതോറിറ്റി നടപ്പാക്കുന്നതാണ് പദ്ധതി.

## മൈക്രോ ഇറിഗേഷൻ

കെ.എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി കേരളത്തിന്റെ വിവിധ ജില്ലകളിലായി 11 ഇടങ്ങളിൽ തുടക്കം കുറിച്ചു. പാലക്കാട് ചിറ്റൂരിൽ വിജയകരമായി നടപ്പാക്കിയ സാമൂഹിക സൂക്ഷ്മ ജലസേചന പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. പാലക്കാട് കരടിപ്പാറ (3.10 കോടി രൂപ), മൂങ്കിൽമട (6.79 കോടി രൂപ), വലിയേരി (3.88 കോടി രൂപ), നാ



## തീരസംരക്ഷണം ചെല്ലാനം മാതൃക

ചെല്ലാനത്ത് 344 കോടി രൂപ മുടക്കി ടെട്രാപോഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചു നടത്തിയ കടൽത്തീര സംരക്ഷണം ഇന്ന് കേരളത്തിനാകെ മാതൃകയാണ്. പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയായി. ആറു കിലോമീറ്റർ നീളുന്ന രണ്ടാം ഘട്ടത്തിന് 4046 കോടി രൂപയുടെ ഭരണാനുമതിയുമായി. തീരദേശവാസികൾക്ക് കടലേറ്റം എന്ന ഭീതി എന്നന്നേക്കുമായി ഒഴിയുകയാണ്. തീരസംരക്ഷണത്തിന് പുറമേ ടൂറിസം രംഗത്തും വലിയൊരു കുതിച്ചുചാട്ടത്തിന് ഇതു സഹായിച്ചു. ഒൻപത് ജില്ലകളിലായി 560 കിലോമീറ്റർ ദൈർഘ്യം വരുന്ന കടൽത്തീരത്തെ 10 ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. തീരപ്രദേശങ്ങളിൽ ടെട്രാപോഡുകൾ, ജിയോട്യൂബുകൾ എന്നിവ ഉപയോഗിച്ച് പ്രതിരോധം തീർത്ത് ആഘാതം കുറയ്ക്കാനും സർക്കാർ നടപടികൾ സഹായിച്ചു.

ആലപ്പുഴ ജില്ലയിലെ പുലിമുട്ടുകളുടെ നിർമ്മാണം: കാട്ടൂർ മുതൽ ഓമനപ്പുഴ വരെയും അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാക്കാഴം മുതൽ പുന്നപ്ര വരെയും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ (184 കോടി). നിർദിഷ്ട പദ്ധതിയുടെ 78% പൂർത്തിയായി.

വിതൻകുളം (3.00 കോടി രൂപ), കുന്നം കാട്ടുപതി (5.21 കോടി രൂപ), വയനാട് അത്തിച്ചാൽ - മുണ്ടൻകൊല്ലി (2.65 കോടി രൂപ) എന്നിവിടങ്ങളിൽ സാമൂഹിക സൂക്ഷ്മ ജലസേചന പദ്ധതികൾ കെ.ഐ.ഐ.ഡി.സി. പൂർത്തിയാക്കിയിട്ടുണ്ട്.

തൃശൂർ പഴയന്നൂർ (2 കോടി), എറണാകുളം തിരുമാറാടി (5.27 കോടി), പത്തനംതിട്ട സീതത്തോട് (2.85 കോടി), ഇടുക്കി വണ്ടന്മേട് (3.10 കോടി), കാമാക്ഷി (3.23 കോടി), കാമാക്ഷി- 2 (2 കോടി), കാൽവരിമൗണ്ട് (9.91 കോടി), കോഴിക്കോട് കാഞ്ഞിരമുഴി (5.08 കോടി) എന്നിവിടങ്ങളിൽ മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

### ശബരിമലയിലേക്ക് പൈപ്പിലൂടെ കുടിവെള്ളം

നിലയ്ക്കൽ-സീതത്തോട് കുടിവെള്ളപദ്ധതിവഴി ശബരിമല തീർഥാടകർക്ക് പൈപ്പ് ലൈനിലൂടെ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയുടെ മറ്റൊരു ഉദാഹരണമാണ്. പദ്ധതി പ്രവർത്തനം തുടങ്ങിയതിനു ശേഷം നടന്ന ആദ്യ ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടന കാലത്ത് ടാങ്കർ ലോറി വഴി വിതരണം ചെയ്യേണ്ടിവന്നത് 1890 കിലോലിറ്റർ വെള്ളം മാത്രം. കഴിഞ്ഞ മണ്ഡലകാലത്ത് 1.02 ലക്ഷം കിലോലിറ്റർ വെള്ളം ടാങ്കർ ലോറി വഴി വിതരണം ചെയ്തിരുന്ന സ്ഥാനത്താണ് ഇത്തവണ ഈ നിലയിലേക്ക് ചുരുക്കാൻ കഴിഞ്ഞത്. ഈ തീർഥാടന കാലത്ത് നിലയ്ക്കൽ-സീതത്തോട് കുടിവെള്ള പദ്ധതിയിലൂടെ 1.17 ലക്ഷം കി.ലി വെള്ളം വിതരണലൈൻ വഴി നിലയ്ക്കലിലെത്തി. ടാങ്കർ വഴി കുടിവെള്ളം എത്തിക്കേണ്ട സ്ഥിതി ഒഴിവായതോടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 3.54 കോടി രൂപയാണ് ഈ തീർഥാടനകാലത്ത് ലാഭിക്കാനായത്. ഈ തീർഥാടന കാലത്ത് പമ്പയിലും നീലിമലയിലുമായി 4.69 ലക്ഷം കി.ലി പൈപ്പ് ലൈൻ വഴിയെത്തിച്ചിരുന്നു. നിലയ്ക്കലിലെ 1.17 ലക്ഷം കി.ലി വെള്ളം കൂടി ചേർത്ത് ആകെ 5.87 ലക്ഷം കി.ലി കുടിവെള്ളമാണ് ഈ തീർഥാടന കാലത്ത് ശബരിമലയിൽ വിതരണലൈൻ വഴിയെത്തിച്ചത്.

### ജലഗുണനിലവാര ലാബുകൾ

ജലഗുണനിലവാര പരിശോധനാ മേഖലയിൽ 86 ജലപരിശോധനാലാബുകൾക്ക് ദേശീയ ഏജൻസിയായ എൻഎബിഎൽ -ന്റെ അംഗീകാരം നേടി. നിലവിൽ നൂറിലധികം ലാബുകൾ കേരളത്തിലുടനീളം മിതമായ നിരക്കിൽ സജ്ജമാക്കിയിട്ടുണ്ട്.

### ഹില്ലി അക്വ 15 രൂപയ്ക്ക് കുപ്പിവെള്ളം

രാജ്യാന്തരനിലവാരത്തിലുള്ള ശുദ്ധീകരണസംവിധാനത്തോടെ കുറഞ്ഞ വിലയിൽ

## കേരളത്തിലെ കുടിവെള്ള വിതരണം

- 853 ശുദ്ധജല വിതരണ പദ്ധതികൾ • 45.73 ലക്ഷം ഗൃഹകണക്ഷനുകൾ
- 90,492 പൊതുടാപ്പുകൾ • 2.58 കോടി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നു
- കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മാത്രം 27 ലക്ഷം പുതിയ കുടിവെള്ള കണക്ഷനുകൾ
- വിവിധ പദ്ധതികളിലായി 745 പ്രധാന പ്രവൃത്തികൾ ആരംഭിച്ചു. ഇതിൽ 264 പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചു. ഏകദേശം 50 ലക്ഷം പേർക്ക് കുടിവെള്ള മേഖലയിൽ നേരിട്ടുള്ള പ്രയോജനം ലഭിച്ചിട്ടുണ്ട്.
- ബാക്കി വരുന്ന 481 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ഏകദേശം രണ്ട് കോടി ജനങ്ങൾക്ക് കൂടി മതിയായ അളവിൽ കുടിവെള്ളം ലഭ്യമാകും
- മുൻവർഷങ്ങളിൽ വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിക്കാതെ നിലനിന്നിരുന്ന 44 പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു.
- ഏകദേശം 20 ലക്ഷം പേർക്ക് ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.
- ആകെ കുടിവെള്ള കണക്ഷൻ നൽകേണ്ട ഗ്രാമീണ വീടുകൾ 69.82 ലക്ഷം. ഇതിൽ 38.81 ലക്ഷം വീടുകളിൽ (2025 ഡിസംബർ വരെ) കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കികഴിഞ്ഞു.

ഹില്ലി അക്വ വിപണിയിൽ സുലഭമായി ലഭ്യമാക്കി. സ്വകാര്യകമ്പനികൾ 20 രൂപയ്ക്ക് വിൽക്കുന്ന കുപ്പിവെള്ളം 15 രൂപയ്ക്കാണ് പൊതുവിപണിയിൽ ഹില്ലി അക്വ വിൽക്കുന്നത്. നിലവിൽ തൊടുപുഴയിലും തിരുവനന്തപുരത്തുമാണ് ഹില്ലി അക്വയുടെ പ്ലാന്റുകൾ ഉള്ളത്. കോഴിക്കോട് പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

### മലിനജല സംസ്കരണം

അമൃത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ മലിനജല നിർമ്മാർജനത്തിനായി സീവറേജ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതികളും വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളജിലും കൊച്ചി ഇളംകുളത്തും 5 എംഎൽഡി വീതമുള്ള രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അമൃത് പദ്ധതിക്ക് കീഴിൽ നിർമിച്ച് പ്രവർത്തനസജ്ജമാക്കി. ഗുരുവായൂരും വർഷങ്ങളായി പൂർത്തിയാകാതെ കിടന്ന സ്വിവറേജ് പദ്ധതി പ്രവർത്തനക്ഷമമാക്കി. സ്വിവറേജ് സംവിധാനം പരിപാലിക്കുന്ന അപകടകരവും പ്രാകൃതവുമായ ജോലിയിൽ നിന്ന് മനുഷ്യരെ ഒഴിവാക്കി റോബോട്ടുകളെ നിയോഗിച്ചുള്ള പദ്ധതിക്കും ഇന്ത്യയിൽതന്നെ ആദ്യമായി തുടക്കം കുറിച്ചു.



### വിസിബി കം റെഗുലേറ്ററുകൾ

കർഷകരുടെ ആവശ്യം മുൻനിർത്തി ഈ സർക്കാരിന്റെ കാലത്ത് നാല് റെഗുലേറ്ററുകൾ ഉദ്ഘാടനം ചെയ്തു. ഒൻപത് എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

### നിർമ്മാണം പൂർത്തിയാക്കിയവ

- കണ്ണൂർ പിണറായി പാറപ്രം ലോക്കോട് കൂടിയുള്ള റെഗുലേറ്റർ (55.82 കോടി രൂപ)
- കണ്ണൂർ ചെക്കുപാലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് (43.39 കോടി രൂപ)
- മലപ്പുറം പുഴങ്കാവിൽ റെഗുലേറ്റർ (9.14 കോടി രൂപ)
- പാലക്കാട് വടകരപ്പള്ളി റെഗുലേറ്റർ (20.89 കോടി രൂപ)

### നിർമ്മാണം പുരോഗമിക്കുന്നവ റെഗുലേറ്റർ കം ബ്രിഡ്ജുകൾ

മലപ്പുറം മോതിക്കയം (59.75 കോടി) മലപ്പുറം കാങ്കക്കടവ് (107.03 കോടി രൂപ), കോഴിക്കോട് പെരിഞ്ചേരിക്കടവ് (57.03 കോടി രൂപ), കോഴിക്കോട് കുരുവാട്ടൂർ (24.5 കോടി രൂപ), തൃശ്ശൂർ പുതുക്കാട് കാനാത്തോട് (23.85 കോടി രൂപ), കണ്ണൂർ ചപ്പാരപ്പടവ് (25.99 കോടി രൂപ), പാലക്കാട് കാലടിക്കുന്ന് (29.18 കോടി രൂപ), തിരുവനന്തപുരം കൊല്ലംപുഴ റെഗുലേറ്റർ (50.2 കോടി രൂപ), എറണാകുളം ഉദയംപേരൂർ ലോക്കോട് കൂടിയ റെഗുലേറ്റർ (22.99 കോടി രൂപ) ■

കെ.കൃഷ്ണൻകുട്ടി
വൈദ്യുതി വകുപ്പ് മന്ത്രി

**പവർകട്ടും ലോഡ്ഷെഡിങ്ങുമില്ലാത്ത, ഊർജ്ജസ്വയംപര്യാപ്തതയിലേയ്ക്കുള്ള യാത്രയുടെ ഒരു ദശകമാണ് കടന്നുപോയത്. ജലവൈദ്യുതപദ്ധതികളെ പുനരുജ്ജീവിപ്പിച്ചും പുതിയ പദ്ധതികൾ നടപ്പാക്കിയും അധികവൈദ്യുതി ഉൽപാദനമെന്ന നേട്ടം കരസ്ഥമാക്കി. സോളാർ വൈദ്യുതിയുടെ കാര്യത്തിലാവട്ടെ രാജ്യത്തുതന്നെ മുൻപന്തിയിലാണ് ഇന്ന് കേരളം**



# ഇരുളകറ്റിയ സുവർണ്ണ ദശകം



കേരളത്തിന്റെ വികസനചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു പരിവർത്തനത്തിനാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഊർജമേഖല സാക്ഷ്യം വഹിക്കുന്നത്. 2016 മുതലിങ്ങോട്ട്, പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റിക്കൊണ്ട് കേരളത്തെ ഊർജ്ജ സ്വയംപര്യാപ്തതയുടെ പുതിയ തീരങ്ങളിലേക്ക് എത്തിക്കാൻ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലുകൾക്ക് സാധിച്ചു. വെളിച്ചംവരാത്ത വീടുകളില്ലാത്ത, ലോഡ് ഷെഡ്ഡിങ്ങും പവർകട്ടും ഇല്ലാത്ത ഒരു നവകേരളം യാഥാർഥ്യമായത് കേവലം വാഗ്ദാനങ്ങൾ കൊണ്ടല്ല, മറിച്ച് കൃത്യമായ ആസൂത്രണവും കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളും കൊണ്ടാണ്. 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി. എൽ മാത്രം ഊർജവികസനത്തിനായി 25,102.5 കോടി രൂപയുടെ ബൃഹത്തായ നിക്ഷേപമാണ് നടത്തിയത്. ഇതോടൊപ്പം എനർജി മാനേജ്മെന്റ് സെന്റർ, അനർട്ട് തുടങ്ങിയ സ്ഥാപനങ്ങളും കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയതോടെ കേരളത്തിന്റെ ഊർജഭൂപടം ലോകത്തിനുതന്നെ മാതൃകയായി മാറി.

## ജലവൈദ്യുതപദ്ധതികൾ

സംസ്ഥാനത്തിന്റെ തനത് ഊർജസ്രോതസ്സായ ജലവൈദ്യുതപദ്ധതികളെ പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു ഈ സർക്കാരിന്റെ പ്രഥമ പരിഗണനകളിൽ ഒന്ന്. ദശകങ്ങളായി നിയമക്കുരുക്കിലും സാങ്കേതിക പ്രശ്നങ്ങളിലുംപെട്ട് മുടങ്ങിക്കിടന്നിരുന്ന തോട്ടിയാർ, പള്ളിവാസൽ വി





പുലീകരണ പദ്ധതികൾ പോലെയുള്ള വൻ കിടസംരംഭങ്ങൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കാൻ സാധിച്ചു എന്നത് സർക്കാരിന്റെ ഇച്ഛാശക്തിയുടെ തെളിവാണ്. 179.65 മെഗാവാട്ട് അധിക വൈദ്യുതിയാണ് ജലവൈദ്യുത പദ്ധതികളിലൂടെ മാത്രം ഗ്രിഡിലെത്തിയത്. വെള്ളത്തൂവൽ, പെരുന്തേനരുവി, കക്കയം, ചാത്തൻകോട്ടുനട തുടങ്ങിയവയ്ക്കൊപ്പം മാങ്കുളം, ചിന്നാർ എന്നിങ്ങനെ വരാനിരിക്കുന്ന പദ്ധതികൾ കൂടി പൂർത്തിയാകുന്നതോടെ ജലവൈദ്യുത മേഖലയിൽ കേരളം പുതിയ നാഴികക്കല്ലുകൾ പിന്നിടും. വരുംവർഷങ്ങളിൽ ലക്ഷ്മി പദ്ധതിയും ശബരിഗിരി വിപുലീകരണവും വഴി 690 മെഗാവാട്ട് കൂടി ഉൽപ്പാദിപ്പിക്കാനുള്ള ലക്ഷ്യത്തിലേക്ക് നാം അതിവേഗം നടന്നടുക്കുകയാണ്.

## പുനരുപയോഗ ഊർജോപഭോഗം രാജ്യത്തിന് മാതൃക

പുനരുപയോഗ ഊർജത്തിന്റെ കാര്യത്തിൽ കേരളം ഇന്ന് ഇന്ത്യയിൽ മുൻപന്തിയിലാണ് നിൽക്കുന്നത്. 2016-ൽ വെറും 16.49 മെഗാവാട്ട് മാത്രമായിരുന്ന സൗരോർജശേഷി ഇന്ന് 2103.07 മെഗാവാട്ടിലേക്ക് ഉയർന്നു എന്നത് അത്ഭുതകരമായ കുതിച്ചുചാട്ടമാണ്. സർക്കാരിന്റെ 'സൗര' പുരപ്പുറ സോളാർ പദ്ധതിയിലൂടെ സാധാരണക്കാരുടെ വീട്ടുകൾപോലും ഇന്ന് വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളായി മാറി. പി.എം. സൂര്യഘർ പദ്ധതി വഴി ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് 1288 കോടി രൂപയുടെ കേന്ദ്ര സബ്സിഡി നേരിട്ട് ലഭ്യമാക്കാൻ സർക്കാരിന്റെ കൃത്യമായ ഏകോപനത്തിലൂടെ സാധിച്ചു. 3.3 ലക്ഷത്തിലധികം പുരപ്പുറങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ചതിലൂടെ ഓരോ മലയാളിയും നവകേരള നിർമ്മാണത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ഇതിനുപുറമെ കാസർഗോഡ് സോളാർ പാർക്കും



40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാർ ജലവൈദ്യുതി നിലയം മുഖ്യമന്ത്രി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

ഫ്ളോട്ടിങ് സോളാർ പ്ലാന്റുകളും പരിസ്ഥിതി സൗഹൃദ ഊർജത്തിലേക്കുള്ള നമ്മുടെ ഉറച്ച ചുവടുവെപ്പുകളാണ്.

## ഭാവിയിലെ ഊർജസുരക്ഷ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

ഭാവിയിലെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനായി ഇന്ത്യയിലെതന്നെ ആദ്യത്തെ അത്യാധുനിക ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നതിൽ കേരളം രാജ്യത്തിന് മുന്നേ നടക്കുകയാണ്. പകൽ സമയത്ത് സോളാറിലൂടെ ലഭിക്കുന്ന അധിക വൈദ്യുതി സംഭരിച്ചുവെച്ച്, ഉപഭോഗം കൂടുന്ന രാത്രികാല പീക്ക് സമയങ്ങളിൽ അത് വിതരണം ചെയ്യുക എന്ന വിപ്ലവകരമായ ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ യാഥാർഥ്യമാകുന്നത്. കാസർകോട് മൈലാട്ടിയിൽ ഉയരുന്ന 4 മണിക്കൂർ തുടർച്ചയായോ അല്ലാതെയോ വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്ന രാജ്യത്തെ ആദ്യപദ്ധതിക്ക് പുറമെ കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടി 500 മെഗാവാട്ട് സംഭരണ ശേഷിയുള്ള പദ്ധതികൾ 2026-ഓടെ കമ്മിഷൻ ചെയ്യപ്പെടും. പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ടിന്റെ സഹായത്തോടെ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന 250 മെഗാവാട്ട് സ്റ്റോറേജ് സിസ്റ്റം നമ്മുടെ ഗ്രിഡ് സുരക്ഷയെ ലോകനിലവാരത്തിലേക്ക് ഉയർത്തും.

> ഭാവിയിലെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനായി ഇന്ത്യയിലെതന്നെ ആദ്യത്തെ അത്യാധുനിക ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നതിൽ കേരളം രാജ്യത്തിന് മുന്നേ നടക്കുകയാണ്. പകൽ സമയത്ത് സോളാറിലൂടെ ലഭിക്കുന്ന അധിക വൈദ്യുതി സംഭരിച്ചുവെച്ച്, ഉപഭോഗം കൂടുന്ന രാത്രികാല പീക്ക് സമയങ്ങളിൽ അത് വിതരണം ചെയ്യുക എന്ന വിപ്ലവകരമായ ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ യാഥാർഥ്യമാകുന്നത്

ഭാവിയിലെ ഊർജ ആവശ്യങ്ങൾ മുന്നിൽ കണ്ട് 6580 മെഗാവാട്ട് ശേഷിയുള്ള 14 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനങ്ങളും ഇലവീഴാപൂഞ്ചിറ പോലെയുള്ള പുതിയ സ്രോതസ്സുകളുടെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടുകളും തയ്യാറായതോടെ വരുംതലമുറയ്ക്കുള്ള സുരക്ഷിത ആവാസകേന്ദ്രമായി കേരളം മാറുകയാണ്. സർക്കാരിന്റെ ഈ വികസനക്കുതിപ്പ് തുടരേണ്ടത് നവകേരളത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്.

## പൂർത്തീകരണത്തിലേക്ക്

പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട് വാർഷിക ഉൽപാദനം 153.9 KV)





## വിതരണശൃംഖല പരിഷ്കരിച്ചു 34 ലക്ഷം പുതിയ കണക്ഷനുകൾ

**ഊർജ ഉൽപ്പാദനത്തിൽ മാത്രമല്ല, വിതരണശൃംഖലയെ അടിമുടി പരിഷ്കരിക്കുന്നതിലും ഗണ്യമായ പുരോഗതിയാണ് നാം കൈവരിച്ചത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 101 പുതിയ സബ്സ്റ്റേഷനുകളും 3218 കിലോമീറ്റർ നീളമുള്ള പ്രസരണ ലൈനുകളും സ്ഥാപിച്ചു. ഇതോടൊപ്പം 34 ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകിക്കൊണ്ട് വികസനത്തിന്റെ വെളിച്ചം ഓരോ സാധാരണക്കാരന്റെയും വീട്ടുപടിക്കൽ എത്തിക്കാൻ സർക്കാരിന് കഴിഞ്ഞു.**

**കുറ്റ്യാടി നവീകരണ പദ്ധതി (3 × 25 MW to 3 x 27.5 MW):** ഇതിൽ ഒരു യൂണിറ്റ് പ്രവർത്തനക്ഷമം ആക്കുവാൻ നടപടികൾ പുരോഗമിക്കുന്നു.

മുരിക്കാശ്ശേരി 110 KV സബ്സ്റ്റേഷനും അനുബന്ധലൈനും

കാടാമ്പുഴ 110 KV സബ്സ്റ്റേഷനും അനുബന്ധലൈനും

### തിരുവാലി 110 KV സബ്സ്റ്റേഷൻ

.5 MWന്റെ PMKUSUM പദ്ധതി (അഗ്രികൾച്ചർ ഫീഡറുകളുടെ സൗരോർജവൽക്കരണം)

വയനാട് ജില്ലയിൽ 120 SC(ബി.പി.എൽ.) / ST(ബി.പി.എൽ.) വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ വീടുകളിൽ റീ-വയറിങ് (ആർ.സി.സി.ബി.)/ഇ.എൽ.സി.ബി. സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനുള്ള പദ്ധതി

തിരുവനന്തപുരം മീറ്റർ ടെസ്റ്റിങ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ടെയിനിങ് സെന്റർ ഫെബ്രുവരി അവസാനത്തോടെ ആരംഭിക്കും.

**എനർജി മാനേജ്മെന്റ് സെന്റർ:** പുതുക്കിയ ഊർജനയങ്ങൾ:- സംസ്ഥാനത്തിന്റെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനായി തയ്യാറാക്കിയ 'ചെറുകിട ജലവൈദ്യുതി നയം-2025-ന്റെ കരടും പീക്ക് സമയത്തെ വൈദ്യുതി ആവശ്യങ്ങൾക്കായി വെള്ളം പമ്പ് ചെയ്ത് സംഭരിക്കുന്ന 'സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് (PSP) നയവും' നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഉടൻ പ്രഖ്യാപിക്കും.

**മറയൂർ മൈക്രോഗ്രിഡ് പദ്ധതി:** ഇടുക്കി ജില്ലയിലെ മറയൂരിലുള്ള ഗോത്രവർഗമേഖലകളിൽ 143 വീടുകളിലും ഒരു സ്കൂളിലും സൗരോർജവും മിനി ജലവൈദ്യുതപദ്ധതികളും ഉപയോഗിച്ച് തടസ്സമില്ലാത്ത വൈദ്യുതി ഉറപ്പാക്കുന്ന 'ഇന്റർകണക്റ്റഡ് മൈക്രോഗ്രിഡ്' പദ്ധതിയുടെ ഒന്നാം ഘട്ടം 2026 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യും.

**അനർട്ട്:** PMKUSUM പദ്ധതി പ്രകാരം കൃഷി ആവശ്യത്തിനുള്ള 3000 എണ്ണം ജലപമ്പുകൾ സൗര വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ ഫെബ്രുവരി അവസാനത്തോടെ പൂർത്തിയാക്കും.

കേരള ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതിയുടെ ഭാഗമായി ഹൈഡ്രജൻ ബസ്സുകൾ ഫീഡർ സർവീസായി നടത്തുന്നതിന് CIAL മായി (കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) MoU ഒപ്പിടും.

ഹൈഡ്രജൻ വാലി പദ്ധതിയുടെ ഭാഗമായി ഹൈഡ്രജനിൽ പ്രവർത്തിക്കുന്ന ബോട്ട് സർവീസ് നടപ്പിലാക്കുന്നതിന് കൊച്ചി മെട്രോയുമായി MoU ഒപ്പിടും.

വൈദ്യുതി എത്താത്ത 19 ആദിവാസി നഗറുകളിൽ സൗരോർജവൈദ്യുതി എത്തിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കും.■

എ. കെ. ശശീന്ദ്രൻ
വനം-വന്യജീവി വകുപ്പ് മന്ത്രി



മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും ജനവാസമേഖലകളിൽ ആശങ്കയകറ്റുന്നതിനും പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാർ നടപ്പാക്കുന്നത്.

# ആശങ്കയകറ്റി ജനങ്ങളോടൊപ്പം



ജനവാസമേഖലകളിൽ ഇനി വന്യജീവി സങ്കേത ബഫർസോണില്ല, സർക്കാർ ജനങ്ങളോടൊപ്പം. ഇരുപത് വർഷത്തിലധികമായി സംസ്ഥാനത്തെ വനാതിർത്തികളിൽ നിലനിന്നിരുന്ന പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) എന്ന ഭീഷണി ഒഴിവാക്കി. ഇതുസംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനായി വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിശ്ചയിക്കുമ്പോൾ ജനവാസമേഖലകളും സർക്കാർ, അർധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങളും ഒഴിവാക്കാൻ ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിച്ചു. സുപ്രീംകോടതിയിൽനിന്നും അനുകൂല വിധി സമ്പാദിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും ജനവാസമേഖലകളിൽ ആശങ്കയകറ്റുന്നതിനും പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാർ നടപ്പാക്കുന്നത്. "2024 മാർച്ചിൽ സംസ്ഥാനസർക്കാർ മനുഷ്യ-വന്യജീവി സംഘർഷത്തെ സംസ്ഥാന സവിശേഷദുരന്തം ആയി പ്രഖ്യാപിച്ചു. വന്യജീവി ആക്രമണം തടയുന്നതിന് തടസ്സമാകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ 1972ലെ കേന്ദ്രവന്യജീവി സംരക്ഷണനിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബില്ലും സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് മുഖേന വിൽപന നടത്താൻ അനുവദിക്കുന്ന ബില്ലും പാസ്സാക്കി".

ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു. ഇതേവരെ

## മനുഷ്യ-വന്യജീവി സംഘർഷം ആധുനികസംവിധാനങ്ങൾ

**എം.സ്ട്രൈപ്സ്:** മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായുള്ള ജീവനക്കാരുടെ പട്രോളിങ്, ഫീൽഡ് പരിശോധന, വന്യജീവികളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട സഞ്ചാരങ്ങൾ തുടങ്ങിയവ എം.സ്ട്രൈപ്സ് എന്ന മൊബൈൽ ആപ് മുഖേന തത്സമയം രേഖപ്പെടുത്തുന്നതിന് നടപടി.

**ഹാക്ക്:** വനത്തിനകത്തും പുറത്തും വന്യമൃഗങ്ങൾ മരണപ്പെടുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത്, അത് മനുഷ്യ വന്യജീവി സംഘർഷത്തിനെ സ്വാധീനിക്കുന്നുണ്ടോ എന്ന പഠനത്തിനും വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുമായി HAWK എന്ന കേന്ദ്രീകൃത സംവിധാനം.

**സ്മാർട്ട് എലിഫന്റ് ഫെൻസിങ് & അനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആൻഡ് റിപ്പലന്റ് സിസ്റ്റം:** സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിലെ ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 70 മീറ്റർ സ്മാർട്ട് ഫെൻസിങ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് അനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആൻഡ് റിപ്പലന്റ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. 267 AI മുന്നറിയിപ്പ് സംവിധാനങ്ങൾ, 10 തെർമ്മൽ ഡ്രോണുകൾ, 1000 ക്യാമറ ട്രാപ്പുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സജ്ജമാക്കി.




അയ്യായിരത്തോളം കാട്ടുപന്നികളെ കൊല്ലാനായി. 2024-25ൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. 2025 ജൂലൈ വരെ 68.69 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു. കുടിശ്ശിക 95 ശതമാനം കൊടുത്തുതീർത്തു.

പാമ്പുകടിയേറ്റും കടന്നൽ/തേനീച്ച കുത്തേറ്റും മരണം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം രണ്ടിൽനിന്ന് നാല് ലക്ഷം രൂപയായി വർധിപ്പിച്ചു. അംഗവൈകല്യം, പരിക്ക് എന്നിവയ്ക്ക് സ്ലാബ് തിരിച്ച് നഷ്ടപരിഹാരം വർധിപ്പിച്ചു. ആശുപത്രിവാസത്തിനും നഷ്ടപരിഹാരം, വന്യജീവി ആക്രമണത്തിൽ തകർന്ന വീടുകൾക്കും, നാശനഷ്ടം വന്ന വസ്തുങ്ങൾക്കും വീട്ടുപകരണങ്ങൾക്കും നഷ്ടപരിഹാരം, ഉപജീവനമാർഗം നഷ്ടപ്പെട്ടാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രതിദിന വേതനനിരക്ക്, ദുരന്തം / രക്ഷാപ്രവർത്തനത്തിൽ ഒഴിപ്പിക്കലിന് യഥാർഥത്തിൽ ചെലവായ തുക, മരണപ്പെട്ടവരുടെ അന്ത്യകർമ്മത്തിന് പ്രത്യേക ധനസഹായം തുടങ്ങിയവയും നൽകിവരുന്നു. കാട്ടുപന്നികളെ കൊല്ലുന്നതിന് 1500 രൂപ വീതവും ജഡം സംസ്കരിക്കുന്നതിന് 2000 രൂപ വീതവും നൽകുന്നു.

### സൗരവേലികൾ

കേരളത്തിലെ വനാതിർത്തികളിലുള്ള സോളാർ വേലികൾ സമ്പൂർണമായി സ്മാർട്ട് ഫെൻസുകളാക്കും. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 2130.89 കി.മീ സൗരോർജ വേലി, 10 കി.മീ റെയിൽ ഫെൻസ്, 261.64 കി.മീ ആനപ്രതിരോധമതിൽ, 301.21 കി.മീ ആനക്കിടങ്ങ്, 1.20 കി.മീ ക്രാഷ്ഗാർഡ്



വേലി, 464.42കി.മീ സൗരോർജ തൂക്ക് വേലി, 181.42 കി.മീ കൽമതിൽ, 302.26 കി.മീ ചുറ്റുമതിൽ, 2 കി.മീ ഉരുക്ക് വേലി, 46 ചെക്ക് ഡാമുകളും നിർമ്മിച്ചു. വന്യജീവി സംഘർഷ നിവാരണത്തിനായി 28 RRT കൾ. കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRTകളും. ആധുനിക ആയുധങ്ങൾ വാങ്ങുന്നതിനും മികച്ച പരിശീലനങ്ങൾക്കുമായി മൂന്ന് കോടി. 26 വാഹനങ്ങൾ, 12 ബോർ പമ്പ് ആക്ഷൻ തോക്കുകൾ (73 എണ്ണം), 1000 ക്യാമറ ട്രാപ്പുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സജ്ജമാക്കി.

സർപ്പ പദ്ധതിയിലൂടെ 2024ൽ പാമ്പുകടിയേറ്റുള്ള മരണങ്ങൾ 30 ആയി കുറഞ്ഞു.

## തീവ്രയജ്ഞ മിഷനുകൾ

വന്യജീവി ആക്രമണ പ്രതിരോധത്തിനായി 10 മിഷനുകൾക്ക് രൂപംനൽകി. വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയുന്നതിനായി മിഷൻ റിയൽ ടൈം മോണിറ്ററിങ്, വന്യജീവി ആക്രമണ പ്രദേശത്ത് സമയബന്ധിത ഇടപെടൽ ഉറപ്പ് വരുത്തുന്നതിനായി മിഷൻ പ്രൈമറി റെസ്പോൺസ് ടീം, ഗോത്ര സമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചുപോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് മിഷൻ ട്രൈബൽ നോളജ്, വന്യജീവികൾക്ക് വനത്തിനുള്ളിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് 'മിഷൻ ഫുഡ് -ഫോഡർ- വാട്ടർ' എന്നിങ്ങനെ മിഷനുകൾ. നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് പദ്ധതി (Mission Bonnet Macaque), കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിനും പഞ്ചായത്തുകൾക്ക് സഹായവും നൽകുന്നതിന് മിഷൻ വൈൽഡ് പിഗ്, പാമ്പ് കടിയേറ്റുള്ള മരണ നിരക്ക് പൂർണ്ണമായി ഇല്ലാതാക്കാൻ 'മിഷൻ സർപ്പ', വന്യജീവി സംഘർഷത്തിന്റെ കാരണം സംബന്ധിച്ച പഠന-ഗവേഷണങ്ങൾക്കായി മിഷൻ നോളജ്, സൗരോർജ വേലികൾ പരമാവധി പ്രവർത്തനസജ്ജമാക്കാൻ മിഷൻ സോളാർ ഫെൻസിങ്. വന്യജീവി സംഘർഷം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വരുത്തുന്നതിനായി കാമ്പയിനുകൾ സംഘടിപ്പിക്കുന്ന മിഷൻ സെൻസിറ്റൈസേഷൻ റ്റു പബ്ളിക് എന്നിങ്ങനെയാണ് മിഷനുകൾ.

വനമേഖലകളിൽ പടർന്നുപിടിച്ചിട്ടുള്ള അധിനിവേശ കളസസ്യങ്ങളെ, പ്രത്യേകിച്ച് മഞ്ഞക്കൊന്നയെ, ഉന്മൂലനംചെയ്യുന്നതിനായി മിഷൻ മഞ്ഞക്കൊന്ന.

വനാതിർത്തികളിലും വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും കൃഷിയും മൂല്യവർധിത ഉൽപ്പന്ന നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനുമായി മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ -വന്യജീവി സംഘർഷ ലഘൂകരണവും.

എട്ട് സർക്കിൾതല ഫയർ കൺട്രോൾ റൂമുകളും 36 ഡിവിഷൻ തല ഫയർ കൺട്രോൾ റൂമുകളും ഇവയുടെ കീഴിലായി റെയിഞ്ച്, സ്റ്റേഷൻ തലത്തിൽ ഫയർ കൺട്രോൾ റൂമുകളും സജ്ജമാക്കി. വനം വകുപ്പ് ആസ്ഥാനത്ത് മുഴുവൻ സമയ കൺട്രോൾ റൂം.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല എമർജൻസി ഓപ്പറേഷൻ സെന്ററും ഡിവിഷൻ തലത്തിൽ 36 ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും.

വിത്തൂട്ട് - വന്യജീവികൾക്ക് ഭക്ഷണം വർധിപ്പിക്കുക, പ്രകൃതിദത്ത ഫലവൃക്ഷങ്ങൾ വളർത്തുക എന്നീ ലക്ഷ്യത്തോടെ 'വിത്തൂട്ട്' പദ്ധതി.

## വനാശ്രിത ഗോത്രവർഗങ്ങൾക്കായി ആശ്വാസ നടപടികൾ

- തൊഴിൽ നിയമനം: വനാശ്രിത ഗോത്ര വിഭാഗത്തിൽപ്പെട്ട 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചു.
- സൃഷ്ടി സ്കോളർഷിപ്പ്: പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ആദിവാസി പെൺകുട്ടികൾക്ക് വർഷം 15,000 രൂപ സ്കോളർഷിപ്പ്.
- വനാവകാശ നിയമം: കഴിഞ്ഞ 10 വർഷത്തിനിടെ 4,477 ടൈറ്റിലുകളിലായി 2315.247 ഹെക്ടർ സ്ഥലത്തിന്മേൽ വ്യക്തിഗത കൈവശാവകാശ രേഖകൾ നൽകി.
- വനശ്രീ: മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ വനവിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും സംസ്കരിച്ച് മൂല്യവർധനവ് നടത്തുന്നതിനും 'വനശ്രീ' വഴി വിപണനം.
- ഗോത്രഭേരി: ഗോത്രസമൂഹത്തിന്റെ പരമ്പരാഗത അറിവുകളും വിജ്ഞാനവും കൈമുതലാക്കി മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ സമവായം കണ്ടെത്തുന്നതിന് കേരള വനഗവേ



## പുതിയ മ്യൂസിയങ്ങൾ

തിരുവനന്തപുരം കോട്ടൂരിൽ ലോകത്തിലെ ആദ്യത്തെ ആന നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

336 ഏക്കർ വനഭൂമിയിൽ വ്യാപിച്ച് കിടക്കുന്ന തൃശ്ശൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം ചെയ്തു.

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ നാച്വറൽ ഹിസ്റ്ററി ഫോറസ്റ്റ് മ്യൂസിയം നാടിന് സമർപ്പിച്ചു.

120 ഹെക്ടർ സ്ഥലത്ത് കോഴിക്കോട് പെരുവണ്ണാമൂഴിയിൽ ബയോളജിക്കൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

കോഴിക്കോട് പേരാമ്പ്രയിൽ അനിമൽ ഹോസ്പൈസ് സെന്റർ ഒരു കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്നു.

327 ഇനം ചിത്രശലഭങ്ങളിൽ 266 ഇനം കണ്ടെത്തിയ ആറളം വന്യജീവി സങ്കേതത്തെ ഇന്ത്യയിലെ ആദ്യ ചിത്രശലഭ സങ്കേതമായി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

ഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി പദ്ധതി.

- നറും നൂറ്: ഇടുക്കി മറയൂർ സാൻഡൽ ഡിവിഷനിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ പരമ്പരാഗത കിഴങ്ങു കൃഷി പുനഃസ്ഥാപിക്കാൻ നറും നൂറ് പദ്ധതി.
- വനം കയ്യേറ്റം തടയൽ: പത്ത് വർഷത്തിനിടെ 79695 ജണ്ടകൾ നിർമ്മിച്ചു.
- വനത്തിനകത്തു താമസിക്കുന്ന ഗോത്രേതര സമൂഹത്തിൽപ്പെട്ടവരെ മാറ്റി താമസിപ്പിക്കുന്നതിനായി സ്വയംസന്നദ്ധ പുനരധിവാസ 'നവകിരണം' പദ്ധതി. 1092 കുടുംബങ്ങൾക്ക് 145 കോടി രൂപ നഷ്ടപരിഹാരം നൽകി. 218.8973 ഹെക്ടർ ഭൂമിയിൽനിന്നും മാറ്റി താമസിപ്പിച്ചു.

### സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയം

- കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് സർക്കാർ നയരേഖ പ്രഖ്യാപിച്ച് നടപടി ആരംഭിച്ചു.
- ആവാസവ്യവസ്ഥക്ക് ദോഷകരമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം, മഞ്ഞക്കൊന്ന തുടങ്ങിയ വിദേശവൃക്ഷങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവികവനമായി പുനഃസ്ഥാപനം നടത്തും.
- 9040.40 ഹെക്ടർ വിസ്തൃതിയിൽ പുനഃസ്ഥാപനപ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.
- 1583.85 ഹെക്ടർ ഏകവിള തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റി.


### സാമൂഹിക വനവൽക്കരണം

- വൃക്ഷസമൃദ്ധി - 82.66 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.
- വിദ്യാവനം - വിദ്യാലയങ്ങളിൽ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവികവനങ്ങളുടെ സാദൃശ്യമുള്ള അതിസാന്ദ്ര ചെറുവനങ്ങൾ. സംസ്ഥാനത്ത് 107 വിദ്യാവനങ്ങൾ.
- നഗർവനം - നഗരപ്രദേശത്ത് 5 സെന്റ് വിസ്തീർണമുള്ള സ്ഥലം മുതൽ ഉപയോഗപ്പെടുത്തി വനങ്ങൾക്ക് സമാനമായി നഗർവനം നട്ടുവളർത്തിയെടുക്കുന്നതിന് പരമാവധി രണ്ട് ലക്ഷം രൂപ വരെ അനുവദിക്കും. 32 നഗർവനങ്ങൾ ആരംഭിച്ചു.
- നഗർവൻ-നഗർവാടിക പദ്ധതി - നഗരങ്ങളിൽ വൃക്ഷാവരണം വർധിപ്പിക്കുന്നതിന്. നാളിതുവരെ 291.61 ഹെ. ഭൂമിയിൽ 7 നഗർവനവും ഒരു നഗർവാടികയും ഉൾപ്പെടെ 21 നഗർവനങ്ങൾ തുറന്നുകൊടുത്തു.
- സ്കൂൾ നഴ്സറി യോജന - വിദ്യാർഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിന്. 14 സോഷ്യൽ ഫോറസ്ട്രി വനവികസന ഏജൻസികൾക്ക് കീഴിൽ 52 സ്കൂളുകളിലായി നഴ്സറികൾ.
- ട്രീ ബാങ്കിങ് സ്കീം - കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുക, സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുക, പ്രാദേശിക വിപണിയിൽ തടിയുടെ വിതരണത്തിന് സ്വയംപര്യാപ്തത കൈവരിക്കുക എന്നതിലേക്കായി സ്വന്തം ഭൂമിയിൽ മരം നടാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്.
- കാവുകളുടെ സംരക്ഷണത്തിന് 29.25 ലക്ഷം രൂപ ധനസഹായം.■

**രാമചന്ദ്രൻ കടന്നപ്പള്ളി**
മ്യൂസിയം, പുരാവസ്തു, പുരാരേഖ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

ഉത്ഖനനം, പര്യവേക്ഷണം, സ്മാരക സംരക്ഷണം, പുരാതത്വഗവേഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പുരാവസ്തുവകുപ്പും കേരളത്തിന്റെ രേഖാപാരമ്പര്യത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും മുഖ്യപരിഗണന നൽകി പ്രവർത്തിക്കുന്ന പുരാരേഖവകുപ്പും മ്യൂസിയം സജ്ജീകരണവും നടത്തിപ്പും പ്രധാന കർത്തവ്യമായി ഏറ്റെടുത്ത് നിർവഹിച്ചുകൊണ്ടിരിക്കുന്ന മ്യൂസിയം വകുപ്പും കഴിഞ്ഞ പത്തുവർഷത്തിൽ മുൻപില്ലാത്ത വിധം നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

രജിസ്ട്രേഷൻ വകുപ്പിൽ കഴിഞ്ഞ 10 വർഷം അടിസ്ഥാനസൗകര്യവികസനം, രജിസ്ട്രേഷൻ നടപടികളുടെ ലഘുകരണം, ഇൻഫർമേഷൻ ടെക്നോളജിയുടെ വിപുലീകരണം മുതലായവയിലൂടെ പൊതുജനങ്ങൾക്ക് സമയബന്ധിതമായും കൃത്യതയോടുകൂടിയും സേവനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞു. ഇത് വരുംവർഷങ്ങളിലും തുടരുന്നതോടെ രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം പൂർണ്ണമായും രാജ്യാന്തരനിലവാരത്തിലേക്ക് ഉയരും.



# പുതുചരിത്രമെഴുതിയ കാലം




കണ്ണൂർ പെരളശ്ശേരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത എകെജി മ്യൂസിയം



**മ്യൂസിയങ്ങളിൽ സജ്ജമാക്കിയ 3ഡി തിയ്യറ്റർ**

സംസ്ഥാന പുരാവസ്തുവകുപ്പിന് 192 സംരക്ഷിത സ്മാരകങ്ങളുണ്ട്. അവയിൽ നൂറിലധികം സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ കഴിഞ്ഞ പത്തു വർഷത്തിനിടെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ ഉത്ഖനന വിഭാഗത്തിന്റെ മേൽനോട്ടത്തിൽ, മലബാറിന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമുള്ള കോഴിക്കോട് ഫറോക്ക് കോട്ടയിലെ ശാസ്ത്രീയ ഉത്ഖനന പ്രവർത്തനങ്ങൾ രണ്ടുഘട്ടം പൂർത്തിയാക്കി. രക്ഷാർത്ഥമുള്ള ഇരുപത്തിയഞ്ചോളം ഉത്ഖനനങ്ങളും നിർവ്വഹിച്ചു. കണ്ണൂരിലെ ഏഴിമല കോട്ടയിലെ ശാസ്ത്രീയ പരിശോധനയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തെയും വയനാട് ജില്ലയിലെ കുഞ്ഞോം പ്രദേശത്തെയും പുരാതത്വ സർവെയും പൂർത്തിയാക്കി. കാസർകോട് ജില്ലയിലെ ചീമേനി അരിയിട്ടപാറയിൽ സമഗ്രമായ പുരാതത്വപരിശോധന പൂർത്തിയാക്കി. അറിയപ്പെടാത്ത പുരാലിഖിതങ്ങൾ കണ്ടെത്തി പകർപ്പുകൾ തയ്യാറാക്കുകയും പഠനവിധേയമാക്കുകയും ചെയ്തു. സംസ്ഥാനത്തെ പ്രാധാന്യമുള്ള ഒട്ടേറെ നിർമ്മിതികളും പുരാവശേഷിപ്പുകളും തെളിവുകളും കണ്ടെത്താനും സംരക്ഷിക്കാനും ഇത്തരം പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്.

ചരിത്രപ്രസിദ്ധമായ മതിലകം രേഖകൾ ഉൾപ്പെടെ ഒരു കോടിയിലേറെ താളിയോലരേഖകളും അതിലേറെ പേപ്പർ രേഖകളും സംരക്ഷിച്ചുവരുന്ന പുരാരേഖാ വകുപ്പ് പ്രാദേശിക സർവ്വേകളുടെ അടിസ്ഥാനത്തിൽ സ്വകാര്യരേഖകൾ കൂടി കണ്ടെത്തി സംരക്ഷിക്കാനുള്ള പുതിയ പദ്ധതി ആരംഭിക്കുകയുണ്ടായി. ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ എന്ന ഗവേഷണ സ്ഥാപനത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കേരള പൊതുരേഖ ആക്ട് രൂപീകരിക്കാൻ കഴിഞ്ഞത് ഈ സർക്കാറിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളിലൊന്നാണ്. ലോകത്തുതന്നെ ആദ്യമായി താളിയോലരേഖകൾ മാത്രം ഉപയോഗപ്പെടുത്തി താളിയോല രേഖാമ്യൂസിയം സജ്ജീകരിച്ച് നാടിനു സമർപ്പിക്കാനും ഈ സർക്കാറിനു കഴിഞ്ഞു. സംസ്ഥാനത്ത് ആദ്യമായി മ്യൂസിയം കമ്മിഷൻ രൂപീകരിച്ചു. കേരളത്തിൽ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിന് കേരളം ചരിത്രപൈതൃക മ്യൂസിയം എന്ന ഏജൻസിയെ നിയോഗിച്ചു.

> **ലോകത്തുതന്നെ ആദ്യമായി താളിയോലരേഖകൾ മാത്രം ഉപയോഗപ്പെടുത്തി താളിയോല രേഖാമ്യൂസിയം സജ്ജീകരിച്ച് നാടിനു സമർപ്പിക്കാനും ഈ സർക്കാറിനു കഴിഞ്ഞു. സംസ്ഥാനത്ത് ആദ്യമായി മ്യൂസിയം കമ്മിഷൻ രൂപീകരിച്ചു. കേരളത്തിൽ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിന് കേരളം ചരിത്രപൈതൃക മ്യൂസിയം എന്ന ഏജൻസിയെ നിയോഗിച്ചു.**

- 13 പുതിയ മ്യൂസിയങ്ങൾ സ്ഥാപിച്ചു.
- ആറ് മ്യൂസിയങ്ങൾ സമഗ്രമായി പുനസ്സജ്ജീകരിച്ചു.
- രാജാരവിവർമ്മ ചിത്രങ്ങളുടെ സംരക്ഷണത്തിന് മ്യൂസിയം വകുപ്പിൽ പ്രത്യേക കൺസർവേഷൻ ലാബ് സ്ഥാപിച്ചു. 53 പെയിന്റിങ്ങുകളുടെ രാസ സംരക്ഷണം പൂർത്തിയാക്കി.
- മൂന്ന് ഭാഷകളിൽ വിവരങ്ങൾ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിൽ നടപ്പിലാക്കി.
- ഇടുക്കി ജില്ലയിലെ പൈനാവിൽ ഇടുക്കി ജില്ലാ ആർക്കൈവൽ സെന്ററും ഹെറിറ്റേജ് ഗ്യാലറിയും സജ്ജീകരിച്ചു.
- 1,49,47,730 പേപ്പർരേഖകളും 29,14,234 താളിയോലകളും ഉൾപ്പെടെ 1.78 കോടി രേഖകൾ ഡിജിറ്റൈസ് ചെയ്തു.




> "സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും 1998 മുതലുള്ള രജിസ്റ്റർ വാല്യങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു. ആധാരപ്പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം പ്രാബല്യത്തിലായി. സബ് രജിസ്ട്രാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയ ആധാരപ്പകർപ്പുകൾ നല്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്"

- 'ഇ-ലിഖിതം'സോഫ്റ്റ്‌വെയർ മുഖേന റിസർച്ച് മുറികളിൽ ഗവേഷകർക്ക് രേഖകൾ ഡിജിറ്റലായി പരിശോധിക്കാനുള്ള സൗകര്യം.
- കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറത്തെ കരിയിക്കാട് ക്ഷേത്രം, ചെമ്പ്രശ്ശേരിമന, വയനാട്ടിലെ പുഴമുടി തറവാട്, കണ്ണൂർ സി.എസ്.ഐ ഇംഗ്ലീഷ് പള്ളി, നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്നിവിടങ്ങളിലെ രേഖകൾക്ക് സംരക്ഷണം. തൃക്കരിപ്പൂർ ചക്രപാണി ക്ഷേത്രത്തിലെ 12,000 താളിയോല രേഖകളുടെ സംരക്ഷണം പുരോഗമിക്കുന്നു.
- 1949 മുതൽ 2016 വരെയുള്ള ക്യാബിനറ്റ് രേഖകൾ ഏറ്റെടുത്തു; 10,22,822 രേഖകൾ ഡിജിറ്റൈസ് ചെയ്തു.
- 415 ഭൂപടങ്ങളുടെ രാസസംരക്ഷണം പൂർത്തിയാക്കി.
- കുമാരനാശാൻ, കേശവദേവ് തുടങ്ങി പ്രശസ്തരുടെ കൈയെഴുത്തുപ്രതികൾ ശാസ്ത്രീയമായി സംരക്ഷിച്ചു.
- 25 സംരക്ഷിത സ്മാരകങ്ങളുടെ 2ഡി ഡോക്യുമെന്റേഷൻ പൂർത്തിയാക്കി.
- ഹിൽപാലസിലെ ഛായാചിത്രങ്ങൾ, തൊടീക്കളം ചുവർചിത്രങ്ങൾ, മ്യൂസിയം പ്രദർശനവസ്തുക്കൾ എന്നിവയുടെ രാസസംരക്ഷണം പൂർത്തിയാക്കി.
- 36 നാണയശേഖരങ്ങളുടെ പ്രാമാണീകരണം പൂർത്തീകരിച്ചു.
- ഹൈദരാബാദ്, ഡൽഹി തുടങ്ങിയ നഗരങ്ങളിൽ മലയാളി സമൂഹവുമായി സഹകരിച്ച് പൈതൃകോത്സവങ്ങൾ സംഘടിപ്പിച്ചു.
- കണ്ണൂർ പെരളശ്ശേരിയിൽ എ.കെ.ജി മ്യൂസിയം പൂർത്തീകരിച്ചു.

### പൂർത്തിയായിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ

- തിരുവനന്തപുരം കാര്യവട്ടത്ത് ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ.
- കണ്ണൂർ കടന്നപ്പള്ളി പാണപ്പുഴയിൽ തെയ്യം മ്യൂസിയം.
- മണ്ണടിയിൽ വേലുത്തമ്പി ദളവാ സ്മാരക മ്യൂസിയം കാമ്പസിൽ അന്താരാഷ്ട്ര പഠനഗവേഷണകേന്ദ്രം.

## രജിസ്ട്രേഷൻ വകുപ്പ്

### നികുതി സമാഹരണം

സംസ്ഥാനത്ത് നികുതി സമാഹരണത്തിൽ

രണ്ടാം സ്ഥാനമാണ് രജിസ്ട്രേഷൻ വകുപ്പിനുള്ളത്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, മറ്റ് പലവക ഫീസുകൾ എന്നിവ വഴിയാണ് വകുപ്പ് പ്രധാനമായും വരുമാനം സ്വരൂപിക്കുന്നത് കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷ കാലയളവിൽ സംസ്ഥാനഖജനാവിലേക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ സംഭാവന ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരുമാനം (കോടിയിൽ) |
|---|---|
| 2021-22 | 4431 |
| 2022-23 | 5662 |
| 2023-24 | 5219 |
| 2024-25 | 5579 |
| 2025-26 (2025 ഡിസംബർ വരെ) | 4355 |




രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണത്തിനായി സ്വീകരിച്ച നടപടികൾ

ജില്ലയിലെ ഏത് വസ്തുവും ഉൾപ്പെട്ടുവരുന്ന ആധാരങ്ങൾ അതേ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം (Any where Registration) നടപ്പിലാക്കി

പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുമ്പോൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യേണ്ട രേഖയായ ഗഹാനും വായ്പ അവസാനിക്കുമ്പോൾ ഫയൽ ചെയ്യേണ്ട ഗഹാൻ റിലീസും ഫയൽ ചെയ്യുന്നത് പൂർണമായും ഓൺലൈൻ ആക്കി.

സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ക്യാഷ്ലെസ് ഇ പേയ്മെന്റ് സംവിധാനം നടപ്പിലാക്കി.

എല്ലാ ഭൂമി ഇടപാടുകളിലും ആധാരത്തോടൊപ്പം ഭൂമിയുടെ പ്രീ മ്യൂട്ടേഷൻ സ്കെച്ച് കൂടി ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നു.

ആധാരപ്പകർപ്പുകൾ, ബാധ്യതസർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ നൽകുന്നതും ഫീസ് ഒടുക്കുന്നതും ബാധ്യത സർട്ടിഫിക്കറ്റുകളുടെ വിതരണവും പൂർണ്ണമായും ഓൺലൈനാക്കി.

ആധാര രജിസ്ട്രേഷനായി സമയവും തീയതിയും മുൻകൂട്ടി നിശ്ചയിക്കുന്ന രീതിയിൽ ഓൺലൈൻ ടോക്കൺ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റ്വെയർ, റവന്യൂ വകുപ്പിന്റെ RELIS സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവിനുള്ള സൗകര്യം നടപ്പിലാക്കി.

## ഇ-സ്റ്റാമ്പിങ്

ഇ-സ്റ്റാമ്പിങ് സമ്പ്രദായം നടപ്പിൽ വരുത്തുകയും ഇ-സ്റ്റാമ്പിങ് പോർട്ടൽ ഒരുക്കുകയും ചെയ്തു.

വാണിജ്യബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായവായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിങ് സൗകര്യം ഉപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ് ഫോം (DDE Platform) നടപ്പിലാക്കി.

## ഡിജിറ്റൈസേഷൻ

ലെഗസി റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ പൊതുജനങ്ങൾക്ക് ഡിജിറ്റൽ രൂപത്തിൽ നൽകുന്നതിനും, പഴയതും പൊടിഞ്ഞു പോയതുമായ രജിസ്റ്റർ വാല്യങ്ങൾ ഭാവിയിലെ ആവശ്യങ്ങൾക്കായി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും വേണ്ടി preservation and digitization of old registered deeds എന്ന പദ്ധതി നടപ്പിലാക്കി.

"സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും 1998 മുതലുള്ള രജിസ്റ്റർ വാല്യങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു. ആധാരപ്പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം പ്രാബല്യത്തിലായി. സബ് രജിസ്ട്രാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയ ആധാരപ്പകർപ്പുകൾ നല്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്".

കേരള സംഘം രജിസ്ട്രേഷൻ ബിൽ നിയമസഭ പാസാക്കി. ■

കെ ബി ഗണേഷ്കുമാർ
ഗതാഗതവകുപ്പ് മന്ത്രി

യാത്രക്കാർക്ക് ആധുനിക കാലത്തിനനുസരിച്ച് സുഖകരവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിലും ഗതാഗതവകുപ്പ് വലിയ വിജയം കൈവരിക്കാനായി.



# നേട്ടങ്ങളും അതിവേഗ വളർച്ചയും

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും പ്രീമിയം എ.സി ബസുകളും കാലപ്പഴക്കത്താൽ സ്ഥിരമായി സർവീസ് നടത്തുവാൻ കഴിയാത്തതിനാൽ സൂപ്പർ ഫാസ്റ്റ് പ്രീമിയം എ.സി സർവീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർ ഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കി മാറ്റി. ഇത്തരത്തിൽ 169 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. വാഹനത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം പുതുക്കി, സൂപ്പർ ക്ലാസ്സ് സർവീസ് നടത്തുന്ന ബസ്സുകളെ കുറഞ്ഞ ചെലവിൽ നവീകരിക്കുന്നു. 90 ബസ്സുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയത്. യാത്രക്കാർ കുറവാണെങ്കിലും സാമൂഹിക പ്രതിബദ്ധത ഉള്ള റൂട്ടുകളിലും ഗ്രാമീണറൂട്ടുകളിലും താരതമ്യേന ചെലവ് കുറച്ച് നഷ്ടം ഒഴിവാക്കാനായി വലിയ ഡീസൽ ബസ്സുകൾക്ക് പകരം ഓപ്പറേറ്റ് ചെയ്യുന്നതിനായി മിനി ഫീഡർ ഓർഡിനറി സർവീസ് പദ്ധതി നടപ്പാക്കി. എയർ കണ്ടീഷൻ ചെയ്ത ലേഡീസ് ആൻഡ് ഫാമിലി വെയ്റ്റിങ് ഏരിയയിൽ യാത്രക്കാർക്ക് വിശ്രമമുറികളും മുലയൂട്ടൽ കേന്ദ്രങ്ങളും മൊബൈൽ ചാർജിങ് പോയിന്റുകളും CSR ഫണ്ട് വിനിയോഗിച്ച് സജ്ജമാക്കി. തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, എറണാകുളം, അങ്കമാലി, പാലക്കാട്, തൃശ്ശൂർ ബസ് സ്റ്റേഷനുകളിലാണ് ആദ്യ ഘട്ടത്തിൽ ആരംഭിച്ചത്.

10 ഡിപ്പോകൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കും ജീവനക്കാർക്കുമായി എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് സ്ഥാപിച്ചു. 14 ജില്ലാതല ഡിപ്പോകളെ കേന്ദ്രീകരിച്ച് ജെറിയാട്രിക്സ് ഉൾപ്പെടെ എല്ലാതരത്തിലുമുള്ള അത്യാഹിതങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തമായ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കും. ഓപ്പൺ ഡബിൾ ഡെക്കർ സിറ്റി റൈഡിലെ യാത്രക്കാർക്ക് കുടിവെള്ളം, ലഘു ഭക്ഷണം എന്നിവ ബസ്സിനുള്ളിൽതന്നെ ലഭ്യമാക്കുന്നുണ്ട്. പദ്ധതി എല്ലാ ദീർഘദൂര സർവീസുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു.

ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ബസുകളുടെ വരവ്,



പുറപ്പെടുന്ന സമയം, കാലതാമസം, റദ്ദാക്കലുകൾ, റൂട്ട് മാറ്റങ്ങൾ എന്നിവയെല്ലാം തത്സമയം അറിയുവാൻ സാധിക്കുന്നു. ഇത് ഉപഭോക്തൃ പരാതികൾ ഗണ്യമായി കുറയ്ക്കുന്നതിന് സഹായകരമാണ്.

## അന്തർ സംസ്ഥാന സർവീസുകൾ:

തമിഴ്നാടുമായുള്ള 2019-ലെ അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസുകൾ നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽ പുതിയ അന്തർ സംസ്ഥാനസർവീസുകൾ ആരംഭിച്ചു. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽ നിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേക്കാണ് പുതിയ സർവീസുകൾ ആരംഭിച്ചത്. കരാർ പ്രകാരം തമിഴ്നാട്ടിലേക്ക് 44ഉം, കർണാടകയിലേക്ക് 10 സർവീസുകളും ഉൾപ്പെടെ 54 സർവീസുകൾക്കായുള്ള പദ്ധതി തയ്യാറാക്കി. 27 സർവീസുകൾ ആരംഭിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

## ഓൺലൈൻ സംവിധാനങ്ങൾ

കെ.എസ്.ആർ.ടി.സി പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തി. മുൻകൂർ ടിക്കറ്റ് ബുക്കിങിനായി "ente ksrtc neo OPRS"മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്.

ബസ്സുകളുടെ തത്സമയ ലൊക്കേഷൻ ട്രാക്ക് ചെയ്യാനും റൂട്ടുകളെക്കുറിച്ചുള്ള വിവരങ്ങൾക്കും ഒഴിവുള്ള സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾക്കും ചലോ ആപ്. ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ / ചലോ കാർഡ് ഉപയോഗിച്ചുള്ള പണരഹിത യാത്രയ്ക്ക് സൗകര്യം.

ഓരോ ബസ്സിലെയും യാത്രക്കാരുടെ എണ്ണം, ഓരോ ട്രിപ്പിൽ / റൂട്ടിൽ നിന്നുമുള്ള വരുമാനം, തിരക്ക് എന്നിവയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഉപയോഗിച്ച് വിശകലനം നടത്തി ബസുകൾക്ക് ഏറ്റവും അനുയോജ്യമായ ഷെഡ്യൂളുകൾ തയ്യാറാക്കുവാൻ കഴിയുന്ന നിർമിത ബുദ്ധി ടൂൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## സ്മാർട്ട് ട്രാവൽ കാർഡുകൾ

ഒരു വർഷത്തെ കാലാവധിയുള്ള ട്രാവൽ കാർഡിന് 100 രൂപയാണ് ചാർജ്. വാങ്ങുമ്പോൾ സീറോ ബാലൻസിൽ ലഭിക്കുന്ന കാർഡ് ഇഷ്ടമുള്ള തുക റീചാർജ് ചെയ്ത് ഉപയോഗിക്കാം. 1000 രൂപ റീചാർജ് ചെയ്താൽ 40 രൂപയും 2000 രൂപ റീചാർജ് ചെയ്താൽ 100 രൂപയും അധികമായി കാർഡിൽ ക്രെഡിറ്റാകും. സൗജന്യപാസ്സുകൾ ഉൾപ്പടെ എല്ലാ പാസുകളും ഉടൻ RFID കാർഡുകളാക്കി മാറ്റും.

സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപാസ്സ് റൈഡറുകൾ, സൂപ്പർ ഫാസ്റ്റിനു മുകളിലേക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളും ഗൂഗിൾ മാപ്പിൽ ലഭ്യമാണ്.




### ജീവനക്കാരുടെ ശമ്പളം കൃത്യമായി

ജീവനക്കാരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി ശമ്പളം ഒറ്റഗഡുവായി നൽകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024 ആഗസ്റ്റ് മുതൽ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നു. 2025 മാർച്ച് ശമ്പളം ഏപ്രിൽ ഒന്നിനുതന്നെ വിതരണം ചെയ്തു. തുടർന്നും ശമ്പളം മാസാദ്യംതന്നെ നൽകുന്നു.

സ്വന്തമായോ, അക്ഷയ, ഫ്രണ്ട്സ് തടങ്ങിയ ജനസേവനകേന്ദ്രങ്ങൾ വഴിയോ വിദ്യാർഥികൾക്ക് www.concessionksrtc.com എന്ന വെബ്സൈറ്റിന്റെ ലിങ്ക് വഴി ഓൺലൈനായി കൺസഷന് രജിസ്റ്റർ ചെയ്യാം.

## ടിക്കറ്റിതര വരുമാന വർധനയ്ക്ക്

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖല എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സിയുടെ നിലവിലെ കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന

> കെ.എസ്.ആർ.ടി.സി പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തി. മുൻകൂർ ടിക്കറ്റ് ബുക്കിങിനായി "ente ksrtc neo OPRS"മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. ബസ്സുകളുടെ തത്സമയ ലൊക്കേഷൻ ട്രാക്ക് ചെയ്യാനും റൂട്ടുകളെക്കുറിച്ചുള്ള വിവരങ്ങൾക്കും ഒഴിവുള്ള സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾക്കും ചലോ ആപ്. ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ / ചലോ കാർഡ് ഉപയോഗിച്ചുള്ള പണരഹിത യാത്രയ്ക്ക് സൗകര്യം




## ജീവനക്കാർക്കുള്ള സമഗ്ര ഇൻഷുറൻസ് പദ്ധതി

അപകടമരണത്തിനും സ്ഥിരമായ പൂർണ്ണ വൈകല്യത്തിനും ഒരുകോടി രൂപവരെ, ഭാഗിക വൈകല്യത്തിന് 80 ലക്ഷം വരെ, സ്വാഭാവിക മരണത്തിന് ആറ് ലക്ഷം. 10 ലക്ഷം വരെ വിദ്യാഭ്യാസ സഹായവും മകൾക്ക് അഞ്ച് ലക്ഷം വിവാഹ സഹായവും. അപകടചികിത്സയ്ക്കും ഇറക്കുമതി ചെയ്ത മരുന്നുകൾക്കുമുള്ള കവറേജ്. ജീവനക്കാർക്ക് 2-15 ലക്ഷം/3-30 ലക്ഷം കവറേജ് വാഗ്ദാനം ചെയ്യുന്ന മെഡിക്കൽ ഇൻഷുറൻസ് പദ്ധതി തിരഞ്ഞെടുക്കുന്നതിനും 75 വയസ്സ് വരെ ഇൻഷുറൻസ് പദ്ധതി പുതുക്കുന്നതിനും ഇതിലൂടെ കഴിയും.

രീതിയിൽ 14 ഇന്ധനവിതരണ ഔട്ട് ലെറ്റുകൾ ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി കൊറിയർ സംവിധാനം ആരംഭിച്ചു. കേരളത്തിനകത്ത് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

ബസ്സുകളിൽ ഇടനിലക്കാരില്ലാതെ മാർക്കറ്റിങ് എക്സിക്യൂട്ടിവ് മുഖേന നേരിട്ട് പരസ്യം പതിച്ചുവരുന്നു. കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ ഹോർഡിങ്സ്, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ വഴി വരുമാനം വർധിപ്പിക്കുവാൻ പദ്ധതികൾ നടപ്പിലാക്കുന്നു.

കെ.എസ്.ആർ.ടി.സിയിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള ഭക്ഷണവും അത്യാവശ്യസാധനങ്ങളും ലഭ്യമാക്കുന്നതിനായി'Restaurant cum Super Market" തുടങ്ങുവാനുള്ള നടപടികൾ സ്വികരിച്ചു.

### ഡ്രൈവിങ് സ്കൂൾ

കെ.എസ്.ആർ.ടി.സിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചു. നിലവിൽ 19 ഡ്രൈവിങ് സ്കൂളുകൾ നടത്തിവരുന്നു. മാവേലിക്കര, ആറ്റിങ്ങൽ, പാറശ്ശാല, ചടയമംഗലം, ചിറ്റൂർ, വിതുര, ചാത്തന്നൂർ, ചാലക്കുടി, മാനന്തവാടി, എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പ് എന്നീ യൂണിറ്റുകളിൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

### ആക്സിഡന്റ് മോണിറ്ററിങ് ആൻഡ് കൺട്രോൾ സിസ്റ്റം

കെ.എസ്.ആർ.ടി.സി, കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് വാഹനങ്ങൾ ഉൾപ്പെട്ട് ഉണ്ടാകുന്ന അപകടങ്ങൾ നിവാരണം ചെയ്യുന്നതിന് ചീഫ് ഓഫീസ് തലത്തിലും ഡിപ്പോതലത്തിലും അപകട നിരീക്ഷണ സമിതി പ്രതിമാസം അവലോകനം നടത്തുന്നു. ഗുരുതര അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്കെതിരെ കർശന അച്ചടക്കനടപടികളും തിരുത്തൽ പരിശീലനവും നൽകുന്നു.

### പുതിയ ബസ്സുകൾ

116 ഡീസൽ ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് ഫണ്ടിലൂടെ 115 ഇ-ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു. ഉയർന്ന KMPL ഉള്ള ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 100 മിനി ബസുകൾ, 150 ഷോർട്ട് ഡിസ്റ്റൻസ് ഫാസ്റ്റ് പാസഞ്ചർ ബസുകൾ, 200 സൂപ്പർഫാസ്റ്റ് ബസുകൾ, 50 ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, 6 എസി സ്ലീപ്പർ, 10 സീറ്റർ, 14 എസി സ്ലീപ്പർ കം സീറ്റർ ബസ്സുകൾ ഉൾപ്പെടെ 500 ൽ പരം ബസ്സുകൾ വാങ്ങുന്നതിന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. 500 നോൺ എ.സി ബസ്സുകളും 65 എ.സി ബസ്സുകളും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങുവാനുള്ള പദ്ധതി തയ്യാറാക്കി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 132 നോൺ എ.സി ബസ്സുകൾക്കും 36

## ബഡ്ജറ്റ് ടൂറിസം ഹിറ്റായി

2021 നവംബർ 1 ന് ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ചു. കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് വിനോദസഞ്ചാരം സാധ്യമാക്കുന്നതിനായി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾനടത്തുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നത്. 93 ഡിപ്പോകളിലായി ഒരു മാസം 1500 ടൂർ പാക്കേജുകൾ സംഘടിപ്പിക്കുന്നുണ്ട്. ബഡ്ജറ്റ് ടൂറിസം വരുമാനം ശരാശരി 2024-ൽ പ്രതിമാസം 1.94 കോടി രൂപയിൽ നിന്ന് 2025 മാർച്ച് വരെയുള്ള കണക്കുപ്രകാരം 3.29 കോടി രൂപയായി വർധിച്ചിട്ടുണ്ട്. വിവാഹം, സംഘടനായോഗങ്ങൾ, മറ്റുസ്വകാര്യപരിപാടികൾ തുടങ്ങിയ അവസരങ്ങളിൽ സ്വകാര്യവാടകയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സുകൾ നൽകുന്നു.




എ.സി ബസ്സുകൾക്കും പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

### പരാതികൾ അറിയിക്കാം

പൊതുജനങ്ങൾക്ക് ബസ് ജീവനക്കാർക്കെതിരെയുള്ള അക്രമങ്ങളുടെ വീഡിയോയും ഫോട്ടോയും ബസ് ഡ്രൈവറുടെ റാഷ് ഡ്രൈവിങ് വീഡിയോ ഉൾപ്പെടെയുള്ള പരാതികളും 9188619380 എന്ന വാട്സ്ആപ്പ് നമ്പറിൽ അറിയിക്കാം. 18005994011 (Tollfree Number), 9447071021, 04712463 799 എന്നീ കൺട്രോൾ റൂം നമ്പറുകളിൽ വിളിച്ച് പരാതികൾ രജിസ്റ്റർ ചെയ്യാം.

### ജലഗതാഗതം

- ഇന്ത്യയിലെ ആദ്യസംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിച്ചു. 3 എണ്ണം സർവീസ് ആരംഭിച്ചു.
- ആധുനിക സുരക്ഷാ സംവിധാനങ്ങളോടു കൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റാമറൈൻ ബോട്ടുകളിൽ ആറ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി, എറണാകുളം കേന്ദ്രീകരിച്ച് സർവീസ് ആരംഭിച്ചു. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള പത്ത് സോളാർ ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 30 പാസഞ്ചർ കപ്പാസിറ്റിയുള്ള എട്ട് സോളാർ ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 80 പാസഞ്ചർ, 100 പാസഞ്ചർ വീതം കപ്പാസിറ്റി ഉള്ള രണ്ട് ബോട്ടുകൾ നിർമ്മാണത്തിൽ.
- 100 പാസഞ്ചർ കപ്പാസിറ്റിയുള്ള പൂർണ്ണമായും ശീതീകരിച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്ദ്ര ടൂറിസ്റ്റ് ബോട്ട് കൊച്ചി കായലിൽ കുറഞ്ഞ ചെലവിൽ ടൂറിസം സർവീസ് നടത്തുന്നു.
- സീ-കുട്ടനാട്, സീ-അഷ്ടമുടി: വിനോദസഞ്ചാരവും യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചു. ■

**വി. അബ്ദുറഹിമാൻ**
കായിക, വഖ്ഫ്, ഹജ്ജ് വകുപ്പ് മന്ത്രി

**കായികരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സമാനതകളില്ലാത്ത മുന്നേറ്റമാണ് കേരളം നടത്തിയത്. സമഗ്രകായിക നയം കൊണ്ടുവന്നത് കായിക കേരളത്തിന്റെ കുതിപ്പിന് പുതിയ ഊർജ്ജം പകർന്നു**



# കളിക്കളങ്ങളിൽ പുതിയ കുതിപ്പുകൾ

കായികകേരളത്തെ വികസനത്തിന്റെ പുതിയ ദിശയിലേക്ക് നയിക്കാൻ കഴിഞ്ഞ കാലഘട്ടമാണിത്. 2023 ൽ കേരളത്തിന് സമഗ്രമായ കായികനയം കൊണ്ടുവന്നു. കായികനിയമത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ആവിഷ്ക്കരിച്ചു. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2026-27 ബജറ്റിൽ 350 കോടി രൂപയാണ് കായികമേഖലയ്ക്ക് അനുവദിച്ചത്. ഇത് സർവകാല റെക്കോർഡാണ്.

മതനിരപേക്ഷ ജനാധിപത്യസമൂഹം എന്ന നിലയ്ക്ക് കേരളം രാജ്യത്തിനാകെ മാതൃകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ ഒരു വർഗീയ സംഘർഷം പോലും ഉണ്ടാകാത്ത ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. കേരളത്തിൽ വിദ്യാഭ്യാസപരമായും





ചെ സ്മാരക അന്താരാഷ്ട്ര ചെസ് ടൂർണമെന്റിൽ ക്യൂബൻ ഗ്രാൻഡ്മാസ്റ്റർക്ക് മുഖ്യമന്ത്രി ഹസ്തദാനം ചെയ്യുന്നു

സാമൂഹികമായും ന്യൂനപക്ഷങ്ങൾ പുരോഗതി കൈവരിച്ചിട്ടുണ്ട്. മതന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് സർക്കാർ വിവിധ പദ്ധതികളും പരിപാടികളും നടപ്പാക്കി വരുന്നുണ്ട്.

### 5000 കോടിയുടെ അടിസ്ഥാന സൗകര്യവികസനം

100 സ്കൂളുകളിൽ സ്റ്റേഡിയങ്ങളും കളിക്കളങ്ങളും ഒരുക്കി. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന സവിശേഷപദ്ധതി പ്രകാരം 100 കളിക്കളം പൂർത്തിയാവുകയാണ്. ആദ്യത്തെ ജില്ലാ കായികസമുച്ചയം ഐ.എം.വിജയന്റെ പേരിൽ തൃശ്ശൂരിൽ നിർമ്മിച്ചു. കായികഭവൻ ആസ്ഥാന മന്ദിരം നിർമ്മാണം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

### പുതിയ കാലം പുതിയ സ്പോർട്സ്

2023-ൽ നിലവിൽ വന്ന കായികനയം, നമ്മുടെ കായികമേഖലയെ പുതിയകാലത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു നയിക്കാൻ കഴിയുന്ന നിർദേശങ്ങൾ കൊണ്ട് സമ്പന്നമാണ്. രാജ്യത്ത് ആദ്യമായി തദ്ദേശ സ്ഥാപനതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു.

### ലോവർ പ്രൈമറി തൊട്ട് കളിയറിയാം... കളിക്കാം

വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി. സ്പോർട്സ് സ്കൂളുകൾക്ക് പ്രത്യേക സിലബസ് അടുത്ത അധ്യയന വർഷം മുതൽ നടപ്പാക്കും. അഞ്ച് വർഷം കൊണ്ട് അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള ഗോൾ പദ്ധതി ആരംഭിച്ചു. ആദ്യഘട്ടം 1000 കേന്ദ്രങ്ങളിലായി ഒരുലക്ഷം പേർക്ക് പരിശീലനം നൽകി. വിദഗ്ധ പരിശീലനത്തിന് 140 നിയോജക മണ്ഡലങ്ങളിൽ ഓരോ കേന്ദ്രം തുടങ്ങി.

### സ്പോർട്സ് സ്കൂളുകൾക്ക് പുതുജീവൻ

വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ജി വി രാജ, കണ്ണൂർ സ്പോട്സ് ഡിവിഷൻ എന്നീ സ്പോർട്സ് സ്കൂളുകൾ കായികവകുപ്പ് ഏറ്റെടുത്തു. ജി. വി രാജ സ്പോർട്സ് സ്കൂളിൽ 35 കോടി രൂപയുടെയും കണ്ണൂരിൽ 10 കോടിയുടെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. ജി വി രാജ, കണ്ണൂർ സ്പോർട്സ് സ്കൂളുകളിൽ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സ്പോട്സ് സ്കൂൾ പ്രവേശനം 6-ാം ക്ലാസ് മുതലാക്കി. നേരത്തേ 8-ാം ക്ലാസായിരുന്നു. തൃശ്ശൂരിലെ കുന്നംകുളത്ത് സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു. ഫുട്ബോൾ കോർട്ടും എട്ട് വരി സിന്തറ്റിക് ട്രാക്കും പരിശീലന മൈതാനവും ക്രിക്കറ്റ് പിച്ചും ഒരുക്കി. 4.5 കോടി രൂപ ചെലവിൽ ആധുനിക ഹോസ്റ്റൽ, മെസ് സംവിധാനങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവ. ഹൈസ്കൂൾ സ്പോർട്സ് സ്കൂളാക്കി.

### കായിക സമ്പദ്‌വ്യവസ്ഥയ്ക്ക് പരിഗണന രാജ്യത്ത് ആദ്യം

കായിക സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന്റെ ഭാഗമായി ഫുട്ബോൾ, ക്രിക്കറ്റ് ലീഗുകൾ സർക്കാർ പിന്തുണയോടെ ആരംഭിച്ചു. രാജ്യത്ത് ആദ്യമായി കോളേജ് സ്പോർ

> **5000 കോടിയുടെ അടിസ്ഥാന സൗകര്യവികസനം - 100 സ്കൂളുകളിൽ സ്റ്റേഡിയങ്ങളും കളിക്കളങ്ങളും ഒരുക്കി. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന സവിശേഷപദ്ധതി പ്രകാരം 100 കളിക്കളം പൂർത്തിയാവുകയാണ്. ആദ്യത്തെ ജില്ലാ കായികസമുച്ചയം ഐ.എം.വിജയന്റെ പേരിൽ തൃശ്ശൂരിൽ നിർമ്മിച്ചു. കായികഭവൻ ആസ്ഥാന മന്ദിരം നിർമ്മാണം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു**

ട്സ് ലീഗിന് തുടക്കമിട്ടു. ക്യൂബ, നെതർലൻഡ്സ്, ഇറ്റലി, ഓസ്ട്രേലിയ, സ്പെയ്ൻ എന്നീ രാജ്യങ്ങളുമായി സഹകരിച്ച് കായിക പരിശീലനപദ്ധതികൾ നടപ്പാക്കുകയാണ്. രാജ്യത്ത് ആദ്യമായി അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. 5050 കോടിയുടെ നിക്ഷേപത്തിന് ഉച്ചകോടിയിൽ ധാരണയായി.

## അടിമുടി ഹൈടെക്ക്

കായികരംഗത്തെ വ്യാജ സർട്ടിഫിക്കറ്റ് തടയാൻ ഇ-സർട്ടിഫിക്കറ്റ് സംവിധാനം നടപ്പാക്കി. ഇതനുകരിച്ച് കേന്ദ്ര സർക്കാർ കായിക ഇ-സർട്ടിഫിക്കറ്റ് കൊണ്ടുവന്നു. സ്പോർട്സ് സ്കൂൾ സെലക്ഷന് ബയോമെക്കാനിക്സ് അടക്കമുള്ള ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ച് തുടങ്ങി. കാലിക്കറ്റ് സർവകലാശാലയിൽ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ധാരണയായി. വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ കൂടുതൽ ഉപകരണങ്ങൾ ഒരുക്കി പ്രവർത്തനം വിപുലമാക്കി.

## മത്സരങ്ങൾ വൻവിജയം

ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ, കേരള മാരത്തൺ, ബീച്ച് ഗെയിംസ്, ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ, ഫെഡറേഷൻ കപ്പ് ദേശീയ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ്, രണ്ട് ഇന്ത്യ ഗ്രാൻപ്രി അത്‌ലറ്റിക് ചാമ്പ്യൻഷിപ്പുകൾ, ദേശീയ ജമ്പ്സ് ചാമ്പ്യൻഷിപ്പ്, ദേശീയ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പ് എന്നിവ കേരളത്തിൽ നടന്നു. മികച്ച അണ്ടർ 17 ടീമുകളെ പങ്കെടുപ്പിച്ച് സി എം ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. ഇന്ത്യ ആദ്യമായി വേദിയായ ഏഷ്യൻ മൗണ്ടൻ ബൈക്കിങ്ങ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ ഇരുപതോളം രാജ്യങ്ങളെ പങ്കെടുപ്പിച്ച് നടന്നു. ക്യൂബയുമായുള്ള കായിക സഹകരണത്തിന്റെ ഭാഗമായി ചെ ഗുവേരയുടെ പേരിൽ രാജ്യാന്തര ചെസ് മത്സരം സംഘടിപ്പിച്ചു.

## കായികനേട്ടങ്ങളുടെ 10 വർഷം

5000 കോടിയുടെ അടിസ്ഥാനസൗകര്യ വികസനം.

നാല് ജില്ലാ സ്റ്റേഡിയങ്ങൾ പൂർത്തിയായി. ആറ് ജില്ലകളിൽ നിർമ്മാണം പുരോഗമിക്കുന്നു.

മുൻസിപ്പൽ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ 26 കായികസമുച്ചയങ്ങൾ. സംസ്ഥാനത്താകെ ഒരുക്കിയത് 300 ഓളം കളിക്കളങ്ങൾ. 2016 ൽ രണ്ട് സിന്തറ്റിക് ട്രാക്ക്. 2025 ൽ 24

## സാമൂഹിക ആരോഗ്യം പ്രധാനം

- വിവിധ ജില്ലകളിലായി 25 ഹൈടെക് ഫിറ്റ്നസ് സെന്റർ. അഞ്ച് എണ്ണം നിർമ്മാണത്തിൽ

# ന്യൂനപക്ഷക്ഷേമം

**സച്ചാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായി രൂപീകരിച്ച പാലോളി കമ്മിറ്റി നിർദേശിച്ച പ്രകാരം രൂപംകൊണ്ട ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, മദ്രസ അധ്യാപകർക്കുള്ള ക്ഷേമനിധി, സൗജന്യ മത്സരപരീക്ഷാ പരിശീലനകേന്ദ്രം, ന്യൂനപക്ഷ കമ്മിഷൻ, ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ എന്നിവ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാണ്. സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ പഠിക്കാൻ ഒന്നാം പിണറായി സർക്കാർ രൂപീകരിച്ച ജസ്റ്റിസ്. ജെ ബി കോശി കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശകൾ 17 വകുപ്പുകൾ പൂർണ്ണമായും നടപ്പാക്കി. 19 വകുപ്പുകളിൽ ശിപാർശകൾ നടപ്പാക്കുന്ന നടപടി പുരോഗതിയിലാണ്. ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കേണ്ട ശിപാർശകൾ 40ൽ 33 എണ്ണം നടപ്പാക്കി.**

**ന്യൂനപക്ഷ യുവജനതയ്ക്കായി 24 സൗജന്യ പരിശീലനകേന്ദ്രങ്ങൾ അനുവദിച്ചു, 28 ഉപകേന്ദ്രങ്ങൾ തുടങ്ങി.**

**ന്യൂനപക്ഷ പോളി ടെക്നിക് വിദ്യാർഥികൾക്ക് ഡോ. APJ അബ്ദുൾ കലാം സ്കോളർഷിപ്പും, നഴ്സിങ് ഡിപ്ലോമ, പാരാമെഡിക്കൽ വിദ്യാർഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പും.**

**ഒന്നു മുതൽ എട്ടാം ക്ലാസുവരെ പഠിക്കുന്ന കുട്ടികൾക്കായി 2024-25 ൽ മാർഗ്ഗദീപം സ്കോളർഷിപ്. ഒന്നര ലക്ഷം കുട്ടികൾക്കായി 40 കോടി രൂപ വിതരണം ചെയ്തു.**

**SSLC, THSLC, പ്ലസ് ടു/VHSE വിദ്യാർഥികൾക്കുള്ള ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് 4815 പേർക്ക്, 5.24 കോടി രൂപ വകയിരുത്തി.**

**ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥിനികൾക്ക് ഇ ഒ മുഹമ്മദ് കോയ സ്കോളർഷിപ്പ്, 2016-25 കാലയളവിൽ 65 കോടി നൽകി. 89,403 പേർക്ക് സഹായം ലഭിച്ചു.**

**CA, CMA, CS കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്. 2016-25 ൽ 8227 പേർക്ക് 6.55 കോടി രൂപ.**






2021-22 ൽ UGC, CSIR- JRF, NTSC, PG in GSTപരീക്ഷകൾക്ക് പരിശീലനത്തിന് ന്യൂനപക്ഷ വിദ്യാർഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

2022-23 ൽ വിദേശപഠനത്തിന് പലിശ സഹായമായി അഞ്ച് ലക്ഷം രൂപ വരെ നൽകുന്ന സ്‌കോളർഷിപ്പ് പദ്ധതി.

സ്വകാര്യ ITI, ITC കളിൽ പഠിക്കുന്നവർക്ക് ഫീ റീഇമ്പേഴ്സ്മെന്റ് സ്കീം.

സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് ഫീ റീഇമ്പേഴ്സ്മെന്റ് സഹായം.

ന്യൂനപക്ഷ ഗവേഷണ വിദ്യാർഥികൾക്കായി ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോരിറ്റീസ് ആരംഭിച്ചു.

## ഹജ്ജ് തീർഥാടനം

കഴിഞ്ഞ രണ്ടുവർഷവും ബജറ്റിൽ ഹജ്ജ് തീർഥാടനത്തിനായി ഒരുകോടി രൂപ വീതം പ്രത്യേകം അനുവദിച്ചു.

കോഴിക്കോട് ഹജ്ജ് ഹൗസിനോട് ചേർന്ന് 8.2 കോടി രൂപ ചിലവിൽ 32000 മീറ്റർ വിസ്തീർണ്ണം ഉള്ള വനിതാ ബ്ലോക്ക് പണികഴിപ്പിച്ചു.

കണ്ണൂർ വിമാനത്താവളത്തിനടുത്തായി ഹജ്ജ് ഹൗസ് നിർമ്മിക്കാനായി ഭൂമി അനുവദിക്കുകയും ബഡ്ജറ്റിൽ അഞ്ചുകോടി രൂപ വകയിരുത്തുകയും ചെയ്തു.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

ന്യൂനപക്ഷങ്ങൾക്കായി പതിനഞ്ചിലേറെ വായ്പാ പദ്ധതികൾ.

കോർപ്പറേഷന്റെ സർക്കാർ ഗ്യാരണ്ടി 50 കോടിയിൽ നിന്ന് 150 കോടിയായി ഉയർത്തി.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് എല്ലാ ജില്ലയിലും ശാഖകൾ ആരംഭിക്കാൻ നടപടി. കോട്ടയം, ആലപ്പുഴ ജില്ലകളിൽ റീജിയണൽ ഓഫീസുകൾക്ക് അനുമതി.

- സംസ്ഥാനത്തെ 30 പ്രധാന കേന്ദ്രങ്ങളിൽ ഓപ്പൺ ജിം
- കുടുംബശ്രീ അംഗങ്ങൾക്ക് കരാട്ടെ പരിശീലനത്തിന് ധീരം പദ്ധതി
- എറണാകുളത്തും കണ്ണൂരും വനിതാ ഫുട്ബോൾ അക്കാദമികൾ
- സ്കൂൾ കുട്ടികൾക്ക് ഹെൽത്തികിഡ്സ് പദ്ധതി

## കളിക്കളത്തിലെ മിടുക്കർക്ക് ഭാവി ഭദ്രം

- സ്പോർട്സ് ക്വാട്ട നിയമനത്തിൽ സർവകാല റെക്കോഡ്. 961 കായികതാരങ്ങൾക്ക് നിയമനം.
- അന്താരാഷ്ട്ര, ദേശീയ മെഡൽ ജേതാക്കൾക്ക് വൻതുക പാരിതോഷികം
- അവശ കായികതാര പെൻഷൻ 2000 രൂപയാക്കി. പെൻഷൻ അർഹതയ്ക്കുള്ള വരുമാനപരിധി ഒരുലക്ഷമാക്കി.
- പുതുതായി 50 പേർക്കു കൂടി സർക്കസ് പെൻഷൻ

## കായിക മികവിലും രാജ്യത്ത് ഒന്നാമത്

- രാജ്യത്ത് ആദ്യമായി കായിക സമ്പദ്‌വ്യവസ്ഥ വികസനം ആരംഭിച്ചു
- രാജ്യത്ത് ആദ്യമായി കായിക ഉച്ചകോടി സംഘടിപ്പിച്ചു
- രാജ്യത്ത് ആദ്യമായി തദ്ദേശസ്ഥാപന തല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചു
- രാജ്യത്ത് ആദ്യമായി കോളേജ് സ്പോർട്സ് ലീഗിന് തുടക്കമിട്ടു.

## കായികരംഗം ഭിന്നശേഷി സൗഹൃദം

- സംസ്ഥാനത്തെ ആദ്യ ഭിന്നശേഷിസൗഹൃദ സ്റ്റേഡിയം ഒറ്റപ്പാലത്ത് 10 കോടി ചെലവിൽ നിർമ്മാണം തുടങ്ങി
- പാരാ അത്‌ലറ്റ് കായിക അസോസിയേഷന് ആദ്യമായി സ്പോർട്സ് കൗൺസിൽ അംഗീകാരം
- അന്താരാഷ്ട്ര മെഡൽ നേടുന്ന പാരാ താരങ്ങൾക്ക് ആദ്യമായി പാരിതോഷികം നൽകി■

**ജി ആർ അനിൽ**
ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി

**വിശപ്പില്ലാത്ത ഒരു കേരളം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിഞ്ഞു. എല്ലാവർക്കും റേഷൻ കാർഡ് നൽകി എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പാക്കാനും സംസ്ഥാനസർക്കാരിനായി.**



# ഭക്ഷ്യഭദ്രതയുള്ള കേരളം



ഒരു ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാന ശിലകളിലൊന്നാണ് ജനങ്ങളുടെ ഭക്ഷ്യഭദ്രത. വിശക്കുന്നവന്റെ മുന്നിൽ ഈശ്വരൻ പോലും അന്നത്തിന്റെ രൂപത്തിലേ പ്രത്യക്ഷപ്പെടാൻ ധൈര്യം കാണിക്കൂ എന്ന് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയാണ്. സ്വാതന്ത്ര്യലബ്ധി കഴിഞ്ഞ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും വിശപ്പിന്റെ വിളി രാജ്യത്തിന്റെ പലഭാഗത്തും കേൾക്കുന്നു. എന്നാൽ വിശപ്പില്ലാത്ത ഒരു കേരളം യാഥാർഥ്യമാക്കാൻ നമുക്ക് കഴിഞ്ഞു. ഇത് യാദൃശ്ചികമല്ല. സാമൂഹിക നീതിയിലും ജനക്ഷേമത്തിലും അടിയുറച്ച രാഷ്ട്രീയഭരണനയങ്ങളാണ് മറ്റ് ഒട്ടനേകം മികവുകളോടൊപ്പം ഇതും സാധ്യമാക്കിയത്. കോവിഡ് മഹാമാരിയും പ്രളയവും ഉരുൾപൊട്ടലും അടക്കമുള്ള ദുരന്തകാലങ്ങളിലും ഒരാളെയും പട്ടിണിക്കിടാതെ ചേർത്തുപിടിക്കാൻ കഴിഞ്ഞത് ആ നയങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത കൊണ്ടാണ്. അത് നടപ്പാക്കാനുള്ള ധീരതയും ഇച്ഛാശക്തിയും കൊണ്ടാണ്.




എല്ലാവർക്കും റേഷൻ കാർഡ് നൽകി എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പാക്കാൻ സംസ്ഥാനസർക്കാരിനായി. 714,986 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. ട്രാൻസ്ജെൻഡറുകൾ, തെരുവിൽ കഴിയുന്ന മനുഷ്യർ, കെട്ടിട ഉടമ വാടകച്ചീട്ടോ രസീതോ നൽകാൻ വിസമ്മതിക്കുന്ന വാടകത്താമസക്കാർ എന്നിവർക്കെല്ലാം ആധാർ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ കാർഡുകൾ അനുവദിച്ചു. ഭിന്നശേഷിക്കാരായ കുട്ടികൾ താമസിക്കുന്നതുൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങൾക്കായി 8232 കാർഡുകൾ വിതരണം ചെയ്തു. 6,03,845 മുൻഗണനാ കാർഡുകൾ അർഹരുടെ കരങ്ങളിൽ എത്തിച്ചു. അതിദരിദ്രരായി കണ്ടെത്തിയ എല്ലാപേർക്കും മുൻഗണനാ റേഷൻ കാർഡുകളും നൽകി.

## പ്രധാനപദ്ധതികൾ

**ഒപ്പം** - റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത കിടപ്പുരോഗികളടക്കമുള്ളവരുടെ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹായത്തോടെ റേഷൻ വീട്ടിലെത്തിച്ചുനൽകുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലെ എല്ലാ താലൂക്കുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**സഞ്ചരിക്കുന്ന റേഷൻ കടകൾ** - ഒറ്റപ്പെട്ട മലയോരപ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി. നിലവിൽ 11 ജില്ലകളിലായി 21 താലൂക്കുകളിൽ 146 ആദിവാസി ഉന്നതികളിൽ 64 റേഷൻകടകളിൽനിന്നും വിതരണം നടത്തുന്നു.

**വിശപ്പുരഹിത കേരളം** - 30 രൂപ നിരക്കിൽ ഉച്ച ഭക്ഷണം ലഭിക്കുന്ന 47 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. പ്രതിമാസം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് പ്രയോജനം. സുഭിക്ഷ ഹോട്ടലുകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തുന്ന ജനകീയ ഹോട്ടലുകൾക്കും പ്രതിമാസം 600 കിലോ അരി 10.90 രൂപ നിരക്കിൽ നൽകുന്നു.

**സുജലം പദ്ധതി** - ശുദ്ധമായ കുടിവെള്ളം കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് എത്തിക്കുന്ന പദ്ധതി. KIIDC യുമായി സഹകരിച്ച് ലിറ്ററിനു 10 രൂപ നിരക്കിൽ ഹില്ലി അക്വാ കുപ്പിവെള്ളം റേഷൻ കടകളിലൂടെയും കെ-സ്റ്റോറുകളിലൂടെയും സപ്ലൈക്കോ വിൽപന ശാലകൾ വഴിയും ലഭ്യമാക്കി.

**തെളിമ** - റേഷൻ കാർഡിലെ തെറ്റുകൾ തിരുത്താൻ റേഷൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്ന 'തെളിമ' പദ്ധതിയിൽ എല്ലാ വർഷവും നവംബർ 15 മുതൽ സെപ്റ്റംബർ 15 വരെ ഈ സൗകര്യം ലഭ്യമാകും.

**ഫോർട്ടിഫൈഡ് അരി** - സൂക്ഷ്മപോഷകങ്ങളുടെ കുറവ് (പ്രത്യേകിച്ച് അനീമിയ) പരിഹരിക്കുന്നതിന് അയേൺ, ഫോളിക് ആസിഡ്, വിറ്റാമിൻ B12 എന്നീ സൂക്ഷ്മപോഷകങ്ങൾ ചേർത്ത് നിർമിക്കുന്ന സമ്പുഷ്ടീകരിച്ച അരിമണികൾ, സാധാരണ അരിയുടെ കൂടെ 1:100 എന്ന അനുപാതത്തിൽ ചേർത്ത് വിതരണം ചെയ്യുന്നു. വയനാട് ജില്ലയിൽ 2022 ആഗസ്റ്റിൽ ലഭ്യമാക്കിത്തുടങ്ങി. 2023 ജൂൺ മുതൽ എല്ലാ റേഷൻ കടകളിലും വിതരണം ചെയ്തുതുടങ്ങി. 2021 മുതൽ സ്കൂൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ ലഭ്യമാക്കിയിരുന്നു.

## വിപണി ഇടപെടൽ

- 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ.
- 34 പുതിയ സപ്ലൈകോ വിൽപനശാലകൾ. 60 വിൽപനശാലകൾ അപ്ഗ്രേഡ് ചെയ്തു. ആകെ 1630 വില്പനശാലകൾ.
- ഉത്സവസീസണുകളിൽ വിലക്കയറ്റം തടയാൻ സപ്ലൈകോ പ്രത്യേക മേളകൾ.
- അരി വിലവർധനവുണ്ടായപ്പോൾ

> **എല്ലാവർക്കും റേഷൻ കാർഡ് നൽകി എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പാക്കാൻ സംസ്ഥാനസർക്കാരിനായി. 714,986 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. ട്രാൻസ്ജെൻഡറുകൾ, തെരുവിൽ കഴിയുന്ന മനുഷ്യർ, കെട്ടിട ഉടമ വാടകച്ചീട്ടോ രസീതോ നൽകാൻ വിസമ്മതിക്കുന്ന വാടകത്താമസക്കാർ എന്നിവർക്കെല്ലാം ആധാർ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ കാർഡുകൾ അനുവദിച്ചു**




## പൊതുവിതരണത്തിന് ദേശീയാംഗീകാരം

റൂട്ട് ഓപ്റ്റിമൈസേഷൻ ഉൾപ്പെടെയുള്ള പൊതുവിതരണ ശൃംഖലയുടെ മെച്ചപ്പെട്ട പ്രവർത്തനം പരിഗണിച്ച് 2024ൽ കേന്ദ്രസർക്കാരിന്റെ പ്രശസ്തിപത്രം കേരള സർക്കാരിന് ലഭിച്ചു.

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് ഒന്നാം സ്ഥാനത്തേക്ക് മുന്നേറാൻ കഴിഞ്ഞതിൽ കേന്ദ്രസർക്കാർ പരിഗണിച്ചത് 7 പരകേന്ദ്രീകൃത ഘടകങ്ങളും 2 വാണിജ്യ കേന്ദ്രീകൃത ഘടകങ്ങളുമാണ്. ഇതിലൊന്ന് മികച്ച പൊതുവിതരണസംവിധാനമാണ്.

സപ്ലൈകോയുടെ 'അരിവണ്ടികൾ' സംസ്ഥാനത്തുടനീളം സഞ്ചരിച്ച് ന്യായവിലയ്ക്ക് അരി ലഭ്യത ഉറപ്പുവരുത്തി.

- 35 ശതമാനം വരെ വിലക്കുറവോടെ ഔഷധങ്ങൾ ലഭ്യമാക്കുന്ന 88 മെഡിക്കൽ സ്റ്റോറുകൾ സപ്ലൈകോയ്ക്ക് കീഴിൽ.
- അത്യാധുനികമായ ഷോപ്പിങ് അനുഭവത്തിനായി സിഗ്നേച്ചർ മാർട്ടുകൾ ആരംഭിക്കുന്നു. തലശ്ശേരിയിൽ ആദ്യ സിഗ്നേച്ചർ മാർട്ട് തുറന്നു.

### നെല്ല് സംഭരണം

വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയ്ക്ക് കീഴിലുള്ള നെല്ല് സംഭരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോ പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാർ കർഷകർക്ക് നൽകുന്ന താങ്ങുവിലയ്ക്ക് പുറമേ, കേരള സർക്കാർ പ്രോത്സാഹന ബോണസ് കൂടി നൽകുന്നു. നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന വില സംസ്ഥാനത്താണ് - കിലോഗ്രാമിന് 30 രൂപ. നാല് വർഷത്തിനുള്ളിൽ പ്രോത്സാഹന ബോണസായി നൽകിയത്. 2187.1 കോടി രൂപ. നാലു വർഷങ്ങളിലായി 7344.39 കോടി രൂപ സംഭരണ വിലയായി കർഷകർക്ക് വിതരണം ചെയ്തു.

### ഉപഭോക്തൃകാര്യം

ഓൺലൈൻ കേസ് ഫയലിങ് സംവിധാനമായ ഇ-ജാഗ്രിതി നടപ്പിലാക്കി.

പൊതുജനോപകാര പ്രസക്തമായ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവുകൾ സോഷ്യൽ മീഡിയയിൽ.

എല്ലാ കമ്മീഷനുകളിലും മീഡിയേഷൻ സെല്ലുകൾ.

കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി തുടർച്ചയായ അദാലത്തുകൾ.

# കെ-സ്റ്റോർ

പൊതുവിതരണ സംവിധാനത്തെ ആധുനീകീകരിക്കുന്ന കെ-സ്റ്റോർ പ്രവൃത്തിപഥത്തിൽ. നിലവിൽ 2181 കെ-സ്റ്റോറുകൾ. പടിപടിയായി മുഴുവൻ റേഷൻ കടകളും കെ-സ്റ്റോറുകളാക്കും

# കെ. സ്റ്റോറിൽ എന്തെല്ലാം

ചെറുകിട ബാങ്കിങ് സേവനങ്ങൾ 10,000രൂപവരെ പിൻവലിക്കാൻ കഴിയുന്ന മിനി എ.ടി.എം.

യൂട്ടിലിറ്റി പേമെന്റ് - വൈദ്യുതി, വെള്ളക്കരം ഉൾപ്പെടെയുള്ളവയുടെ ബില്ലുകൾ അടക്കാം.

പാചകവാതക വിതരണം - ചോട്ടു ഗ്യാസുകൾ വിപണനം ചെയ്യുന്നു.

സപ്ലൈകോ, മിൽമ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനം.

ചെറുകിട സംരംഭകർക്ക് വിപണന സാധ്യതയും റേഷൻ വ്യാപാരികൾക്ക് അധിക വരുമാനവും.



സൗജന്യ നിയമസഹായത്തിനായി സംസ്ഥാന ജില്ലാ കമ്മീഷനുകളിൽ നിയമ സഹായ കേന്ദ്രങ്ങൾ.

തിരഞ്ഞെടുത്ത കൺസ്യൂമർ ക്ലബ്ബുകൾക്കും സന്നദ്ധസംഘടനകൾക്കും ഉപഭോക്തൃ അവാർഡ്.

സ്കൂളുകളിൽ ബോധവൽകരണ പ്രവർത്തനങ്ങൾകകായി മൊബൈൽ പ്രദർശന സംവിധാനമായ ദർപ്പണം.

ഡയറക്ട് സെല്ലിങ് കമ്പനികൾക്ക് എൻറോൾ ചെയ്യുന്നതിനായിwww.direct.selling.kerala.gov.in എന്ന വെബ്സൈറ്റ് നവീകരിച്ച് പ്രവർത്തനസജ്ജമാക്കി. ഡയറക്ട് സെല്ലിങ് കമ്പനികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി മോണിറ്ററിങ് സംവിധാനം, പ്രവർത്തന മാർഗരേഖ എന്നിവ തയ്യാറാക്കി.

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ പൂർണ്ണമായും ഓൺലൈൻ ആകുന്നു

## ലീഗൽ മെട്രോളജി

**ഫ്ളോമീറ്റർ കാലിബ്രേഷൻ ലാബ്**

ഓയിൽ കമ്പനികളിൽ നിന്നുള്ള ഇന്ധന വിതരണവും വിമാനങ്ങൾക്കുള്ള ഇന്ധനവിതരണവും ക്രമീകരിക്കുന്നതിനുള്ള ഫ്ളോമീറ്ററുകൾ കാലിബ്രേറ്റ് ചെയ്യുന്നതിന് എറണാകുളം സെൻട്രൽ ലാബിൽ ഫ്ളോമീറ്റർ കാലിബ്രേഷൻ യൂണിറ്റ് നിർമ്മിച്ചു.

**ഓപ്പറേഷൻ ജാഗ്രത** - വ്യാപാര സ്ഥാപനങ്ങളിലെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായുള്ള പദ്ധതി. 1,24,70,000 രൂപ പിഴ ഈടാക്കി

**ഓപ്പറേഷൻ ക്ഷമത** - പെട്രോൾ ഡീസൽ വിതരണ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധനകൾക്കായി ഓപ്പറേഷൻ ക്ഷമത നടപ്പിലാക്കി. 1,66,500 രൂപ പിഴ ഈടാക്കി.

**ക്ലിനിക്കൽ തെർമോമീറ്റർ ലാബ്** - ക്ലിനിക്കൽ തെർമോമീറ്ററുകളുടെ പരിശോധനക്കായി ഒരു ലാബ് എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സജ്ജീകരിച്ചു.

സ്ഫിഗ്മോമാനോമീറ്റർ ലാബ് - എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ സ്ഫിഗ്മോമാനോമീറ്ററുകളുടെ കൃത്യത ഉറപ്പ് വരുത്താൻ വെരിഫിക്കേഷൻ ലാബോറട്ടറി യൂണിറ്റ് നിർമ്മിച്ചു.

**ഈസ് ഓഫ് ഡൂയിങ് ബിസിനസ്** - ഈസ് ഓഫ് ഡൂയിങിന്റെ ഭാഗമായുള്ള നിർദിഷ്ട പരിഷ്കാരങ്ങൾ പൂർത്തീകരിച്ചു. രജിസ്ട്രേഷൻ, ലൈസൻസിങ്, വെരിഫിക്കേഷൻ എന്നിവയുള്ള നടപടികൾ ലളിതമാക്കി.

ലീഗൽ മെട്രോളജി ഭവൻ കാസർഗോഡ്, വയനാട് പ്രവർത്തനമാരംഭിച്ചു. കോട്ടയം, പാലക്കാട് ജില്ലകളിൽ നിർമ്മാണം പൂർത്തിയാകുന്നു.■

**വികസനരംഗത്ത് കേരളം കുതിക്കുകയാണ്. വികസന മുന്നേറ്റത്തിന് യാതൊരു തടസ്സവും നേരിടാതെ വിഭവങ്ങളെത്തിക്കാൻ സർക്കാർ ജാഗരൂകമായിരുന്നു. വികസനപ്രവർത്തനങ്ങൾ നടത്തുന്ന കിഫ്ബിയ്ക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതും സംസ്ഥാനസർക്കാരാണ്. ഈ സർക്കാരിന്റെ ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ മുൻഗണന വികസനത്തിനൊപ്പം ക്ഷേമം എന്നതാണ്.**




# കരുതൽ തുടരും



## കിഫ്ബിയിലൂടെ വളർച്ച

കിഫ്ബി വഴി 93,749 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ. 2025 സെപ്റ്റംബർവരെ പൂർത്തിയായത് 104 പദ്ധതികൾ. ഇതിനായി ചെലവിട്ടത് 21,881 കോടി രൂപ. കിഫ്ബി പദ്ധതികൾക്കായി കിഫ്ബി ആകെ വിതരണം ചെയതത് 37,564 കോടി രൂപ. ആരോഗ്യം, വിദ്യാഭ്യാസം, തീര സംരക്ഷണം, ശുദ്ധജല വിതരണം, ഊർജ വിതരണ പ്രസരണ ശൃംഖലകൾ, റോഡ്, പാലം, റെയിൽവേ മേൽപ്പാലങ്ങൾ ഉൾപ്പെടെ ഏതാണ്ട് 22 ൽപരം മേഖലകളിൽ ഒട്ടേറെ പദ്ധതികൾ പൂർത്തീകരിക്കാനായി.



നമ്മൾ ഏറ്റെടുത്തിട്ടുള്ള സാമൂഹിക സുരക്ഷാ, ക്ഷേമപദ്ധതികളെയെല്ലാം ശാക്തീകരിക്കുക, ഒപ്പം കാൽ നൂറ്റാണ്ടിന് അപ്പുറമുള്ള കേരളത്തിന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് അവ ഇന്നേ സജ്ജമാക്കുക എന്നീ ലക്ഷ്യങ്ങൾ കുള്ള കർമ്മപരിപാടികളാണ് ഒന്നും രണ്ടും പിണറായി സർക്കാരുകൾ ആവിഷ്കരിച്ചതും പ്രവൃത്തിപഥത്തിൽ എത്തിച്ചതും. നമുക്ക് മുന്നിൽ ഒട്ടേറെ വെല്ലുവിളികളുണ്ടായിരുന്നു. ഒരുഭാഗത്ത് കോവിഡ് മഹാമാരി ഉൾപ്പെടെ പ്രകൃതി ദുരന്തങ്ങൾ, മറുഭാഗത്ത് സാമ്പത്തിക ഞെരുക്കം. പക്ഷേ, ഇവയ്ക്കൊന്നും തന്നെ കേരളത്തിന്റെ മുന്നേറ്റത്തെ തടസ്സപെടുത്താൻ കഴിഞ്ഞില്ല. നവകേരളസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് ഒരു സാമ്പത്തിക തടസ്സവും ഉണ്ടാകാതെയിരിക്കാൻ കഴിഞ്ഞ വർഷങ്ങളിലെ ധനകാര്യ മാനേജ്മെന്റിന് കഴിഞ്ഞിട്ടുണ്ട്.

നാം കൈവരിച്ച ഈ നേട്ടങ്ങളുടെയെല്ലാം അടിസ്ഥാനം ഭരണത്തുടർച്ചയായിരുന്നു. വികസനപദ്ധതികൾ തുടർച്ച ഉറപ്പാക്കി മുന്നോട്ടുകൊണ്ടുപോകാനും സമഗ്രമായ കാഴ്ചപ്പാടോടെ അവ പൂർത്തീകരിക്കാനും സാധ്യമാകുന്നത് ഈ ഭരണത്തുടർച്ചയുടെ അടിസ്ഥാനത്തിലാണ്. കൂടുതൽ മികവോടെയും കരുത്തോടെയും കേരളത്തിന് മുന്നോട്ട് കുതിക്കേണ്ടതുണ്ട്. സർക്കാർ നടപ്പിലാക്കുന്നതും ആവിഷ്കരിച്ചതുമായ പദ്ധതികളുടെ പൂർത്തീകരണവും തുടർപ്രവർത്തനങ്ങളും ഭാവികേരളത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ സർക്കാരിന്റെ വികസന,ക്ഷേമപ്രവർത്തനങ്ങളും കരുതലുകളും തുടരുകതന്നെ ചെയ്യും.

കേരളത്തിന്റെ 100 രൂപ ചെലവിൽ 82 ഉം കണ്ടെത്തുന്നത് സംസ്ഥാനമാണ്. കേന്ദ്രവിഹിതം 18 രൂപ മാത്രം. വർഷം ശരാശരി 25,000 കോടി രൂപയുടെയെങ്കിലും വായ്പാനുമതി നിഷേധിക്കുന്നു

കേന്ദ്രപദ്ധതികളുടെ കേന്ദ്രവിഹിതങ്ങൾ ഗണ്യമായി കുറഞ്ഞു. 90:10 വരെയായിരുന്ന കേന്ദ്ര സംസ്ഥാന വിഹിതം 60:40 ആയി. പല കേന്ദ്രപദ്ധതികൾക്കും കേന്ദ്രവിഹിതം പൂർണ്ണമായും ഇല്ലാതായി. ഈ വർഷം കേന്ദ്രപദ്ധതികളിലെ കേന്ദ്രവിഹിതം തരാനുള്ളത് 5,800 കോടി രൂപയാണ്. തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ മാറ്റിയതിലൂടെ കേരളത്തിന് പ്രതിവർഷം 3,000 കോടി രൂപയുടെ അധിക ബാധ്യത.

അടിക്കടിയുള്ള ജി.എസ്.ടി നിരക്ക് മാറ്റം സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനം ഇല്ലാതാക്കുന്നതാണ്. ജി.എസ്.ടി നിരക്ക് കുറവിന് ആനുപാതികമായി സാധനങ്ങളുടെ വില കുറയുന്നില്ല. നേട്ടം ഉൽപ്പാദക കമ്പനികൾക്കാണ്.

### തനതുവരുമാനത്തിൽ വലിയ വളർച്ച

- തനതുനികുതി, നികുതിയേതര വരുമാനത്തിൽ വലിയ വളർച്ച
- തനതുനികുതി വരുമാനം 38,995 കോടി രൂപയിൽനിന്ന് 90,000 കോടി രൂപയിലേക്ക് എത്തി
- തനതുനികുതിയേതര വരുമാനം 8,425 കോടി രൂപയിൽനിന്ന് 19,000 കോടി രൂപയിലേക്ക് എത്തി
- മൊത്തം തനതുവരുമാനം 47,420 കോടി രൂപയിൽനിന്ന് ഒരു ലക്ഷം കോടി രൂപയിലേക്ക് എത്തി
- നികുതി, നികുതിയേതര സമാഹരണം ശാക്തീകരിച്ചു. നികുതിയേതര വരുമാന സമാഹരണത്തിനും പ്രാധാന്യം നൽകുന്നു. ജി.എസ്.ടി വകുപ്പ് പുനസംഘടന ഏറ്റവും മികച്ച നിലയിൽ നടത്തിയ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം
- സംസ്ഥാനത്തിന്റെ കടം കുറയുന്നു
- കടം ആഭ്യന്തര ഉൽപ്പാദന അനുപാതം




2020-21 ൽ 38.47 ശതമാനമായിരുന്നത് 2024-25 ൽ 34.87 ശതമാനത്തിലേക്ക് താഴ്ന്നു

- അഞ്ചുവർഷത്തിൽ വായ്പയിൽ ഒന്നേകാൽ ലക്ഷം കോടി രൂപയുടെ കുറവ്
- കേരളം രണ്ട് ട്രില്യൺ ബജറ്റിലേക്ക്
- വരവും ചെലവും രണ്ടുലക്ഷം കോടി രൂപയായി മാറി
- പൊതുചെലവിൽ ഗണ്യമായ ഉയർച്ച. പൊതുചെലവിൽ സർവകാല റെക്കോർഡ്
- 2011-16 ൽ വാർഷിക പൊതുചെലവ് ശരാശരി 68,028 കോടി രൂപ
- 2016-21 ൽ വാർഷിക പൊതുചെലവ് ശരാശരി 1.17 ലക്ഷം കോടി രൂപ
- 2021-2024 ൽ വാർഷിക പൊതുചെലവ് ശരാശരി 1.64 ലക്ഷം കോടി രൂപ

## സാർവത്രിക ക്ഷേമം

- ക്ഷേമപെൻഷൻ 600 രൂപയിൽനിന്ന് 2,000 രൂപയാക്കി വർധിപ്പിച്ചു
- ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 34 ലക്ഷത്തിൽനിന്ന് 62 ലക്ഷമായി ഉയർന്നു
- എല്ലാ മാസവും ക്ഷേമപെൻഷൻ വിതരണം ഉറപ്പാക്കി
- സർവത്രിക സൗജന്യ ആരോഗ്യപരിരക്ഷ എന്ന ലക്ഷ്യത്തിലേയ്ക്ക് കുതിച്ച് കേരളം
- കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ (കാസ്പ്) 42 ലക്ഷം കുടുംബങ്ങൾ
- ഓരോ കുടുംബത്തിനും പ്രതിവർഷം അഞ്ചുലക്ഷം രൂപയുടെ സൗജന്യചികിത്സ
- കാസ്പിനായി സംസ്ഥാനം ഇതുവരെ നൽകിയത് 4,541 കോടി രൂപ. കേന്ദ്ര സർക്കാർ വിഹിതം നൽകിയത് 853 കോടി രൂപ മാത്രം
- സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആശ്രിതർക്കും ആരോഗ്യസുരക്ഷ ഉറപ്പാക്കാൻ മെഡിസെപ് ആരോഗ്യ സുരക്ഷ പദ്ധതി കൂടുതൽ ആകർഷകമായ നിലയിൽ ഫെബ്രുവരി 1 മുതൽ നടപ്പാവുകയാണ്.
- എല്ലാവർക്കും വീട് ഉറപ്പാക്കുന്ന ലൈഫ് ഭവന പദ്ധതിക്ക് സംസ്ഥാനസർക്കാർ നൽകിയത് 5,849 കോടി രൂപ
- എല്ലാവർക്കും കുടിവെള്ളം ഉറപ്പാക്കുന്ന ജലജീവൻ മിഷൻ പദ്ധതിക്ക് സംസ്ഥാനം നൽകിയത് 6,033 കോടി രൂപ
- കെ.എസ്.ആർ.ടി.സിക്ക് പ്രതിമാസം മാറ്റിവയ്ക്കുന്നത് 123 കോടി രൂപ. ഒമ്പത് വർഷം നൽകിയത് 13,029.72 കോടി രൂപ. രണ്ടാം പിണറായി സർക്കാർ 8,027.72 കോടി രൂപ. 2011-16ലെ സർക്കാർ അഞ്ചുവർഷത്തിൽ നൽകിയത് 1,466 കോടി രൂപ മാത്രം
- ആശവർക്കർമാരുടെ ഓണറേറിയം 1,000 രൂപയിൽനിന്ന് 8,000 രൂപയായി ഉയർത്തി
- അങ്കണവാടി വർക്കർമാർക്ക് വേതനം 14,000 രൂപ വരെയും ഹെൽപർമാർക്ക് വേതനം 10,000 രൂപയുമായി ഉയർത്തി

**എല്ലാവർക്കും റേഷൻ കാർഡ് നൽകി എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പാക്കാൻ സംസ്ഥാനസർക്കാരിനായി. 714,986 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. ട്രാൻസ്ജെൻഡറുകൾ, തെരുവിൽ കഴിയുന്ന മനുഷ്യർ, കെട്ടിട ഉടമ വാടകച്ചീട്ടോ രസീതോ നൽകാൻ വിസമ്മതിക്കുന്ന വാടകത്താമസക്കാർ എന്നിവർക്കെല്ലാം ആധാർ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ കാർഡുകൾ അനുവദിച്ചു**

## കേരളത്തിന്റെ ധനമാനേജ്മെന്റ് മെച്ചമെന്ന് കേന്ദ്ര ഏജൻസികൾ

- സാമ്പത്തിക ചിട്ടപ്പെടുത്തലിൽ കേരളം ബഹുദൂരം മുന്നിലെന്ന് ആർ.ബി.ഐയും സി & എ.ജിയും
- ധനദൃഢീകരണത്തിൽ മുന്നിൽനിൽക്കുന്ന സംസ്ഥാനങ്ങളിൽ കേരളം അഞ്ചാമത്
- കേരളത്തിന് ഇരട്ടിയിലേറെ സാമ്പത്തിക വളർച്ച
- ശരാശരി 12 ശതമാനം സാമ്പത്തിക വളർച്ച സാധിക്കുന്നു
- കേരളത്തിന്റെ അഭ്യന്തര ഉൽപ്പാദനം 2015-16 ൽ 5.26 ലക്ഷം കോടി രൂപ. 2024-25 ൽ 12.49 ലക്ഷം കോടി രൂപ
- ആളോഹരി വരുമാനം 2016 ലെ 1,66,246 രൂപയിൽനിന്ന് 2024 ൽ 3,08,338 രൂപയിലെത്തി. പത്തുവർഷത്തിൽ ഇരട്ടിയോളം വർധന
- മൂലധന ചെലവിൽ ഗണ്യമായ വർധന

- സ്കൂൾ ഉച്ചഭക്ഷണ തൊഴിലാളികളുടെ ദിവസ വേതനം 650 രൂപയായി ഉയർത്തി. 150 നമുകളിൽ കുട്ടികളുണ്ടെങ്കിൽ 75 രൂപകൂടി ലഭിക്കും
- പ്രീ പ്രൈമറി ടീച്ചർമാരുടെ വേതനം 13,500 രൂപ വരെയും ആയമാരുടെ വേതനം 8,500 രൂപ വരെയും ഉയർത്തി
- കുടുംബശ്രീ എ.ഡി.എസ്സുകൾക്ക് പ്രതിമാസം 1,000 രൂപ പ്രവർത്തനഗ്രാന്റ്
- റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്തി
- നെല്ലിന്റെ താങ്ങുവില 30 രൂപയാക്കി ഉയർത്തി
- 35 -നും 60 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രതിമാസം 1,000 രൂപ വീതം സ്ത്രീസുരക്ഷ പെൻഷൻ
- 18 -നും 30 നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷിക്കുന്ന യുവജനതയ്ക്ക് പരിശീലനത്തിന് പ്രതിമാസം 1,000 രൂപ സ്കോളർഷിപ്പ്
- വിലക്കയറ്റവിരുദ്ധ വിപണി ഇടപെടലിന് ഒമ്പതര വർഷം നൽകിയത് 7,801 കോടി രൂപ.
- നെല്ല് സംഭരണത്തിന് സംസ്ഥാന സബ്സിഡിയായി 4,951 കോടി രൂപ.
- പട്ടികവിഭാഗങ്ങൾക്കുള്ള വാർഷിക പദ്ധതി അടങ്കൽ വകയിരുത്തൽ 12.7%. പട്ടികജാതി വിഭാഗത്തിന് വാർഷിക പദ്ധതി അടങ്കൽ 9.81%. പട്ടികവർഗ വിഭാഗത്തിന് വാർഷിക പദ്ധതി വകയിരുത്തൽ 2.87%
- കർഷകത്തൊഴിലാളികൾക്ക് രാജ്യത്ത് ഏറ്റവും ഉയർന്ന ദിവസക്കൂലി ലഭിക്കുന്ന സംസ്ഥാനം കേരളം. പ്രതിദിനം 868.7 രൂപ. 2015 ൽ ഇത് 608.8 രൂപ. തൊഴിലാളിക്ഷേമം ഉറപ്പാക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക
- കാർഷികേതര തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന കൂലി ലഭിക്കുന്ന സംസ്ഥാനം കേരളം. പ്രതിദിനം ശരാശരി 750 രൂപ. 2015 നെ അപേക്ഷിച്ച് 20 ശതമാനമാണ് കൂലി വർധിച്ചത്. തൊഴിലാളികൾക്ക് മാന്യമായ വേതനവും മെച്ചപ്പെട്ട ജീവിത സാഹചര്യവും കേരളം ഒരുക്കുന്നു
- ചെറുകിട വ്യാപാര മേഖലയ്ക്ക് ആശ്വാസമേകി കുടിശ്ശിക തീർപ്പാക്കാൻ ആംനസ്റ്റി പദ്ധതികൾ
- ജി.എസ്.ടി വകുപ്പ് പുനസംഘടനയിലൂടെ വ്യാപാരിദ്രോഹ നികുതി നടപടികൾ പൂർണ്ണമായും ഒഴിവാക്കി
- കേരളബാങ്ക്, കെ.എസ്.എഫ്.ഇ, കെ.എഫ്.സി എന്നിവ വഴി വ്യാപാരമേഖലയ്ക്ക് സഹായകമായ നിരവധി പദ്ധതികൾ

### വളരുന്ന പൊതു ധനമേഖല

- ഒരു ട്രില്യൺ ബിസിനസ്സ് മറികടന്ന് കെ.എസ്.എഫ്.ഇ.
- കേരള ഫിനാൻഷ്യൽ കോർപറേഷൻ AA റെറ്റിംഗുള്ള പൊതുമേഖല സ്ഥാപനമായി വളർന്നു.
- 927 കോടി രൂപ അടച്ചുതീർത്ത മൂലധനമുള്ള കെ.എഫ്.സിക്ക് അതിൽ 500 കോടി രൂപയും ലഭ്യമാക്കിയത് രണ്ടാം പിണറായി സർക്കാരാണ്
- കെ.എഫ്.സി മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ 3,183 പേർക്ക് 1,121 കോടി രൂപ വായ്പ നൽകി.
- കെ.എഫ്.സി സ്റ്റാർട്ടപ്പ് കേരള വായ്പ പദ്ധതിയിൽ സ്റ്റാർട്ടപ്പുകൾക്കായി 100 കോടി രൂപ വായ്പ നൽകി
- മൈസ് ടൂറിസം പ്രോൽസാഹനത്തിന് 50 കോടി രൂപവരെ വായ്പ
- കേരള ലോട്ടറിയിൽ രണ്ടുലക്ഷത്തിലേറെ പേർക്ക് ഉപജീവനം ഉറപ്പാക്കുന്നു. കേരള ലോട്ടറിയെ സംരക്ഷിക്കാൻ ശക്തമായ സർക്കാർ ഇടപെടലുകൾ
- സർക്കാർ ജീവനക്കാർക്കായി 'ജീവൻ രക്ഷ' ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം. ഒരംഗത്തിന്റെ സ്വാഭാവിക മരണത്തിന് കുടുംബത്തിന് 5 ലക്ഷം രൂപയുടെ പരിരക്ഷ.
- വിവരസാങ്കേതികവിദ്യയുടെ സഹായത്തിൽ ട്രഷറികളെ ആധുനികവൽക്കരിച്ചു. 20 ട്രഷറികൾക്ക് പുതിയ കെട്ടിടം. ട്രഷറി ഡയറക്ടറേറ്റിന് സ്വന്തം ആസ്ഥാനം. ■

**ഡോ. ആർ ബിന്ദു**
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി



സമഗ്രപരിഷ്കരണത്തിലൂടെ
വിജ്ഞാന സമ്പദ്‌വ്യവസ്ഥ
യിലേക്ക് നീങ്ങുകയാണ് കേരളം

ഒന്നായി തുടരാം
നവകേരളത്തിലേക്ക്



# ആഗോള ഉന്നതവിദ്യാഭ്യാസ ഹബ്ബാകാൻ കേരളം

അന്താരാഷ്ട്ര നിലവാരത്തിലുള്ള ബിരുദവിദ്യാഭ്യാസത്തിനു പിണറായി വിജയൻ സർക്കാർ കേരളത്തിലും തുടക്കം കുറിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവകലാശാലകളിലും വിദേശ സർവകലാശാലകളുടെ മാതൃകയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചു. ചരിത്രത്തിലാദ്യമായി ഉന്നതവിദ്യാഭ്യാസ മേഖലക്കായി സമഗ്ര പാഠ്യപദ്ധതിചട്ടക്കൂട്. മൂല്യനിർണ്ണയ രീതികളിലും പരീക്ഷയിലും സമൂലമാറ്റം. സർവകലാശാലകളിൽ പ്രവേശനം, പരീക്ഷകളുടെ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവയിൽ ഏകീകൃത കലണ്ടർ, ഭിന്നശേഷി വിദ്യാർഥികൾക്ക് പ്രത്യേക പരീക്ഷാരീതികൾ. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അധ്യയനരീതികൾ എന്നിവ നടപ്പായി. ഗ്രോസ് എൻറോൾമെന്റ് റേഷ്യോയിൽ (GER) ദേശീയതലത്തിൽ കേരളം ഏഴാം സ്ഥാനത്തുണ്ട്. കോളേജുകളുടെ എണ്ണത്തിൽ രാജ്യത്തെ പത്ത് മുൻനിര സംസ്ഥാനങ്ങളിലും. പുതുതായി 143 കോളേജുകൾ. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര വിദ്യാർഥികളിൽ നിന്നുള്ള അപേക്ഷകളുടെ എണ്ണത്തിൽ വൻ വർധനയുണ്ടായി.

സർവകലാശാലാ പ്രവർത്തനങ്ങൾക്ക് ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യാ സഹായം എത്തിക്കാൻ കെ-റീപ് (Kerala Resources For Education Administration & Planning / K-REA-P), നൈപുണ്യവികസനത്തിന് ആയിരത്തിലധികം സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ്, കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതികൾ, സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ Innovation & Entrepreneurship Development Centres ഇങ്ങനെ അനവധി നൂതന പദ്ധതികളും ആവിഷ്കരിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾക്കായി 6000 കോടി രൂപയിലധികം വിനിയോഗിച്ചു

സർവകലാശാല പഠനവകുപ്പുകളിൽ കഴിഞ്ഞ ഒൻപത് വർഷത്തിൽ 566 അധ്യാപക നിയമനങ്ങളും, 4081 അനധ്യാപക നിയമനങ്ങളും നടത്തി. സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ 441 അധ്യാപക നിയമനങ്ങളും 511 അനധ്യാപക-സാങ്കേതിക വിഭാഗം നിയമനങ്ങളും നടത്തി. പുതുതായി 103 അധ്യാപക തസ്തികകളും 60 അനധ്യാപക-സാങ്കേതിക തസ്തികകളും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 224 അധ്യാപക നിയമനങ്ങളും 333 അനധ്യാപക നിയമനങ്ങളും സൃഷ്ടിച്ചു.

## ഇന്റേൺഷിപ്പിനും പ്ലേസ്മെന്റിനും പോർട്ടൽ

- ഇന്നൊവേഷൻ ആശയങ്ങൾ വളർത്താൻ യംഗ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം
- വിളപ്പിൽശാലയിൽ സമ്പൂർണ്ണ റിസർച്ച് പാർക്കായി ടെസ്റ്റ് പാർക്ക്
- വിദ്യാർഥികളെ തൊഴിൽ നിപുണരാക്കുന്നതിനായി വിജ്ഞാനകേരളം - നൈപുണ്യപരിശീലന പദ്ധതി
- കേരളത്തിലെയും ക്യൂബയിലെയും സർവ്വകലാശാലകൾ തമ്മിൽ സഹകരിച്ച് ട്വിന്നിങ് പ്രോഗ്രാമുകൾ
- സംസ്ഥാനത്ത് വിവിധ സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസ കൗൺസിലിലുമായി 13 മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence)
- കേരള സർവകലാശാലയിൽ ഒമ്പത് നൂതന പഠനവകുപ്പുകൾ
- നവീനമേഖലകളിൽ കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ, കൊച്ചി, ശ്രീശങ്കരാചാര്യ സർവകലാശാലകളിൽ അഞ്ചുവർഷ കാലാവധിയിൽ പ്രോജക്ട് മോഡ് കോഴ്സുകൾ
- പിണറായി എജ്യുക്കേഷൻ ഹബ്ബ് നിർമ്മാണം പൂർത്തിയാകുന്നു.

## സാമൂഹികക്ഷേമത്തിലെ കേരളമാതൃക

രാജ്യത്ത് ആദ്യമായി 'വയോജന കമ്മിഷൻ' രൂപവൽക്കരിച്ചു മാതൃകയായ കേരളം നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്.

## ഭിന്നശേഷി ക്ഷേമം

പഠനത്തിലും തൊഴിലിലും കൂടുതൽ സംവരണം; നിയമനത്തിന് 1992 തസ്തികകൾകണ്ടെത്തി

ഭിന്നശേഷി വിദ്യാർഥികൾക്ക് ഉന്നതപഠനത്തിന് 5% സംവരണം

കുട്ടിരിപ്പുകാർക്കായുള്ള 'ആശ്വാസകിരണം' കൂടുതൽ പേരിലേക്ക്, 22700 പേർക്ക് കൂടി പദ്ധതിയുടെ ആനുകൂല്യം

- കെ എസ് ആർ ടി സി ലോഫ്ളോർ ബസ്സിൽ ഭിന്നശേഷി പരിപാലന സംവിധാനങ്ങളോടെ ഗ്രാമാന്തരങ്ങളിൽ വരെ റീഹാബ് സേവനം
- രാജ്യത്താദ്യമായി ഭിന്നശേഷി പുനരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം NIPMR ൽ തുടങ്ങി
- മലയാള അക്ഷരമാലയ്ക്ക് ആദ്യമായി ആംഗ്യഭാഷാ ലിപി രൂപകല്പന ചെയ്തു NISH .
- ഭിന്നശേഷിക്കാരുടെ സമഗ്രമായ അവകാശങ്ങളെ അടിസ്ഥാനമാക്കി, ജീവിത ചക്ര സമീപനത്തെ അവലംബിച്ച്, 'State Initiative on Disability' സംരംഭം: 'അനുയാത്ര'
- എല്ലാ പൊതുവിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഭിന്നശേഷിക്കാർക്ക് പ്രാപ്യമാക്കുന്നതിന് 'ബാരിയർ ഫ്രീ കേരള' സംരംഭം

> **ഗ്രോസ് എൻറോൾമെന്റ് റേഷ്യോയിൽ (GER) ദേശീയതലത്തിൽ കേരളം ഏഴാം സ്ഥാനത്തുണ്ട്. കോളേജുകളുടെ എണ്ണത്തിൽ രാജ്യത്തെ പത്ത് മുൻനിര സംസ്ഥാനങ്ങളിലും. പുതുതായി 143 കോളേജുകൾ. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര വിദ്യാർഥികളിൽ നിന്നുള്ള അപേക്ഷകളുടെ എണ്ണത്തിൽ വൻ വർധനയുണ്ടായി.**

- ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു
- ഭിന്നശേഷിയുള്ള അഗതികൾക്കും അനാഥർക്കും സ്ഥാപനപരമായ പുനരധിവാസ സേവനങ്ങൾ, 14 ക്ഷേമ സ്ഥാപനങ്ങളിൽ സേവനം
- പാലക്കാട് അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി പുനർജ്ജനി പദ്ധതി
- കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 'സഹജീവനം സ്നേഹഗ്രാമം' പുനരധിവാസഗ്രാമം ആരംഭിച്ചു
- ഭിന്നശേഷിക്കാർക്കുള്ള സഹായഉപകരണ വിതരണം കാര്യക്ഷമമാക്കാൻ ഓൺലൈൻ സംവിധാനം
- ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും



## സ്കോളർഷിപ്പുകൾ

പ്രതിമാസം അരലക്ഷം രൂപ (രണ്ടാം വർഷം പ്രതിമാസം ഒരുലക്ഷം രൂപ) ഫെല്ലോഷിപ്പായി നൽകുന്ന 'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ'

സംസ്ഥാനത്തെ ഗവേഷകവിദ്യാർഥികൾക്ക് അന്താരാഷ്ട്ര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്കോളർഷിപ്പുകൾക്ക് പത്തു കോടി രൂപ നൽകി

നിലവിൽ ഒരു സ്കോളർഷിപ്പും ലഭിക്കാത്ത മുഴുവൻ ഗവേഷണ വിദ്യാർഥികൾക്കും പ്രതിമാസം 10000 രൂപ വീതമുള്ള സ്കോളർഷിപ്പ്

മലയാളികളായ ഗവേഷക പ്രതിഭകൾക്കായി നാല് മേഖലകളിൽ കൈരളി പുരസ്കാരങ്ങൾ

ഏകീകൃത തിരിച്ചറിയൽ കാർഡുകൾ

കേൾവി വൈകല്യം നേരത്തെ കണ്ടെത്താൻ 'കാതോരം' 14 ജില്ലാ ആശുപത്രികളിലും

ഭിന്നശേഷി സേവനങ്ങൾ അറിയാൻ ഹെൽപ്പ് ഡെസ്ക് (1800 120 1001 ടോൾഫ്രീ)

ഓട്ടിസം കുട്ടികൾക്കായി 'സ്പെക്ട്രം' -എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ

- ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കാൻ പ്രത്യേക പദ്ധതി
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യമായി മരുന്നും ചികിത്സയും
- കലാപരമായി അനുഗൃഹീതരായ ഭിന്നശേഷി വിഭാഗത്തിൽ വരുന്ന കലാപ്രതിഭകൾക്ക് പിന്തുണ നൽകാൻ ആർട്ട് ഗ്രൂപ്പ് - "റിഥം" - രൂപീകരിച്ചു

### മികവോടെ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

- കാഴ്ച - കാഴ്ചപരിമിതിയുള്ള ഭിന്നശേഷിക്കാർക്ക് 1000 സ്മാർട്ട്ഫോണുകളും 100 ലാപ്ടോപ്പുകളും വിതരണം ചെയ്യുന്ന പദ്ധതിക്കായി 1.70 കോടി രൂപ ചെലവഴിച്ചു
- ശുഭയാത്ര -മുച്ചക്രവാഹനങ്ങൾ ഉൾപ്പെടെ 120 ഓളം ഇനം സഹായ ഉപകരണങ്ങൾ ആയിരക്കണക്കിന് ഭിന്നശേഷിക്കാർക്ക് സൗജന്യമായി നൽകി.
- മെറിഹോം ഭവന വായ്പാപദ്ധതിയിൽ 241 പേർക്ക് ഭവനവായ്പ നൽകി
- കഴിഞ്ഞ ഒമ്പതു വർഷത്തിനിടയിൽ 150 കോടി രൂപ വായ്പകൾ അനുവദിച്ചു
- ശ്രവണ- കേൾവി പരിമിതർക്ക് പ്രോഗ്രാം ചെയ്ത് സഹായ ഉപകരണ വിതരണം
- **ഹസ്തദാനം:** തീവ്രഭിന്നശേഷിയുമുള്ളവർക്ക് 18 വയസ്സുവരെ സ്ഥിര നിക്ഷേപം. 10000 രൂപയിൽ നിന്ന് 15000 രൂപയാക്കിയും പിന്നീട് 20000 രൂപയാക്കിയും വർധിപ്പിച്ചു. 2383 പേർക്ക് 472.70 ലക്ഷം രൂപ സ്ഥിര നിക്ഷേപം അനുവദിച്ചു
- **ബാങ്ക് ലോൺ സബ്സിഡി:** ഒരു ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പക്ക് സബ്സിഡി. 727 പേർക്ക് 176.39 ലക്ഷം രൂപ മുൻവർഷങ്ങളിൽ

## വാർധക്യത്തിന് കരുതൽ

**വയോജനങ്ങൾക്ക് പുതുതലമുറയുമായി സംവദിക്കുന്നതിനും മാനസികോല്ലാസത്തിനും 'സല്ലാപം' ഫോൺ എ ഫ്രണ്ട് പ്രോഗ്രാം, അത്യാവശ്യവേളകളിൽ വിളിക്കാൻ എൽഡർ ലൈൻ ഹെൽപ്പ് ലൈൻ (ടോൾഫ്രീ നമ്പർ 14567) ആരംഭിച്ചു.**

**കിടപ്പുരോഗി സംരക്ഷണത്തിന് 'വയോസാന്ത്വനം'. ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്നവർക്ക് ക്ഷേമമന്ദിരങ്ങളിൽ പുനരധിവാസം ഉറപ്പാക്കി. ബിപിഎൽ വിഭാഗത്തിൽപ്പെട്ട പ്രായമായ പ്രമേഹരോഗികൾക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി വിതരണം ചെയ്യുന്നു, 'വയോ മധുരം' പദ്ധതിയിൽ. ചിരി മായാതിരിക്കാൻ കൃത്രിമദന്തനിര നല്കുന്നു, 'മന്ദഹാസം' പദ്ധതിയിൽ. സൗജന്യ മെഡിക്കൽ പരിശോധന, സൗജന്യ മരുന്ന്, പാലിയേറ്റീവ് കെയർ സപ്പോർട്ട് എന്നിവയ്ക്കായി മൊബൈൽ ക്ലിനിക്കുകൾ വഴി 'വയോ മിത്രം' പദ്ധതി.**

**സുസ്ഥിര വയോജനസൗഹൃദ അന്തരീക്ഷത്തിനായി 'സായംപ്രഭ', ഓൾഡ് ഏജ് ഹോമുകൾ നവീകരിച്ചു. സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനുള്ള 'വയോ അമൃതം' പദ്ധതി. 'വയോരക്ഷ' പദ്ധതിയിൽ നിർധന വയോജനങ്ങൾക്ക് പുനരധിവാസവും അടിയന്തര വൈദ്യസഹായസേവനങ്ങളും നൽകുന്നു.**

അനുവദിച്ചു. പത്തുലക്ഷം രൂപ വരെയുള്ള വായ്പക്ക് സബ്സിഡി

- **സാഫല്യം ഭിന്നശേഷി വയോജന പരിപാലന കേന്ദ്രം:** 50 വയസ്സിന് മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാരെ കുടുംബാന്തരീക്ഷത്തിൽ സംരക്ഷിക്കാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി ചേർന്ന് പാറശ്ശാല കൊറ്റാമത്ത് സാഫല്യം പരിപാലനകേന്ദ്രം. 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യത്തോടെ. 109 ലക്ഷം രൂപ ഇതിനായി നൽകി
- **ആശ്വാസം പദ്ധതി:** ഈട് വയ്ക്കാൻ വസ്തുവോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് സൂക്ഷ്മ ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കാൽ ലക്ഷം രൂപ വീതം ധനസഹായം. 435 പേർ ക്ക് 108.75 ലഷം രൂപ നൽകി
- **സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം:** ഭിന്നശേഷിക്കാർക്കുള്ള സ്വയംസഹായ സംഘങ്ങൾക്ക് 20000 രൂപ വീതം ചെറുകിട സംരംഭങ്ങൾ നൽകുന്നതിന് ധനസഹായം. ഈ സർക്കാരിന്റെ കാലത്ത് വിവിധ കാലയളവിൽ പതിനായിരം രൂപയിൽ നിന്ന് നിന്ന് ധനസഹായം 20000/ രൂപയാക്കി. 131 സംഘങ്ങൾക്ക് 16.60 ലക്ഷം അനുവദിച്ചു.
- **മുച്ചക്രവാഹന സബ്സിഡി:** സ്വന്തമായി സ്കൂട്ടർ വാങ്ങുന്ന ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിക്കാൻ 15000/ രൂപ വീതം ധനസഹായം. ഈ സർക്കാരിന്റെ കാലത്താണ് ഈ തുക 15000 രൂപയായി വർധിപ്പിച്ചത്. 174 പേർക്ക് 24.09 ലക്ഷം രൂപ ഇതുവരെ നൽകി
- **കൈവല്യ:** എംപ്ലോയ്മെന്റ് വകുപ്പുമായി ചേർന്ന് 7449 പേർക്ക് 50000 രൂപ വീതം വായ്പ. കൈവല്യയിലെ തീർപ്പാക്കാനുണ്ടായിരുന്ന 7449 അപേക്ഷകൾ തീർപ്പാക്കി

### ട്രാൻസ്ജെൻഡർ ക്ഷേമം

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമഗ്ര ക്ഷേമത്തിനുള്ള പദ്ധതിയായി 'മഴവില്ല്'

- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കും അഞ്ചു ലക്ഷം രൂപ വരെ ധനസഹായം
- സുരക്ഷിതഭവനം ഉറപ്പു വരുത്തുന്നതിന് 'സുഭദ്രം' പദ്ധതി
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക സീറ്റ് സംവരണം
- അടിയന്തിര ഘട്ടങ്ങളിൽ വിളിക്കാവുന്ന ടോൾ ഫ്രീ നമ്പർ 18004252147
- മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനും 'വർണം', 'സഫലം', 'യത്നം' പദ്ധതികൾ
- വൈജ്ഞാനിക തൊഴിൽ പദ്ധതിയായി 'പ്രൈഡ്'
- ദേശീയ അന്തർദ്ദേശീയതലങ്ങളിൽ സൗന്ദര്യ മത്സരം, കലാകായിക മത്സരം തുടങ്ങിയവയിൽ പങ്കെടുക്കുന്നവർക്ക് 'പ്രതിഭ' ധനസഹായ പദ്ധതി
- എറണാകുളം ജില്ലയിൽ 24x7 സഹായം നൽകാൻ ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ
- നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് ധനസഹായം
- ലിംഗമാറ്റ ശസ്ത്രക്രിയ നടത്താൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 2,00,000 രൂപ വരെ ധനസഹായം
- Sex Reassignment Surgery കഴിഞ്ഞുവരുന്ന ചികിത്സ, മരുന്ന് മുതലായ തുടർ ചികിത്സച്ചെലവുകൾക്കായി 3,000 രൂപ വീതം പന്ത്രണ്ട് മാസം ധനസഹായം
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകാൻ 'സാകല്യം' പദ്ധതി
- ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് പഠന സഹായ സ്കോളർഷിപ്പ്
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അംഗീകൃത തിരിച്ചറിയൽ കാർഡുകൾ■

ജെ ചിഞ്ചുറാണി
മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി



**വികസനപാതയിൽ, ജനങ്ങളുടെ നിത്യജീവിതവുമായി ഏറ്റവും അടുത്ത് നിൽക്കുന്ന മേഖലയായി മൃഗസംരക്ഷണ, ക്ഷീരവികസന മേഖല മാറിയിരിക്കുന്നു എന്നതാണ് കഴിഞ്ഞ 10 വർഷത്തെ യഥാർഥ ഭരണനേട്ടം. സ്ത്രീകൾ, യുവസംരംഭകർ, പ്രവാസി മലയാളികൾ, വീട്ടമ്മമാർ തുടങ്ങി വിവിധ സമൂഹവിഭാഗങ്ങളെ ആകർഷിക്കുന്ന പദ്ധതികൾ മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകരുടെ ജീവിതനിലവാരം ഉയർത്തുവാൻ സർക്കാർ സമഗ്രമായ ഇടപെടലുകളാണ് നടത്തുന്നത്.**

# ക്ഷീര സ്വയംപര്യാപ്തത സമഗ്ര പരിരക്ഷ



കേരളത്തിൽ 94 ശതമാനത്തിലേറെ പശുക്കളും സങ്കരവർഗത്തിൽപ്പെടുന്നതാണ്, അവയുടെ ശരാശരി പ്രതിദിന പാലുൽപ്പാദനം 10.79 കി.ഗ്രാം ആയി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. ദേശീയതലത്തിൽ ഇക്കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. പാലിന്റെ ആവശ്യകതയുടെ ഏകദേശം 80 ശതമാനത്തോളം ആഭ്യന്തരമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്നു എന്നത് മറ്റൊരു കാർഷികോൽപ്പന്നത്തിനും അവകാശപ്പെടാൻ പറ്റാത്ത നേട്ടമാണ്. കഴിഞ്ഞ 10 വർഷങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി ആകെ 922.51 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ആണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്. ഇക്കാലയളവിൽ ഏകദേശം 44,369 കറവപശുക്കളേയും 10,906 കിടാരികളേയും പുതുതായി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷം ചരിത്രത്തിലെ ഏറ്റവും ഉയർന്ന പദ്ധതിവിഹിതമായ 143 കോടി രൂപയിലധികം ചെലവഴിച്ചുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷീരമേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയത്. ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ ദേശീയ ശരാശരിയെക്കാൾ ഏകദേശം ഇരട്ടി വർധന രേഖപ്പെടുത്തി. 2016-17 വർഷം ക്ഷീരസംഘങ്ങളിലൂടെയുള്ള പ്രതിദിന സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് നിലവിൽ 19 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്.

ക്ഷീരവികസനവകുപ്പിലൂടെ കർഷകർക്ക് കറവപ്പശുക്കൾ വാങ്ങുന്നതിനുള്ള സഹായം വ്യാപകമായി ലഭ്യമാക്കുന്നു. എം.എസ്.ഡി.പി. പോലുള്ള പദ്ധതികൾ വഴി 15 മുതൽ 45 ശതമാനം വരെ സബ്സിഡിയോടെ വിവിധ പശു യൂണിറ്റുകൾ നടപ്പിലാക്കുന്നു. യുവാക്കൾക്കായി 'സ്മാർട്ട് ഡയറി ഫാം' പദ്ധതിയും, ക്ഷീരശ്രീ പോർട്ടൽ വഴിയുള്ള ഓൺലൈൻ അപേക്ഷാ സംവിധാനവും നിലവിലുണ്ട്. തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 'ക്ഷീരഗ്രാമം' പദ്ധതി വ്യവസായിക അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്കും തോട്ടംതൊഴിലാളികൾക്കും 'ക്ഷീരതീരം', 'ക്ഷീരലയം' തുടങ്ങിയ പദ്ധതികൾ വഴിയും സർക്കാർ കൈത്താങ്ങാകുന്നു.

വനിതകൾക്കായി ഗോട്ട് ഫാമിങ് യൂണിറ്റുകളും സാറ്റലൈറ്റ് യൂണിറ്റുകളും ഉൾപ്പെടെയുള്ള സംരംഭങ്ങൾ, കെ.എൽ.ഡി. ബോർഡിന്റെ സഹകരണത്തോടെ ഗ്രാമതലത്തിൽ വേരുറപ്പിച്ചിട്ടുണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ വഴി വൻകിട ആട്, പന്നി ഫാം പദ്ധതികൾക്കും സർക്കാർ അവസരമൊരുക്കുന്നു.

പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി, ഇടിമിന്നൽ, പാമ്പുകടി തുടങ്ങിയ സാഹചര്യങ്ങൾ നേരിട്ട കർഷകർക്ക് കോടികൾ നഷ്ടപരിഹാരമായി വിതരണം ചെയ്തു. ഫാം നടത്തിപ്പിനും നവീകരണത്തിനുമായി എടുത്ത വായ്പകളുടെ പലിശ സർക്കാർ പരമാവധി അഞ്ചുവർഷം വരെ തിരിച്ചടയ്ക്കുന്നു. തീറ്റപ്പുൽ ഉൽപ്പാദനം വർധിപ്പിക്കുകയും കാലിത്തീറ്റ സബ്സിഡി ഉറപ്പാക്കുകയും ചെയ്യുന്നതും കർഷകർക്ക് വലിയ ആശ്വാസമായി.

കെപ്കോ വഴി കഴിഞ്ഞ അഞ്ചുവർഷം ലക്ഷക്കണക്കിന് കോഴിക്കുഞ്ഞുങ്ങൾ

> **പാലിന്റെ ആവശ്യകതയുടെ ഏകദേശം 80 ശതമാനത്തോളം ആഭ്യന്തരമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്നു എന്നത് മറ്റൊരു കാർഷികോൽപ്പന്നത്തിനും അവകാശപ്പെടാൻ പറ്റാത്ത നേട്ടമാണ്**






## അരുമമൃഗങ്ങൾക്ക് ആധുനിക ചികിത്സ

തിരുവനന്തപുരം മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി, 'ഇ-സമൃദ്ധ' ഡിജിറ്റൽ സേവനപദ്ധതി, 1962 മൃഗചികിത്സ കോൾസെന്റർ സംവിധാനം കോൾസെന്റർ സേവനം, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, രാത്രികാല ചികിത്സാസംവിധാനങ്ങൾ ഇവയെല്ലാം കർഷകരുടെ ഉരുക്കൾക്ക് ചികിത്സാസൗകര്യങ്ങൾ എളുപ്പമാക്കുന്നു.കർഷകരുടെ വീട്ടുപടിക്കൽ സേവനം എത്തിക്കുന്നതിനായി സംസ്ഥാനത്തെ 76 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 മൊബൈൽ സർജറി യൂണിറ്റുകളും സ്ഥാപിച്ചു. പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD), State Laboratory for Livestock, Marine & Agri Products (SLMAP)), ഏവിയൻ ഡിസീസ് ഡയഗനോസ്റ്റിക് ലാബ്, പാലക്കാട് മേഖല രോഗനിർണ്ണയ ലബോറട്ടറി എന്നിവിടങ്ങളിൽ അന്താരാഷ്ട്ര നിലവവാരത്തിലുള്ള രോഗനിർണ്ണയസംവിധാനങ്ങൾ ഒരുക്കി. കൊല്ലത്തെ വെളിനല്ലൂരിൽ മൃഗരോഗനിർണ്ണയത്തിനായി രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന്റെ സഹായത്തോടെ അത്യന്താധുനിക ലാബറട്ടറി സ്ഥാപിച്ചു.

വിതരണം ചെയ്തു. കാലിത്തീറ്റ വില നിയന്ത്രിച്ചതും 'മഹിമ' പോലുള്ള പ്രത്യേക തീറ്റകൾ അവതരിപ്പിച്ചതും ശ്രദ്ധേയമാണ്.

പൈക്കളുടെ ജനിതകമേന്മ മെച്ചപ്പെടുത്തി പാൽ ഉൽപ്പാദനം വർധിപ്പിക്കുകയാണ് സർക്കാരിന്റെ ദീർഘകാല ലക്ഷ്യം. പ്രീമിയം ബുൾ സെമൻ, സെക്സ് സോർട്ടഡ് ബീജാധാനം, മോഡൽ ഇൻകുബേഷൻ സെന്ററുകൾ, ഗവേഷണകേന്ദ്രങ്ങൾ ഇവയൊക്കെ ഈ ലക്ഷ്യത്തിലേക്കുള്ള പാതകളാണ്.

പൊതുജനാരോഗ്യരംഗത്ത് തെരുവുനായശല്യം നിയന്ത്രിക്കുന്നതിനും ജന്തുജന്യരോഗങ്ങൾ തടയുന്നതിനും ശാസ്ത്രീയ ഇടപെടലുകൾ ശക്തമാക്കി. 'വൺ ഹെൽത്ത് മിഷൻ' എന്ന ആശയം സംസ്ഥാനത്ത് യാഥാർഥ്യമാക്കാൻ സർക്കാർ മുന്നിൽതന്നെയുണ്ട്.

### ഉറച്ച ചുവടുകൾ മികച്ച നേട്ടങ്ങൾ

- 90% കൃത്യതയോടെ പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ ഉപയോഗം സാധ്യമാക്കി
- സർക്കാർമേഖലയിൽ ആട്ടുവളർത്തലിന്റെ മികച്ച മാതൃകകളായി കാസർകോഡ് ബേഡഡുക്കയിൽ ഹൈടെക് ആട്ടുവളർത്തൽ കേന്ദ്രവും തിരുവനന്തപുരം പാറശ്ശാലയിൽ ആട്ടുവളർത്തൽ മികവിന്റെ കേന്ദ്രവും (Centre of Excellence) സ്ഥാപിച്ചു.
- 20 ABC സെന്ററുകളും ഒരു പോർട്ടബിൾ ABC സെന്ററും മുഖേന തദ്ദേശ സ്വയംഭരണവകുപ്പുമായി സഹകരിച്ച സമഗ്ര പേവിഷ പ്രതിരോധ വാക്സിനേഷൻ യജ്ഞവും തെരുവുനായകളിലെ വന്ധീകരണവും നടത്തിവരുന്നു.

## ക്ഷീരകർഷകർക്ക് പരിരക്ഷ

ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ഉരുക്കളുടെ മരണത്തിനും, ഉൽപ്പാദന-പ്രത്യുൽപ്പാദനക്ഷമതാനഷ്ടത്തിനുമുള്ള പരിരക്ഷ നൽകുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി (ഗോസമൃദ്ധി) നടപ്പിലാക്കി. ക്ഷീരകർഷകരുടെ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത ഉരുക്കൾക്ക് കണ്ടിജൻസി ഫണ്ട് ധനസഹായം 12,000 രൂപയിൽ നിന്നും 15,000 ആയി ഉയർത്തി. 6000ൽ പരം കർഷകർക്ക് ധനസഹായം അനുവദിച്ചു. 278 തിരഞ്ഞെടുക്കപ്പെട്ട അതിദരിദ്രർക്ക് ഒരു പശു യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി. കുട്ടനാട്ടിലെ ചെമ്പുംപുറം, ചമ്പക്കുളം ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് എലിവേറ്റഡ് & കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി നടപ്പിലാക്കി. ക്ഷീരവികസനവകുപ്പ്, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (166 കോടി ചെലവഴിച്ചു) ക്ഷീരയുവ എന്ന പേരിൽ സ്മാർട്ട് ഡയറി ഫാം പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, സംസ്ഥാനമാകെ 23 കിടാരി പാർക്കുകൾ തോട്ടം തൊഴിലാളികൾക്കായി ക്ഷീരലയം, മത്സ്യത്തൊഴിലാളികൾക്കായി ക്ഷീരതീരം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
ബാങ്ക് വായ്പയുടെ മുഴുവൻ പലിശയും സബ്സിഡിയറി നൽകുന്ന ബാങ്ക് ഇന്ററസ്റ്റ് സബ്‌വൻഷൻ സ്കീം നടപ്പിലാക്കി വരുന്നു.

- മൃഗങ്ങളും, പക്ഷികളും നഷ്ടപ്പെടുന്നത് മൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ദുരന്ത നിവാരണഫണ്ടിൽ നിന്നും നൽകുന്ന നഷ്ടപരിഹാരത്തുകയുടെ നിരക്ക് വർധിപ്പിച്ചു.
- കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുക: പക്ഷിപ്പനി: 12.86 കോടി രൂപ ആഫ്രിക്കൻ പന്നിപ്പനി: 6.72 കോടി രൂപ ചർമ്മമുഴ രോഗബാധ: 1.2 കോടി രൂപ
- കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല ത്രിവേണി എന്ന പുതിയ സങ്കരയിനം കോഴികളെയും, ചൈത്ര ഇനത്തിൽപ്പെട്ട താറാവുകളെയും വികസിപ്പിച്ചെടുത്തു. കുട്ടനാടൻ താറാവുകൾക്ക് ബ്രീഡ് രജിസ്ട്രേഷൻ ലഭിച്ചു.



കുടപ്പനക്കുന്ന് LMTC യിലെ സെന്റർ ഓഫ് എക്സലൻസ് മന്ദിരം

- കെപ്കോ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ജനപ്രിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ ആഭ്യന്തര മുട്ടയുൽപ്പാദനത്തിൽ വർധന ഉണ്ടാക്കാൻ കഴിഞ്ഞു
- കേരള ഫീഡ്സ് ലിമിറ്റഡ് ഏകദേശം 1500 ഓളം സഹകരണ സംഘങ്ങൾ മുഖേനയും 600 ഓളം സ്വകാര്യഡീലർമാർ മുഖേനയും കാലിത്തീറ്റ ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കി വരുന്നു.
- മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ 15 കോടി മുതൽ മുടക്കി അത്യാധുനിക മൂല്യവർധിത ഇറച്ചി ഉൽപ്പന്ന സംസ്ക്കരണ പ്ലാന്റ് കൊല്ലം ജില്ലയിൽ പ്രവർത്തനം ആരംഭിച്ച് വിപണനം ശക്തിപ്പെടുത്താൻ അത്യാധുനിക സംവിധാനങ്ങളുള്ള മോഡേൺ ഫ്രാഞ്ചൈസി ഔട്ട് ലെറ്റുകൾ എം.പി.ഐ മീറ്റ് & ബൈറ്റ്സ് എന്ന പേരിൽ തുടങ്ങി.
- കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് കൊല്ലം ചിതറയിലും കോട്ടയം തലയോലപ്പറമ്പിലും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു.
- കേരളത്തിലെ ക്ഷീര സഹകരണമേഖലയിലുള്ള അധിക പാൽ കൈകാര്യം ചെയ്യുന്നതിനായി 10 മെട്രിക് ടൺ ശേഷിയുള്ള പാൽപ്പൊടി നിർമ്മാണ ഫാക്ടറി മലപ്പുറം ജില്ലയിൽ മൂർക്കനാട് സ്ഥാപിച്ചു. ■

എം ബി രാജേഷ്
എക്സൈസ്-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനം ജനജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും അതുമൂലമുള്ള നേട്ടങ്ങളും വിസ്മയകരമാണ്. അതിദാരിദ്ര്യ നിർമ്മാർജനം, മാലിന്യമുക്തം നവകേരളം, കെ-സ്മാർട്ട്, ഡിജി കേരളം, ലൈഫ് മിഷൻ, വിജ്ഞാനസമ്പദ്വ്യവസ്ഥ തുടങ്ങിയ പദ്ധതികൾ കേരളത്തെ എങ്ങനെ മാറ്റിത്തീർത്തുവെന്ന് ജനങ്ങൾക്ക് അനുഭവപ്പെട്ട കാലമായിരുന്നു കഴിഞ്ഞ പത്ത് വർഷം.**
**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കാൻ സംസ്ഥാനസർക്കാർ കൈക്കൊണ്ട നടപടികൾ നിരവധിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ തുക 2011-16ൽ 29,500 കോടി രൂപയെങ്കിൽ 2021-26 ൽ അത് 70,526.77 കോടി രൂപയാണ്. 10 വർഷം കൊണ്ട് ആകെ 1,23,175.16 കോടി രൂപ നൽകി.**



ഒന്നായി തുടരാം
നവകേരളത്തിലേക്ക്



# മാറിയ നാടും നഗരവും

അതിദാരിദ്ര്യ നിർമ്മാർജനം എന്ന ലക്ഷ്യം 2025 നവംബർ ഒന്നിന് കൈവരിച്ചതാണ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളം കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളിലൊന്ന്. ഇത് ലോകമാകെ ചർച്ച ചെയ്യപ്പെട്ടു. ഭവനരഹിതരില്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യത്തിലേക്ക് കേരളം അതിവേഗം എത്തുകയാണ്. ലൈഫ് ഭവന പദ്ധതിയിലൂടെ അഞ്ച് ലക്ഷം വീടുകൾ എന്ന ലക്ഷ്യം 2026 ഫെബ്രുവരിയിൽ കേരളം കൈവരിക്കും. 2016 മുതൽ ഐ എൽ ജി എം എസ്, 2024 മുതൽ കെ-സ്മാർട്ട് എന്നിവ നടപ്പാക്കിയത് സേവനങ്ങൾ അതിവേഗത്തിലും സുതാര്യമായും അഴിമതിയുടെ സാധ്യത പരമാവധി കുറച്ചും ലഭ്യമാക്കാൻ സഹായിച്ച വിപ്ലവകരമായ മാറ്റമാണ്.

നൈപുണി വികസിപ്പിക്കാനും വിജ്ഞാനകേരളം പദ്ധതിയിലൂടെ കഴിയുന്നു. കാലഹരണപ്പെട്ട നിരവധി നിയമങ്ങൾ മാറ്റാനും പുതിയ ചട്ടങ്ങൾ രൂപവൽക്കരിക്കാനും കഴിഞ്ഞത് ദീർഘകാലമായുള്ള നിരവധി നിയമ, സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായകമായി.

## ലൈഫ് സമ്മാനിച്ച പുതുജീവിതം

ഭവനനിർമാണ മേഖലയിൽ രാജ്യത്തിന് മാതൃകയായ ബെസ്റ്റ് പ്രാക്ടീസ് ആയി ലൈഫ് മിഷനെ കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് തിരഞ്ഞെടുത്തത് കേരളത്തിന് അഭിമാനകരമായ നേട്ടമാണ്.

സർക്കാർ നാല് ഭവന സമുച്ചയങ്ങൾ ഇതുവരെ നിർമ്മിച്ച് കൈമാറി. അതുകൂടാതെ ഒരു ഭവനസമുച്ചയം വിലയ്ക്കുവാങ്ങി ഗുണഭോക്താക്കൾക്ക് നൽകി. അഞ്ച് ഭവന സമുച്ചയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകി. പാർട്ണർഷിപ്പിലൂടെ രണ്ടും സ്പോൺസർഷിപ്പിലൂടെ രണ്ടും ഭവനസമുച്ചയങ്ങൾ ലഭ്യമാക്കി.

ലൈഫ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 2000 ഭൂരഹിത, ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 50 കോടി രൂപ ധന സഹായം നൽകുന്നതിന് ധാരണാപത്രം ഒപ്പിടുകയും നാളിതുവരെ 1466 പേർക്ക് ഭൂമി രജിസ്ട്രേഷൻ നടത്തുകയും ചെയ്തു.



ബ്രഹ്മപുരത്തെ മൈതാനത്ത് മന്ത്രി എം ബി രാജേഷ് ക്രിക്കറ്റ് കളിക്കുന്നു

കെ-സ്മാർട്ട് അടക്കം ഡിജിറ്റൽ വ്യവഹാരങ്ങൾക്ക് ജനങ്ങളെയാകെ പ്രാപ്തരാക്കാൻ ഡിജി കേരളം പദ്ധതിയിലൂടെ എല്ലാവരെയും ഡിജിറ്റൽ സാക്ഷരരാക്കി. അതിവേഗം നഗരവൽക്കരിക്കുന്ന കേരളത്തിന്റെ ഭാവിവികസനത്തെ മുന്നിൽക്കണ്ട് രാജ്യത്താദ്യമായി നഗരനയം രൂപവൽക്കരിക്കാൻ നിയോഗിച്ച കമ്മിഷൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. കുടുംബശ്രീയിലൂടെ സ്ത്രീകളുടെ സാമ്പത്തിക വളർച്ചയ്ക്കുള്ള നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ കണ്ടെത്താനും

- 6,00,547 - വീടുകൾ നിർമ്മിക്കുന്നതിന് കരാറായി
- 4,716,076 - വീടുകൾ പൂർത്തീകരിച്ചു
- 1,24,471 - വീടുകളുടെ നിർമ്മാണം പുരോഗതിയിൽ
- 19127.47 കോടി രൂപ - 2017-18 മുതൽ 2025 ഡിസംബർ 31 വരെ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചു.
- 2301.05 കോടി രൂപ - കേന്ദ്ര വിഹിതം

> കെ-സ്മാർട്ട് അടക്കം ഡിജിറ്റൽ വ്യവഹാരങ്ങൾക്ക് ജനങ്ങളെയാകെ പ്രാപ്തരാക്കാൻ ഡിജി കേരളം പദ്ധതിയിലൂടെ എല്ലാവരെയും ഡിജിറ്റൽ സാക്ഷരരാക്കി

ഭവനനിർമ്മാണരംഗത്ത് രാജ്യത്തെ ഏറ്റവും ഉയർന്ന സബ്സിഡിത്തുകയാണ് കേരളം നൽകുന്നത്.

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ 16.10.2025 വരെ 26.14 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്തു.

## നഗരവികസനവും നഗരനയ കമ്മിഷനും

നഗരനയ കമ്മിഷൻ ശുപാർശകൾ അനുസരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മെട്രോപൊളിറ്റൻ കമ്മിറ്റികൾ രൂപവൽക്കരിക്കാനും മുനിസിപ്പൽ ബോണ്ട് പുറപ്പെടുവിക്കുന്നതിനും 2025ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപനം നടത്തി. കൊച്ചി നഗരത്തിന് വേണ്ടിയുള്ള കൊച്ചി മെട്രോപൊളിറ്റൻ കമ്മിറ്റി ഇതിനകം രൂപവൽക്കരിച്ച് കഴിഞ്ഞിട്ടുണ്ട്.



## കുടുംബശ്രീ നവസംരംഭങ്ങൾ, നവോന്മേഷം

കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്താകെ 1,05,504 സംരംഭയൂണിറ്റുകൾ ആരംഭിച്ചു. ഇതുവഴി 1.9 ലക്ഷം അയൽക്കൂട്ടങ്ങൾ/ അയൽക്കൂട്ട കുടുംബാംഗങ്ങൾക്ക് ഉപജീവനം ലഭ്യമായി. 2024 -25 സാമ്പത്തിക വർഷം കെ-ലിഫ്റ്റ് ഉപജീവനക്യാമ്പയിന്റെ ഭാഗമായി 360862 പേർക്ക് ഉപജീവനമാർഗം സൃഷ്ടിച്ചു. കാർഷിക മേഖലയിൽ 108195 വനിതകൾ മുഖേന 21457.13 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 482 ബ്രോയിലർ ഫാമുകളും 142 ഔട്ട്ലെറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. കേരള ചിക്കന് നാളിതുവരെ 400 കോടി രൂപയിലേറെ വിറ്റുവരവ് നേടാൻ കഴിഞ്ഞു.

വിവിധ ഗാർഹിക പരിചരണ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന 'കെ ഫോർ കെയർ പദ്ധതി' നടപ്പിലാക്കി വരുന്നു. കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി പോക്കറ്റ് മാർട്ട് ആപ്ലിക്കേഷൻ ആരംഭിച്ചു. ആന്തരിക വായ്പാ പ്രവർത്തനത്തിനായി ADS കൾക്ക് സ്പെഷ്യൽ റിവോൾവിങ് ഫണ്ട് ഒരു ലക്ഷം രൂപ എന്ന രീതിയിൽ ആകെ 95 കോടി രൂപ അനുവദിച്ചു. CDS ചെയർപേർസൺമാരുടെ ഹോണറേറിയം 7000 രൂപയിൽ നിന്ന് 8000 രൂപയായി വർധിപ്പിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കെ-ഡിസ്ക്ക് മായി ചേർന്ന് ഇതിനോടകം 1,67,284 തൊഴിലുകൾ കണ്ടെത്തി. ഇതിൽ 75,548 പേർക്ക് തൊഴിൽ നൽകി.

93 നഗര ഭരണ പ്രദേശങ്ങളിലും മാസ്റ്റർ പ്ലാൻ രൂപവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 48 എണ്ണത്തിന് അന്തിമ അനുമതി നൽകി. ബാക്കിയുള്ളവയിൽ ഒൻപത് എണ്ണം കരട് തയ്യാറായി.

നഗരങ്ങളിലെ പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിന് അമൃത് പദ്ധതിയിലൂടെ ആറ് കോർപ്പറേഷനുകളിലും മൂന്ന് നഗരസഭകളിലും മികച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. അമൃത് ഒന്നാം ഘട്ടം പദ്ധതിയുടെ ഭാഗമായി 2358 കോടിയുടെ 1111 പദ്ധതികളിൽ 1658 കോടി രൂപയുടെ 1004 പദ്ധതികൾ പൂർത്തിയാക്കി. 880 കോടിയുടെ 107 പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. രണ്ടാം ഘട്ട പദ്ധതിയിൽ 3514 കോടി രൂപയുടെ 740 പദ്ധതികൾക്ക് ഭരണാനുമതി നൽകി. 1070 കോടി രൂപയുടെ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ 606.63 കോടി രൂപയുടെ 63 പദ്ധതികൾ പൂർത്തിയാക്കി. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ 1135.70 കോടി രൂപയുടെ 72 പദ്ധതികളിൽ 930.49 കോടി രൂപയുടെ 60 പദ്ധതികൾ പൂർത്തിയാക്കി.

### തൊഴിലുറപ്പ്, ക്ഷേമവും

തൊഴിലുറപ്പ്പദ്ധതിരാജ്യത്ത്ഏറ്റവുംമികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിലയിരുത്തുന്ന പ്രധാന മാനദണ്ഡങ്ങളിൽ കേരളം ഒന്നും രണ്ടും സ്ഥാനങ്ങളിലാണ് തുടരുന്നത്. കേരളത്തിനുള്ള വിഹിതം

കേന്ദ്ര സർക്കാർ വർഷം തോറും വെട്ടിക്കുറയ്ക്കുമ്പോഴും ഫലപ്രദമായ വിനിയോഗത്തിലൂടെ 3411.61 കി.മീ റോഡും 37 ഗ്രാമ ചന്തകളും ഈ പദ്ധതിയിലൂടെ സാധ്യമാക്കി. 4100 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കി.

തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തിയ ഏക സംസ്ഥാനമാണ് കേരളം. പദ്ധതിയുടെ ഓഡിറ്റ് 100 ശതമാനം പൂർത്തിയാക്കിയ സംസ്ഥാനവും കേരളമാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ, പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും കേരളം നടപ്പാക്കി. 2024-25 ൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 30.58

> ലഹരിയുടെ ഉപയോഗം മൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി പരിഹരിച്ച് പദ്ധതിയാണ് നേർവഴി. 727 പരാതികൾ പരിഹരിച്ചു

## ഓഫീസുകൾ കയറിയിറങ്ങേണ്ട

ഓൺലൈനായി സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ ILGMS എന്ന ഓൺലൈൻ പ്ലാറ്റ്ഫോം 2022 ഏപ്രിൽ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിരുന്നു. അതിന്റെ തുടർച്ചയാണ് ആധുനിക സാങ്കേതിക വിദ്യകൾ ഉൾച്ചേർത്തു കൊണ്ടുള്ള കെ-സ്മാർട്ട് ഏകീകൃത സോഫ്റ്റ് വെയർ പ്ലാറ്റ് ഫോം. 2025 ഏപ്രിൽ 1 മുതൽ മുഴുവൻ ത്രിതല പഞ്ചായത്തുകളിലും വിന്യസിച്ചു. കെ-സ്മാർട്ടിലൂടെ ഇതിനകം ഒരു കോടിയിലേറെ ഫയലുകൾ കൈകാര്യം ചെയ്തു. ഇതിൽ ഒൻപത് ലക്ഷം ഫയലുകൾ ഒരു മണിക്കൂറിനുള്ളിലാണ് തീർപ്പാക്കിയത്. ഒരുദിവസത്തിനകം തീർപ്പാക്കിയവ 21.5 ലക്ഷം അപേക്ഷകൾ. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമങ്ങളിൽ വലിയ മാറ്റം വന്നതിനാൽ അത്ഭുതകരമായ വേഗത്തിലാണ് അവ നടക്കുന്നത്.



ലക്ഷം തൊഴിൽ ദിനങ്ങൾ നൽകി 165 കോടിയും 2025-26 ൽ നാളിതുവരെ 33.57 കോടി രൂപയും ചെലവഴിച്ചു.

സംസ്ഥാനത്തെ എല്ലാ പട്ടിക വർഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന 100 ദിവസത്തിന് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

### മാലിന്യസംസ്കരണം പുതിയ അവബോധം

കഴിഞ്ഞ 10 വർഷത്തിനിടയിൽ കേരളത്തിലുണ്ടായ പ്രകടമായ മാറ്റം മാലിന്യ പരിപാലനരംഗത്തേതാണ്. പൂർണ്ണമായല്ലെങ്കിലും, മാലിന്യപരിപാലനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൈയിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ വലിച്ചെറിയൽ എന്ന ദുശ്ശീലത്തിൽ നിന്ന് ഒരുപരിധിവരെ മുക്തമാകാൻ കഴിഞ്ഞു. വർഷങ്ങളായി അടിഞ്ഞുകൂടിയിരുന്ന മാലിന്യമലകളിൽ പലതും നീക്കം ചെയ്തു. ദ്രവമാലിന്യ സംസ്കരണ രംഗത്തും മികച്ച തുടക്കം കുറിക്കാൻ കഴിഞ്ഞു.

മാലിന്യമുക്ത നവകേരള ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 1027 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30ന് സമ്പൂർണ്ണ ഖരമാലിന്യമുക്തമായി പ്രഖ്യാപിച്ചു.

### രാജ്യത്താദ്യമായി സാന്ത്വനപരിചരണനയം

പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ച ആദ്യസംസ്ഥാനമാണ് കേരളം. നിലവിൽ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 1142 പാലിയേറ്റീവ് ഹോം കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

### വിമുക്തി ലഹരിവിരുദ്ധ കേരളത്തിന്

ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ - വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. നിലവിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കോളേജ് തലത്തിൽ നേർക്കൂട്ടം, ശ്രദ്ധ കമ്മിറ്റികൾ.

ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻ നിർത്തി ഉണർവ്, ടീം വിമുക്തി സ്പോർട്സ് ടീം എന്നീ പദ്ധതികൾ നടപ്പാക്കുന്നു.

ബാല്യം അമൂല്യം - പ്രൈമറിതലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബാല്യം അമൂല്യം പദ്ധതി.

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി പരിഹരിച്ച് പദ്ധതിയാണ് നേർവഴി. 727 പരാതികൾ പരിഹരിച്ചു.

ഡീ-അഡിക്ഷൻ ചികിത്സ - ലഹരിമോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ■

പി എ മുഹമ്മദ് റിയാസ്
പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രി

**ടൂറിസം രംഗത്ത് അന്താരാഷ്ട്രതലത്തിൽ തന്നെ കേരളം ഏറെ ശ്രദ്ധിക്കപ്പെട്ട വർഷങ്ങളാണ് കടന്നുപോയത്. ആഭ്യന്തര ടൂറിസത്തിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ റെക്കോർഡ് സ്ഥാപിച്ചു. ദേശീയപാതാവികസനം അതിവേഗത്തിൽ പുരോഗമിക്കുകയാണ്. മലയോരഹൈവേയും തുരങ്കപാതയുമെല്ലാം നവകേരളത്തെ അടയാളപ്പെടുത്തുന്നു**



# മാറ്റത്തിന്റെ സഞ്ചാരപാതകൾ



ലോക ടൂറിസം ഭൂപടത്തിൽ മികച്ച ടൂറിസം കേന്ദ്രമാണ് കേരളം. കേരളമാകെ ഒരു ടൂറിസം കേന്ദ്രം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതികൾ കേരളത്തിലെ ടൂറിസം മേഖലക്ക് കുതിപ്പേകി. കോവിഡിന്റെ ആഘാതത്തിൽനിന്നും കേരളടൂറിസം വലിയ തിരിച്ചുവരവാണ് നടത്തിയത്. സഞ്ചാരികളുടെ വരവിൽ കേരളം സർവകാല റെക്കോർഡാണ് സ്ഥാപിച്ചത്. ആഭ്യന്തരസഞ്ചാരികളുടെ കാര്യത്തിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായി.

അതേസമയം പശ്ചാത്തല വികസനമേഖലയുടെ ഹബ്ബായും കേരളം മാറിക്കഴിഞ്ഞു. അടിസ്ഥാനസൗകര്യ വികസനമേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരളത്തിൽ സാധ്യമായത്. മികച്ച റോഡുകളും പാലങ്ങളും മേൽപാലങ്ങളും കെട്ടിടങ്ങളും ഈ നാട് നേരിട്ട് അനുഭവിച്ച വികസനപ്രവർത്തനങ്ങളാണ്. നടക്കില്ലെന്ന് കരുതി ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ യാഥാർഥ്യമാക്കിയത് നാടിന്റെ പൊതുവികസനത്തിന് ഗതിവേഗം പകരുന്നതായി മാറി.

## ലോകം കേരളത്തിലേക്ക്.....

കോവിഡിന് ശേഷം ശേഷം 2022 ലും 2023, 2024 ലും സഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് നേടി. 2024-ലെ കണക്കനുസരിച്ച് 2,22,46,989 ആഭ്യന്തരസഞ്ചാരികളാണ് കേരളത്തിലെത്തിയത്. മുൻവർഷത്തെ അപേക്ഷിച്ച് 1.72 ശതമാനത്തിന്റെ വർധന. കോവിഡിന് മുമ്പുള്ള കാലത്തെ അപേക്ഷിച്ച് 21.01 ശതമാനത്തിന്റെ വർധനവും. 2025-ലും റെക്കോർഡ് സാധ്യമായിട്ടുണ്ട്.

വിദേശസഞ്ചാരികളുടെ വരവ് സാധാരണ നിലയിലാകുംമുമ്പെതന്നെ ടൂറിസം വരുമാനത്തിന്റെ കാര്യത്തിൽ കേരളം റെക്കോർഡ് സ്ഥാപിച്ചു. 2024-ൽ 45,053.61 കോടി രൂപയാണ് ടൂറിസം മേഖലയിൽനിന്നുള്ള വരുമാനം. ടൂറിസം മേഖലയിൽ ഡിസൈൻ പോളിസിക്ക് രൂപംനൽകി. കൊല്ലത്ത് പാലങ്ങളുടെ കീഴ്ഭാഗം പൊതുവിടമാക്കി മാറ്റുന്ന പദ്ധതി ലോകശ്രദ്ധ നേടി. കൂടുതൽ വി-പാർക്ക് പദ്ധതികൾക്ക് ടൂറിസം വകുപ്പ് അനുമതി നൽകി.

സഞ്ചാരികളെ ആകർഷിക്കുന്നതിന് ഡെസ്റ്റിനേഷനുകൾ കൂടുതൽ മികവുറ്റതാക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കോവളം, വർക്കല, കൊല്ലം, ആലപ്പുഴ, ഫോർട്ട് കൊച്ചി, വൈപ്പിൻ, ബേപ്പൂർ, ചാലിയം, കാപ്പാട്, മുഴപ്പിലങ്ങാട്, ബേക്കൽ എന്നിവിടങ്ങളിൽ വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നു. അഴീക്കോട് ചാൽ ബീച്ചിനും കോഴിക്കോട് കാപ്പാട് ബീച്ചിനും ബ്ലൂ ഫ്ലാഗ് പദവി ലഭിച്ചു.

## മലബാർ റിവർ ഫെസ്റ്റിവൽ

അന്താരാഷ്ട്ര കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന് അന്തർദേശീയ ശ്രദ്ധ നേടി. ചാലി പുഴയിലും ഇരുവഴിഞ്ഞിപ്പുഴയിലുമായി നടന്ന മത്സരങ്ങളിൽ അന്തർദേശീയ താരങ്ങളും പങ്കെടുത്തു. തുഷാരഗിരി കയാക്കിങ് അക്കാദമിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കി. വർക്കലയിൽ നടത്തിയ ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവലും വാഗമണ്ണിൽ നടത്തിയ ഇന്റർനാഷണൽ പാരാ ഗ്ലൈഡിങ് ഫെസ്റ്റിവലും സാഹസിക ടൂറിസം മേഖലക്ക് മുതൽക്കൂട്ടായി.

കേരളത്തിലെ ട്രെക്കിങ്-ഹൈക്കിങ് പാതകൾ മാപ്പ് ചെയ്യുന്ന പദ്ധതിക്ക് തുടക്കമായി. ഇടുക്കി ജില്ലയിലെ ലക്ഷ്മി എസ്റ്റേറ്റ് മൂന്നാറിന്റെയും ആനമുടിയുടെയും രണ്ട് ഭൂപടങ്ങൾ കെ.എ.ടി.പി.എസ് തയ്യാറാക്കി.



കുമ്പിച്ചൽ കടവ് പാലം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു



മനസ്സിൽ പതിഞ്ഞ സിനിമാ ലൊക്കേഷനുകളെ ടൂറിസം കേന്ദ്രങ്ങളാക്കുന്ന സിനി ടൂറിസം പദ്ധതിക്ക് രൂപം നൽകി. ആദ്യപദ്ധതി കിരീടം സിനിമയിലൂടെ പ്രശസ്തമായ പാലത്തിന് സമീപം ആരംഭിച്ചു. ബേക്കൽ സിനി ടൂറിസം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ബോംബെ സിനിമ ചിത്രീകരിച്ചതിന്റെ മുപ്പതാം വാർഷികാഘോഷത്തിൽ സംവിധായകൻ, നടി, ഛായാഗ്രാഹകൻ എന്നിവർ പങ്കെടുത്തു.

മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ 32 ഹെറിറ്റേജ് പദ്ധതികൾ പൂർത്തീകരിച്ചു. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയും കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലെ ഹെറിറ്റേജ് പദ്ധതികളെ സംയോജിപ്പിച്ച് തലശ്ശേരി ഹെറിറ്റേജ് പദ്ധതിയും നടപ്പാക്കിവരുന്നു. 200-ഓളം പൈതൃക കേന്ദ്രങ്ങൾ വികസിപ്പിച്ചു.

## ഡെസ്റ്റിനേഷൻ ചലഞ്ച്

പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകളെ വളർത്തിക്കൊണ്ടുവരുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആരംഭിച്ചു. 50-ഓളം പദ്ധതികൾക്ക് അനുമതി.

ഡെസ്റ്റിനേഷൻ വെഡിങ് പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് പ്രത്യേക കേന്ദ്രം.മൈസ് & ഡെസ്റ്റിനേഷൻ വെഡിങ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചു.

കോവിഡനന്തരം കേരളാ ടൂറിസത്തിന്റെ

**വിദേശസഞ്ചാരികളുടെ വരവ് സാധാരണ നിലയിലാകുംമുമ്പെതന്നെ ടൂറിസം വരുമാനത്തിന്റെ കാര്യത്തിൽ കേരളം റെക്കോർഡ് സ്ഥാപിച്ചു. 2024-ൽ 45,053.61 കോടി രൂപയാണ് ടൂറിസം മേഖലയിൽനിന്നുള്ള വരുമാനം**

അതിജീവനം സാധ്യമാക്കി ആരംഭിച്ച കാരവൻ ടൂറിസത്തിൽ സുരക്ഷിത യാത്ര, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര, അടിസ്ഥാന സൗകര്യം ഒരുക്കാൻ കുറഞ്ഞ മൂലധനം തുടങ്ങിയ പ്രത്യേകതകൾ. സീപ്ലെയിൻ പദ്ധതിയുടെ ഭാഗമായി പരീക്ഷണ പറക്കൽ നടത്തി. ഹെലിടൂറിസം,ക്രൂയിസ് ടൂറിസം എന്നിവ പരിപോഷിപ്പിക്കുന്നതിന് പ്രത്യേക നയരേഖ.

കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോ തുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ മരുതിമല, ജടായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുള്ള ജൈവ സർക്യൂട്ടിന് രൂപം നൽകുന്നു. ആദ്യഘട്ടമായി മുട്ടറ മരുതിമലയിലെ പ്രവൃത്തി പുരോഗമിക്കുന്നു.




തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ വി വിജയൻ, എം ടി വാസുദേവൻ നായർ, അക്കിത്തം എന്നിവരിലൂടെ പ്രശസ്തിനേടിയ ബേപ്പൂർ മുതൽ തൃത്താല വരെയുള്ള സ്ഥലങ്ങളെ കോർത്തിണക്കി മലബാർ ലിറ്റററി സർക്യൂട്ട്. ഇതിൽ വൈക്കം മുഹമ്മദ് ബഷീർ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.

SASCI പദ്ധതിയിലൂടെ കൊല്ലം അഷ്ടമുടി ഡൈവേഴ്സിറ്റി പദ്ധതിക്ക് 59.71 കോടി രൂപയും സർഗ്ഗാലയ ഗ്ലോബൽ വേ ടു മലബാർ കൾച്ചറൽ ക്രൂസിബിൾ പദ്ധതിക്ക് 95.34 കോടി രൂപയും അനുവദിച്ചു. സ്വദേശി ദർശൻ 2-ൽ ഉൾപ്പെടുത്തി ആലപ്പുഴ ടൂറിസം പദ്ധതിക്ക് 93.17 കോടി രൂപയും മലമ്പുഴക്ക് 75.87 കോടി രൂപയും കുമരകത്തിന് 13.93 കോടി രൂപയും അനുവദിച്ചു. ചലഞ്ച് ബേസ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയിലൂടെ തലശ്ശേരി, വർക്കല ടൂറിസം കേന്ദ്രങ്ങൾക്ക് 25 കോടി രൂപയുടെ പദ്ധതികൾക്കും അനുമതി നല്കി.

ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വില്ലേജ് ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം തുടങ്ങിയവയെ ശക്തിപ്പെടുത്തുന്നു. ഇതിനായി മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രം, പെപ്പർ ടൂറിസം-2025 , സ്ട്രീറ്റ്, അഗ്രിടൂറിസം നെറ്റ് വർക്ക് പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

രാജ്യത്ത് ആദ്യമായി സഞ്ചാര സാഹിത്യ സംഗമവേദിയൊരുക്കി കേരള ടൂറിസം. യാനത്തിന്റെ ആദ്യപതിപ്പിന് വർക്കല വേദിയായി.

## ചാമ്പ്യൻസ് ബോട്ട് ലീഗ് മലബാറിലേക്കും വ്യാപിപ്പിച്ചു

ടൂറിസം മേഖലയിലേക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് ആദ്യമായി ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. നിക്ഷേപകർക്ക് സഹായം ഉറപ്പാക്കാനായി ഫെസിലിറ്റേഷൻ സെന്റർ.

കേരളത്തിലെ ക്യാമ്പസുകളെ ടൂറിസവുമായി യോജിപ്പിക്കുന്നതിന്റെ ഭാഗമായി 200-ഓളം ടൂറിസം ക്ലബ്ബുകൾ.

2010-ന് ശേഷം ആദ്യമായി കെ.ടി.ഡി.സി അറ്റാദായം ഉണ്ടാക്കിയത് ഈ സർക്കാരിന്റെ കാലത്ത്. കോവിഡ് കാലത്തെ വമ്പൻ നഷ്ടത്തിൽനിന്നാണ് വൻ തിരിച്ചുവരവ് നടത്തിയത്.

മുണ്ടക്കൈ-ചൂരൽമല ദുരന്ത പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് ഉണ്ടായിരുന്ന തിരിച്ചടികൾ മറികടക്കാൻ എന്റെ കേരളം എന്നും സുന്ദരം എന്ന ക്യാമ്പയിന് രൂപം നൽകി.

## ദേശീയപാത 66 യാഥാർഥ്യമാകുന്നു

ദേശീയപാത വികസന അതോറിറ്റി (NHAI) ഉപേക്ഷിച്ചുപോയ ദേശീയപാത 66 യാഥാർഥ്യമാകുന്നു. 5580 കോടി രൂപ സ്ഥലമേറ്റെടുക്കലിന് സംസ്ഥാനം കേന്ദ്രത്തിന് നൽകി. നിലവിൽ 492.64 കി.മീറ്റർ ദേശീയപാത പ്രവൃത്തി പൂർത്തീകരിച്ചു. ആറുവരിയിലേക്ക് മാറുന്ന ഓരോ റീച്ചും ഗതാഗതത്തിന് തുറന്നുകൊടുത്തു. കുതിരാൻ ടണൽ പ്രവൃത്തി പൂർത്തിയാക്കി. മൂന്നാർ-ബോഡിമേട്ട്, നാട്ടുകാൽ-താണാവ് എന്നീ ദേശീയപാത പ്രവൃത്തിയും പൂർത്തീകരിച്ചു.

തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻ ഫീൽഡ് എന്നീ പാതകൾക്ക് മാത്രമായി 2370.59 കോടി രൂപയുടെ സാമ്പത്തിക



ബാധ്യതയാണ് സംസ്ഥാന സർക്കാർ വഹിക്കുന്നത്.

പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് പാതയുടെ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു. ദേശീയപാത 85-ൽ കൊച്ചി-മൂന്നാർ 125 കി.മീറ്റർ പാത നവീകരണം പുരോഗമിക്കുന്നു.

വയനാട്ടിലേക്കുള്ള താമരശ്ശേരി ചുരം റോഡിലെ ആറ്, ഏഴ്, എട്ട് ഹെയർപിൻ വളവുകൾ വീതികൂട്ടി നിവർത്തുന്നതിന് പദ്ധതി.

## പാതകൾ സ്മാർട്ടായി

**റോഡ് നവീകരണത്തിന് അനുവദിച്ചത് 35,000 കോടിയോളം രൂപ. 8200 കി.മീറ്ററിലേറെ റോഡ് നവീകരിച്ചു. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 29522 കിലോമീറ്റർ റോഡിൽ 17749.11 കിലോമീറ്റർ ബി.എം&ബി.സി നിലവാരത്തിലേക്ക് ഉയർത്തി.**

**ഡിസൈൻ ചെയ്ത് നിർമ്മിച്ച തലസ്ഥാനത്തെ സ്മാർട്ട് റോഡുകൾ അന്താരാഷ്ട്ര ശ്രദ്ധ നേടി.**

**അഞ്ചുവർഷത്തിനുള്ളിൽ നൂറുപാലങ്ങൾ പൂർത്തീകരിക്കും എന്ന വാഗ്ദാനം മൂന്ന് വർഷത്തിനുള്ളിൽതന്നെ പാലിച്ചു. വിവിധ വിങ്ങുകളിലായി 150-ലധികം പാലങ്ങൾ പൂർത്തീകരിച്ചു. നൂറിലധികം പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.**

### തുരങ്കപാത

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം ആരംഭിച്ചു. ടണൽ റോഡിനായി 2143.7 കോടി രൂപ അനുവദിച്ചു.

ആകെ 1179.45 കിലോമീറ്റർ മലയോര ഹൈവേയിൽ 473.42 കിലോമീറ്റർ പൂർത്തിയായി. 481.13 കിലോമീറ്റർ പ്രവൃത്തി പുരോഗമിക്കുന്നു. 3867.05 കോടി രൂപ ഇതുവരെ അനുവദിച്ചു.

507.865 കിലോമീറ്റർ തീരദേശപാതയിൽ മൂന്ന് റീച്ചുകൾ പൂർത്തിയാക്കി. അഴീക്കോട് -മുനമ്പം പാലം നിർമ്മാണം പുരോഗമിക്കുന്നു. 39 റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു.

ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒൻപത് റെയിൽവേ മേൽപ്പാലങ്ങളും ഒരു അടിപ്പാതയും പൂർത്തിയാക്കി. കാഞ്ഞങ്ങാട്, കൊടുവള്ളി, ഫറോക്ക്, ഗുരുവായൂർ, കാരിത്താസ്, മാളിയേക്കൽ, തിരൂർ, ചിറങ്ങര, മുളന്തുരുത്തി മേൽപ്പാലങ്ങളാണ് പൂർത്തിയാക്കിയത്. നിലമ്പൂർ യാർഡ് അടിപ്പാതയും പൂർത്തിയാക്കി. 24 മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് അനുവദിച്ചത് 2028.16 കോടി രൂപ. സംസ്ഥാനസർക്കാരിന്റെ ആവശ്യം പരിഗണിച്ച് 39 റെയിൽവേ മേൽപ്പാലങ്ങൾക്ക് 100 ശതമാനം റെയിൽവേ ഫണ്ടിങ്ങോടെ അനുമതി ലഭിച്ചിട്ടുണ്ട്.

ഓൺലൈൻ സംവിധാനം ഉപയോഗിച്ച് PWD റസ്റ്റ് ഹൗസുകളിൽ റൂം ബുക്ക് ചെയ്ത് കുറഞ്ഞ ചെലവിൽ താമസിക്കാനായി പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി നടപ്പിലാക്കി. നാല് വർഷത്തിനിടയിൽ അഞ്ചേകാൽ ലക്ഷത്തോളം ബുക്കിങ്ങും 32 കോടി രൂപയിലേറെ വരുമാനവും നേടി.

### ജനകീയ റസ്റ്റ് ഹൗസുകൾ

23 റസ്റ്റ് ഹൗസുകൾ നവീകരണം പൂർത്തിയാക്കി.

17 റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും അനുമതി.

പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിങ് ടീം.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദേശങ്ങളും ശ്രദ്ധയിൽ പ്പെടുത്താനായി pwd4u ആപ്പിന് രൂപം നൽകി. ■

**പി. പ്രസാദ്**
കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി

2016-25 കാലഘട്ടം കേരള കാർഷികമേഖലയ്ക്ക് പ്രതിസന്ധികളെ അതിജീവിച്ച വളർച്ചയുടെ കാലഘട്ടമായിരുന്നു. കർഷക ക്ഷേമം, ഭക്ഷ്യസുരക്ഷ, സുസ്ഥിരത, ശാസ്ത്രീയ സമീപനം, ഡിജിറ്റൽ നവീകരണം എന്നിവ ഒരുമിച്ച് നടപ്പാക്കിയതിന്റെ ഫലമായി കേരളത്തിന്റെ കാർഷിക മാതൃക ഇന്ന് ദേശീയതലത്തിൽതന്നെ വഴികാട്ടിയായി മാറി





# വെല്ലുവിളികളെ അതിജീവിച്ച് കാർഷിക മുന്നേറ്റം

2016 മുതൽ 2025 വരെയുള്ള ഒമ്പത് വർഷങ്ങളിൽ കേരളം ശ്രദ്ധേയമായ കാർഷിക മുന്നേറ്റം കൈവരിച്ചു. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും കാർഷികഭൂമിയുടെ തുടർച്ചയായ കുറവും വിപണി അസ്ഥിരതയും കാർഷിക മേഖല നേരിടുന്ന കാലഘട്ടത്തിലാണ് ഇതെന്നത് ശ്രദ്ധേയമാണ്. കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ, കർഷക ക്ഷേമം ഉറപ്പാക്കൽ, സംഭരണ സംവിധാനങ്ങളുടെ ശാക്തീകരണം, താങ്ങുവില ഉയർത്തൽ, ജൈവ-സുസ്ഥിര കൃഷി, ഡിജിറ്റൽ സാങ്കേതികവിദ്യകൾ എന്നിവ സമന്വയിപ്പിച്ചാണ് ഈ പുരോഗതി സാധ്യമായത്.

കർഷക വരുമാനം വർധിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിലെ കാർഷികനയങ്ങളുടെ ഭാഗമായിരുന്നു. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനം കർഷക വരുമാനം 50 ശതമാനം വർധിപ്പിക്കുമെന്ന സർക്കാർ വാഗ്ദാനം നിറവേറ്റിയതായി വ്യക്തമാക്കുന്നു. ഉൽപ്പാദനത്തിലും ഉൽപ്പാദന ക്ഷമതയിലുമുള്ള വർധന, കാർഷിക ചെലവ്കുറയ്ക്കൽ,വിലസ്ഥിരത,മൂല്യവർധന, സർക്കാർ ഇടപെടലുകൾ എന്നിവ ഒരുമിച്ച് നടപ്പാക്കിയതിന്റെ ഫലമായാണ് ഈ നേട്ടം കൈവരിച്ചത്. കർഷക വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തിലേക്ക് കേരളം ആസൂത്രിതമായി നീങ്ങുകയാണ്.

## കാലാവസ്ഥാവ്യതിയാനം കേര പദ്ധതിയുടെ പ്രാധാന്യം

കേരളത്തിലെ കാർഷികമേഖലയെ ഏറ്റവും കൂടുതൽ ബാധിക്കുന്ന വെല്ലുവിളി കാലാവസ്ഥാവ്യതിയാനമാണ്. ഇതിനെ നേരിടാൻ ലോകബാങ്കിന്റെ സഹായത്തോടെ 2,365.5 കോടി രൂപ ചെലവിൽ ആരംഭിച്ച കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ) പദ്ധതി, സംസ്ഥാന കാർഷികചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഇടപെടലുകളിൽ ഒന്നാണ്. നാലുലക്ഷം കർഷകർക്ക് നേരിട്ടും പത്തുലക്ഷം കർഷകർക്ക് പരോക്ഷമായും ഗുണം ലഭിക്കുന്ന ഈ പദ്ധതിയിലൂടെ ഉൽപ്പാദനം മുതൽ വിപണനം വരെ കാർഷിക മൂല്യശൃംഖല ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. കാർബൺ ബഹിർഗമനം കുറച്ച് നെൽക്കൃഷിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുവാൻ 500 കോടി രൂപ നീക്കിവെച്ചതും അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ സഹകരണം ഉറപ്പാക്കിയതും കേരളത്തിന്റെ ശാസ്ത്രീയ സമീപനം വ്യക്തമാക്കുന്നു. നെല്ലിനൊപ്പം റബ്ബർ, കാപ്പി, ഏലം, തെങ്ങ് തുടങ്ങിയ പ്രധാന വിളകളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി.

## ജനകീയ പങ്കാളിത്തം ഞങ്ങളും കൃഷിയിലേക്ക്

കൃഷിയെ ഒരു സർക്കാർ പദ്ധതിയിൽ നിന്ന് സാമൂഹിക പ്രസ്ഥാനമായി മാറ്റിയതാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതി. 23,569 കൃഷിക്കൂട്ടങ്ങൾ, 100 കർഷക ഉൽപാദക സംഘടനകൾ, 21,520 ഫാംപ്ലാനുകൾ എന്നിവ രൂപീകരിച്ചതിലൂടെ ഉൽപാദനം, സേവനം, വിപണനം, മൂല്യവർധനം എന്നീ മേഖലകൾ ഏകോപിപ്പിച്ചു. യുവജനങ്ങൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ കൃഷിയിലേക്ക് ആകർഷിച്ച ഈ പദ്ധതി, വിള അധിഷ്ഠിത കൃഷിയിൽ നിന്ന് വിളയിട അധിഷ്ഠിത ആസൂത്രിത കൃഷിയിലേക്കുള്ള മാറ്റത്തിന് വഴിയൊരുക്കി.



## കൃഷിദർശനും സ്മാർട്ട് ഭരണവും

കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് കേട്ട് പരിഹാരം കണ്ടെത്തുന്ന കൃഷിദർശൻ പരിപാടി, ഭരണസംവിധാനത്തെ കൃഷിയിടത്തിലേക്ക് എത്തിച്ച ഒരു മാതൃകയായി. കൃഷിദർശന്റെ ഭാഗമായി നടത്തിയ അദാലത്തുകൾ, വർഷങ്ങളായി നീണ്ടുനിന്ന പ്രശ്നങ്ങൾ കൃഷിയിടത്തിൽ വച്ചുതന്നെ പരിഹരിക്കാൻ സഹായിച്ചു. ഇതോടൊപ്പം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകൾ ആരം

> കർഷക വരുമാനം വർധിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിലെ കാർഷികനയങ്ങളുടെ ഭാഗമായിരുന്നു. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനം കർഷക വരുമാനം 50 ശതമാനം വർധിപ്പിക്കുമെന്ന സർക്കാർ വാഗ്ദാനം നിറവേറ്റിയതായി വ്യക്തമാക്കുന്നു




# കേരളാഗ്രോ
## കർഷക ഉൽപ്പന്നങ്ങൾക്ക് ഒരു മുഖം

**ഇന്ത്യയിൽ ആദ്യമായി സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങളെ ഒരു പൊതുബ്രാൻഡിന് കീഴിൽ കൊണ്ടുവന്നതാണ് കേരളാഗ്രോ. ഒരു കൃഷിഭവൻ ഒരു മൂല്യവർധിത ഉൽപ്പന്നം എന്ന ആശയം പ്രായോഗികമായി നടപ്പാക്കിയതോടെ ആയിരത്തിലധികം ഉൽപ്പന്നങ്ങൾ സജ്ജമായി. എല്ലാ ജില്ലകളിലും കേരളാഗ്രോ ഷോറൂമുകൾ ആരംഭിച്ചതോടെ കർഷക ഉൽപ്പന്നങ്ങൾക്ക് ഉറച്ച വിപണി ലഭിച്ചു. 2026ഓടെ 4,000 ഉൽപ്പന്നങ്ങൾ എന്ന ലക്ഷ്യം കേരളത്തിന്റെ മൂല്യവർധനനയത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.**

ഭിച്ചു. 80 കൃഷിഭവനുകൾ ഇതിനകം സ്മാർട്ട് ആയി മാറി. 'ആശ്രയ കർഷക സേവന കേന്ദ്രങ്ങൾ' വഴി സേവനങ്ങൾ കൂടുതൽ വേഗത്തിൽ കർഷകരിലെത്തുന്നു.

### ഡിജിറ്റൽ കൃഷി കേരള കൃഷി ഹബ് & കതിർ ആപ്പ്

കേരള കൃഷി ഹബ് (KKH), കതിർ ആപ്പ് എന്നിവ കാർഷിക മേഖലയെ ഡിജിറ്റൽ കാലഘട്ടത്തിലേക്ക് നയിച്ചു. ഏകീകൃത കർഷകവിവര ശേഖരം, ജിയോപോർട്ടൽ, AI അടിസ്ഥാനമാക്കിയ കൃഷിയിടഅതിർ നിർണ്ണയം, കാലാവസ്ഥാധിഷ്ഠിത വിള ആസൂത്രണം, കാർബൺ ക്രെഡിറ്റ്, കാർഷികോപദേശം തുടങ്ങി കർഷകർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരൊറ്റ ജാലകത്തിലൂടെ ലഭ്യമാക്കുന്ന സംവിധാനമായി കതിർ ആപ് മാറി.

### ജൈവവും സുസ്ഥിരവുമായ കാർഷിക നയം

സുരക്ഷിത ഭക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കി ജൈവ കാർഷിക മിഷനും കേരള മാതൃക പ്രകൃതികൃഷി ഉപമിഷനും നടപ്പാക്കി. ജൈവകൃഷി വിസ്തൃതി 25,000 ഹെക്ടറിൽ നിന്ന് ഒരു ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. സർട്ടിഫിക്കേഷൻ, ട്രയ്സബിലിറ്റി, ബ്രാൻഡിങ് എന്നിവ ഉറപ്പാക്കിയതോടെ ജൈവ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ വിശ്വാസ്യത ലഭിച്ചു.

### കൂൺഗ്രാമം പദ്ധതി

വീട്ടമ്മമാർക്ക് അധിക വരുമാനം എന്ന നിലയിൽ ആരംഭിച്ച കൂൺ കൃഷി പ്രോത്സാഹന പദ്ധതിക്ക് വളരെ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കൂൺഗ്രാമം പദ്ധതി 100 തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു. ഈ രംഗത്തേക്ക് കടന്നുവരുന്നവർക്ക് ആവശ്യമായ പരിശീലനം വകുപ്പ് നൽകുന്നു. ഹിമാചൽ പ്രദേശിലെ സോളനിൽ നിന്നും പരിശീലനം സിദ്ധിച്ച കൂൺ കർഷകരെ മാസ്റ്റർ പരിശീലകരാക്കി കൂടുതൽ കർഷകർക്ക് പരിശീലനം നൽകുന്നുമുണ്ട്. കൂണിൽനിന്നും ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ നല്ല സ്വീകാര്യതയുണ്ട്.

> ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകൾ ആരംഭിച്ചു. 80 കൃഷിഭവനുകൾ ഇതിനകം സ്മാർട്ട് ആയി മാറി

# മൂല്യവർധിത കൃഷി കാബ്കോയും വിപണി വിപുലീകരണവും

**കേരളത്തിലെ  കാർഷികമേഖലയുടെ പരിമിതികൾ മറികടക്കാൻ ദ്വിതീയ കാർഷിക മേഖലയ്ക്ക് സർക്കാർ നൽകിയ പ്രാധാന്യം നിർണായകമായി. ഇതിന്റെ ഭാഗമായാണ് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപവൽക്കരിച്ചത്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ വിപണികൾ കണ്ടെത്തുക, മൂല്യവർധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്വകാര്യ നിക്ഷേപം ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കാബ്കോ ഏറ്റെടുത്തത്. തിരുവനന്തപുരം ആനയറയിൽ 72 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സ്പോ & അഗ്രി പാർക്ക്, കാർഷിക വിപണന രംഗത്ത് കേരളത്തിന് പുതിയ സാധ്യതകൾ തുറക്കുന്നു.  65,000 സ്ക്വയർഫീറ്റ് വിസ്തൃതിയിൽ അന്താരാഷ്ട്ര നിലവാരമുള്ള എക്സിബിഷൻ സെന്റർ, 33260 ചതുരശ്ര വിസ്തൃതിയിൽ 365 പേർക്ക് ഇരിക്കുവാൻ സൗകര്യമുള്ള ആധുനിക സംവിധാനത്തോടു കൂടിയ ഫുഡ് കോർട്ട്, 1,02,876 സ്ക്വയർ ചീറ്റ് വിസ്തൃതിയിൽ ഏഴു നിലകളിലായി ഓഫീസ് മുറികളും മീറ്റിങ് സംവിധാനങ്ങളോടും കൂടി കൃഷിവകുപ്പ് ഡയറക്റ്ററേറ്റും അനുബന്ധ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തിക്കുവാനുള്ള സംവിധാനങ്ങളോടെയാണ് കാബ്കോ എക്സ്പോ & അഗ്രി പാർക്ക് ഒരുങ്ങുന്നത്.**

## ഇൻഷുറൻസ് പരിരക്ഷയും കർഷകക്ഷേമവും

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിഎല്ലാജില്ലകളിലേക്കുംവ്യാപിപ്പിച്ചു.മാനദണ്ഡങ്ങൾ ലഘൂകരിച്ചതിലൂടെ കൂടുതൽ കർഷകർ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ എത്തി. കർഷക കടാശ്വാസ കമ്മിഷൻ വഴി കർഷക കടങ്ങൾ എഴുതി തള്ളിയതും കർഷകക്ഷേമം ലക്ഷ്യമാക്കി കർഷകക്ഷേമബോർഡ് സ്ഥാപിതമായതും കർഷകർക്ക് ആശ്വാസമായി.

കർഷക വരുമാനം അൻപത് ശതമാനം വർധിപ്പിക്കും എന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കി. (സംസ്ഥാന എക്കണോമിക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠന റിപ്പോർട്ട് പ്രകാരം 2019 ൽ കർഷക കുടുംബത്തിന്റെ ശരാശരി മാസവരുമാനം 17,915 രൂപയിൽ നിന്ന് 2024-ൽ 28,984 രൂപയായി മാറി 61.79% വർധന കൈവരിച്ചു. ഇത് 2026-ഓടെ 33,411 രൂപയാകുമെന്നാണ് കണക്കാക്കുന്നത്. ഈ വളർച്ചയ്ക്ക് പിന്നിൽ ഉൽപാദന വർധന, മൂല്യവർധന, വിപണന സൗകര്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം, യന്ത്രവൽക്കരണം തുടങ്ങിയ ഘടകങ്ങൾ പ്രധാന പങ്കുവഹിച്ചു.




**നെൽക്കൃഷി:** രണ്ട് ലക്ഷം ഹെക്ടർ വിസ്തൃതി സംരക്ഷിച്ച് ഉൽപാദനക്ഷമത വർധിപ്പിച്ചു; 62.81 ലക്ഷം മെട്രിക് ടൺ നെല്ല് സർക്കാർ സംഭരിച്ചു.

**നാളികേരം:** കേരഗ്രാമം പദ്ധതി വഴി ഉൽപാദന കുതിപ്പ്.

**പച്ചക്കറി-ഫലവർഗങ്ങൾ:** ദേശീയ പ്രവണതകൾക്ക് വിരുദ്ധമായി വിസ്തൃതി-ഉൽപാദന വർധന; സ്വയംപര്യാപ്തത ലക്ഷ്യമാക്കി മുന്നേറ്റം.

**റബർ:** വിലസ്ഥിരതാ പദ്ധതിയിലൂടെ കർഷക സംരക്ഷണം.

2022-23ൽ കാർഷിക മേഖലയിലെ ദേശീയ വളർച്ചാ നിരക്ക് 2.1% മാത്രമായിരിക്കേ കേരളത്തിൽ 4.65% വർധനവ് നേടി.

പച്ചക്കറിയുടെ ഉദ്ഘാടനം 2015-16 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2024-25ൽ 19.106 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു.

നെല്ലിന്റേയും നാളികേരത്തിന്റേയും ഉൽപാദനക്ഷമതയിൽ ഗണ്യമായ വർധനവുണ്ടായി.

ഒരു കൃഷിഭവൻ ഒരുൽപന്നം പദ്ധതിയിൽ നാലായിരത്തിലധികം മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണിനവും കയറ്റുമതിയും ഏകോപിപ്പിക്കുന്നതിന് സിയാൽ മോഡലിൽ ആരംഭിച്ച കമ്പനി - കാബ്കോ (കേരള അഗ്രോ ബിസിനസ് കമ്പനി). ■

ഒ. ആർ. കേളു
പട്ടികജാതി-പട്ടികവർഗ-പിന്നാക്കവികസന വകുപ്പ് മന്ത്രി



**പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഭൂമി, ഭവനം, പഠനം, തൊഴിലവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനു കഴിഞ്ഞ പത്തുവർഷത്തിനകം മികച്ച പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ മികവോടെ നടപ്പാക്കുന്നതിനും സംസ്ഥാനസർക്കാരിനു കഴിഞ്ഞു**

# ഉന്നതിയുടെ ചുവടുകൾ

വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനവും തൊഴിലും, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക പൈതൃക സംരക്ഷണം, നിയമ പരിരക്ഷ എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളാണ് പട്ടികജാതി പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വാർഷിക ബജറ്റുകളിലായി പട്ടികജാതി വികസനത്തിന് 14,834.99 കോടി രൂപയും പട്ടികവർഗ വികസനത്തിന് 4,279.86 കോടി രൂപയും



പ്രത്യേക ഉപപദ്ധതികളിലായി വകയിരുത്തി. സംസ്ഥാനത്തെ പട്ടികവിഭാഗ ജനസംഖ്യാ ശതമാനമായ 10.46 നേക്കാൾ 12.7 ശതമാനം ഉയർന്ന അനുപാതത്തിലാണ് ബജറ്റ് വിഹിതം അനുവദിക്കുന്നത്.



## പട്ടികവർഗവിഭാഗക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ്

**പ്രത്യേക നിയമന നടപടികൾ: പട്ടികവർഗ വിഭാഗക്കാർക്ക് സർക്കാർ സർവീസിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് വഴി 500 യുവാക്കൾ വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിതരായി. ആദ്യമായാണ് ഒരേസമയം ഇത്രയധികം തദ്ദേശവാസികൾ സർക്കാർ സർവീസിൽ പ്രവേശിക്കുന്നത്.**

**സേഫ്:** അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി ആരംഭിച്ച പദ്ധതി. 2 ലക്ഷം രൂപയാണ് നൽകുന്നത്. 52,104 പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് സേഫ് ധനസഹായം അനുവദിച്ചു.

**ലൈഫ് മിഷൻ:** ലൈഫ് മിഷൻ പദ്ധതിയിൽ തിരഞ്ഞെടുത്ത 1.48 ലക്ഷം ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ 1,10,930 വീടുകൾ പൂർത്തിയാക്കി. ലൈഫ് മിഷന് കീഴിൽ ഒരു വീടിന് 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്, അതിൽ 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പാണ് നൽകുന്നത്.

**പഠനമുറികൾ:** പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് മികച്ച പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് പഠനമുറി നിർമ്മാണ പദ്ധതി പ്രകാരം ഒരു പഠനമുറിക്ക് രണ്ടുലക്ഷം രൂപയാണ് അനുവദിക്കുന്നത്. 47,024 കുടുംബങ്ങൾക്ക് പഠനമുറികൾ അനുവദിച്ചു.

**അംബേദ്കർ ഗ്രാമവികസനം:** ഇരുപത്തിയഞ്ചിലധികം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനായി ഓരോ നഗറിനും ഒരു കോടി രൂപ അനുവദിക്കുന്നു. 1246 നഗറുകളിൽ പദ്ധതി നടപ്പിലാക്കി. 15 വീടുകൾ വരെയുള്ള നഗറുകളെയും ഉൾപ്പെടുത്തുന്നതിനായി 2024-25 മുതൽ ഐശ്വര്യ ഗ്രാമം എന്ന പേരിൽ പദ്ധതി പുനരാവിഷ്കരിച്ചു.

**പാലക്കാട് മെഡിക്കൽ കോളേജ്:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിൽ 72% MBBS പ്രവേശനം പട്ടിക വിഭാഗം വിദ്യാർഥികൾക്ക് നൽകുന്നു. 500 വിദ്യാർഥികൾ പഠനം പൂർത്തിയാക്കി. 500 വിദ്യാർഥികൾ പഠനം നടത്തുകയും ചെയ്യുന്നു. "ഇന്ത്യയിൽതന്നെ ആദ്യമായാണ് പട്ടികജാതി വികസന വകുപ്പ് മെഡിക്കൽ കോളേജ് നടത്തുന്നത്. കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 750 കോടി രൂപ ചെലവഴിച്ചു".

## പട്ടികവർഗ വികസന വകുപ്പ്

**വിദ്യാവാഹിനി:** യാത്രാസൗകര്യം കുറവായ വനമേഖലകളിലും അതോട് ചേർന്ന പ്രദേശങ്ങളിലും താമസിക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽ എത്തിച്ചേരുന്നതിനും, സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും നടപ്പാക്കുന്ന പദ്ധതിയാണ് വിദ്യാവാഹിനി. 2021-2025 കാലയളവിൽ 64.45 കോടി രൂപ 1,24,992 വിദ്യാർഥികൾക്ക് വാഹനസൗകര്യത്തിനായി അനുവദിച്ചു.






ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് മുഖ്യമന്ത്രി വിതരണം ചെയ്യുന്നു

**ആനമതിൽ നിർമ്മാണം:** ആറളം പുനരധിവാസ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിനായി 51 കോടി രൂപ ചെലവിൽ, 10.5 കിലോമീറ്റർ നീളമുള്ള ആന പ്രതിരോധ മതിൽ നിർമ്മാണം പുരോഗമിക്കുന്നു.

**ഇടമലക്കുടി റോഡ് നിർമ്മാണം:** കേരളത്തിലെ ആദ്യ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ജനങ്ങളുടെ യാത്രാക്ലേശത്തിന് പരിഹാരമായി റോഡ് നിർമ്മാണം പൂർത്തിയാകുന്നു. 13.70 കോടി രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്.

**സാമൂഹ്യ പഠനമുറി:** പട്ടികവർഗ വിദ്യാർഥികൾക്ക് ട്യൂഷൻ സമ്പ്രദായത്തോടുകൂടിയ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്ന പദ്ധതിയാണിത്. പട്ടികവർഗ വിഭാഗക്കാരായ വിദ്യാസമ്പന്നരായ യുവതീയുവാക്കളെ പരിശീലിപ്പിച്ച്, പ്രതിമാസം ഓണറേറിയത്തോടെ സാമൂഹ്യ പഠനമുറികളിൽ ട്യൂട്ടർമാരായി നിയമനം നൽകി. 363 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് സ്മാർട്ട് പഠനമുറികളും ആരംഭിച്ചു.

**ജനനി ജന്മരക്ഷ:** പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഒരു വയസ്സുവരെയുള്ള കുട്ടികളുള്ള അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി സാമ്പത്തികസഹായം നൽകുന്ന സാമൂഹ്യസുരക്ഷാ പദ്ധതിയാണ്. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരുവയസ്സ് തികയുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. ഇതിനുപുറമേ സമഗ്ര പട്ടികവർഗ ആരോഗ്യ സുരക്ഷാ പദ്ധതി (Comprehensive Tribal Health Care) പ്രകാരം, സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പട്ടികവർഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

**സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം:** പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യരോഗമായ സിക്കിൾസെൽ അനീമിയ ബാധിതർക്ക് പ്രതിമാസ ധനസഹായം നൽകിവരുന്നു. 2016-2021 കാലയളവിൽ 9.64 കോടി രൂപ അനുവദിച്ചു. ഗുണഭോക്താക്കൾ-3471. 2021-2025 കാലയളവിൽ 15.26 കോടി രൂപ അനുവദിച്ചു. ഗുണഭോക്താക്കൾ-12541

മുഴുവൻ പട്ടികവർഗ ജനവിഭാഗത്തെയും സിക്കിൾസെൽ അനീമിയ സ്ക്രീനിങിന് വിധേയമാക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് കേന്ദ്ര സഹായത്തോടെ തുടക്കം കുറിച്ചു.

ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയാസ് (Digitally Connected Tribal Areas) വയനാട് ജില്ലയിലെ സാമൂഹ്യ പഠനമുറികൾ കേന്ദ്രീകരിച്ച് പട്ടികവർഗ വകുപ്പ്, C-DAC, RCC എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. അസിസ്റ്റീവ് ടെക്നോളജി ഉപയോഗിച്ച് സാംക്രമികേതര രോഗങ്ങളും മാനസികാരോഗ്യ അവസ്ഥകളും തടയുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് 2024 സപ്തംബറിൽ യുഎൻ അന്തർദേശീയ അവാർഡ് ലഭിച്ചു.

**ഏകവരുമാനദായക കുടുംബത്തിനുള്ള ധനസഹായം:** ഏക വരുമാനദായകനെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് വരുമാനദായകന്റെ മരണം പോലുള്ള അപ്രതീക്ഷിത സാഹചര്യങ്ങളിൽ സാമ്പ



## ഉറപ്പാക്കുന്നു ഉന്നതപഠനം

ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്: ലോകത്തെ മികച്ച വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും അതിനു മുകളിലുമുള്ള പഠനത്തിന് 25 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഇതുവരെ 1104 വിദ്യാർഥികൾക്ക് വിദേശ പഠനസൗകര്യം ലഭ്യമാക്കി.

ട്രേസ് (TRACE): പ്രൊഫഷണൽ/ബിരുദ യോഗ്യത നേടിയ പട്ടിക വിഭാഗക്കാരായ യുവതീയുവാക്കൾക്ക് പ്രവൃത്തിപരിചയം നേടുന്നതിനും മികച്ച ജോലി ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ചതാണ് 'ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്' (TRACE) പദ്ധതി. സർക്കാർ വകുപ്പുതലത്തിൽ ഉൾപ്പെടെ തൊഴിൽ പരിചയം നൽകുന്നതിനൊപ്പം, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് എന്നിവയും ഉറപ്പാക്കുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ, നഴ്സിങ്/പാരാമെഡിക്കൽ, സോഷ ്യൽ വർക്കർ, പ്രൊമോട്ടർമാർ, ജേർണലിസം എന്നിങ്ങനെ വിവിധ മേഖലകളിലായി 5000 പേർ പരിശീലനം പൂർത്തിയാക്കി. 5000 പേർ പരിശീലനം നേടിവരുന്നു. 10000 മുതൽ 18000 രൂപവരെ ഓണറേറിയത്തോടെയാണ് പരിശീലനം.

വിങ്സ് (WINGS): പട്ടിക വിഭാഗ വിദ്യാർഥികൾക്ക് വ്യോമയാന മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് 'വിങ്സ്'. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് 25 ലക്ഷം രൂപയും ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയവർക്ക് അധിക പരിശീലനത്തിനും സ്കോളർഷിപ്പ് നൽകുന്നു. ഓരോ വർഷവും പ്രവേശന പരീക്ഷ പാസാകുന്നവരിൽ 3 പട്ടികജാതി, 2 പട്ടികവർഗം, ഒരു ഒഇസി എന്നിങ്ങനെ 6 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

സാമൂഹ്യ പഠനമുറി: പട്ടികവർഗ വിദ്യാർഥികൾക്ക് ട്യൂഷൻ സമ്പ്രദായത്തോടുകൂടിയ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്ന പദ്ധതിയാണിത്. പട്ടികവർഗ വിഭാഗക്കാരായ വിദ്യാസമ്പന്നരായ യുവതീയുവാക്കളെ പരിശീലിപ്പിച്ച്, പ്രതിമാസം ഓണറേറിയത്തോടെ സാമൂഹ്യ പഠനമുറികളിൽ ട്യൂട്ടർമാരായി നിയമനം നൽകി. 363 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് സ്മാർട്ട് പഠനമുറികളും ആരംഭിച്ചു.

ത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള പദ്ധതിയിൽ രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. 2020-2025 കാലയളവിൽ 6.08 കോടി രൂപ അനുവദിച്ചു.

**ഭൂമി വിതരണം:** ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി മുതൽ, പരമാവധി അഞ്ചേക്കർ വരെ നൽകുന്ന പദ്ധതിയിൽ 2016-2025 കാലയളവിൽ കേരളത്തിലെ 8,919 ഗുണഭോക്താക്കൾക്കായി 8,573.52 ഏക്കർ ഭൂമി വിതരണം ചെയ്തു. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ പട്ടികവർഗ വിഭാഗക്കാർക്കും ഭൂമി വിതരണം ചെയ്തു.

**ലൈഫ് പദ്ധതി:** ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം പദ്ധതികൾക്ക് കീഴിൽ 2016-2025 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ ലൈഫ് പദ്ധതി മുഖേന പട്ടികവർഗ്ഗ വിഭാഗത്തിനായി ആകെ 53,438 വീടുകൾ അനുവദിച്ചതിൽ, 4 6, 314 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**വനാവകാശം:** വനാവകാശ നിയമപ്രകാരം 3126 കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ ഭൂമി പട്ടയവും 718 കുടുംബങ്ങൾക്കായി 243.80 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശരേഖയും നൽകി. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 314 കുടുംബങ്ങൾക്ക് 62.86 ഏക്കർ ഭൂമിയും വാങ്ങി നൽകി. ഇത്തരത്തിൽ 4185 കുടുംബങ്ങൾക്കായി ആകെ 4552.19 ഏക്കർ ഭൂമി നൽകി.

### പിന്നാക്ക വിഭാഗ വികസന വകുപ്പ്

**വിദ്യാഭ്യാസ സ്കോളർഷിപ്പ്:** OEC, OBC, KPCR തുടങ്ങിയ വിദ്യാഭ്യാസ സ്കോളർഷിപ്പിലൂടെ പ്രതിവർഷം 7 ലക്ഷം വിദ്യാർഥികൾക്ക് ധനസഹായം നൽകുന്നു. കഴിഞ്ഞ 5 വർഷം 2693.49 കോടി രൂപ നൽകി. ഈ വർഷം 250 കോടി രൂപ അധിക ധനസഹായം ലഭ്യമായി.

**കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി:** കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. സംസ്ഥാനത്തെ 1 മുതൽ 8 വരെ ക്ലാസുകളിലെ OBC കുട്ടികൾക്കായുള്ള ഈ പദ്ധതിക്ക് 2023 മുതൽ നാളിതുവരെ 39.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2,15,045 വിദ്യാർഥികൾക്ക് ലഭിച്ചു.

### കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ മുഖേന ഈ കാലയളവിൽ 5,48,639 ഗുണഭോക്താക്കൾക്ക് 5912.67 കോടി രൂപ വായ്പ നൽകി.

പട്ടികജാതി യുവജനങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തും ഉയർന്ന ശമ്പളത്തോടെ ജോലി ഉറപ്പാക്കി, 8 നൈപുണ്യ പരിശീലന പരിപാടികൾ നടത്തുന്നു. ■

> പട്ടികവർഗ വിഭാഗക്കാരായ വിദ്യാസമ്പന്നരായ യുവതീയുവാക്കളെ പരിശീലിപ്പിച്ച്, പ്രതിമാസം ഓണറേറിയത്തോടെ സാമൂഹ്യ പഠനമുറികളിൽ ട്യൂട്ടർമാരായി നിയമനം നൽകി.

പി. രാജീവ്
നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി

ഏറ്റവും മികച്ച ടാലന്റ് പൂളുള്ള, ഏറ്റവും മികച്ച കാലാവസ്ഥയുള്ള, ഏറ്റവും മികച്ച കണക്റ്റിവിറ്റി സൗകര്യങ്ങളുള്ള കേരളം ഇപ്പോൾ ലോകത്തിന് മുൻപിൽ വാതിൽ തുറക്കുകയാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നതിനൊപ്പം നിക്ഷേപകരുടെയും സ്വന്തം നാടായി മാറിയിരിക്കുന്നു



# ഉദിച്ചു പുതുവ്യവസായ ഭൂമിക

നിക്ഷേപ സൗഹൃദനിലയിൽ 28-ാം സ്ഥാനത്തുണ്ടായിരുന്ന കേരളം ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 ലക്ഷ്യസ്ഥാനമായി മാറാനുള്ള കുതിപ്പിലാണിന്ന് കേരളം. തുടർച്ചയായ രണ്ടാം തവണയും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റീഫോംസിലെ ഒന്നാം ശ്രേണിയിലെത്താൻ കേരളത്തിന് സാധിച്ചു.

അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 87 വർഷത്തെ ചരിത്രത്തിനിടയിൽ ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരം നേടി. അത് കേരളത്തിന്റെ സംരംഭകവർഷം പദ്ധതിയാണ്. ഇതേ പദ്ധതി ഇന്ത്യയിലെ എം എസ് എം ഇ രംഗത്തെ ഏറ്റവും മികച്ച പദ്ധതിയായും പ്രധാനമന്ത്രി പങ്കെടുത്ത യോഗത്തിൽ അംഗീകരിക്കപ്പെട്ടു. സംരംഭങ്ങൾ ആരംഭിക്കുന്നതിന് പല ഓഫീസുകൾ കയറേണ്ട സാഹചര്യം ഒഴിവാക്കി ഏകജാലക സംവിധാനം ഒരുക്കി കെ-സ്വിഫ്റ്റിന് തുടക്കം കുറിച്ചു. നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റങ്ങൾ വരുത്തി.

ഇതിനുശേഷം ദാവോസിലെ വേൾഡ് എക്കണോമിക് ഫോറത്തിലൂൾപ്പെടെ കേരളത്തിന് പ്രശംസ ലഭിച്ചു. നൂതന സാങ്കേതിക വിദ്യ കൈകാര്യം ചെയ്യുന്ന ലോകത്തിലെ



ഏറ്റവും മികച്ച ചില കമ്പനികൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. കേരളം ലോകത്തിന്റെ ശ്രദ്ധയാകർഷിക്കുന്ന ഘട്ടത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും നമ്മൾ വിജയകരമായി സംഘടിപ്പിച്ചു. 400 ലധികം കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചു. ഇതിൽ 109 കമ്പനികളുടെ നിക്ഷേപപദ്ധതികളുടെ നിർമ്മാണമാരംഭിച്ചു.

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

ആഗോള നിക്ഷേപകസംഗമമായ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വലിയ വിജയം നേടി. കേരളത്തിന്റെ വ്യാവസായികരംഗത്ത് വലിയ നിക്ഷേപങ്ങൾ ഈ പരിപാടിയിലൂടെ വന്നു. കേരള വ്യവസായനയം ലക്ഷ്യമിടുന്ന നൂതന വ്യവസായമേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് രാജ്യത്തിന്റെ തന്നെ ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 വ്യവസായങ്ങളുടെ ഹബ്ബായി മാറാനാണ് കേരളം ശ്രമിക്കുന്നത്. അമ്പതോളം പരിപാടികൾ നിക്ഷേപസംഗമത്തിന് മുൻപായി കേരളം സംഘടിപ്പിച്ചു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എ ഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ് എന്നിവയ്ക്ക് പുറമെ പത്തിലധികം സെക്ടറൽ കോൺക്ലേവുകളും പൂർത്തിയാക്കി. വിഴിഞ്ഞം തുറമുഖത്തിനായും മലബാർ മേഖലയ്ക്കായും പ്രത്യേക കോൺക്ലേവുകൾ സംഘടിപ്പിച്ചു. കേരളത്തിലെ സംരംഭകർ ഈ ഘട്ടത്തിൽ നമ്മുടെ നാടിന്റെ അംബാസിഡർമാരായി മാറി. 400ലധികം കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാനം നമുക്ക് ലഭിച്ചു. കേവലം 10 മാസത്തിനുള്ളിൽ നിക്ഷേപവാഗ്ദാനം നൽകിയ 109 കമ്പനികളാണ് ഇവിടെ നിർമ്മാണം ആരംഭിച്ചത്. ഇതിലൂടെ അൻപതിനായിരത്തിലധികം തൊഴിലവസരങ്ങളാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. 35,000+ കോടി രൂപ നിക്ഷേപം കൊണ്ടുവരുന്ന പദ്ധതികളാണിവ.

## ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്

91 ശതമാനം പരിഷ്കാരപരിപാടികൾ നടപ്പിലാക്കിയാണ് കഴിഞ്ഞ വർഷം കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റീഫോംസിൽ ഒന്നാമതെത്തിയെതെങ്കിൽ ഈ വർഷം 99.3 ശതമാനം പരിഷ്കാരങ്ങളും നടപ്പിലാക്കിയാണ് ഏറ്റവും ഉയർന്ന ഫാസ്റ്റ് മൂവർ ക്യാറ്റഗറിയിൽ ടോപ് അച്ചീവർ സ്ഥാനം വീണ്ടുമുറപ്പിച്ചത്. പൂർണ്ണമായും സംരംഭകരുടെ വോട്ടിങ്ങിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷത്തെ നേട്ടമെങ്കിൽ ഈ വർഷം സംരംഭകരുടെ വോട്ടിനൊപ്പം സർക്കാരിന്റെ പരിഷ്കരണപദ്ധതികൾക്കും മൂല്യനിർണ്ണയത്തിൽ നിശ്ചിതപങ്കുണ്ടായിരുന്നു.

## സംരംഭകർ സർക്കാരിനൊപ്പം

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്നതിന്ശേഷംകൊണ്ടുവന്ന ആദ്യ പദ്ധതികളിലൊന്ന് 1410 കോടി രൂപയുടെ എം എസ് എം ഇ പാക്കേജാണ്. ഇതിന് പിന്നാലെ ഫിക്കി, സി ഐ ഐ, കെ എസ് എസ് ഐ എ, ട്രേഡ് യൂണിയനുകൾ എന്നിവരുമായി ചർച്ച നടത്തി. തുടർന്ന് ഇവരുടെ ആവശ്യങ്ങളിൽ നടപടി കൈക്കൊണ്ടു. 50 കോടി രൂപ വരെയുള്ള റെഡ് ക്യാറ്റഗറിയിലല്ലാത്ത നിക്ഷേപങ്ങൾക്ക് കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന തത്വത്തിലുള്ള ധാരണാപത്രം വഴി 3.5 വർഷം പ്രവർത്തിക്കാനുള്ള നിയമം കൊണ്ടുവന്നു. 50 കോടിയിലധികം മൂലധനനിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമവും പാസാക്കി. വ്യവസായശാലകളിലെ അനാവശ്യ നടപടികൾ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമായി കെ-സിസ് പോർട്ടലിലൂടെ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പരിശോധനാസംവിധാനം ആവിഷ്കരിച്ചു. സംരംഭകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ - സംസ്ഥാന തലങ്ങളിൽ സിവിൽ കോടതി അധികാരത്തോടെ സ്റ്റാറ്റ്യൂട്ടറി സമിതികൾ രൂപീകരിച്ചു. സംരംഭകന് മതിയായ കാരണമില്ലാതെ സേവനം നൽകുന്നതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയാൽ പിഴ ഈടാക്കാനും നടപടിക്ക് ശിപാർശ ചെയ്യാനും ഈ സമിതിക്ക് അധികാരം നൽകി. ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്കും എംഎസ്എംഇ ക്ലിനിക്കുമൊക്കെ വഴി വലിയൊരളവിൽ പരാതികൾ പരിഹരിക്കാൻ സാധിച്ചതും സംരംഭകരുടെ ഫീഡ്ബാക്കിൽ പ്രതിഫലിച്ചിട്ടുണ്ട്.

## നിക്ഷേപ പ്രോത്സാഹനബോർഡ്

കേരളത്തിലേക്ക് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപങ്ങളും കേരളത്തിലെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ തൊഴിൽ നൽകുന്നതുമായ 100 കോടിക്ക് മുകളിലുള്ള നിക്ഷേപങ്ങൾക്ക് അതിവേഗത്തിൽ അനുമതികൾ ലഭ്യമാക്കാനായി മുഖ്യമന്ത്രി അധ്യക്ഷനായും വ്യവസായ വകുപ്പ് മന്ത്രി കോ-ചെയർമാനായും ഉദ്യോഗസ്ഥരും വ്യവസായികളും അംഗങ്ങളുമായ കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് രൂപവൽക്കരിക്കാൻ പുതിയ നിയമഭേദഗതി കൊണ്ടുവന്നു. വ്യവസായനയം പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ അതിവേഗത്തിൽ നൽകുന്നതിന് തീരുമാനമെടുക്കുന്നതിനൊപ്പം പ്രത്യേകമായ എന്തെങ്കിലും ഇളവുകൾ നൽകണമോ

> **91 ശതമാനം പരിഷ്കാരപരിപാടികൾ നടപ്പിലാക്കിയാണ് കഴിഞ്ഞ വർഷം കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റീഫോംസിൽ ഒന്നാമതെത്തിയെതെങ്കിൽ ഈ വർഷം 99.3 ശതമാനം പരിഷ്കാരങ്ങളും നടപ്പിലാക്കിയാണ് ഏറ്റവും ഉയർന്ന ഫാസ്റ്റ് മൂവർ ക്യാറ്റഗറിയിൽ ടോപ് അച്ചീവർ സ്ഥാനം വീണ്ടുമുറപ്പിച്ചത്**





## സംരംഭക വർഷം മൂന്നര ലക്ഷത്തിലധികം സംരംഭങ്ങൾ

**ദീർഘകാലത്തിന് ശേഷം കേരളത്തിന്റെ വ്യവസായമേഖലയ്ക്ക് ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ നേടിത്തന്ന പദ്ധതിയാണ് സംരംഭകവർഷം. പ്രധാനമന്ത്രി പങ്കെടുത്ത യോഗത്തിൽ രാജ്യത്തെ എം എസ് എം ഇ മേഖലയിലെ ഏറ്റവും മികച്ച പ്രാക്ടീസായും അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരവും നേടിയ പദ്ധതി. ഈ വർഷം മുസൂറിയിലെ ഐഎഎസ് ട്രെയിനിങ്ങിലും കേരളത്തിന്റെ സംരംഭക വർഷം പദ്ധതി പഠനവിഷയമാണ്. പ്രതിവർഷം 10,000 സംരംഭങ്ങൾ ആരംഭിച്ചിരുന്ന കേരളത്തിൽ മൂന്നുവർഷം കൊണ്ട് മൂന്നര ലക്ഷത്തിലധികം സംരംഭങ്ങളും 22,000 കോടിയിലധികം രൂപയുടെ നിക്ഷേപവും 7.5 ലക്ഷത്തോളം തൊഴിലും ഈ പദ്ധതിയിലൂടെ ഉണ്ടായി. ഒരുലക്ഷത്തിലധികം വനിതാ സംരംഭകർ പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി.**

എന്നും ഈ ബോർഡിന് തീരുമാനിക്കാം. ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാകുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണകമ്മിറ്റി രൂപവൽക്കരിക്കും എന്നത് ഈ നിയമത്തിലെ പ്രധാനവ്യവസ്ഥയാണ്.

### പൊതുമേഖലയും പൊന്നാകുന്നു

നഷ്ടത്തിലായിരുന്ന 27 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ വ്യവസായ വകുപ്പിന് കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് പുതുതായി 14 പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ലാഭത്തിലായി. ഏഴ് പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ ലാഭം വർധിപ്പിച്ചു. 32 പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുവരവ് വർധിപ്പിച്ചു. അറ്റാദായം നേടുന്ന സ്ഥാപനങ്ങളുടെ എണ്ണം 17 ആയി ഉയർന്നു. കഴിഞ്ഞവർഷം ഇത് ഒൻപത് ആയിരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 2440.14 കോടി ആയി വർധിച്ചു. മുൻപ് സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ച കെൽട്രോൺ 1000 കോടി വിറ്റുവരവുള്ള സ്ഥാപനമായി മാറി. കെ എം എം എൽ കേരളത്തിന്റെ കരുത്തായി മുന്നേറുന്നു. യൂണിയൻ ഗവൺമെന്റ് അടച്ചുപൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സംസ്ഥാനസർക്കാർ ഏറ്റെടുത്ത് ആരംഭിച്ച കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് മികച്ച പ്രവർത്തനം കാഴ്ചവെക്കുകയാണ്. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ആധുനികവൽക്കരണത്തിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും മാറ്റത്തിന്റെ പാതയിലാണ്. പുതിയ വിപണികൾ കണ്ടെത്തിയും സ്വകാര്യകമ്പനികളുമായി മത്സരിച്ചും ഒരു കേരള മോഡൽ തീർക്കുകയാണ് പൊതുമേഖല.

### പുതിയ കേരളം

ഏറ്റവും എളുപ്പത്തിൽ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് നിയമപരവും സാങ്കേതികവുമായ പിൻബലമൊരുക്കി. കെട്ടിടനിർമ്മാണച്ചട്ടങ്ങൾ ഉൾപ്പെടെ മാറ്റിയെഴുതിക്കൊണ്ട് സംരംഭകർക്ക് അനുകൂലമായ പൊളിച്ചെഴുത്തുകൾ കൊണ്ടുവന്നു. ഉത്തരവാദിത്തനിക്ഷേപം, ഉത്തരവാദിത്ത വ്യവസായം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിച്ചു. ഉത്തരവാദിത്ത നിക്ഷേപനയം പരിസ്ഥിതിക്ക് അനുയോജ്യമായ വ്യവസായങ്ങളുടെ കേന്ദ്രമാക്കി കേരളത്തെ മാറ്റിത്തീർക്കുകയാണ്. ഇതിനായി പുതിയ വ്യവസായനയം കൊണ്ടുവന്നു. ലാൻഡ് ലീസ് പോളിസിയിൽ മാറ്റം വരുത്തി. ലോജിസ്റ്റിക്സ് പാർക്ക് പോളിസി കൊണ്ടുവന്നു. കയറ്റുമതിനയം രൂപവൽക്കരിച്ചു. ഇന്ത്യയിൽ ആദ്യമായി ഇ എസ് ജി പോളിസി കൊണ്ടുവന്ന സംസ്ഥാനമായി മാറി. നിരവധി ഇൻസന്റീവുകളും സബ്സിഡികളും ഉൾപ്പെടുത്തി രൂപവൽക്കരിച്ചിട്ടുള്ള വ്യവസായനയം വ്യവസായലോകമാകെ മികച്ച പ്രതികരണത്തോടെ സ്വീകരിച്ചു. ഏറ്റവും മികച്ച ടാലന്റ് പൂളുള്ള, ഏറ്റവും മികച്ച കാലാവസ്ഥയുള്ള, ഏറ്റവും മികച്ച കണക്റ്റിവിറ്റി സൗകര്യങ്ങളുള്ള കേരളം ഇപ്പോൾ ലോകത്തിന് മുൻപിൽ വാതിൽ തുറക്കുകയാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നതിനൊപ്പം നിക്ഷേപകരുടെയും സ്വന്തം നാടായി മാറിയിരിക്കുന്നു.

### കയർമേഖല

## വന്നു വലിയ കമ്പനികൾ വലിയ നിക്ഷേപങ്ങളും

സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനൊപ്പം വലിയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ മീറ്റ് ദി ഇൻവസ്റ്റർ പരിപാടിയിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്കെത്തിക്കാൻ നമുക്ക് സാധിച്ചു. ഐബിഎം, എച്ച്സിഎൽ ടെക്, നോവ് ഐഎൻസി, സ്ട്രാഡ ഗ്ലോബൽ, ഡി-സ്പേസ്, സാഫ്രാൻ, ആക്സിയ ടെക്നോളജീസ്, സിന്തൈറ്റ്, അറ്റാച്ചി തുടങ്ങി 30ലധികം കമ്പനികൾ നിക്ഷേപം നടത്തി. ദാവോസിലെ വേൾഡ് എക്കണോമിക് ഫോറം അംഗീകരിച്ച പ്രധാന പദ്ധതികളിൽ ആദ്യത്തേത് 18000 കോടി രൂപ പ്രതീക്ഷിക്കുന്ന കേരളത്തിന്റെ ഹൈഡ്രജൻ വാലിയാണ്. ഐബിഎമ്മിന്റെ ചരിത്രത്തിലാദ്യമായി ഒരേ നഗരത്തിൽ രണ്ട് വർഷത്തിനിടെ രണ്ട് പദ്ധതികൾ ആരംഭിച്ചത് കേരളത്തിലാണ്. എച്ച്സിഎൽ ടെക് കേരളത്തിൽ പ്രവർത്തനമാരംഭിച്ച് മാസങ്ങൾക്കുള്ളിൽ പുതിയ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. ഐബിഎം, എച്ച്.സി.എൽ ടെക്, സ്ട്രാഡ ഗ്ലോബൽ, ഇൻഫോസിസ്, ഐബിഎസ്, അദാനി ഗ്രൂപ്പ്, ഏൺസ്റ്റ് ആന്റ് യങ്ങ്, ടാറ്റ എൽക്സി, യു.എസ്.ടി ഗ്ലോബൽ, അഡെസ്സോ ഗ്ലോബൽ, അഗാപ്പെ, നോവ്.ഐ എൻ സി, കോങ്ങ്സ്ബെർഗ്, ഡി-സ്പേസ്, ആക്സിയ ടെക്നോളജീസ്, സിസ്ട്രോം, സാഫ്രാൻ, സിന്തൈറ്റ്, മുരുഗപ്പ ഗ്രൂപ്പ്, ലുലു, ചോയിസ്, വികെസി, വിത്തൽ കാഷ്യൂസ്, പ്രസ്റ്റീജ് ഗ്രൂപ്പ്, അത്താച്ചി, ക്രേസ് ബിസ്കറ്റ്സ്, ബേക്കർടില്ലി-പിയേറിയൻ, ട്രാസ്ന തുടങ്ങിയ കമ്പനികളും വ്യവസായ ഗ്രൂപ്പുകളും കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രകീർത്തിച്ച് രംഗത്തുവന്നു. അദാനി ലോജിസ്റ്റിക്സ്, പനറ്റോണി, ഹൈലൈറ്റ് വേൾഡ് ട്രേഡ് സെന്റർ, മെറിഡിയൻ ടെക് പാർക്ക് തുടങ്ങി നിക്ഷേപസംഗമത്തിലൂടെ നിർമ്മാണമാരംഭിച്ച കമ്പനികളുടെ പട്ടിക വേറെയുണ്ട്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് അംഗീകാരം നേടിയെടുക്കാനും അതിവേഗത്തിൽ ആദ്യഘട്ടത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കാനും സാധിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പരമാവധി പണി പൂർത്തിയാക്കും.



വിവിധ പദ്ധതികൾക്കായി 440 കോടി രൂപ അനുവദിച്ചു.

ഉൽപ്പാദനത്തിൽ വൻ വർധന- 36,771 ടൺ (2011 മുതൽ 2016 വരെ), 77,218 ടൺ (2016-21 വരെ), 54,823 ടൺ (2021-2025 വരെ).

തൊഴിലാളികൾക്കായി വരുമാനപിന്തുണാ പദ്ധതി.

148 കോടി രൂപയുടെ കയർ ജിയോടെക്സ്റ്റൈൽ വിതരണം ചെയ്തു (2021-25).

ആമസോൺ, വാൾമാർട്ട്, കെ-ഷോപ്പ് തുടങ്ങിയ ഓൺലൈൻ ട്രേഡിങ് പ്ലാറ്റ്ഫോമുകൾ വഴി വിൽപ്പന.

കയർ മാറ്റ്സ് & മാറ്റിങ്സ് കയറ്റുമതി യൂറോപ്പിലേക്ക് വ്യാപിപ്പിച്ചു.

ഫോം മാറ്റിംഗ്സ് ഇന്ത്യ ഫ്രാൻസിലേക്കുള്ള കയറ്റുമതി വ്യാപിപ്പിച്ചു.

കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും ലയിപ്പിച്ചു.

### കശുവണ്ടിമേഖല

വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തത് 78,182 മെട്രിക് ടൺ കശുവണ്ടി.

സ്വകാര്യമേഖലയിലെ കശുവണ്ടിഫാക്ടറികളുടെ നവീകരണത്തിനായി 30 കോടി രൂപ.

ചെറുകിട, ഇടത്തരം ഫാക്ടറികൾക്ക് പലിശസബ്സിഡിയും മൂലധനഗ്രാന്റും നൽകി.

മിനിമംവേതനം 23% വർധിപ്പിച്ചു.

### കൈത്തറിമേഖല

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കായി 37.33 ലക്ഷം കുട്ടികൾക്ക് 1.32 കോടി മീറ്റർ തുണി വിതരണം ചെയ്തു. ഇതുവരെ 626 കോടി രൂപ ചെലവഴിച്ചു.

സഹകരണസംഘങ്ങളുടെ നവീകരണത്തിനായി 5 കോടി രൂപ, ഹാന്റെക്സിന്റെ നവീകരണത്തിനായി 20 കോടി രൂപ.

ഖാദിതൊഴിലാളികളെ വരുമാനപിന്തുണപദ്ധതിയിൽ ഉൾപ്പെടുത്തി.

### തോട്ടം മേഖല

തോട്ടം മേഖലയ്ക്ക് മാത്രമായി ഡയറക്ടറേറ്റ് രൂപീകരിച്ചു.

ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പുകൾക്കിടയിൽ ഏകോപനസംവിധാനം

കാലാവസ്ഥാപ്രതിരോധ പരിപാടിക്കായി 479 കോടി രൂപയുടെ കേരപദ്ധതിക്ക് രൂപം നൽകി. ■

**സജി ചെറിയാൻ**
മത്സ്യബന്ധന-സാംസ്കാരിക-യുവജനക്ഷേമ വകുപ്പ് മന്ത്രി

**കഴിഞ്ഞ ദശകത്തിൽ കൈവരിച്ച നേട്ടങ്ങൾ കേരളത്തിന്റെ മത്സ്യബന്ധനമേഖലയെ പുതിയ ദിശയിലേക്ക് നയിച്ചിരിക്കുകയാണ്.**



# കടലോളം കരുതൽ

കേരളത്തിന്റെ സമഗ്രവികസനത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്ക് വാക്കുകൾക്ക് അതീതമാണ്. പ്രളയകാലത്തും മഹാമാരിക്കാലത്തും കേരളത്തിന്റെ കാവലാളായി മാറിയ നമ്മുടെ 'സൈന്യത്തെ' ഹൃദയത്തോട് ചേർത്തുപിടിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അവരുടെ പാർപ്പിടം, വിദ്യാഭ്യാസം, സുരക്ഷ, ആധുനിക സാങ്കേതികവിദ്യ എന്നിങ്ങനെ എല്ലാ മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ഈ പ്രവർത്തനങ്ങൾക്കുള്ള വലിയ അംഗീകാരമായിരുന്നു 2024-ൽ രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തത്.

"സർഗാത്മകതയുടെയും ക്ഷേമത്തിന്റെയും പുതുവസന്തം തീർത്താണ് സാംസ്കാരിക കേരളം കഴിഞ്ഞ പത്തുവർഷക്കാലം കടന്നുപോയത്. കേരളത്തിന്റെ തനിമയും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനൊപ്പം കലാകാരരുടെ ക്ഷേമത്തിനും നവോത്ഥാനമൂല്യങ്ങളുടെ പ്രചാരണത്തിനുമാണ് സാംസ്കാരിക വകുപ്പ് മുൻഗണന നൽകിയത്". യുവ കലാകാരർക്കായുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് തുക 17,500 രൂപയായി വർധിപ്പിച്ചതും പദ്ധതി ഏകോപിപ്പിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും ഈ രംഗത്തെ വലിയ ചുവടുവെപ്പാണ്.






## പുനർഗേഹം പദ്ധതിയും പാർപ്പിട സുരക്ഷയും

കടൽക്ഷോഭത്തിന്റെ ഭീഷണിയിൽ കഴിയുന്ന തീരദേശവാസികളെ സുരക്ഷിതമായ മേഖലകളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി കേരളത്തിന്റെ വികസനചരിത്രത്തിലെ വലിയൊരു ചുവടുവയ്പാണ്. 22,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഈ ബൃഹദ് പദ്ധതിയിൽ ഇതുവരെ 9,108 കുടുംബങ്ങൾ സന്നദ്ധത അറിയിച്ചു. ഇതിനകം 2,760 വ്യക്തിഗത ഭവനങ്ങളും 738 ഫ്ളാറ്റുകളും നിർമ്മിച്ച് 3,498 പേരെ പുനരധിവസിപ്പിച്ചു. 788 ഫ്ളാറ്റുകളുടെയും 1,186 വീടുകളുടെയും പണി ദ്രുതഗതിയിൽ നടക്കുന്നു. വിഴിഞ്ഞത്ത് സിമന്റ് ഗോഡൗണിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികൾക്കായി മുട്ടത്തറയിൽ 81 കോടി രൂപ ചെലവിൽ നിർമ്മിച്ച 'പ്രത്യാശ' ഫ്ളാറ്റ് സമുച്ചയത്തിലെ 332 ഫ്ളാറ്റുകളുടെ താക്കോൽദാനം 2025 ആഗസ്റ്റിൽ മുഖ്യമന്ത്രി നിർവഹിച്ചു. ലൈഫ് പദ്ധതി വഴി 16,798 മത്സ്യത്തൊഴിലാളികൾക്ക് വീട് നൽകി.

## വിദ്യാതീരം അറിവിലൂടെ ശാക്തീകരണം

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പുതിയ തലമുറയെ ലോകത്തിന്റെ നെറുകയിൽ എത്തിക്കാൻ 'വിദ്യാതീരം' പദ്ധതി വഴി സാധിച്ചു. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനത്തിന് 1.25 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകിയതിന്റെ ഫലമായി 2021-നുശേഷം മാത്രം 55 വിദ്യാർഥികൾക്ക് MBBS നും 72 പേർക്ക് BDS, BTech ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചു. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി ഒരുലക്ഷം രൂപ വരെ അനുവദിക്കുന്ന ദത്തെടുക്കൽ പദ്ധതിയിലൂടെ 45 പേർക്ക് സഹായം നൽകി. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കാൻ സൗകര്യമൊരുക്കിയതിനൊപ്പം പത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ 52 കോടി രൂപ ചെലവിൽ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തി. വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ "TIDE-KERALA" പദ്ധതിയിലൂടെ സൈക്കോളജിക്കൽ കൗൺസിലർമാരെയും നിയമിച്ചു.

## മത്സ്യോൽപ്പാദനവും ആധുനിക സാങ്കേതികവിദ്യയും

2017-18-ൽ 4.83 ലക്ഷം മെട്രിക് ടണ്ണായിരുന്ന സമുദ്ര മത്സ്യോൽപാദനം 2024-25-ൽ 6.47 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.

> **സർഗാത്മകതയുടെയും ക്ഷേമത്തിന്റെയും പുതുവസന്തം തീർത്താണ് സാംസ്കാരിക കേരളം കഴിഞ്ഞ പത്തുവർഷക്കാലം കടന്നുപോയത്. കേരളത്തിന്റെ തനിമയും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനൊപ്പം കലാകാരരുടെ ക്ഷേമത്തിനും നവോത്ഥാനമൂല്യങ്ങളുടെ പ്രചാരണത്തിനുമാണ് സാംസ്കാരിക വകുപ്പ് മുൻഗണന നൽകിയത്**

ജനകീയ മത്സ്യകൃഷിയിലൂടെ ഉൽപ്പാദനം 41,175 ടണ്ണായി വർധിപ്പിച്ചു. കടലിലെ മത്സ്യസമ്പത്ത് കൂട്ടാൻ തിരുവനന്തപുരം ജില്ലയിലെ 33 മത്സ്യഗ്രാമങ്ങളുടെ തീരത്ത് 13.02 കോടി രൂപ ചെലവിൽ 6,300 കൃത്രിമപ്പാരകൾ നിക്ഷേപിച്ചു. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 1.50 കോടി രൂപ വിലയുള്ള 10 ബോട്ടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി. യാനങ്ങളുടെ സുരക്ഷയ്ക്കായി 47.28 കോടി രൂപ ചെലവിൽ 12,991 ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിക്കുന്നു. 10 കോടി രൂപയുടെ ബജറ്റ് വിഹിതത്തിലൂടെ പരമ്പരാഗത മരത്തടി വള്ളങ്ങളെ സ്റ്റീൽ യാനങ്ങളായി നവീകരിക്കുകയും 836 യാനങ്ങളിൽ VHF മറൈൻ റേഡിയോകൾ ഘടിപ്പിക്കുകയും ചെയ്തു.

## തീരസംരക്ഷണവും ഹാർബർ വികസനവും

1,142.43 കോടി രൂപ ചെലവിൽ 2,061 തീരദേശ റോഡുകൾ പൂർത്തിയാക്കി. മുതലപ്പൊഴി തുറമുഖ വിപുലീകരണത്തിന് 177 കോടിയും വിഴിഞ്ഞത്ത് പുതിയ ഹാർബറിന് 271 കോടിയും അനുവദിച്ചു. പൊഴിയൂരിൽ ഹാർബർ നിർമ്മാണത്തിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകി. മഞ്ചേശ്വരം, കൊയിലാണ്ടി, താനൂർ, വെള്ളയിൽ തുറമുഖങ്ങൾ നാടിനായി സമർപ്പിച്ചു. ഇന്ത്യയിൽതന്നെ ആദ്യമായി ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ തീരസംരക്ഷണ പദ്ധതി പൂന്തുറയിൽ പൂർത്തിയാക്കി. ഉപഭോക്താക്കൾക്ക് മായമില്ലാത്ത മത്സ്യം ഉറപ്പാക്കാൻ 57 മത്സ്യമാർക്കറ്റുകൾ 142 കോടി രൂപ ചെലവിൽ നവീകരിച്ചു. ആലുവയിലും കോഴിക്കോട്ടും 100 കോടി രൂപ ചെലവിൽ ആധുനിക മാർക്കറ്റുകൾ സ്ഥാപിച്ചുവരുന്നു.

## കലാകാരരെ ചേർത്തുപിടിച്ച കാലം

കലാവതരണങ്ങൾക്കായി പൊതുഇടങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ 'നാട്ടരങ്ങ്' എന്ന പേരിൽ പാതയോരങ്ങളിൽ വേദികൾ ഒരുക്കി. ഇതിനകം വള്ളിക്കുന്ന്, ചെങ്ങന്നൂർ, ആലങ്ങാട് എന്നിവിടങ്ങളിൽ ഇവ പൂർത്തിയായി. മറ്റ് എട്ടിടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു. ഒറ്റപ്പെട്ടുപോയ കലാകാരർക്കായി മാവേലിക്കരയിൽ 'അഭയകേന്ദ്രം' ഒരുങ്ങുന്നു. തിരുവനന്തപുരത്ത് സാംസ്കാരിക വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കാനുള്ള നടപടികളും ആരംഭിച്ചു. കണ്ണൂർ പിണറായിയിൽ നിർമ്മിക്കുന്ന ദക്ഷിണേന്ത്യൻ സാംസ്കാ



രിക കേന്ദ്രം വരുംദിവസങ്ങളിൽ കേരളത്തിന്റെ സാംസ്കാരിക ഹബ്ബായി മാറും.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ചേർത്തുപിടിക്കുന്നതിനായി മഴമിഴി (കോവിഡ് അതിജീവനം), തളിർമിഴി (ഗോത്രകലകൾ), കടൽമിഴി (തീരദേശ കലകൾ), മഴമിഴി കമ്പാഷൻ (ഭിന്നശേഷി കലാപ്രതിഭകൾ) തുടങ്ങിയ പദ്ധതികളിലൂടെ ആയിരക്കണക്കിന് കലാകാരർക്ക് ധനസഹായവും വേദിയും നൽകാൻ സർക്കാരിന് കഴിഞ്ഞു. ലിംഗപദവി സമത്വം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച 'സമം' പദ്ധതിയും, സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി ചെങ്ങന്നൂരിൽ ആരംഭിച്ച സ്വതന്ത്ര സ്മൃതി പാർക്കും സാംസ്കാരിക ബോധവൽക്കരണത്തിന്റെ ഭാഗമാണ്. വൈക്കം സത്യാഗ്രഹം, ആലുവ സർവമത സമ്മേളനം എന്നിവയുടെ ശതാബ്ദി ആഘോഷങ്ങൾ പുതുതലമുറയ്ക്ക് നവോത്ഥാന മൂല്യങ്ങൾ പകർന്നുനൽകുന്ന തരത്തിൽ വിപുലമായി സംഘടിപ്പിച്ചു. ഗ്രാമീണ കലാകാരരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി വാസ്തുവിദ്യാ ഗുരുകുലം വഴി നടപ്പിലാക്കിയ 'റൂറൽ ആർട്ട് ഹബ്ബ്' വഴി 758 കലാകാരർക്ക് തൊഴിൽ നൽകി. കൂടാതെ, 2021 മുതൽ 2025 വരെ 423 പുതിയ കലാകാര പെൻഷനുകൾ അനുവദിച്ചു. 30 ലക്ഷത്തിലധികം രൂപ ചികിത്സാ സഹായമായി വിതരണം ചെയ്തു.

## ചലച്ചിത്ര മേഖല

ഇന്ത്യയിലാദ്യമായി സർക്കാർ ഉടമസ്ഥതയിൽ 'സി-സ്പേസ്' എന്ന OTT പ്ലാറ്റ്ഫോം ആരംഭിച്ചു. വനിതകൾക്കും എസ്സി/എസ്ടി വിഭാഗക്കാർക്കുമായി സിനിമ നിർമ്മിക്കാൻ 1.5 കോടി രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിലൂടെ നിരവധി ചിത്രങ്ങൾ പുറത്തിറങ്ങി. ചിത്രാഞ്ജലി സ്റ്റുഡിയോ 150 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ ആധുനികവൽക്കരിച്ചു വരുന്നു. കാസർകോട്, പാലക്കാട് എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തിയായി. കേരള ചലച്ചിത്ര അക്കാദമി വഴി പെൻഷൻ തുക വർധിപ്പിച്ചതും, പുരാതന സിനിമകളുടെ 2ഏ റെസ്റ്റോറേഷൻ നടത്തിയതും, ഗോത്രവർഗകുട്ടികൾക്കായി ചലച്ചിത്ര ക്യാമ്പുകൾ

**ഇന്ത്യയിലാദ്യമായി സർക്കാർ ഉടമസ്ഥതയിൽ 'സി-സ്പേസ്' എന്ന OTT പ്ലാറ്റ്ഫോം ആരംഭിച്ചു. വനിതകൾക്കും എസ്സി/എസ്ടി വിഭാഗക്കാർക്കുമായി സിനിമ നിർമ്മിക്കാൻ 1.5 കോടി രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിലൂടെ നിരവധി ചിത്രങ്ങൾ പുറത്തിറങ്ങി.**

സംഘടിപ്പിച്ചതും ശ്രദ്ധേയനേട്ടങ്ങളാണ്.

## ശുചിത്വ സാഗരം സുന്ദര തീരം

ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയിൽ കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ 1,54,316 കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തു.

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന മത്സ്യഫെഡിനെ ലാഭത്തിൽ എത്തിച്ചു.

മറൈൻ പ്ലൈവുഡ് വള്ളങ്ങളെ ഫൈബർ ഗ്ലാസ് വള്ളങ്ങൾ ആക്കി മാറ്റാനുള്ള പദ്ധതി നടപ്പാക്കി.

മത്സ്യഫെഡ് ഫാമുകളിൽ അക്വാട്ടൂറിസം പദ്ധതികൾ വികസിപ്പിച്ചു.

കേരള സീഫുഡ് കഫെ എന്ന പേരിൽ സീഫുഡ് റെസ്റ്റോറന്റ് വിഴിഞ്ഞത്ത് ആരം

## മത്സ്യത്തൊഴിലാളികൾക്ക് 20 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ

**മത്സ്യബോർഡിൽ ഇൻഷുറൻസ് ഉള്ളവർക്ക് 10 ലക്ഷം രൂപയും മത്സ്യഫെഡ് അംഗങ്ങൾക്ക് അധികമായി 10 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കി. വിരമിക്കൽ ആനുകൂല്യം ചരിത്രത്തിലാദ്യമായി അനുവദിക്കുകയും ഇതിനായി രണ്ട് കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ഈ സർക്കാരിന്റെ കാലത്തുമാത്രം 184.82 കോടി രൂപ ധനസഹായം നൽകി. സമുദ്ര ബസ് സർവീസ് വഴി വനിതാ വിപണനക്കാർക്ക് സൗജന്യയാത്ര ഉറപ്പാക്കി. സാഫ് (SAF) വഴി 607 യൂണിറ്റുകൾ ആരംഭിച്ച് വിറ്റുവരവ് 150 കോടിയിലെത്തിച്ചു. കൂടാതെ 'ബ്ലൂ ടൈഡ്സ് 2025' കോൺക്ലേവിലൂടെ 7,288 കോടി രൂപയുടെ പദ്ധതി നിർദേശങ്ങൾ ലഭിച്ചത് വലിയ നേട്ടമാണ്.**



## കലാമണ്ഡലം സമ്പൂർണ്ണ സർവകലാശാല

കേരള കലാമണ്ഡലത്തിൽ കഥകളി പഠനത്തിന് പെൺകുട്ടികൾക്ക് പ്രവേശനം നൽകിയതും അതിനെ സമ്പൂർണ്ണ സർവ്വകലാശാലയാക്കി മാറ്റാനുള്ള നടപടികളും ചരിത്രപരമായ തീരുമാനങ്ങളാണ്. സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ പ്രഥമ സാർവദേശീയ സാഹിത്യോത്സവം സംഘടിപ്പിച്ചു. സംഗീത നാടക അക്കാദമി വഴി ഇന്ത്യയിലാദ്യമായി 'കേരള ആർട്ടിസ്റ്റ് ഡേറ്റ ബാങ്ക്' തയ്യാറാക്കി. മലയാളം മിഷൻ വഴിയുള്ള പഠിതാക്കളുടെ എണ്ണം 76,259 ആയി വർധിപ്പിച്ചു. അതിഥി തൊഴിലാളികൾക്കായി 'അനന്യ മലയാളം' പദ്ധതി ആരംഭിച്ചു. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 'ബാലകേരളം' പദ്ധതി വഴി കുട്ടികളിൽ യുക്തിബോധം വളർത്താനും, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വഴി 268 പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും കഴിഞ്ഞു.

ഭിച്ചു. പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കാൻ നടപടി.

കെ-ഷോപ്പി സംവിധാനം മുഖേന മത്സ്യഫെഡ് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഓൺലൈനായി വിൽപന ആരംഭിച്ചു.

ആലപ്പുഴയിൽ ട്വയിൻ ഫാക്ടറി പ്രവർത്തനമാരംഭിച്ചു.

### സാംസ്കാരിക സമുച്ചയങ്ങൾ

ജില്ലകളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ. കൊല്ലത്ത് ശ്രീനാരായണഗുരുവിന്റെ നാമധേയത്തിലുള്ള സമുച്ചയം ഉദ്ഘാടനം ചെയ്തു.

യുവകലാകാരരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സാംസ്കാരിക വികസനം സാധ്യമാക്കുന്നതിനും 1000 കലാകാരർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പുകൾ.

നാടൻ കലാകാരരുടെയും കരകൗശല തൊഴിലാളികളുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യം ഒരുക്കുന്നതിനും ഗ്രാമീണ കലാകേന്ദ്രം പദ്ധതി.

50 വയസ്സ് കഴിഞ്ഞ അർഹരായ കലാകാരർക്ക് കലാകാര പെൻഷൻ.

ലോക പ്രശസ്ത ചിത്രകാരനായ എ. രാമചന്ദ്രന്റെ അമൂല്യമായ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി കൊല്ലത്ത് ആർട്ട് ഗ്യാലറി.

സിനിമയിൽ സാങ്കേതികരംഗത്ത് സ്ത്രീ സാന്നിധ്യം വർധിപ്പിക്കുന്നതിന് തൊഴിൽ പരിശീലന പദ്ധതി.

പുസ്തക വില്പനരംഗത്ത് കഫെ ബുക്ക്മാർക്ക് എന്ന നൂതന സംരംഭം തിരുവനന്തപുരത്ത് ആരംഭിച്ചു. ■

വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി



നവകേരളസൃഷ്ടിയിൽ
ദേശീയമാതൃകയായി പൊതുവിദ്യാഭ്യാസ,
തൊഴിൽ മേഖലകൾ

# കരുതലിന്റെ ക്ലാസ്മുറികൾ, തൊഴിലിടങ്ങളും





രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരമേറ്റെടുത്ത ശേഷം കേരളത്തിന്റെ സാമൂഹിക വികസനത്തിന്റെ നെടുംതൂണുകളായ പൊതുവിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും സമാനതകളില്ലാത്ത മുന്നേറ്റമാണ് നാം കൈവരിച്ചത്. മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനൊപ്പം തൊഴിൽ അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന സമഗ്രമായ വികസനനയമാണ് സർക്കാർ നടപ്പിലാക്കുന്നത്.

## അക്കാദമിക മികവിലേക്കുള്ള ചുവടുവയ്പ്പുകൾ

പൊതുവിദ്യാഭ്യാസരംഗത്ത് ഭൗതികസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനൊപ്പം അക്കാദമിക നിലവാരം ഉയർത്തുന്നതിനും വലിയ പ്രാധാന്യമാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ 'സബ്ജക്ട് മിനിമം' പദ്ധതി നടപ്പിലാക്കുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഭരണഘടനയുടെ ആമുഖം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയും ചരിത്രത്തിലാദ്യമായി മെയ് മാസം തന്നെ അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തക വിതരണം പൂർത്തിയാക്കുകയും ചെയ്തു.

കിഫ്ബി വഴി 973 സ്കൂളുകൾക്ക് അനുമതി നൽകിയതിൽ 588 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കിയതിനൊപ്പം വിദ്യാർഥികളിൽ സാങ്കേതിക അഭിരുചി വളർത്താൻ 2000 ഹൈസ്കൂളുകളിൽ 7000 റോബോട്ടിക് ലാബുകളും സജ്ജമാക്കി. ഭിന്നശേഷി കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി 'ഇൻക്ലൂസീവ് സ്പോർട്സ് മാന്വൽ' നടപ്പിലാക്കി. 30,564 അധ്യാപക നിയമനങ്ങൾ ഈ കാലയളവിൽ നടത്തി എന്നത് അഭിമാനകരമായ നേട്ടമാണ്.

## തൊഴിൽ മേഖല സംരക്ഷണവും കരുതലും

വിദ്യാഭ്യാസത്തിലൂടെ ആർജിക്കുന്ന അറിവ് തൊഴിൽ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും തൊഴിൽ വകുപ്പ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. രാജ്യത്ത് തൊഴിൽ മികവിനും മികച്ച തൊഴിലിടങ്ങൾക്കും പുരസ്കാരം നൽകുന്ന ഏകസംസ്ഥാനമാണ് കേരളം. 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ചതിലൂടെ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താൻ നമുക്കായി.

> 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച രാജ്യത്തെ ഏകസംസ്ഥാനം. ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിനവേതനത്തിൽ കേരളം ഒന്നാമതാണ്. പരമ്പരാഗത മേഖലയിൽ 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കി.

സ്ത്രീകളുടെ തൊഴിലിടങ്ങളിലെ സുരക്ഷയ്ക്കായി 'സഹജ' കോൾ സെന്റർ ആരംഭിച്ചു. അതിഥിത്തൊഴിലാളികളുടെ വിവരശേഖരണത്തിനും ക്ഷേമത്തിനുമായി 'അതിഥി ആപ്പ്', 'കവച്' ലഹരിവിരുദ്ധ പദ്ധതി എന്നിവ നടപ്പിലാക്കി. രാജ്യത്താദ്യമായി സർക്കാർ മേഖലയിൽ 'കേരള സവാരി' എന്ന ഓൺലൈൻ ഓട്ടോ-ടാക്സി സംവിധാനം കൊണ്ടുവന്നത് കേരളമാണ്.

## നൈപുണ്യവികസനവും നിയമനങ്ങളും

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 43,152 പേർക്ക് (8293 സ്ഥിരം നിയമനങ്ങളും 34,859 താൽക്കാലിക നിയമനങ്ങളും) നിയമനം നൽകാൻ സർക്കാരിന് സാധിച്ചു. സ്വയംതൊഴിൽ പദ്ധതികളിലൂടെ 14,129 ഗുണഭോക്താക്കൾക്കായി 62 കോടിയിലധികം രൂപ വായ്പയും ധനസഹായവും നൽകി.

നൈപുണ്യവികസനത്തിൽ നമ്മുടെ ഐ.ടി.ഐകൾ രാജ്യത്തിന് മാതൃകയാണ്. ഇന്ത്യ സ്കിൽസ് ദേശീയ മത്സരത്തിൽ സ്വർണ്ണമെഡൽ ഉൾപ്പെടെയുള്ള നേട്ടങ്ങൾ നമ്മുടെ കുട്ടികൾ കരസ്ഥമാക്കി. 21 ഐ.ടി.ഐകൾക്ക് പുതിയ കെട്ടിടങ്ങളും 91 ഐ.ടി.ഐകളിൽ നൈപുണ്യ കർമ്മസേനയും രൂപീകരിച്ചു. പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയത്തിൽ ഊന്നി വിദ്യാർഥികൾക്കായി 'കർമ്മചാരി' പദ്ധതിയും നടപ്പിലാക്കി.




വിദ്യാഭ്യാസത്തിലൂടെ മികച്ച പൗരന്മാരെ വാർത്തെടുക്കാനും അവർക്ക് അന്തസ്സുള്ള തൊഴിൽ ഉറപ്പാക്കാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്ലാസ്സ് മുറികൾ മുതൽ തൊഴിലിടങ്ങൾ വരെ നീളുന്ന ഈ കരുതലാണ് കേരള മാതൃകയുടെ കരുത്ത്. മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളും തൊഴിൽശാലകളും മാറുമ്പോൾ അത് നവകേരള നിർമ്മിതിക്ക് വലിയ ഊർജമാകും.

## തൊഴിലാളികൾക്ക് മികച്ച വേതനം കരുതൽ

- 19 മേഖലകളിലെ മികച്ച തൊഴിലാളികൾക്ക് ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം നൽകുന്നു. മികച്ച തൊഴിലിടങ്ങൾക്ക് മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡും വജ്ര, സുവർണ്ണ പുരസ്കാരങ്ങളും ഏർപ്പെടുത്തി.
- തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'സഹജ' കോൾസെന്റർ (1800 4255 5215) ആരംഭിച്ചു.
- അതിഥി തൊഴിലാളികൾക്കായി ആവാസ് ആരോഗ്യ ഇൻഷ്വറൻസ്, ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ, 'അതിഥി' ആപ്പും പോർട്ടലും വഴി നിർബന്ധിത രജിസ്ട്രേഷൻ എന്നിവ നടപ്പിലാക്കി.
- നഗരങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് സ്റ്റുഡിയോ അപാർട്ട്മെന്റുകളും കുറഞ്ഞ വരുമാനക്കാർക്ക് 'ജനനി' പാർപ്പിട പദ്ധതിയും ആവിഷ്കരിച്ചു.
- ചുമട്ടുതൊഴിലാളികൾക്കായി 'തൊഴിൽ സേവ' ആപ്പും വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാൻ 'കർമചാരി' പദ്ധതിയും ആരംഭിച്ചു.
- തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 ആക്കി ഉയർത്തുകയും പ്രത്യേക ഭവനപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്: രാസദുരന്തങ്ങൾ തടയാൻ 'ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം' നടപ്പിലാക്കി. 'സുരക്ഷിതം 2.0', 'സുരക്ഷിതം 3.0' എന്നീ അന്താരാഷ്ട്ര കോൺക്ലേവുകൾ സംഘടിപ്പിച്ചു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ 43,152 പേർക്ക് നിയമനം

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 8,293 സ്ഥിരം നിയമനങ്ങളും 34,859 താൽക്കാലിക നിയമനങ്ങളും ഉൾപ്പെടെ ആകെ 43,152 പേർക്ക് നിയമനം നൽകി.
- വിവിധ പദ്ധതികളിലായി 14,129 ഗുണഭോക്താക്കൾക്കും 125 സംയുക്ത സംരംഭങ്ങൾക്കുമായി 62.49 കോടിയിലധികം രൂപ വായ്പയും ധനസഹായവും നൽകി.



## ഡിജിറ്റൽ വിദ്യാഭ്യാസത്തിൽ ഒന്നാമത്

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ മെഡിക്കൽ, എഞ്ചിനിയറിങ് പ്രവേശന പരീക്ഷകൾക്കായി സൗജന്യപരിശീലനം.

വിദ്യാകിരണം പദ്ധതി വഴി 47,673 ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി 16,500 ലാപ്ടോപ്പുകളും വിതരണം ചെയ്തു. മലയോരമേഖലകളിൽ 45,710 ഡിജിറ്റൽ ഉപകരണങ്ങൾ നൽകി.

2000 ഹൈസ്കൂളുകളിലായി 7000 റോബോട്ടിക് ലാബുകൾ സജ്ജീകരിച്ചു. 29,000 റോബോട്ടിക് കിറ്റുകൾ ലഭ്യമാക്കി.

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45,000 ക്ലാസ് മുറികളിലും ലാബുകളിലും ഐ.ടി സൗകര്യങ്ങൾ ഉറപ്പാക്കി.

വ്യാജവാർത്തകൾ തിരിച്ചറിയുന്നതിനായി കുട്ടികൾക്ക് ഡിജിറ്റൽ മീഡിയ ലിറ്ററസി ക്യാമ്പയിൻ (സത്യമേവ ജയതേ) സംഘടിപ്പിച്ചു.

### പുതിയ ഐടിഐകൾ അടിസ്ഥാനസൗകര്യം

- ഇന്ത്യാ സ്കിൽസ് മത്സരത്തിൽ സ്വർണ്ണമെഡലുകൾ ഉൾപ്പെടെ മികച്ച നേട്ടം, വേൾഡ് സ്കിൽ മത്സരത്തിൽ കേരളത്തിൽ നിന്നുള്ള പങ്കാളിത്തം.
- 21 ഐ.ടി.ഐകളിൽ പുതിയ കെട്ടിടങ്ങൾ, 26 ഐ.ടി.ഐകൾക്ക് ഭൂമി, 33 ഇടത്ത് ഗ്രീൻ ക്യാമ്പസ് പദ്ധതി. 4 പുതിയ സർക്കാർ ഐ.ടി.ഐകൾ (ചാല, പീച്ചി, നാഗലശ്ശേരി തുടങ്ങിയവ) ആരംഭിച്ചു.
- 2023-ൽ 15,702 പേർക്കും 2024-ൽ 14,118 പേർക്കും പ്ലേസ്മെന്റ്.
- ഡ്രൈവർ കം മെക്കാനിക് ട്രേഡിന്റെ പുതിയ യൂണിറ്റുകളും 8 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും സൃഷ്ടിച്ചു.

### KASE (കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്)

- മികവിന്റെ കേന്ദ്രങ്ങൾ (Centers of Excellence) വഴി 7,013 പേർക്ക് പരിശീലനവും 3,107 പേർക്ക് തൊഴിലും നൽകി.
- അക്രഡിറ്റഡ് സെന്ററുകൾ വഴി 7,510 പേർക്ക് പരിശീലനം നൽകുകയും 2,839 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.
- കിഫ്ബി വഴി 10 സർക്കാർ ഐ.ടി. ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി.
- ഇഎസ്ഐകൾ ആധുനികം
- ആറ് ഇ.എസ്.ഐ ആശുപത്രികളിൽ പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു യൂണിറ്റുകൾ ആരംഭിച്ചു.
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചു.
- ആലത്തൂർ (പാലക്കാട്), മൂന്നാർ കണ്ണൻദേവൻ ഹിൽസ് (ഇടുക്കി) എന്നിവിടങ്ങളിൽ പുതിയ ഡിസ്പെൻസറികളും തസ്തികകളും അനുവദിച്ചു.
- 24 നഴ്സിങ് ഓഫീസർമാരെയും നാല് ഡയാലിസിസ് ടെക്നീഷ്യന്മാരെയും നിയമിക്കാൻ അനുമതി.

### പൊതുവിദ്യാഭ്യാസവകുപ്പ്

- എല്ലാ കുട്ടികൾക്കും തുല്യപരിഗണന നൽകുന്നതിനായി ക്ലാസ് മുറികളിലെ ഇരിപ്പിടക്രമീകരണത്തിൽ മാറ്റം വരുത്തി.
- സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി.
- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച സ്കൂളുകളുടെ എണ്ണം 588 ആയി. 400-ലധികം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.
- 1516 പ്രീ-പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കി.
- വിദ്യാർഥികളിൽ ശാസ്ത്ര അഭിരുചി വളർത്താൻ ടിങ്കറിങ് ലാബുകൾ സ്ഥാപിച്ചു.

> 21 ഐ.ടി.ഐകളിൽ പുതിയ കെട്ടിടങ്ങൾ, 26 ഐ.ടി. ഐകൾക്ക് ഭൂമി, 33 ഇടത്ത് ഗ്രീൻ ക്യാമ്പസ് പദ്ധതി. 4 പുതിയ സർക്കാർ ഐ.ടി. ഐകൾ ആരംഭിച്ചു.

### നിയമനങ്ങൾ

- 2021 മെയ് മാസത്തിന് ശേഷം സർക്കാർ/എയ്ഡഡ് മേഖലകളിലായി 30,564 അധ്യാപക നിയമനങ്ങൾ നടത്തി. പി.എസ്.സി വഴി 15,050 തസ്തികകളിൽ നിയമനം നടത്തി.
- എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിൽ 1100-ൽ പരം നിയമനങ്ങൾ നൽകി.

### സാമൂഹികക്ഷേമവും ഉൾച്ചേർക്കലും

- ഒളിമ്പിക്സ് മാതൃകയിൽ നടത്തുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടുത്തി.
- ഗോത്രവിഭാഗം കുട്ടികൾക്കായി 'കിനാവ്' പദ്ധതിയും, വയനാട്ടിലെ മാതൃകയിൽ 50 സ്കൂളുകളിൽ 'സ്പെഷ്യൽ എന്റിച്ച്മെന്റ് പ്രോഗ്രാം' നടപ്പിലാക്കുന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തദ്ദേശീയ ജനവിഭാഗങ്ങളുടെ കലാമത്സരങ്ങൾ ഉൾപ്പെടുത്തി. ■

വി. എൻ. വാസവൻ
തുറമുഖം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി

**നവകേരളസൃഷ്ടിക്കായി ഈ ദശകത്തിൽ സമഗ്രമായ പദ്ധതികളാണ് തുറമുഖ-സഹകരണ മേഖലയിൽ നടപ്പിലായത്. രാജ്യാന്തരതലത്തിൽ കേരളത്തെ അടയാളപ്പെടുത്തിയ ദശകമായിരുന്നു ഇത്. വിഴിഞ്ഞം തുറമുഖത്തിലൂടെ ലോക മാരിടൈം ഭൂപടത്തിൽ ഇന്ത്യൻ തുറമുഖ മേഖലയ്ക്കായി പുതിയ വാതായനം തുറന്നുനൽകുകയായിരുന്നു. ശബരിമല തീർഥാടകർക്ക് സുഗമ ദർശനത്തിന് വെർച്വൽ ക്യൂ സംവിധാനമടക്കം ആധുനികവത്കരണം നടപ്പിലാക്കി. ദേവസ്വം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണവും.**



# വികനത്തിന്റെ കപ്പൽച്ചാലുകൾ



കേരളത്തെ ലോകത്തിന് മുന്നിൽ അടയാളപ്പെടുത്തിയ വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു. അനന്തമായി മുന്നോട്ട് നീങ്ങേണ്ടിയിരുന്ന രണ്ടാംഘട്ടം 2028-ൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിച്ചു. ഇന്ത്യയിൽ ഏറ്റവും വേഗം 10 ലക്ഷം ടിഇയു ചരക്ക കൈകാര്യം ചെയ്തെന്ന നേട്ടത്തോടെ വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തെ വാണിജ്യ പ്രവർത്തനം ഒരു വർഷം പൂർത്തിയാക്കി. അമേരിക്കയും യൂറോപ്പും ആഫ്രിക്കയും ഏഷ്യയും ഉൾപ്പെടെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കുള്ള തുടർസർവീസുകൾ വഴി വിഴിഞ്ഞത്തെ ലോക മാരിടൈം ഭൂപടത്തിൽ അടയാളപ്പെടുത്തിയ വർഷമാണിത്.

സമുദ്ര ഗതാഗതത്തെയും, ഉൾനാടൻ ജലഗതാഗതത്തെയും സംയോജിപ്പിച്ച് സമഗ്രമായ മാരിടൈം ആൻഡ് ഇൻലൻഡ് വാട്ടർ ട്രാൻസ്പോർട്ട് പ്ലാൻ തയ്യാറാക്കി നടപടികൾ മുന്നോട്ടു നീങ്ങുകയാണ് നമ്മൾ.

മലബാർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ മലബാർ പോർട്ട് ആൻഡ് എസ്.ഇ.ഇസ്ലഡ് തുറമുഖം വികസിപ്പിക്കുന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കുന്നതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരണത്തിലാണ്.

മാരിടൈം ബോർഡിനു കീഴിൽ കൊടുങ്ങല്ലൂരും നീണ്ടകരയിലുമുള്ള കിടന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഇൻലാൻഡ് വെസ്സൽ ആക്സ് പ്രകാരമുള്ള വിവിധ കോഴ്സുകൾ ആരംഭിച്ചു. സംസ്ഥാനത്തിനകത്തെ നോൺമേജർ തുറമുഖങ്ങളെയും, മറ്റ് സംസ്ഥാനങ്ങളിലെ നോൺമേജർ തുറമുഖങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഇടത്തരം ക്രൂയിസ് കപ്പലുകൾ സർവീസുകൾ മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. പൊന്നാനിയിൽ മണൽ ശുദ്ധീകരണ പ്ലാന്റ് പി.പി.പി മോഡലിൽ വിജയകരമായി നടത്തുന്നു.

ഉൾനാടൻ യന്ത്രവൽക്കൃത യാനങ്ങളുടെയും സർവെ രജിസ്ട്രേഷൻ നടപടികൾ ഓൺലൈനായി നടപ്പിലാക്കുവാൻ 'കേരളാ നൗക - The IV Connect' എന്ന പോർട്ടൽ നടപ്പിലാക്കി. ഇതോടെ യാനങ്ങളിലെ ക്രൂ ലൈസൻസിങ് കേന്ദ്രപോർട്ടലിലൂടെ നടപ്പിലാക്കുന്ന ആദ്യസംസ്ഥാനമായി കേരളം മാറി. യാനങ്ങളിലെ പരിശോധനക്കായി ഇലക്ട്രോണിക് സംവിധാനം വികസിപ്പിച്ചു.

ഹൈഡ്രോഗ്രാഫിക് സർവെ വിഭാഗത്തിന്റെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി ജലനേത്ര വെബ് പോർട്ടൽ തയാറായി.



## സഹകാരികൾക്കൊപ്പം

രാജ്യത്തെ ഏറ്റവും വലിയ ഷെഡ്യൂൾഡ് സഹകരണ ബാങ്കായ കേരള ബാങ്ക് ശക്തിപ്പെടുത്തി... 

രാജ്യത്തെ ഏറ്റവും വലിയ ഷെഡ്യൂൾഡ് സഹകരണ ബാങ്കായ കേരള ബാങ്ക് രൂപവൽക്കരിച്ചു. ജോർദാനിൽ നടന്ന പതിനൊന്നാമത് ഏഷ്യാ പസഫിക് സഹകരണ മന്ത്രിമാരുടെ ഉച്ചകോടിയിൽ പ്രാഥമിക സഹകരണസംഘങ്ങൾ ഗ്രാമീണമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ, കേരളാ ബാങ്ക്, ഊരാളുങ്കൽ തുടങ്ങിയ മികവുകൾ ചർച്ചയായി. കേരള സഹകരണ സംഘം സമഗ്ര ഭേദഗതിക്ക് കേരള നിയമസഭ അംഗീകാരം നൽകി. നിയമഭേദഗതിയെ തുടർന്ന് സഹകരണചട്ടവും സമഗ്രമായി ഭേദഗതി ചെയ്തു. ഇന്ത്യയിൽ ഇതാദ്യമായി കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം ആരംഭിച്ചു.

## റിസ്ക് ഫണ്ട് പദ്ധതി

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം മരണാനന്തര/ചികിത്സാ ധനസഹായമായി 9600 വായ്പകളിലായി 502.20 കോടി രൂപയുടെ ധനസഹായം നൽകി.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 16664 അപേക്ഷകർക്കായി 1069.32 കോടി രൂപ ധനസഹായം നൽകി. സഹകാരികളുടെ ചികിത്സയ്ക്കായി 50,000/- രൂപയും മരണപ്പെട്ടുപോയ സഹകാരികളുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്ന പദ്ധതി പ്രകാരം 387 അപേക്ഷകളിലായി ഇതുവരെ 1,02,80,000/- രൂപ അനുവദിച്ചിട്ടുണ്ട്. സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം 39837 ഗുണഭോക്താക്കൾക്കായി 83,33,95,000/ -രൂപ അനുവദിച്ചിട്ടുണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്കുള്ള പരിരക്ഷ തുക 2 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർധിപ്പിച്ചു.

## കെയർ ഹോം പദ്ധതി

2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി ആരംഭിച്ച കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 2,093 വീടുകൾ നിർമ്മിച്ചു നൽകി. കെയർ ഹോം പദ്ധതി രണ്ടാം ഘട്ടത്തിൽ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പാലക്കാട് ജില്ലയിൽ കണ്ണാടി- 2



## വിഴിഞ്ഞം തുറമുഖം ഒരു വർഷത്തെ നേട്ടങ്ങൾ

• ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ 10 ലക്ഷം TEU കൈകാര്യം ചെയ്ത പോർട്ട്.
• വെറും 10 മാസത്തിൽ ആദ്യ ഘട്ടത്തിലെ പരമാവധി ശേഷിയായ 10 ലക്ഷം TEUപിന്നിട്ടു.
• ഇതുവരെ 665 കപ്പലുകളും 14.2 ലക്ഷം TEUയും കൈകാര്യം ചെയ്തു.
• 399+ മീറ്റർ നീളമുള്ള 41 ULCVകപ്പലുകൾ ഇന്ത്യയിലെ ഏത് പോർട്ടും കൈകാര്യം ചെയ്തതിൽ ഏറ്റവും കൂടുതൽ.
• 300 മീറ്ററിൽ കൂടുതൽ നീളമുള്ള 154 കപ്പലുകൾ.
• 16 മീറ്റർ ഡ്രാഫ്റ്റിൽ കൂടുതലുള്ള 45 കപ്പലുകൾ.
• 17.1 മീറ്റർ ഡ്രാഫ്റ്റ് ഉള്ള MSC Verona ദക്ഷിണേഷ്യയിൽ കൈകാര്യം ചെയ്തതിൽ ഇതുവരെ ഉള്ളതിൽ ഏറ്റവും ആഴമുള്ള കപ്പൽ.
• MSC Paloma ഒരൊറ്റ കപ്പലിൽ 10,576 TEU കൈകാര്യം ചെയ്ത റെക്കോർഡ്.
• ഒക്ടോബർ 2025-ൽ ഏറ്റവും ഉയർന്ന GCR ( ഗ്രോസ് ക്രെയിൻ റേഷ്യോ) 28.52.
• ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പൽ MSC IRINA ഉൾപ്പെടെ ബെർത്ത് ചെയ്ത ഇന്ത്യയിലെ ആദ്യ പോർട്ട്.
• വനിതകൾ ഓട്ടോമേറ്റഡ് ക്രെയിനുകൾ പ്രവർത്തിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ പോർട്ട്.

വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം നടന്നുവരുന്നു. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്കായി പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടി മേഖലയിലെ പട്ടികജാതി/പട്ടിക വർഗവിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി. 6924 പേർക്ക് പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്. സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി. പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പിലാക്കുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേനയാണ് 21 ലക്ഷം പേർക്ക് സാമൂഹികസുരക്ഷാ പെൻഷൻ വിതരണം നടത്തുന്നത്.

### ദേവസ്വം ബോർഡുകൾക്ക് ഏറ്റവും കൂടുതൽ തുക

തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം ദേവസ്വങ്ങൾക്കായി ഏറ്റവും കൂടുതൽ തുക അനുവദിച്ചത് ഇക്കഴിഞ്ഞ പത്തുവർഷക്കാലമാണ്. സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് 2016-17 മുതൽ 2025 സെപ്റ്റംബർ വരെ അനുവദിച്ചത് 640 കോടി രൂപയാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 145,40,00,000/, കൊച്ചിൻ ദേവസ്വം ബോർഡ് - 26,38,33,153/, മലബാർ ദേവസ്വം ബോർഡ് - 3,04,85,85,709/, കൂടൽമാണിക്യം ദേവസ്വം - 4,15,00,000/, ശ്രീ പത്മനാഭസ്വാമി ക്ഷേത്രം -3,47,00,000/, ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി - 85,45,67,330/, ശബരിമല സാനിറ്റേഷൻ പദ്ധതി - 21,86,05,442/, ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പ് - 27,85,25,635/, ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് - 20,75,78,747/, ശബരിമല ഇടത്താവളം പദ്ധതികൾക്കായി 116.41 കോടി എന്നിങ്ങനെയാണ് തുക വിനിയോഗിച്ചത്.

## ശബരിമല വികസനം

ശബരിമല വിമാനത്താവള പദ്ധതി, ശബരിമല മാസ്റ്റർപ്ലാൻ, ശബരിമല വികസനമടക്കമുള്ള കാര്യങ്ങളിൽ ഭക്തജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ആഗോള അയ്യപ്പ സംഗമം എന്നിങ്ങനെ സുഗമതീർഥാടനത്തിനായി സർക്കാരും ദേവസ്വം ബോർഡും ഭക്തർക്കൊപ്പംനിന്ന കാലഘട്ടമാണിത്.

1033.62 കോടി രൂപയുടെ പദ്ധതികൾക്കാണ് ശബരിമലയ്ക്കായി ഇക്കാലയളവിൽ ഇതിനോടകം അനുമതി നൽകിയിട്ടുള്ളത്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായി 148.5 കോടി രൂപ വിവിധ വികസന പദ്ധതികൾക്കായി സർക്കാർ ചിലവഴിച്ചിട്ടുണ്ട്. സന്നിധാനത്തിന്റെ വികസനത്തിനായി ആദ്യഘട്ടത്തിൽ 600.47 കോടി രൂപയും രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയുമാണ് ലക്ഷ്യമിടുന്നത്. മൂന്നാം ഘട്ടത്തിന്റെ 77.68 കോടി രൂപയടക്കം 778.17 കോടി രൂപയാണ് സന്നിധാനത്തിന്റെ വികസനത്തിനായി ലേ ഔട്ട് പ്ലാൻ പ്രകാരം കണക്കാക്കിയിരിക്കുന്നത്. പമ്പയുടെ വികസനത്തിനായി ആദ്യഘട്ടത്തിൽ 184.75 കോടി രൂപയും, രണ്ടാം ഘട്ടത്തിൽ 22.73 കോടി രൂപയുൾപ്പെടെ ആകെ 207.48 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ശബരിമല വികസനത്തിനായി 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ 70,37,74,264/ രൂപ വിവിധ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

ബജറ്റിന് ഉപരിയായി കിഫ്ബി സഹായത്തോടെ 116.41 കോടി രൂപ ചിലവഴിച്ചു ഇടത്താവളങ്ങളുടെ നിർമാണവും നടത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയിൽ 150കോടി രൂപയും ഈ കാലയളവിൽ ചിലവഴിച്ചിട്ടുണ്ട്. കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി, നിലക്കൽ, മണിയങ്കോട് എന്നിവിടങ്ങളിൽ ഇടത്താവളങ്ങളുടെ നിർമാണം നടത്തി.
മണ്ഡലകാലത്ത് വെർച്ചൽ ക്യൂ സംവിധാനം നടപ്പിലാക്കി.

ഉത്തരമലബാറിലെ ആചാരസ്ഥാനിയർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം 1400 രൂപയിൽ നിന്ന് 1600 രൂപയായി സർക്കാർ വർധിപ്പിച്ചു. ഈ ധനസഹായപദ്ധതി പ്രകാരം നിലവിൽ 1544 ആചാരസ്ഥാനീയർക്കും 368 കോലധാരികൾക്കും ധനസഹായം നൽകുന്നത്.

ഗുരുവായൂർ തെക്കേനടയിൽ മെഡിക്കൽ സെൻററിനു സമീപം എട്ട് കോടി രൂപ ചെലവിൽ രാജ്യാന്തര നിലവാരത്തോടുകൂടിയുള്ള കംഫർട്ട് സ്റ്റേഷന്റെ പ്രവൃത്തികൾ ആരംഭിച്ചു.

ഭിന്നശേഷി വ്യക്തികൾക്ക് 'സഹകരണം സൗഹൃദം' സംരംഭക വായ്പാ പദ്ധതിയിൽ 4.30 കോടി രൂപ വിതരണം ചെയ്തു. ചെറുകിട, വഴിയോര കച്ചവടം, ചെറു സംരഭം എന്നിവ ആരംഭിക്കുന്നതിനും ഓട്ടോറിക്ഷ വാങ്ങുന്നതിനും 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തു.



കഴിഞ്ഞ നാല് വർഷത്തിനിടെ സഹകരണ വകുപ്പിലും സഹകരണ സംഘങ്ങളിലും കേരള ബാങ്കിലുമായി 16390 നിയമനങ്ങളാണ് നടന്നത്.

കേരളാ ബാങ്ക്, മറ്റ് സഹകരണ ബാങ്കുകൾ എന്നിവ നൽകിയ വായ്പകൾ ഉപയോഗിച്ച് ആരംഭിച്ച സ്റ്റാർട്ടപ്പ്/MSME സംരംഭങ്ങളിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ ആദ്യ നഴ്സിങ്ങ് കൊളേജ് ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്ന മെറ്റീരിയൽ ബാങ്ക് വെള്ളിയൂരിൽ പ്രവർത്തനം തുടങ്ങി.

കോട്ടയത്ത് അക്ഷര മ്യൂസിയം സ്ഥാപിച്ചു. അടുത്ത ഘട്ടങ്ങൾക്കായി 14.98 കോടി രൂപ അനുവദിച്ചു. ■

വീണാ ജോർജ്
ആരോഗ്യ, വനിത-ശിശുവികസന വകുപ്പ് മന്ത്രി

**കേരളത്തിലെ ശിശുമരണ നിരക്ക് 5 ആണ്. ഇത് യു.എസ് നേക്കാളും കുറവാണ്. ഏറ്റവും കുറവ് മാതൃമരണ നിരക്കുള്ള സംസ്ഥാനവുമാണ് കേരളം. സർക്കാർ മേഖലയിൽ ആദ്യമായി റോബോട്ടിക് സർജറിയും പീഡിയാട്രിക്സിൽ റോബോട്ടിക് സർജറിയും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തിയും കേരളം ചരിത്രം സൃഷ്ടിച്ചു.**



# ഹൃദ്യം ഈ ദേശീയമാതൃക

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കാസ്പ്, കാരുണ്യ ബനവലന്റ് ഫണ്ട്, ആരോഗ്യകിരണം എന്നിവ വഴി 24.78 ലക്ഷം പേർക്ക് ആകെ 8425 കോടിയുടെ സൗജന്യചികിത്സ നൽകി. ഹൃദ്യം പദ്ധതിയിലൂടെ 8700-ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയശസ്ത്രക്രിയ നൽകി. നാലുവർഷത്തിനിടെ കെ.എം.എസ്.സി.എൽ. വഴി 3,300 കോടിയിലധികം രൂപയുടെ സൗജന്യമരുന്നുകളും നൽകാനായി.

5415 ജനകീയാരോഗ്യകേന്ദ്രങ്ങൾ യാഥാർഥ്യമാക്കി. 93 നഗര പ്രദേശങ്ങളിലായി 380 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ. 750 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി. 1000-ലധികം സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലായി. രാജ്യത്ത് ആദ്യമായി സ്ത്രീകൾക്കായി പ്രത്യേക ക്ലിനിക് 5416 ജനകീയാരോഗ്യകേന്ദ്രങ്ങളിൽ ആരംഭിച്ചു. ഇ-സഞ്ജീവനി സേവനം ശക്തിപ്പെടുത്തി. സ്പെഷ്യാലിറ്റി സേവനങ്ങൾ അനുവദിച്ചു.



ആരോഗ്യമേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-21) 8076 തസ്തികകളും, ഈ സർക്കാരിന്റെ കാലത്ത് (2021-26) 2577 തസ്തികകളും ഉൾപ്പടെ 10653 തസ്തികകൾ സൃഷ്ടിച്ചു.

അപൂർവരോഗ ചികിത്സാരംഗത്തെ നിർണ്ണായക ചുവടുവയ്പ്: കെയർ പദ്ധതി നടപ്പിലാക്കി. ലാബ് റിസൾട്ട് എസ്.എം.എസ്. ആയി ലഭിക്കുന്ന സംവിധാനം നിർണയ ഹബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക് യാഥാർഥ്യമാക്കി. പകർച്ച വ്യാധി-പകർച്ചേതരവ്യാധി പ്രതിരോധത്തിന് കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവെൻഷൻ (കേരള സി.ഡി.സി) സ്ഥാപിച്ചു. കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. വിളർച്ചമുക്ത കേരളത്തിന് വിവ (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) കേരളം കാമ്പയിൻ. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ ഓപ്പറേഷൻ അമൃത്. ആന്റി ബയോഗ്രാം പുറത്തിറക്കുന്ന ആദ്യസംസ്ഥാനവും കേരളമാണ്.



## എല്ലാ ജില്ലകളിലും മെഡിക്കൽ, നഴ്സിങ്ങ് കോളേജുകൾ

- ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജും നഴ്സിങ് കോളേജും യാഥാർഥ്യമായി. ഈ കാലയളവിൽ നാല് മെഡിക്കൽ കോളേജുകൾക്കാണ് അംഗീകാരം ലഭ്യമായത്. (പത്തനംതിട്ട കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ്). ഇതോടെ 300 എം.ബി.ബി.എസ് സീറ്റുകളാണ് സർക്കാർ ഫീസിൽ വിദ്യാർഥികൾക്ക് പഠിക്കാൻ പഠിക്കാൻ ലഭ്യമാക്കിയത്. സ്വകാര്യമേഖലയിൽ ആകെ 400 എം.ബി.ബി.എസ് സീറ്റുകൾ വർധിപ്പിക്കാനായി.
- ഏറ്റവും കൂടുതൽ പി.ജി സീറ്റുകൾ (129)
- കാസർഗോഡ്, വയനാട്, ഇടുക്കി, പാലക്കാട്, മഞ്ചേരി പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം അനക്സ് ഉൾപ്പെടെ സർക്കാർ, സർക്കാർ അനുബന്ധ 21 നഴ്സിങ് കോളേജുകൾ ആരംഭിച്ചു.
- മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗം സെന്റർ ഓഫ് എക്സലൻസ്. രാജ്യത്തെ എട്ട് ആശുപത്രികളിലായി അപൂർവ നേട്ടം
- എസ്.എ.ടി. ആശുപത്രി സെന്റർ ഓഫ് എക്സലൻസ്. രാജ്യത്തെ പത്ത് ആശുപത്രികളിലൊന്നായി അപൂർവ നേട്ടം
- തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിനെ (സിഡിസി) ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡർ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നു.
- സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം 1060 ബി.എസ്.സി. നഴ്സിങ് സീറ്റുകൾ വർധിപ്പിച്ചു.
- ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡിഎം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ്, എമർജൻസി മെഡിസിൻ, പൾമണോളജി, പീഡിയാട്രിക് നെഫ്രോളജി ഡിപ്പാർട്ടുമെന്റുകളിൽ പുതിയ പിജി കോഴ്സ് ആരംഭിച്ചു.
- ബി.എസ്.സി. മെഡിക്കൽ ഇമേജിങ് ടെക്നോളജി, ബി.എസ്.സി. റേഡിയോതെറാപ്പി ടെക്നോളജി, ബി.എസ്.സി. ന്യൂക്ലിയാർ മെഡിസിൻ കോഴ്സുകൾ ആരംഭിച്ചു.

## പുതിയ ചികിത്സാവിഭാഗങ്ങൾ

- ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- വയനാട് മെഡിക്കൽ കോളേജിൽ സിക്കിൾ സെൽ രോഗിയ്ക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയം
- രാജ്യത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ്
- തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.
- മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി. തിരുവനന്തപുരത്ത് വിജയകരമായി നടപ്പിലാക്കിയതിനെ തുടർന്ന് 5 മെഡിക്കൽ കോളേജുകളിൽ കൂടി പദ്ധതി നടപ്പിലാക്കി വരുന്നു.
- കിഫ്ബി ഫണ്ട് ആരോഗ മേഖലയിൽ 10,000 കോടി ചെലവിട്ടതിൽ 3700 കോടിയിലധികം മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ചു.
- ആദ്യമായി ദേശീയ റാങ്കിങ് പട്ടികയിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉൾപ്പെട്ടു
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചു
- സംസ്ഥാനത്ത് ആദ്യമായി ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ, ഫീറ്റൽ മെഡിസിൻ, വിഭാഗങ്ങൾ ആരംഭിച്ചു
- മഞ്ചേരിയിലും കൊല്ലത്തും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചു
- കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.



## സ്മാർട്ടായി അങ്കണവാടികൾ

സംസ്ഥാനത്ത് 123 സ്മാർട്ട് അങ്കണവാടികൾ യാഥാർഥ്യമാക്കി. അങ്കണവാടിയിൽ പോഷകസമ്പുഷ്ടമായ മാതൃകാ ഭക്ഷണമെനുവും നടപ്പിലാക്കി.

മുട്ടബിരിയാണി, വെജിറ്റബിൾ പുലാവ് ഉൾപ്പെടെയുള്ള വിഭവങ്ങൾ ഉണ്ട്.

കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച വിലയിരുത്താൻ കുഞ്ഞൂസ് കാർഡ് പുറത്തിറക്കി.

സംസ്ഥാനത്തെ അങ്കണവാടി പുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റ് നടത്തി

തൊഴിലിടങ്ങളിൽ ശിശുപരിപാലനത്തിന് ക്രെഷ് പദ്ധതി. ബാല്യകാലത്തിൽതന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി.

### സാന്ത്വനപരിചരണം

- പാലിയേറ്റീവ് കെയർ രംഗത്ത് കേരളം വിജയകരമായ മാതൃക; ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനം
- സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയും നടപ്പിലാക്കി.
- സർക്കാർ മേഖലയിലും സന്നദ്ധ മേഖലയിലും പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വരുന്നു.

### ആദിവാസി മേഖലയ്ക്ക് കരുതൽ

- ഇടുക്കിയിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ ആശുപത്രികളിൽ എട്ട് വീതം തസ്തികകൾ അനുവദിച്ച് ആശുപത്രി പ്രവർത്തനം ആരംഭിച്ചു.
- കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ താലൂക്ക് ആസ്ഥാന ആശുപത്രിയാക്കി
- അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കി.
- 'പെൻടികകൂട്ട' എന്ന പേരിൽ ഓരോ അങ്കണവാടികളുടേയും കീഴിൽ സ്ത്രീകളുടെ കൂട്ടായ്മ ഉണ്ടാക്കി.

- അട്ടപ്പാടിയിൽ 28 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ
- കോട്ടത്തറ ആശുപത്രിയിൽ ലെവൽ 3 ആംബുലൻസ്, 16 സ്ലൈസ് സി.ടി സ്കാനിങ് മെഷീൻ, ആദ്യ സ്തനാർബുദ ശസ്ത്രക്രിയ
- സിക്കിൾസെൽ രോഗികൾക്ക് 108-ാം ബുലൻസ് സേവനം

### അർബുദ ചികിത്സയിൽ താങ്ങായി

- കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി ക്യാൻസർ ഡ്രഗ് കൗണ്ടറുകൾ ആരംഭിച്ചു
- കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി, കാരുണ്യ ബനവലന്റ് ഫണ്ട്, തുടങ്ങിയ പദ്ധതികൾ വഴി ക്യാൻസറിന് സൗജന്യചികിത്സ
- കഴിഞ്ഞ നാല് വർഷങ്ങളിലായി 1,400 കോടി രൂപയുടെ ക്യാൻസർ സൗജന്യ ചികിത്സ
- 25 ആശുപത്രികളിൽകൂടി കാൻസർ ചികിത്സാ സൗകര്യം
- മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ച് ആയി ഉയർത്തി.
- ആർ.സി.സിയിൽ സർക്കാർ മേഖലയിലെ ആദ്യ ലൂട്ടീഷ്യം ചികിത്സ
- ആർ.സി.സിയിലും എം.സി.സിയിലും ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങൾ

## സങ്കീർണ്ണ ശസ്ത്രക്രിയകൾ ജില്ലാ ആശുപത്രികളിലും

**രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തിയത് എറണാകുളം ജനറൽ ആശുപത്രിയിലാണ്. രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചതും ഇവിടെത്തന്നെ. സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാകുന്ന സംവിധാനം 12 ജില്ലകളിൽ യാഥാർഥ്യമാക്കി. ആരോഗ്യമേഖല നിർമ്മിത ബുദ്ധിയിലേക്ക് മാറുന്നതിന്റെ ഭാഗമായി സ്ട്രോക്ക് ബാധിതർക്ക് ജി ഗൈറ്റർ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ജില്ലാതല ആശുപത്രിയായി തിരുവനന്തപുരം ജനറൽ ആശുപത്രി. വയനാട് നൂൽപ്പുഴ കുടുംബാരോഗ്യകേന്ദ്രം ഈ സൗകര്യം ലഭ്യമാകുന്ന പ്രാഥമികാരോഗ്യകേന്ദ്രവുമായി.**

**എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ യൂണിറ്റും അത്യാധുനിക ബ്ലഡ് ബാഗ് ട്രേസബിലിറ്റി സംവിധാനവും നിലവിലായി. കാസർഗോഡ്, വയനാട് ജില്ലകളിലും അടിമാലി താലൂക്ക് ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി, ഇടുക്കി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു. രോഗികൾക്ക് വീട്ടിൽതന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും ആരംഭിച്ചു.**

- ആരോഗ്യം ആനന്ദം - അകറ്റാം അർബുദം ജനകീയ ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ നടപ്പിലാക്കി. ഇതുവരെ 21.69 ലക്ഷം പേരെ സ്ക്രീനിങ്ങിന് വിധേയമാക്കി

### ആയുഷ് മേഖലയിൽ വൻ മുന്നേറ്റം

- 1500ലധികം കോടി രൂപയുടെ വികസനം
- കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണകേന്ദ്രത്തിന്റെ ആദ്യഘട്ടം യാഥാർഥ്യത്തിലേക്ക്
- ആയുർവേദ ചികിത്സാരംഗത്ത് 116 തസ്തികകൾ സൃഷ്ടിച്ചു
- ഹോമിയോപ്പതി വകുപ്പിൽ 40 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.
- 700 ആയുഷ് ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളിലായി യോഗ ഇൻസ്ട്രക്ടർമാരും ജിഎൻഎം മൾട്ടി പർപ്പസ് ഹെൽത്ത് വർക്കർമാരും ഉൾപ്പെടെ 1400 പേരെ നിയമിച്ചു

### വനിതാ ശാക്തീകരണം ശിശുസൗഹൃദം

- നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹിക ക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാവൽ, കാവൽ പ്ലസ് പദ്ധതികളെ അഭിനന്ദിച്ച് സുപ്രീം കോടതി
- കേരളത്തിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് യുഎൻ വിമൺ
- സംസ്ഥാന വനിത വികസന കോർപറേഷൻ വഴി 5 ലക്ഷത്തിലധികം പേർക്ക് തൊഴിൽ
- സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ബ്ലോക്ക് തലത്തിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാർ. പരാതികൾക്കും റിപ്പോർട്ട് ചെയ്യാനും ഓൺലൈൻ പോർട്ടൽ
- ഭൂരിപക്ഷ ജില്ലകളിലും വനിത വികസന കോർപറേഷൻ ഹോസ്റ്റലുകൾ ആരംഭിച്ചു.
- സംസ്ഥാന വനിതാശിശു വികസന വകുപ്പിന്റെ തേജോമയ പദ്ധതിയിലുൾപ്പെട്ട അതിജീവിതരായ കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാൻഡിങ് ചെയ്തു. കാക്കനാട് വിപണനകേന്ദ്രം ആരംഭിച്ചു.
- പോക്സോ അതിജീവിതർക്കായി മോഡൽ എസ്.ഒ.എസ്. ഹോമുകൾ സ്ഥാപിച്ചു.
- പുതിയ നിർഭയ പോളിസി കൊണ്ടുവന്നു
- ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി വനമിത്ര വനിതാശാക്തീകരണപദ്ധതി നടപ്പാക്കി
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പരാതി ഓൺലൈനായി നൽകാൻ ആദ്യ പോഷ് കംപ്ലയൻസ് പോർട്ടൽ

### കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ താമസസൗകര്യം ഒരുക്കുന്നതിനായി എറണാകുളം (കാക്കനാട്), മലപ്പുറം (പെരിന്തൽമണ്ണ), പാലക്കാട് (ന്യൂറണി), പത്തനംതിട്ട (കണ്ണങ്കര) എന്നിവിടങ്ങളിലായി നാല് ഹോസ്റ്റലുകൾ ആരംഭിച്ചു.

ഷീ പാഡ് പദ്ധതിയിലൂടെ 2500 ൽ പരം സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 6 ലക്ഷത്തിലധികം വിദ്യാർഥിനികൾക്ക് പ്രയോജനം ലഭിച്ചു.

വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ എസ്കലേറ എക്സ്പോ പ്രദർശന-വിപണന മേളകൾ സംഘടിപ്പിച്ചു. 250ഓളം സംരംഭകർക്ക് പ്രയോജനം ലഭിച്ചു. ■




# നിങ്ങളും ഞങ്ങളുമല്ല... നമ്മളാണ്

പ്രകൃതിയുടെ സംഹാര താണ്ഡവത്തിൽ സർവവും നഷ്ടപ്പെട്ട 178 പേർ. ഇനിയൊരിക്കലും ജീവിതത്തിലേക്ക് ഒരു തിരിച്ചു വരവില്ലെന്ന് കരുതിയേടത്തു നിന്നാണ് സർക്കാരിന്റെ ചേർത്തുപിടിക്കലിലൂടെ അവർ സ്വന്തം പേരിലുള്ള 7 സെന്റ് സ്ഥലവും ഉറപ്പുള്ള വീടും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തത്. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള പുതിയ വീടുകൾ നൽകുന്നതിനുള്ള നറുക്കെടുപ്പ് വേദി എല്ലാ വിവരണങ്ങൾക്കുമപ്പുറമുള്ള വൈകാരികതയുടെ സമ്മേളന വേദിയായിരുന്നു.

എല്ലാം നഷ്ടപ്പെട്ടിടത്തു നിന്ന് സ്വന്തമായി ഒരു വീടെന്നത് യാഥാർത്ഥ്യമായതിന്റെ സന്തോഷം. ഒപ്പം എന്നെന്നേയ്ക്കുമായി വിട പറഞ്ഞു പോയവരുടെ ഓർമകൾ. എല്ലാം കൂടിച്ചേർന്ന് ആർക്കും വായിച്ചെടുക്കാനാവാത്ത മുഖഭാവത്തോടെയായിരുന്നു അവർ നറുക്കെടുപ്പിൽ പങ്കെടുത്തത്.

ഉരുൾപൊട്ടൽ ദുരന്തത്തിൽ വീടുകൾ പൂർണമായി നഷ്ടപ്പെട്ട, ആദ്യ ലിസ്റ്റിലുള്ളവരെയാണ് ഈ ഘട്ടത്തിൽ പരിഗണിച്ചത്. മൂന്നു സോണുകളിലെ പണി പൂർത്തിയായ വീടുകളുടെ നമ്പറുകൾ എഴുതിയിട്ടാണ് നറുക്കെടുപ്പ് നടത്തിയത്. നറുക്കെടുപ്പിലൂടെ വീട് കിട്ടിയവർക്ക് പട്ടയവും വൈദ്യുതി,കുടിവെള്ള കണക്ഷനും ഉൾപ്പെടെ പിന്നാലെ തന്നെ രജിസ്റ്റർ ചെയ്തു നൽകി. വീട് രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാത്തരം ഫീസുകളും ദുരന്തബാധിതർക്കായി സർക്കാർ ഒഴിവാക്കി നൽകിയിട്ടുണ്ട്. ദുരന്തത്തിൽ കടകളും സംരംഭങ്ങളും നഷ്ടമായവർക്ക് സാമ്പത്തിക സഹായം നൽകാനുള്ള തീരുമാനം വേദിയിൽ മന്ത്രി ഒ ആർ കേളു പ്രഖ്യാപിച്ചു. ദുരന്തബാധിതരെ കൈവിടില്ലെന്നും ഒരു നാടൊന്നാകെ അവർക്കൊപ്പമുണ്ടാവുമെന്നും പ്രഖ്യാപിച്ച സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ പ്രഖ്യാപനം കൂടിയായി വയനാട്ടിലെ വീടുകളുടെ നറുക്കെടുപ്പ്. ■

# പുരസ്കാരത്തിളക്കത്തിൽ

- നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നിലനിർത്തി കേരളം (2023-24).
- നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാമത്.
- കേരളത്തിലെ ശിശു മരണനിരക്ക് വികസിത രാജ്യങ്ങളേക്കാൾ കുറവ് (5).
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിങ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ്.
- പകർച്ചേതരരോഗങ്ങളുടെ പ്രത്യേക പ്രവർത്തനങ്ങൾക്ക് ആർസിസിയ്ക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം(2024).
- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങൾ തുടർച്ചയായി 3 വർഷം ലഭിച്ചു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രി കോട്ടയം മെഡിക്കൽ കോളേജ്.
- കാഴ്ചപരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക ആരോഗ്യ മന്ഥൻ 2023 പുരസ്കാരം.
- സംസ്ഥാന ആശാധാര പദ്ധതിക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ്.
- ഇ-സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്.
- ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് നാഷണൽ ഹെൽത്ത്കെയർ അവാർഡ്.
- ആരോഗ്യരംഗത്തെ മികച്ച പ്രകടനത്തിന് ഇന്ത്യാ ടുഡേ അവാർഡ്(2022).
- എൻ.ക്യു.എ.എസ് അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനം(2021).
- ഇന്ത്യാ ടുഡേയുടെ 'ഹെൽത്ത്ഗിരി' അവാർഡ്.
- വനിതാ വികസന കോർപ്പറേഷൻ ഏറ്റവും മികച്ച ദേശീയ ചാനലൈസിങ് ഏജൻസി.
- വനമിത്ര പദ്ധതിയ്ക്ക് ദേശീയ അംഗീകാരം.
- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായി രണ്ട് വർഷം (2022, 2023) ഒന്നാമത്.
- പകർച്ചേതര വ്യാധികളും മാനസികാരോഗ്യവും കൈകാര്യം ചെയ്യുന്ന സാങ്കേതികവിദ്യ Digitally Connected Tribal Areas ന് ഐക്യരാഷ്ട്രസഭയുടെ അവാർഡ്(2024).
- കേരളത്തിന് കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ(2021) പുരസ്കാരം.
- ഭിന്നശേഷിരംഗത്തെ മികച്ച ചാനലൈസിങ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷന്.
- ഉന്നതവിദ്യാഭ്യാസ രംഗത്തെ ലിംഗതുല്യതാ സൂചികയിൽ (Gender Parity Index) രാജ്യത്ത് ഒന്നാം സ്ഥാനം.
- ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ദേശീയ തലത്തിൽ അംഗീകാരം.
- കടലുണ്ടി, കുമരകം എന്നിവ മികച്ച ടൂറിസം വില്ലേജുകളായി ദേശീയതലത്തിൽ അംഗീകാരം.
- ലോക ടൂറിസം മാർട്ടിൽ സ്ട്രീറ്റ് പദ്ധതിക്ക് അവാർഡ്.
- മാർക്കറ്റിങിനുള്ള അന്തർദേശീയ പുരസ്ക്കാരം കേരള ടൂറിസത്തിന്.
- ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി ന്യൂയോർക്ക് ടൈംസും(2023) 50 ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി ടൈം മാഗസിനും കേരളത്തെ തിരഞ്ഞെടുത്തു.
- രാജ്യത്ത് ടൂറിസം വികസനത്തിൽ ഒന്നാമതായി ഇന്ത്യാ ടുഡെ കേരളത്തെ തിരഞ്ഞെടുത്തു.
- കേരളത്തെ മികച്ച വെഡ്ഡിങ് ഡെസ്റ്റിനേഷനായി ട്രാവൽ പ്ലസ് ലിഷർ മാഗസിൻ തിരഞ്ഞെടുത്തു.
- ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റിഫോംസിൽ ഫാസ്റ്റ് മൂവർ ക്യാറ്റഗറിയിൽ തുടർച്ചയായി രണ്ടാം തവണയും ടോപ്പ് അച്ചീവർ സ്ഥാനം.
- രാജ്യത്തെ എംഎസ്എംഇ മേഖലയിലെ മികച്ച പ്രാക്റ്റീസായി സംരംഭകവർഷം പദ്ധതി.
- അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരം സംരംഭകവർഷം പദ്ധതിക്ക്.
- കെ.എസ്.ആർ.ടി.സിക്ക് 'നാഷണൽ പബ്ലിക് ട്രാൻസ്പോർട്ട് എക്സലൻസ് അവാർഡ്.
- 2024ൽ ഗവേണൻസ് നൗ പി.എസ്.യു ഐടി ഫോറം പരിപാടിയിൽ കെ.എസ്.ആർ.ടി.സിക്ക് അംഗീകാരം.
- 2025ൽ ഗവേണൻസ് നൗ PSU Leadership Award, Award for Better use of Automation and Digital Technologies എന്നിവ കെ.എസ്.ആർ.ടി.സിക്ക്.
- അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിങ്സ് (എ.എസ്.ആർ.ടി.യു) നൽകുന്ന നാഷണൽ പബ്ലിക് ബസ് ട്രാൻസ്പോർട്ട് എക്സലൻസ് അവാർഡ്.
- പൊതുവിതരണ ശൃംഖലയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് 2024ൽ കേന്ദ്ര സർക്കാരിന്റെ പ്രശസ്തി പത്രം കേരളത്തിന്.
- 2024ൽ രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളം. മികച്ച മറൈൻ ജില്ല കൊല്ലം.
- കടൽമത്സ്യമേഖലയിലെ ഏറ്റവും മികച്ച പ്രകടനത്തിന് സർക്കാർ/അർധ സർക്കാർ സ്ഥാപനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡ് ഓഫ് എക്സലൻസ്(2021-2022) മത്സ്യഫെഡിന്.
- സ്റ്റാർട്ടപ്പ് മേഖലയിൽ രാജ്യത്തെ ബെസ്റ്റ് പെർഫോമർ സംസ്ഥാനം.
- രാജ്യത്ത് അഴിമതിരഹിത പോലീസ് വിഭാഗത്തിൽ കേരളാ പോലീസ് ഒന്നാംസ്ഥാനത്ത്. ഓവറോൾ വിഭാഗത്തിൽ നാലാം സ്ഥാനത്തും.
- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരളാ പോലീസിന്റെ സോഷ്യൽമീഡിയാ സെല്ലിനും സൈബർഡോമിനും ദേശീയ e-Governance അവാർഡ്(2020-21).
- ധന ദൃഢീകരണത്തിൽ മുന്നിൽനിൽക്കുന്ന സംസ്ഥാനങ്ങളിൽ കേരളം അഞ്ചാമത്

Date of Publication: **01.02.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024


# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൽട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
## പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്


Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS